26/12/04

പ്രകൃതിദുരന്തം നേരിടാൻ സ്ഥിരം സംവിധാനത്തിനു തീരുമാനം

തിരുവനന്തപുരം: പ്രകൃതി ദുരന്തങ്ങൾ നേരിടുന്നതിനു സ്ഥിരം സംവിധാനം ഏർപ്പെടുത്താൻ മന്ത്രിസഭാ യോഗം തീരുമാനിച്ചു. ഇതു സംബന്ധിച്ച് രണ്ടാഴ്ചയ്ക്കകം റിപ്പോർട്ട് സമർപ്പിക്കുന്നതിന് ശാസ്ത്രജ്ഞരുടെ സമിതിയെ നിയോഗിക്കും. പ്രകൃതി ദുരന്തങ്ങൾക്കു കൃത്യമായ മുന്നറിയിപ്പ് സംവിധാനവും ഇതിന്റെ ഭാഗമാണ്. ഭൂചലനം രേഖപ്പെടുത്തുന്നതിന് സംസ്ഥാനത്തുള്ള സംവിധാനങ്ങൾ 24 മണിക്കൂറും പ്രവർത്തിപ്പിക്കും.

ആന്റി ഡിസാസ്റ്റർ ഷെൽട്ടറുകൾ നിർമിക്കുന്നതിന് വിദേശ സാമ്പത്തിക സഹായത്തിനു ശ്രമിക്കും. മൽസ്യബന്ധന മേഖലയിലെ വായ്പയുടെ ജപ്തി ആറു മാസത്തേക്ക് നിർത്തും. കുറഞ്ഞ പലിശയ്ക്കു വായ്പ അനുവദിക്കും. സഹകരണ വകുപ്പിലെ വായ്പകളുടെ ഒറ്റത്തവണ തീർപ്പാക്കൽ മാർച്ച് 31വരെ നീട്ടി. ഭവന നിർമാണ ബോർഡിന്റെ ഒറ്റത്തവണ തീർപ്പാക്കലും മാർച്ച് 31വരെ ദീർഘിപ്പിച്ചു.

ആലപ്പാട്, ആറാട്ടുപുഴ എന്നിവിടങ്ങളെ കരയുമായി ബന്ധിപ്പിക്കുന്ന അഴീക്കൽ, ആയിരംതെങ്ങ്, കൊച്ചീടെ ജെട്ടി എന്നിവിടങ്ങളിൽ പട്ടാളത്തിന്റെ സഹായത്തോടെ താൽക്കാലിക പാലം (ബെയ്‌ലി പാലം) നിർമിക്കും. രണ്ടിടത്തും സ്ഥിരം പാലത്തിന് ഭരണാനുമതിയും ധനകാര്യ അനുമതിയും നൽകി.

ആലപ്പാട്, ആറാട്ടുപുഴ പഞ്ചായത്തുകളിലെ രണ്ടര കിലോമീറ്റർ, ആലപ്പുഴ ജില്ലാ ആശുപത്രിക്കു സമീപം അര കിലോമീറ്റർ, അന്ധകാരനഴിക്ക് അടുത്ത് ഒരു കിലോമീറ്റർ എന്നിങ്ങനെ നാലു കിലോമീറ്റർ അടിയന്തരമായി കടൽഭിത്തി നിർമിക്കും. ആറാട്ടുപുഴ പഞ്ചായത്തിലെ കുറേ പ്രദേശത്തെ നിർമാണം കരാറുകാരൻ ഉപേക്ഷിച്ചു പോയത് ജലവിഭവ വകുപ്പ് ഏറ്റെടുത്തു പൂർത്തിയാക്കും. ഇതിനു ജനപ്രതിനിധികളുമായി ആലോചിച്ച് അടുത്ത മന്ത്രിസഭാ യോഗത്തിൽ നിർദേശം സമർപ്പിക്കാൻ മന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണനെ ചുമതലപ്പെടുത്തി. ആലപ്പാട്, ആറാട്ടുപുഴ ഗ്രാമങ്ങളിലെ വീടുകളുടെ നിർമാണത്തെക്കുറിച്ച് ആലോചിക്കുന്നതിന് മന്ത്രി കെ.എം.മാണി ഉടൻ യോഗം വിളിക്കും. മന്ത്രിമാരായ എം.കെ.മുനീർ, തിരുവഞ്ചൂർ, കുട്ടി അഹമ്മദ് കുട്ടി, കെ.സി.വേണുഗോപാൽ, ബാബു ദിവാകരൻ എന്നിവർ പങ്കെടുക്കും.

ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ പുതുവൽസരാഘോഷം ഒഴിവാക്കാനും അതിനു നീക്കി വച്ചതുക ദുരിതാശ്വാസനിധിയിലേക്കു സംഭാവന ചെയ്യാനും മന്ത്രിസഭാ യോഗം എല്ലാവരെയും ആഹ്വാനം ചെയ്തു. വീടുകൾ നശിച്ചവരെ അവിടെനിന്ന് അൽപം മാറി പുനരധിവസിപ്പിക്കാൻ സർക്കാർ തയാറാണ്.

പ്രകൃതി ദുരിതങ്ങളുണ്ടാകുമ്പോൾ മുന്നറിയിപ്പു നൽകാനും ആശ്വാസ പ്രവർത്തനം നടത്താനും സ്ഥിരം സംവിധാനം ഉണ്ടാക്കുന്നതിനെക്കുറിച്ചു പഠിച്ച് റിപ്പോർട്ട് നൽകാൻ സമിതി രൂപവൽക്കരിക്കുമെന്ന് ശാസ്ത്രജ്ഞരുമായുള്ള കൂടിക്കാഴ്ചയ്ക്കു ശേഷം മുഖ്യമന്ത്രി ഉമ്മൻചാണ്ടി അറിയിച്ചു. ശാസ്ത്രജ്ഞർ അടങ്ങിയ സമിതി രണ്ട് ആഴ്ചയ്ക്കകം റിപ്പോർട്ട് സമർപ്പിക്കും. ഇതിലെ നിർദേശങ്ങൾക്കനുസൃതമായി ട്ടാവും ദുരിത നിവാരണ സംവിധാനത്തിനു രൂപംനൽകുന്നത്.

30
ഡിസംബർ 2004
വ്യാഴം
1180 ധനു 15

മലയാള മനോരമ

ESTABLISHED 1888

തിരുവനന്തപുരം
18 പേജ്
3.25 രൂപ

കോട്ടയം * കോഴിക്കോട് * കൊച്ചി * തിരുവനന്തപുരം * പാലക്കാട് * കണ്ണൂർ * കൊല്ലം * തൃശൂർ * മലപ്പുറം * മുംബൈ * ചെന്നൈ * ബാംഗ്ലൂർ * ഡൽഹി

www.manoramaonline.com

ആൾനാശം ഒരു ലക്ഷം കടന്നേക്കും

ദക്ഷിണ - പൂർവേഷ്യയിലും ഇന്ത്യയിലും സൂനാമി ദുരന്തത്തിൽ മരിച്ചവർ ഒരുലക്ഷം കവിഞ്ഞേക്കും. പകർച്ചവ്യാധികൾ നിയന്ത്രിച്ചില്ലെങ്കിൽ മരണസംഖ്യ ഇരട്ടിയാകാനിടയുണ്ടെന്നു ലോകാരോഗ്യ സംഘടന ജനീവയിൽ മുന്നറിയിപ്പു നൽകി.

സൂനാമിക്കു കാരണമായ കടൽഭൂകമ്പത്തിന്റെ പ്രഭവകേന്ദ്രത്തിന് ഏറ്റവുമടുത്തുള്ള ഇന്തൊനീഷ്യയിൽ മാത്രം മരണം 50,000 മുതൽ 80,000 വരെ ആകാം. 36,268 മരണം സ്ഥിരീകരിച്ചു.

സുമാത്രയിൽ ആഖെ പ്രവിശ്യയിലെ തീരപട്ടണമായ മ്യൂലബോയിൽ 40,000 പേർ മരിച്ചെന്നാണു കണക്ക്. ആഖെ തലസ്ഥാനമായ ബാന്ദ ആഖെയിൽ 15,000 മരണമുണ്ട്.

ശ്രീലങ്കയിൽ മരണം 30,000 വരെയാകാമെന്നു സാമൂഹികക്ഷേമ മന്ത്രാലയം വക്താവ് ലാൽ ലിയനരാച്ചി കൊളംബോയിൽ അറിയിച്ചു. 22,493 മരണം സ്ഥിരീകരിച്ചു. 4,028 പേരെ കാണാനില്ല. ആൻഡമാൻസിനടുത്തു മ്യാൻമർ അധീനതയിലുള്ള കോക്കോ ദ്വീപിൽ ആയിരങ്ങൾ മരിച്ചിരിക്കാം എന്നാണു നിഗമനം. . മറ്റു രാജ്യങ്ങളിലെ സ്ഥിരീകരിച്ച കണക്ക്: തായ്‌ലൻഡ് - 1,538, മലേഷ്യ - 64, മാലദ്വീപ് - 55, ബംഗ്ലദേശ് - രണ്ട്, കിഴക്കൻ ആഫ്രിക്ക (സൊമാലിയ, താൻസ്നിയ, സെയ്ഷെൽസ്, കെനിയ) - 133.

പ്രതിരോധ മന്ത്രി പ്രണബ് മുഖർജി ഡൽഹിയിൽ നൽകിയ ഔദ്യോഗിക കണക്ക് 6,974 ആണെങ്കിലും ഇന്ത്യയിലെ മരണസംഖ്യ 15,000 കടക്കുമെന്നുറപ്പാണ്. ആൻഡമാൻ - നിക്കോബാർ ദ്വീപസമൂഹത്തിൽ മാത്രം മരണം 10,000 ആകാനിടയുണ്ട്. ആറായിരം പേരെയെങ്കിലും കാണാനില്ല. കാർനിക്കോബാറിനടുത്തു ചൗരദ്വീപിൽ കാണാതായ 800 പേരും മരിച്ചുവെന്നാണു നിഗമനം.

തമിഴ്നാട്ടിൽ 5,500 മരണമുണ്ട്. ഇതിൽ 4,332 എണ്ണം വേളാങ്കണ്ണി ഉൾപ്പെടുന്ന നാഗപട്ടണം ജില്ലയിൽ സ്ഥിരീകരിക്കപ്പെട്ട മരണമാണ്. വേളാങ്കണ്ണിയിൽ മാത്രം രണ്ടായിരം മരണമുണ്ട്.

പോണ്ടിച്ചേരിയിൽ 528 മരണം സ്ഥിരീകരിച്ചു. ഇതിൽ 440 കാരക്കലിലാണ്. കേരളം: 176, ആന്ധ്ര: 104.



ഷിഹാബ്

എടുത്തുകൊള്ളുക, എരിഞ്ഞടങ്ങിയതും: കരുനാഗപ്പള്ളി ആലപ്പാട്ട് തീരത്ത് ദുരന്തത്തിൽ മരിച്ചവരുടെ ചിതാഭസ്മം കടലിൽ ഒഴുക്കാൻ കൊണ്ടുപോകുന്നു.

സഹായവുമായി ജയറാം



മലയാളത്തിന്റെ പ്രിയ നടൻ ജയറാം കുടുംബ സഹിതമാണ് കൊച്ചിയിൽ മലയാള മനോരമ ഓഫിസിലെത്തിയത്– മനോരമയുടെ സുനാമി ദുരിതാശ്വാസ നിധിയിലേക്കുള്ള സംഭാവന നേരിട്ടേൽപിക്കാൻ.

പ്രമുഖ പ്ലാസ്റ്റിക് ഗൃഹോപകരണ നിർമാതാക്കളായ തിരുവനന്തപുരത്തെ ഫാമിലി പ്ലാസ്റ്റിക്സിനു വേണ്ടി മാനേജിങ് ഡയറക്ടർ സിംസൺ എ. ഫെർണാണ്ടസ് 1,22,000 രൂപയും ആ സ്ഥാപനത്തിലെയും സഹോദര സ്ഥാപനമായ ഡാൻസൺ മോൾഡ്സിലെയും സ്റ്റാഫ് അംഗങ്ങൾ ചേർന്ന് 28,000 രൂപയും മനോരമ ഫണ്ടിലേക്കു സംഭാവന നൽകി.

പ്രമുഖ സ്വർണവ്യാപാര സ്ഥാപനമായ ജോസ്കോ ജ്വല്ലേഴ്സ് ഒരുലക്ഷം രൂപ നൽകി കാരുണ്യനിധിയിൽ പങ്കാളികളായി.

സംഭാവനകൾ മലയാള മനോരമ ചാരിറ്റബിൾ ട്രസ്റ്റ്, പി.ബി. നമ്പർ 300, മലയാള മനോരമ, കോട്ടയം – 686 001 എന്ന വിലാസത്തിൽ അയയ്ക്കാം.

മലയാള മനോരമ ചാരിറ്റബിൾ ട്രസ്റ്റിന്റെ പേരിൽ കോട്ടയത്തു മാറാവുന്ന ചെക്കുകളും ഡ്രാഫ്റ്റുകളും മനോരമയുടെ ഇന്ത്യയിലെ പതിമൂന്നു യൂണിറ്റുകളിലും കേരളത്തിലെ 14 ജില്ലാ ബ്യൂറോകളിലും തിരുവല്ല ബ്യൂറോയിലും സ്വീകരിക്കും.

സംഭാവനകൾക്ക് 80 ജി അനുസരിച്ചുള്ള ആദായനികുതി ഇളവു ലഭിക്കും.

കേരളത്തിൽ മരണം 176

757 കോടി സഹായം തേടുന്നു

സ്വന്തം ലേഖകർ

കൊല്ലത്തു രണ്ടു ജഡംകൂടി കണ്ടെടുക്കുകയും ആലപ്പുഴയിൽ ഒരാൾ മരിക്കുകയും ചെയ്തതോടെ സുനാമി ദുരന്തത്തിൽ കേരളത്തിൽ മരിച്ചവരുടെ എണ്ണം 176 ആയി.

കേന്ദ്രത്തോട് 757 കോടിരൂപ സഹായം ആവശ്യപ്പെടാൻ സംസ്ഥാന മന്ത്രിസഭ തീരുമാനിച്ചു. പ്രധാനമന്ത്രി മൻമോഹൻ സിങ്ങിനു ഇതു സംബന്ധിച്ച് നിവേദനം സമർപ്പിക്കുമെന്നു മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി അറിയിച്ചു. കേരളത്തിന്റെ തീരപ്രദേശങ്ങളുടെ സമഗ്ര സംരക്ഷണത്തിനു കേന്ദ്രത്തോടു സഹായം ആവശ്യപ്പെടാനും മന്ത്രിസഭായോഗം തീരുമാനിച്ചു.

സൂനാമിയെ ദേശീയ ദുരന്തമായാണു പ്രധാനമന്ത്രി ഡോ. മൻമോഹൻ സിങ് ഡൽഹിയിൽ വിശേഷിപ്പിച്ചത്. പക്ഷേ, അദ്ദേഹം ഇത് ഔദ്യോഗികമായി പ്രഖ്യാപിച്ചിട്ടില്ല. സൂനാമിയുടെ പേരിൽ സെസ്സ് ചുമത്തില്ലെന്നും തൽക്കാലം ഇന്ത്യയ്ക്കു വിദേശസഹായം ആവശ്യമില്ലെന്നും പ്രധാനമന്ത്രി വ്യക്തമാക്കി.

സൂനാമി ദുരന്തത്തിൽ ദക്ഷിണ - പൂർവേഷ്യയിലും ഇന്ത്യയിലുമായി മരിച്ചവരുടെ എണ്ണം ഒരുലക്ഷം കടക്കാനിടയുണ്ടെന്നാണു പുതിയ കണക്ക്. ഇന്തൊനീഷ്യയിൽ ഇത് 50,000 മുതൽ 80,000 വരെയാകാം. ശ്രീലങ്കയിൽ 30,000. ഇന്ത്യയിൽ 15,000. ആൻഡമാനിൽ മാത്രം മരണം പതിനായിരമായേക്കുമെന്ന് ആശങ്കയുണ്ട്.

കേരളത്തിലെയും തമിഴ്നാട്ടിലെയും സുനാമി ദുരന്തബാധിത പ്രദേശങ്ങൾ സന്ദർശിക്കാൻ പ്രധാനമന്ത്രി ഡോ. മൻമോഹൻസിങ് ഇന്നലെ രാത്രി 11.45ന് തലസ്ഥാനത്ത് വിമാനമിറങ്ങി.

ഇന്ന് കന്യാകുമാരിയും കുളച്ചലും സന്ദർശിച്ച ശേഷം തിരുവനന്തപുരത്ത് മടങ്ങിയെത്തും. പിന്നീട് തിരുച്ചിറപ്പള്ളിക്ക് യാത്ര തിരിക്കും. വൈകുന്നേരം തലസ്ഥാനത്തു മടങ്ങിയെത്തി മന്ത്രിസഭാംഗങ്ങളുമായി ചർച്ച നടത്തും. നാളെയാണ് കരുനാഗപ്പള്ളി, കായംകുളം മേഖലകൾ സന്ദർശിക്കുന്നത്. കൊല്ലം അഴീക്കൽ പ്രദേശത്തു നിന്ന് ഇന്നലെ രണ്ടു കുട്ടികളുടെ മൃതദേഹമാണു കണ്ടെടുത്തത്. ഇതോടെ ജില്ലയിൽ മരിച്ചവരുടെ എണ്ണം 140 ആയി. അഴീക്കൽ തുപ്പാശേരിൽ ക്ലീറ്റസിന്റെ മകൾ ആനി (ആറ്), അഴീക്കൽ പുത്തൻ പറമ്പിൽ ദാസിന്റെ മകൻ അനൂപ് (ഒൻപത്) എന്നിവരുടെ മൃതദേഹങ്ങളാണ് ഇന്നലെ ലഭിച്ചത്. ആലപ്പുഴയിൽ ദുരിതാശ്വാസ ക്യാംപിലാണ് ഒരാൾ മരിച്ചത്. പള്ളിത്തോടു പള്ളിപ്പറമ്പിൽ സെലീന(ലില്ലി – 70)യാണു തുറവൂർ ടി.ഡി. സ്കൂളിലെ ദുരിതാശ്വാസ ക്യാംപിൽ മരിച്ചത്. കടലാക്രമണത്തെ തുടർന്നുണ്ടായ ഭീതിയാണു കാരണം.

അഴീക്കലിൽ കൂട്ടമായി സംസ്കരിച്ചവരുടെ ചിതാഭസ്മം അസ്ഥിയെടുത്ത ശേഷം ഇന്നലെ വൈകിട്ടു കടലിൽ ഒഴുക്കി. ദുരന്തത്തെ തുടർന്ന് ഓടിപ്പോയവരും മരിച്ചവരുടെ ബന്ധുക്കളും അഴീക്കലിൽ തിരിച്ചെത്തിത്തുടങ്ങി. പകർച്ച വ്യാധി ഭീഷണിയുള്ളതിനാൽ ആരോഗ്യവകുപ്പു പ്രതിരോധ സംവിധാനങ്ങൾ ഏർപ്പെടുത്തിത്തുടങ്ങി.



അനിൽപ്രകാശ്

വിമാനം തകർന്ന് മലയാളി വൈമാനികൻ മരിച്ചു

തിരുവനന്തപുരം: ആന്ധ്രപ്രദേശിലെ നാഗാർജുനസാഗർ ഡാമിനടുത്ത് പരിശീലന പറക്കലിനിടയിൽ വിമാനം തകർന്ന് മലയാളി വൈമാനികൻ മരിച്ചു. പുന്നയ്ക്കാമുകൾ സ്വദേശി സി.എസ്. അനിൽപ്രകാശാ(36)ണ് മരിച്ചത്. ആന്ധ്രപ്രദേശ് ഏവിയേഷൻ പരിശീലന കേന്ദ്രത്തിലെ ഇൻസ്ട്രക്ടറായിരുന്നു. അനിൽ പറത്തിയ വിമാനം സാങ്കേതിക തകരാറിനെത്തുടർന്ന് കഴിഞ്ഞദിവസം നാഗാർജുനസാഗർ ഡാമിനു സമീപം ഇടിച്ചിറക്കിയിരുന്നു. വിമാനത്തിന്റെ അറ്റകുറ്റപ്പണികൾ നടത്തി പറപ്പിക്കുന്നതിനിടെയായിരുന്നു ഇന്നലെ വീണ്ടും അപകടമുണ്ടായത്. ഒപ്പമുണ്ടായിരുന്ന എൻജിനിയർ രജനികാന്ത് ഗുരുതരാവസ്ഥയിലാണ്.

തിരുവനന്തപുരം ഫ്ളൈയിങ് ക്ലബിൽ ദീർഘകാലം ഇൻസ്ട്രക്ടറായിരുന്നു. രണ്ടു മാസം മുൻപാണ് ആന്ധ്രയിലേക്കു പോയത്. ഭാര്യ. റജി. മക്കൾ നീരജ്, നമ്രത. മൃതദേഹം ഇന്നു വിമാനമാർഗം തിരുവനന്തപുരത്തെത്തും.

കുഞ്ഞുക്കുറുപ്പ്



ഒന്നാം തീയതി കഴിഞ്ഞാൽ സ്വീകരണ യോഗങ്ങൾ തുടങ്ങാം

പ്രധാനമന്ത്രി എത്തി; ഇന്ന് കുളച്ചലിൽ

മന്ത്രിമാരായ ശരദ് പവാർ, ദയാനിധി മാരൻ, പൃഥ്വിരാജ് ചൗഹാൻ എന്നിവർ ഒപ്പം

തിരുവനന്തപുരം: കേരളത്തിലെയും തമിഴ്നാട്ടിലെയും സുനാമി ദുരന്തബാധിത പ്രദേശങ്ങൾ സന്ദർശിക്കാൻ പ്രധാനമന്ത്രി ഡോ. മൻമോഹൻസിങ് ഇന്നലെ രാത്രി 11.45ന് തലസ്ഥാനത്ത് വിമാനമിറങ്ങി. കേന്ദ്രകൃഷിമന്ത്രി ശരദ് പവാർ, വാണിജ്യമന്ത്രി ദയാനിധി മാരൻ, പ്രധാനമന്ത്രിയുടെ ഓഫിസിന്റെ ചുമതലയുള്ള മന്ത്രി പൃഥ്വിരാജ് ചൗഹാൻ, പ്രധാനമന്ത്രിയുടെ ഉപദേഷ്ടാവ് എം.കെ.നാരായണൻ എന്നിവരും പ്രധാനമന്ത്രിയോടൊപ്പമുണ്ട്. വിശ്രമത്തിനായി രാജ്ഭവനിലേക്കു തിരിക്കുംമുൻപ് മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുമായി പ്രധാനമന്ത്രി ഏതാനും മിനിട്ടുകൾ ചർച്ച നടത്തി.

വിമാനത്താവളത്തിൽ ഗവർണർ ആർ.എൽ. ഭാട്യ, മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി, സ്പീക്കർ തേരമ്പിൽ രാമകൃഷ്ണൻ, മന്ത്രിമാരായ കെ.ആർ.ഗൗരിയമ്മ, കെ.എം.മാണി, വക്കം പുരുഷോത്തമൻ, ആര്യാടൻ മുഹമ്മദ്, കെ.പി.വിശ്വനാഥൻ, ഡൊമിനിക് പ്രസന്റേഷൻ, ബാബു ദിവാകരൻ, അടൂർ പ്രകാശ്, എ.പി.അനിൽകുമാർ, കുട്ടി അഹമ്മദ് കുട്ടി, മുൻമുഖ്യമന്ത്രി എ.കെ.ആന്റണി, എം.പിമാരായ പി.കെ.വാസുദേവൻനായർ, വർക്കല രാധാകൃഷ്ണൻ, ചീഫ് സെക്രട്ടറി ബാബു ജേക്കബ്, ഡി.ജി.പി. ഹോർമിസ് തരകൻ, കലക്ടർ ടിങ്കു ബിസ്വാൾ, കെകെകെ.പി.സി.സി. പ്രസിഡന്റ് തെന്നല ബാലകൃഷ്ണപിള്ള, യു.ഡി.എഫ്. കൺവീനർ പി.പി.തങ്കച്ചൻ തുടങ്ങിയവർ ചേർന്ന് അദ്ദേഹത്തെ സ്വീകരിച്ചു. ഇന്ന് കന്യാകുമാരിയും കുളച്ചലും സന്ദർശിച്ച ശേഷം തിരുവനന്തപുരത്ത് മടങ്ങിയെത്തും. പിന്നീട് തിരുച്ചിറപ്പള്ളിക്ക് യാത്ര തിരിക്കും. വൈകുന്നേരത്ത് തലസ്ഥാനത്തു മടങ്ങിയെത്തി മന്ത്രിസഭാംഗങ്ങളുമായി ചർച്ച നടത്തും.



സുനാമി ദുരിതബാധിത പ്രദേശങ്ങൾ സന്ദർശിക്കാനെത്തിയ പ്രധാനമന്ത്രി ഡോ. മൻമോഹൻസിങ്ങിനെ തിരുവനന്തപുരം വിമാനത്താവളത്തിൽ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി സ്വീകരിക്കുന്നു. ഗവർണർ ആർ.എൽ. ഭാട്യ സമീപം.

ലീഗിൽ വകുപ്പ് അഴിച്ചുപണിക്കും സാധ്യത

തിരുവനന്തപുരം: മന്ത്രി പി.കെ. കുഞ്ഞാലിക്കുട്ടി രാജി പ്രഖ്യാപിച്ചതോടെ, പിൻഗാമിയായി മന്ത്രിസഭയിൽ എത്തുന്നത് ആരായിരിക്കും എന്നതിനെക്കുറിച്ച് അഭ്യൂഹങ്ങൾ സജീവമായി.

രാജിപ്രാബല്യത്തിൽ വരുമ്പോൾ ലീഗ് മന്ത്രിമാരുടെ വകുപ്പുകൾ അഴിച്ചുപണിയാനും സാധ്യതയുണ്ട്.

ശനിയാഴ്ച മലപ്പുറത്തു ലീഗ് പ്രവർത്തക സമിതി കുഞ്ഞാലിക്കുട്ടിക്ക് ഒറ്റക്കെട്ടായി പിന്തുണ പ്രഖ്യാപിക്കുമെങ്കിലും രാജി അംഗീകരിക്കുമെന്നു തീർച്ചയാണ്. പകരം മന്ത്രി ആരായിരിക്കുമെന്ന തീരുമാനം പാണക്കാട് തങ്ങൾക്കു വിടുന്ന പതിവ് ഇത്തവണയും ആവർത്തിക്കും.



സ്വന്തമായൊരു വീട് ഏതൊരു കുടുംബത്തിന്റേയും സ്വപ്നമാണ്. ആ സ്വപ്നസാഫല്യത്തിന് നിങ്ങൾക്ക് ആവശ്യമാണ് പണം. അതെങ്ങനെ സ്വരൂപിക്കാം എന്നതിന് നിയമപരമായ മാർഗം.

ലിസ് ദീപസ്തംഭം പദ്ധതി.

LIS ദീപസ്തംഭം പദ്ധതിയിൽ ചേരൂ. സ്ഥിരമായി കേരള ലോട്ടറിയിലൂടെ ഭാഗ്യം പരീക്ഷിക്കുന്നതിനോടൊപ്പം ക്രമേണ നിങ്ങൾ പറഞ്ഞറിഞ്ഞുംമറ്റും ചേരുന്നവരുടെ ലോട്ടറി കമ്മീഷനിലൂടെ ഏതാനും മാസത്തിനകം ഏൽപ്പിച്ച പണം മുഴുവനായും മടക്കിത്തരുന്നതാണ്. കൂടാതെ, അത്രയും തന്നെ തുക കമ്മീഷനായും ലഭിക്കുന്നതാണ്.

വേഗമാകട്ടെ ഇന്നു തന്നെ നിങ്ങളുടെ അടുത്തുള്ള ഓഫീസുമായി ബന്ധപ്പെടൂ... നിങ്ങളുടെ സ്വപ്നങ്ങൾ സാക്ഷാത്കരിക്കൂ..!

LIS ESTD.1974 DSP

KOLLAM
Ist Floor, Thankom Complex,
Opp. Hotel Shah International,
Chinnakada, Residency Road
Mob: 9447659067

TRIVANDRUM
Fair dreams,
Women's College Lane,
Vazhuthacaud
Ph: 0471-233 8998, Mob: 9387740022

LIS (Regd.) Palackal Court, M. G. Road, Cochin-35. Ph: 0484-2370051, 2351098

Kottayam Ph: 0481-2569221, Mob: 9349505541 ▸ Pathanamthitta Ph: 0468 - 2325790
Alappuzha Ph: 0477-2254429 ▸ Changanachery. Ph: 0481-3095080 ▸ Thodupuzha. Ph: 94471 60208
Thrissur.Ph: 0487-2426814 Mob: 9387102551 ▸ Palakkad Ph: 0491-2559953
Kozhikode Ph: 0495-2724134, Mob: 9387504252 ▸ Kannur. Ph:0497-2761199 ▸ ChennaiPh:044-26426332.

ആലപ്പുഴ ജില്ലാ കലക്ടറെ മാറ്റി

ദുരിതാശ്വാസ പ്രവർത്തനത്തിൽ വീഴ്ച; കെ.ആർ. മുരളീധരൻ പുതിയ കലക്ടർ

സ്വന്തം ലേഖകൻ

തിരുവനന്തപുരം: ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ വീഴ്ച വരുത്തിയതിന്റെ പേരിൽ ആലപ്പുഴ കലക്ടർ ഡോ. കെ.എം. രാമാനന്ദനെ മന്ത്രിസഭായോഗ തീരുമാന പ്രകാരം അടിയന്തരമായി മാറ്റി. എസ്. എസ്. എ. പ്രോജക്ട് ഡയറക്ടറായിരുന്ന കെ.ആർ. മുരളീധരൻ പകരം കലക്ടറുടെ ചുമതലയേറ്റു.

രാമാനന്ദനെ എസ്. എസ്. എ. ഡയറക്ടറായി നിയമിച്ചിട്ടുണ്ട്. സർക്കാർ തീരുമാനം നടപ്പാക്കുന്നതിൽ വീഴ്ച വന്ന സാഹചര്യത്തിലാണു കലക്ടറെ മാറ്റിയതെന്നു മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി അറിയിച്ചു. ഇതുപോലുള്ള പ്രകൃതിദുരന്തങ്ങൾ നേരിടുമ്പോൾ സർക്കാരിനു ചെയ്യാവുന്ന സഹായം പരിമിതമാണ്. അതുപോലും ചെയ്യാതിരിക്കുന്നതു നിസ്സാരമായി കാണാനാവില്ല. യഥാസമയം നടപടിയെടുക്കുകയാണ് ഇത്തരം അവസരങ്ങളിൽ വേണ്ടത്. കലക്ടർ മനഃപൂർവം വീഴ്ച വരുത്തിയെന്നു പറയുന്നില്ല. പക്ഷേ, നടപടിക്രമങ്ങളുടെ പേരുപറഞ്ഞു കാര്യങ്ങൾ നീട്ടിക്കൊണ്ടു പോയി.

ഇത്തരം സന്ദർഭങ്ങളിൽ നടപടിക്രമങ്ങൾക്ക് അതീതമായി പ്രവർത്തിക്കണം. ചട്ടങ്ങൾ മാറ്റിവച്ചു പ്രവർത്തിക്കാനാണു സർക്കാർ തീരുമാനം. ആരെയും ദ്രോഹിക്കണമെന്നില്ല. പക്ഷേ, കാര്യങ്ങൾ നടക്കണം. അതിന് ഉദ്യോഗസ്ഥർ പിന്തുണ നൽകണം.

കഴിഞ്ഞ ദിവസം രാത്രി ഒരുമണിവരെ താൻ ആലപ്പുഴയിലെ ദുരിതാശ്വാസ ക്യാംപുകളിലായിരുന്നു. തീരുമാനങ്ങൾ നടപ്പാക്കാത്തതിനെ തുടർന്നു വ്യാപക പരാതികളുണ്ടായി. തുടർന്നു കലക്ടറെ വിളിച്ചുവരുത്തി പരാതികളെക്കുറിച്ചു ചോദിച്ചു. ക്യാംപുകൾ കാര്യക്ഷമമായി നടത്തുക വെല്ലുവിളി തന്നെയാണ്. പോരായ്മകൾ ഉണ്ടാകാം. അതു നികത്താൻ താനും മന്ത്രിമാരും ക്യാംപുകൾ സന്ദർശിക്കുന്നുണ്ടെന്നു മുഖ്യമന്ത്രി പറഞ്ഞു.

കായംകുളം കണ്ടല്ലൂർ തെക്ക് ഗുരുമന്ദിരം ദുരിതാശ്വാസ ക്യാംപിൽ ഇന്നലെ രാത്രി വൈകിയുണ്ടായ രംഗങ്ങളാണു കലക്ടറെ മാറ്റിയതിനു പിന്നിലെന്നു സൂചനയുണ്ട്.

രാത്രി പത്തുമണിയോടെ ക്യാംപിലെത്തിയ മുഖ്യമന്ത്രിയോടു നാട്ടുകാർ പരാതി പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ കലക്ടറെ 11 മണിയോടെ മുഖ്യമന്ത്രി ക്യാംപിലേക്കു വിളിച്ചുവരുത്തിയിരുന്നു.

കാർ നിക്കോബാറിലെ ജനങ്ങളിൽ പകുതിയെയും കാണാനില്ല

26/12/04

പോർട്ട് ബ്ലെയർ: കടൽക്ഷോഭത്തിനിരയായ കാർ നിക്കോബാർ ദ്വീപിലെ ജനസംഖ്യയിൽ പകുതിപ്പേരെയും കാണാനില്ലെന്നു കേന്ദ്ര ആഭ്യന്തരസഹമന്ത്രി എസ്. രഘുപതി. കാർ നിക്കോബാറിലെ ഏഴു തീരഗ്രാമങ്ങൾ അപ്പാടെ തകർക്കപ്പെട്ടെന്ന് അവിടവും തെരീസ, ചൗര, കച്ചാൽ എന്നിവ ഉൾപ്പെടെ ദുരന്തം ഏറ്റുവാങ്ങിയ ലിറ്റിൽ ആൻഡമാൻ മേഖലയിലെ മറ്റു ദ്വീപുകളും ലഫ്റ്റനന്റ് ഗവർണർ പ്രഫ. റാം കാപ്സെയോടൊത്തു സന്ദർശിച്ചശേഷം അദ്ദേഹം പറഞ്ഞു.

ബിഗ് ലപ്പാട്ടെ, സ്മോൾ ലപ്പാട്ടെ, തമാലു, പർഗ, മലാക്ക, മൂസ്, കമോട്ടോ എന്നിവയാണു പൂർണമായി നശിച്ച ഏഴു ഗ്രാമങ്ങൾ. 1500 - 2000 ജനങ്ങൾ ഇവിടെ അധിവസിച്ചിരുന്നു. ലിറ്റിൽ നിക്കോബാറിലെ ഒരു ദ്വീപു രണ്ടായി പിരിഞ്ഞുപോയെന്നും മന്ത്രി പറഞ്ഞു.

ആൻഡമാൻ - നിക്കോബാറിലെ രണ്ടു സീനിയർ ഗവൺമെന്റ് ഉദ്യോഗസ്ഥരും ദുരന്തത്തിൽ മരിച്ചവരിൽ ഉൾപ്പെടുന്നു. എന്നിട്ടും മരണസംഖ്യയെപ്പറ്റി ഇപ്പോഴും വ്യക്തതയില്ല. 309 പേരുടെ മരണം മാത്രമേ ഔദ്യോഗികമായി സ്ഥിരീകരിച്ചിട്ടുള്ളൂ. കാണാതായ അയ്യായിരത്തോളമാളുകൾക്ക് എന്തു സംഭവിച്ചെന്നു കണ്ടുപിടിക്കാൻ മൂന്നു ദിവസത്തിനുശേഷവും കഴിഞ്ഞിട്ടില്ല.

മൂവായിരം പേർ മരിച്ചെന്നും 6000 പേരെ കാണാതായെന്നും സൈന്യവും പൊലീസ് അധികൃതരും പറയുന്ന കണക്കു സ്ഥിരീകരിക്കാൻ കേന്ദ്രമന്ത്രി തയാറായില്ല.

ഏറ്റവും കൂടുതൽ നാശനഷ്ടമേറ്റ പ്രദേശങ്ങളിൽ കര, നാവിക, വ്യോമസേനാ വിഭാഗങ്ങൾ പ്രാദേശിക ഭരണകൂടത്തിന്റെ സഹകരണത്തോടുകൂടി ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഊർജിതമായി നടത്തിവരുന്നു. ദുരിതബാധിത പ്രദേശങ്ങളിലെ ജനങ്ങൾക്കു വേണ്ടത്ര പായ്ക്ക് ചെയ്ത ഭക്ഷണവും വെള്ളവും എത്തിച്ചുകൊണ്ടിരിക്കുകയാണ്. പലേടത്തും ഇതു വിമാനങ്ങളിലും ഹെലികോപ്റ്ററുകളിലും നിന്നാണ് ഇട്ടുകൊടുക്കുന്നത്. എന്നിട്ടുപോലും അതെത്തിക്കാൻ കഴിയാത്ത വിദൂര ദ്വീപുകളുണ്ടെന്നു മന്ത്രി ചൂണ്ടിക്കാട്ടി.

ഇതിനിടെ ഞായറാഴ്ചത്തെ ഭൂകമ്പത്തിന്റെ തുടർച്ചയായി ചൊവ്വാഴ്ച രാത്രി റിക്ടർ സ്കെയിലിൽ 5.1 ശേഷിയുള്ള ഭൂചലനം ലിറ്റിൽ ആൻഡമാൻ ദ്വീപിനു തെക്കുഭാഗത്തുണ്ടായി.

ദ്വീപുകളിൽ കുടുങ്ങിയ 120 ടൂറിസ്റ്റുകളെ പോർട്ട് ബ്ലെയറിൽനിന്ന് ഇന്ത്യൻ എയർലൈൻസിന്റെ രണ്ടു പ്രത്യേക വിമാനങ്ങളിൽ കൊൽക്കത്തയിലെത്തിച്ചു. ഇതിനകം 2500 പേരെ ദ്വീപുകളിൽനിന്നു വിമാനങ്ങളിൽ രക്ഷപ്പെടുത്തി. "കൊൽക്കത്തയിൽനിന്ന് എട്ടും ചെന്നൈയിൽനിന്ന് ആറും സർവീസുകളാണു നടത്തുകയെന്ന് എയർലൈൻസ് വക്താവു പറഞ്ഞു.

നിക്കോബാർ ദ്വീപുകളിൽനിന്ന് രക്ഷപ്പെടുത്തിയവരുടെ ആദ്യ സംഘം പോർട്ട് ബ്ലെയറിലെത്തിയപ്പോൾ അതിൽ മലയാളികൾ ആരുമില്ല. പോർട്ട് ബ്ലെയർ, വിലിമന്തൂർ, ഹലോവാട് ദ്വീപുകളിൽ താമസക്കാർ എല്ലാവരും സുരക്ഷിതരാണെന്നും പറയപ്പെടുന്നു.

ഹാം റേഡിയോക്കാരിൽനിന്നു ലഭിച്ച വിവരം: കാർ നിക്കോബാറിലെ കെട്ടിടങ്ങളെല്ലാം തന്നെ തകർന്നു. 75 ശതമാനം ആളുകളും മരിക്കുകയോ ഒഴുകിപ്പോകുകയോ ചെയ്തതായി പറയപ്പെടുന്നു. അവിടെയുള്ളവരെ മുഴുവനായും ഒഴിപ്പിക്കുന്ന തിരക്കിലാണ് സേനാവിഭാഗം. കെട്ടിടങ്ങളെല്ലാം വീണ്ടും നിർമിക്കാൻ ഏറെക്കാലം എടുക്കുമെന്നതിനാലാണ് എല്ലാവരേയും ഒഴിപ്പിക്കുന്നതത്രേ. രാത്രിയിലും സൈനികർ സഹായവുമായി കാർ നിക്കോബാറിലേക്കു പോകുന്നുണ്ട്. ടെലിഫോൺ ബന്ധം ഇപ്പോഴും പുനസ്ഥാപിച്ചിട്ടില്ല. വയർലെസ് മാത്രമാണ് ആശ്രയം.



ജെ. സുരേഷ്

23/12/04

കടൽകയറ്റത്തെ തുടർന്നു പ്രവർത്തനം നിർത്തി വച്ച തമിഴ്നാട്ടിലെ കൽപാക്കം ആണവ നിലയം. ആണവനിലയം സുരക്ഷിതമാണെന്നും, ഏതാനും ദിവസത്തിനകം തുറക്കുമെന്നും ആണവോർജ കമ്മിഷൻ അറിയിച്ചിട്ടുണ്ട്. അതേ സമയം, ഉദ്യോഗസ്ഥരും ജീവനക്കാരും താമസിക്കുന്ന കൽപാക്കം ടൗൺഷിപ്പിൽ കടൽകയറ്റം കനത്ത നാശം വിതച്ചിട്ടുണ്ട്. രണ്ടു മലയാളികളുൾപ്പെടെ 53 പേരാണു കൽപാക്കത്തു സുനാമി ദുരന്തത്തിനിരയായി മരിച്ചത്. നിരവധി വീടുകളിൽ വെള്ളം കയറി.

അത്യാധുനിക മുന്നറിയിപ്പു സംവിധാനമുണ്ടാക്കും

26/12/05

ടോമി വട്ടവനാൽ

ന്യൂഡൽഹി: സൂനാമിയും ചുഴലിക്കാറ്റും ഉൾപ്പെടെയുള്ള പ്രതിഭാസങ്ങളെക്കുറിച്ചു മുൻകൂട്ടി വിവരം നൽകാൻ കാലാവസ്ഥാ നിരീക്ഷണ വകുപ്പ് അത്യാധുനിക സംവിധാനം ഏർപ്പെടുത്തും. നിലവിലുള്ള 'ഡാറ്റാ ബോയ്സ് സംവിധാനം' മെച്ചപ്പെടുത്തും. 'അകാട്ടിക് ടൈഡൽ ഗേജ്' സംവിധാനങ്ങൾ സാറ്റലൈറ്റുമായി ബന്ധിപ്പിച്ചു കൂടുതൽ കാര്യക്ഷമമാക്കും.

'പസഫിക് സൂനാമി വാണിങ് സിസ്റ്റ'ത്തിന്റെ മാതൃകയിൽ രാജ്യത്തിന്റെ സമുദ്രാതിർത്തിക്കു മുഴുവൻ പ്രയോജനപ്രദമായ രീതിയിൽ 'ഡീപ് ഓഷ്യൻ അസസ്മെന്റ് ആൻഡ് റിപ്പോർട്ടിങ് സൂനാമി' (ഡാർട്ട്) സംവിധാനം സ്ഥാപിക്കാനാണ് ശാസ്ത്ര – സാങ്കേതിക മന്ത്രാലയം തീരുമാനിച്ചിരിക്കുന്നത്. സമുദ്രത്തിലുണ്ടാകുന്ന മർദവ്യത്യാസത്തിനനുസരിച്ചു തിരമാലകൾക്കും വേലിയേറ്റത്തിനുമുള്ള ശക്തിവ്യത്യാസം രേഖപ്പെടുത്തുന്ന സോഫ്റ്റ്വെയർ വികസിപ്പിക്കാനും പദ്ധതിയുണ്ട്. ഇതിനു രാജ്യാന്തര സാങ്കേതിക വിദഗ്ധരുടെ സഹായം തേടും.

ഡാർട്ട് സ്ഥാപിക്കാൻ 125 കോടി രൂപ ചെലവു വരുമെന്നാണു കണക്കാക്കുന്നതെന്നു ശാസ്ത്ര – സങ്കേതിക – സമുദ്രവികസന മന്ത്രി കപിൽ സിബൽ പറഞ്ഞു. പസഫിക് വാണിങ് സംവിധാനം പോലെ ഇക്കാര്യത്തിൽ അയൽ രാജ്യങ്ങളുമായി ചേർത്തു ശൃംഖലയുണ്ടാക്കാനും പദ്ധതിയുണ്ട്. ഇതിനായി സഹകരിക്കാൻ ഇന്തൊനീഷ്യ, മ്യാൻമർ, തായ്ലൻഡ് എന്നീ രാജ്യങ്ങളോട് അഭ്യർഥിക്കും.

സുമാത്ര ഉൾപ്പെടെയുള്ള ദ്വീപുകൾക്കു സ്ഥാനഭ്രംശം സംഭവിച്ചിട്ടുള്ള സാഹചര്യത്തിൽ ആൻഡമാൻ - നിക്കോബാർ ദ്വീപുകൾക്കു സ്ഥാനഭ്രംശമുണ്ടോയെന്നു പരിശോധിക്കാൻ സമുദ്രഗവേഷണ വകുപ്പിന്റെ 'സാഗർ കന്യ' കപ്പൽ ആൻഡമാനിലേക്കു പുറപ്പെട്ടു കഴിഞ്ഞു.

ദുരന്തമേഖലയിലെ പുനരധിവാസ പ്രവർത്തനങ്ങളിലും ശാസ്ത്ര – സാങ്കേതിക വകുപ്പിന്റെ സജീവ സഹകരണമുണ്ടാകുമെന്നു കപിൽ സിബൽ വ്യക്തമാക്കി. ഒറീസ ദുരന്തത്തിൽ സഹായിച്ചപോലെ ഉപ്പുവെള്ളം കയറി നശിച്ച കിണറുകൾ ശുചീകരിക്കാനും അഞ്ചുവർഷത്തോളം ആയുസ്സുള്ള സുരക്ഷിതമായ താൽക്കാലിക കുടിലുകൾ നിർമിച്ചു വീടു നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കാനും ശാസ്ത്ര – സാങ്കേതിക മന്ത്രാലയം നടപടി സ്വീകരിക്കും.

സൂനാമി ദുരന്തത്തെക്കുറിച്ചു കാലാവസ്ഥാ നിരീക്ഷണ കേന്ദ്രത്തിനു സൂചന ലഭിച്ചയുടൻ പ്രകൃതിക്ഷോഭ മാനേജ്മെന്റ് കമ്മിറ്റിയെ വിവരമറിയിച്ചിരുന്നതായി മന്ത്രി അവകാശപ്പെട്ടു. ദുരന്തം മുൻകൂട്ടി കാണാനോ മുന്നറിയിപ്പു നൽകാനോ കാലാവസ്ഥാ നിരീക്ഷണ വകുപ്പിനു കഴിഞ്ഞില്ലെന്നും അദ്ദേഹം സമ്മതിച്ചു. ഇതിനു നിലവിൽ സംവിധാനങ്ങളില്ല. നിലവിലുള്ള സംവിധാനങ്ങളിൽ സൂനാമിയെക്കുറിച്ചറിയാനും കഴിയില്ല. ആഴക്കടലിൽ ഒന്നോ രണ്ടോ മീറ്റർ മാത്രം ഉയരമുള്ള സൂനാമി തിരമാലകൾ തീരത്തോട് അടുക്കുമ്പോഴാണു രൂക്ഷതയേറി ഭീകരരൂപമാർജിക്കുന്നത്. ഇതു മുൻകൂട്ടി പ്രവചിക്കുക സാധ്യമല്ലെന്നു ശാസ്ത്ര – സാങ്കേതിക വകുപ്പു സെക്രട്ടറി ഡോ. രാമമൂർത്തി വിവരിച്ചു.

6.29നായിരുന്നു സുമാത്രയിലെ ഭൂകമ്പം. ഇതിന്റെ ഫലമായുണ്ടായ സൂനാമി തിരമാലകൾ പോർട്ട് ബ്ലെയറിൽ കനത്ത നാശം വിതച്ച വിവരം 8.25നാണ് കാലാവസ്ഥാ നിരീക്ഷണ വിഭാഗത്തിനു ലഭിക്കുന്നത്. ഈ റിപ്പോർട്ട് വിശകലനം ചെയ്യുന്നതിനിടെതന്നെ ചെന്നൈ തീരത്തും ആന്ധ്രതീരത്തും ആക്രമണമുണ്ടായി. തുടർന്നു കേരള തീരത്തും. അതിനാൽ കാലാവസ്ഥാ നിരീക്ഷണ വകുപ്പിന്റെ അനാസ്ഥയാണു ദുരന്തത്തിന്റെ ഭീകരത വർധിക്കാൻ കാരണമെന്ന ആരോപണം ശരിയല്ലെന്ന് അദ്ദേഹം വിവരിച്ചു. സൂനാമി തിരമാലകൾ തീരത്തോട് അടുക്കുന്നതുവരെ അതിന്റെ രൂക്ഷതയറിയാൻ സംവിധാനമില്ലെന്നും അദ്ദേഹം പറഞ്ഞു. പുതുതായി വികസിപ്പിക്കുന്ന സോഫ്റ്റ്വെയറും ഡീപ് ഓഷ്യൻ അസസ്മെന്റ് ആൻഡ് റിപ്പോർട്ടിങ് സംവിധാനവും ഒരു പരിധിവരെ ഇതിനു സഹായിക്കും. ഇതുവരെയുള്ള ഭൂകമ്പങ്ങളിൽ 75 ശതമാനത്തോളം പസഫിക് പ്ലേറ്റിലാണ് ഉണ്ടായിട്ടുള്ളത്. 18 – 20% ഇന്ത്യയുടെ വടക്കൻ അതിർത്തി പ്രദേശങ്ങൾ ഉൾപ്പെടുന്ന ആൽപൈൻ ഹിമാലയൻ ബെൽറ്റിലും. ജാവ – സുമാത്ര മേഖലയിലുണ്ടായ ഭൂകമ്പത്തിന്റെ ഫലമാണ് ഇപ്പോഴത്തെ സൂനാമിക്കു കാരണം. അതിനാൽ തുടരെയുള്ള സൂനാമി ആക്രമണങ്ങൾക്ക് ഇന്ത്യൻ തീരത്തു സാധ്യതയില്ലെന്നു സമുദ്ര വികസന വകുപ്പു സെക്രട്ടറി ഡോ. ഹർഷ് കെ. ഗുപ്ത ചൂണ്ടിക്കാട്ടി. സമുദ്രാന്തർഭാഗത്തുണ്ടാകുന്ന എല്ലാ ഭൂകമ്പങ്ങളുടെയും ഫലമായി സൂനാമിയുണ്ടാകണമെന്നില്ല.

ലോകത്ത് ഇതുവരെ ഉണ്ടായിട്ടുള്ള ഭൂകമ്പങ്ങളിൽ അഞ്ചാമത്തെ വലിയ ഭൂകമ്പമാണു സുമാത്രയിലുണ്ടായത്. ഇതുമൂലം ഭൂഖണ്ഡ ഫലകങ്ങളുടെ അതിർത്തിയിൽ 1000 കിലോമീറ്ററോളം വിള്ളലുണ്ടായി. 1964ൽ അലാസ്കയിലുണ്ടായതായിരുന്നു ഇതിനു മുൻപുള്ള വലിയ ഭൂകമ്പം. ബി.സി. 326ലാണു ലോകത്താദ്യമായി സൂനാമിയുണ്ടായതായി രേഖപ്പെടുത്തിയിട്ടുള്ളതെന്നും ഇന്ത്യയിൽ 1883ലാണ് ഇതിനു മുൻപു സൂനാമിയുണ്ടായതെന്നും ഡോ. ഗുപ്ത വിവരിച്ചു. 1941ൽ ഉണ്ടായ സൂനാമി ആക്രമണത്തെക്കുറിച്ചു സർക്കാർ രേഖകളിൽ വിവരങ്ങളില്ല.

കാർനിക്കോബാറിൽ പകുതിപ്പേരെയും കടൽ വിഴുങ്ങി

പോർട്ട്ബ്ലയർ: അന്തമാൻ ദ്വീപസമൂഹത്തിലെ കാർ നിക്കോബാറിൽ 20,000 പേരാണുണ്ടായിരുന്നത്. ഇതിൽ പകുതിയാളുകളും ഭൂകമ്പത്തിരമാലകളിൽപ്പെട്ട് അപ്രത്യക്ഷരായി.

ഹൃദയഭേദകമാണ് കാർനിക്കോബാറിലെ കാഴ്ചകൾ. തകർന്നുകിടക്കുന്ന കെട്ടിടങ്ങൾ, അടിയോടെ പിഴുതിട്ട വൻമരങ്ങൾ, പൊട്ടിപ്പൊളിഞ്ഞ് ചിതറിക്കിടക്കുന്ന വീട്ടുപകരണങ്ങൾ, അഭയാർഥിക്യാമ്പിലേക്ക് കൊണ്ടുപോകാൻ വ്യോമസേനാ വിമാനമെത്തുന്നതും കാത്ത് കഴിയുന്ന സ്ത്രീപുരുഷന്മാർ.

''കാർനിക്കോബാറിൽ മാത്രം 10,000 പേരെ കാണാതായിട്ടുണ്ട്. ഇവരെല്ലാം മരിച്ചെന്നതിനർഥം. 309 മൃതദേഹങ്ങളേ കണ്ടുകിട്ടിയിട്ടുള്ളൂ. കാണാതായവരിൽ കുറേയാളുകളെങ്കിലും ജീവനോടെ ശേഷിക്കുന്നുണ്ടാവും''-ലഫ്. ഗവർണർ രാംതാപസെ പറഞ്ഞു.

കാർനിക്കോബാറിലെ വ്യോമസേനാ താവളത്തോടുചേർന്ന് നാല് ആരാധനാലയങ്ങളുണ്ടായിരുന്നു. ഒരു ക്ഷേത്രം, മുസ്‌ലിം പള്ളി, ക്രിസ്ത്യൻ പള്ളി, സിഖ് ഗുരുദ്വാര. ഞായറാഴ്ച രാവിലെ ആഞ്ഞടിച്ച ഭൂകമ്പത്തിരമാലകൾ ഇവയെല്ലാം തുടച്ചുനീക്കി. ആരാധനാലയങ്ങൾ നിന്ന സ്ഥലത്ത് ഇപ്പോഴൊരു പട്ടുവിരിച്ചുവെച്ചിട്ടുണ്ട്. തിരമാലകളിൽപ്പെട്ട് കാണാതായ ഉറ്റവരുടെ ജീവനുവേണ്ടി അതിനുമുന്നിലിരുന്ന് ജനങ്ങൾ പ്രാർഥിക്കുന്നു.

അന്തമാനിൽ തുടർചലനപരമ്പര

21/12/04

ന്യൂഡൽഹി: ഭൂകമ്പത്തിരമാലകൾ നാശംവിതച്ച അന്തമാൻ നിക്കോബാർ ദ്വീപസമൂഹങ്ങളെയും ഇൻഡൊനീഷ്യയെയും ബുധനാഴ്ചയും തുടർചലനങ്ങൾ പിടിച്ചുകുലുക്കി. റിക്ടർ സ്കെയിലിൽ 5.4 മുതൽ 6.1വരെ രേഖപ്പെടുത്തിയ സാമാന്യം ശക്തിയുള്ള ഭൂകമ്പങ്ങളായിരുന്നു ഇവ.

അന്തമാനിൽ ബുധനാഴ്ച മാത്രം ആറുതവണ ചെറുഭൂകമ്പങ്ങൾ ഉണ്ടായി. രാവിലെ 7.10ന് ഉണ്ടായ ആദ്യ ഭൂചലനം റിക്ടർ സ്കെയിലിൽ 6.1 രേഖപ്പെടുത്തി. അരമണിക്കൂറിനുള്ളിൽ രണ്ടുതവണകൂടി തുടർ ചലനങ്ങളുണ്ടായി. ഇത് റിക്ടർ സ്കെയിലിൽ 5.4ഉം 5.7ഉം രേഖപ്പെടുത്തി. അന്തമാന്റെ പടിഞ്ഞാറെ തീരമാണ് ഇവയുടെ പ്രഭവകേന്ദ്രം. ഏതാണ്ടിതേ ശക്തിയുള്ള മൂന്നു ഭൂചലനങ്ങൾകൂടി പിന്നീടുണ്ടായി. ചൊവ്വാഴ്ച രാത്രിയും മൂന്നുതവണ ഭൂചലനം അനുഭവപ്പെട്ടു.

കുസാറ്റിൽ സുനാമി പഠനത്തിന് പ്രത്യേകസെൽ ഉണ്ടാക്കും

24/12/04

കളമശ്ശേരി: സുനാമി പ്രതിഭാസത്തെക്കുറിച്ച് പഠിക്കാനും മുന്നറിയിപ്പ് നൽകാനും കൊച്ചി സർവകലാശാലയിലെ സ്കൂൾ ഓഫ് മറൈൻസയൻസിൽ പഠനകേന്ദ്രം തുടങ്ങുമെന്ന് വൈസ് ചാൻസലർ ഡോ.പി.കെ.അബ്ദുൾഅസീസ് പറഞ്ഞു.

സർവകലാശാലയിലെ ബയോടെക്നോളജി വകുപ്പ് നടത്തുന്ന മൂന്നുദിവസത്തെ ബയോടെക്നോളജി - ന്യൂറോസയൻസ് അന്തർദേശീയ സമ്മേളനത്തിൽ അധ്യക്ഷപ്രസംഗം നടത്തുകയായിരുന്നു അദ്ദേഹം. ബയോടെക്നോളജിയും അനുബന്ധമേഖലകളും പ്രോത്സാഹിപ്പിക്കും. ഗവേഷണ പ്രോജക്ടുകൾ നേടിയെടുക്കാനും മുന്നോട്ടുകൊണ്ടുപോകാനും സർവകലാശാല മുൻഗണന നൽകുമെന്നും വൈസ്ചാൻസലർ വ്യക്തമാക്കി.

പ്രസിദ്ധബയോടെക്നോളജിസ്റ്റ് പ്രൊഫ. ജി.പത്മനാഭൻ സമ്മേളനം ഉദ്ഘാടനം ചെയ്തു. രാജ്യത്തെ മികച്ച ബയോടെക്നോളജിസ്റ്റിനുള്ള പ്രൊഫ. എം.വി. പൈലി പുരസ്കാരം ലേക്ഷോർ ആസ്പത്രി മാനേജിങ് ഡയറക്ടർ ഡോ.ഫിലിപ്പ് അഗസ്റ്റിൻ പ്രൊഫ. പത്മനാഭന് സമ്മാനിച്ചു. ഡോ.ജെ.ഡി.പടയാട്ടി, സിൻഡിക്കേറ്റ് അംഗം ഡോ.എ. അരവിന്ദാക്ഷൻ, രജിസ്ട്രാർ പ്രൊഫ. എ.രാമചന്ദ്രൻ, സംഘാടക സെക്രട്ടറി ഡോ.സി.എസ്. പൗലോസ്, ഡോ.കെ.ടി.മാത്യു, കൊറിയൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആൻഡ് ടെക്നോളജിയിലെ ഡോ.ഹീ സ്ക്രപ്ഷിൻ എന്നിവരും സംബന്ധിച്ചു.

അന്തമാൻ ദ്വീപിന്റെ മാറ്റത്തെക്കുറിച്ച് പഠിക്കും

ന്യൂഡൽഹി: ഞായറാഴ്ച ഉണ്ടായ ഭൂകമ്പം ലോകത്തിന്റെ അതിർത്തിതന്നെ മാറ്റിമറിച്ചുവെന്ന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ, അന്തമാൻ-നിക്കോബാർ ദ്വീപുകളുടെ ഘടനയിൽ വന്ന മാറ്റത്തെക്കുറിച്ച് സർക്കാർ പ്രത്യേകം പഠനം നടത്തും.

ഇതിനായി ഗവേഷണ കപ്പൽ-'സാഗർ കന്യ'യെ നിയോഗിച്ചിട്ടുണ്ടെന്ന് കേന്ദ്ര ശാസ്ത്ര സാങ്കേതിക മന്ത്രി കപിൽ സിബൽ പറഞ്ഞു. അന്തമാൻ ദ്വീപിന്റെ ഭൂമിശാസ്ത്ര അതിർത്തിയിൽ വന്ന മാറ്റങ്ങൾ പഠിച്ച് ഉടൻ തന്നെ അതനുസരിച്ച് ആവശ്യമായ നടപടികൾ എടുക്കും.

24/12/04

പ്രകൃതി ദുരന്തം കൈകാര്യം ചെയ്യാൻ സ്ഥിരം സംവിധാനമുണ്ടാക്കും

24/12/04

സ്വന്തം ലേഖകൻ

തിരുവനന്തപുരം: പ്രകൃതി ദുരന്തങ്ങളെപ്പറ്റി മുന്നറിയിപ്പ് നൽകാൻ ഒരു സ്ഥിരം സംവിധാനം രൂപവത്കരിക്കാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചു. ഇതേപ്പറ്റി വിശദമായ റിപ്പോർട്ട് രണ്ടാഴ്ചയ്ക്കകം നൽകാൻ ഈ രംഗത്തെ ശാസ്ത്രജ്ഞർ ഉൾപ്പെട്ട ഒരു സമിതിക്ക് രൂപം നൽകും.

ബുധനാഴ്ച മന്ത്രിസഭായോഗവും തുടർന്ന് നടന്ന ശാസ്ത്രജ്ഞരുടെ യോഗവുമാണ് ഈ തീരുമാനം എടുത്തത്. സമിതിയിലെ അംഗങ്ങം ആരാണെന്നത് വ്യാഴാഴ്ച ചേരുന്ന അടിയന്തര മന്ത്രിസഭായോഗത്തിൽ തീരുമാനിക്കുമെന്ന് മുഖ്യമന്ത്രി ഉമ്മൻചാണ്ടി പറഞ്ഞു.

സംസ്ഥാനത്ത് ഞായറാഴ്ച ഉണ്ടായ ദുരന്തം പ്രവചിക്കാൻ കഴിയാതിരുന്നത് എന്തുകൊണ്ടാണ്, പിറ്റേന്ന് ജനങ്ങളെ പരിഭ്രാന്തരാക്കുന്ന രീതിയിൽ മുന്നറിയിപ്പുകം വന്നതെന്തുകൊണ്ടാണ് തുടങ്ങിയ കാര്യങ്ങം യോഗം ചർച്ച ചെയ്തതായി മുഖ്യമന്ത്രി പറഞ്ഞു. 60 വർഷത്തിനുമുമ്പ് മാത്രമാണ് സുനാമി ഉണ്ടായിട്ടുള്ളതെന്ന് ചില ശാസ്ത്രജ്ഞർ അഭിപ്രായപ്പെട്ടു. എന്നാൽ ഇത് ശരിയല്ലെന്നും 98ൽ ഈ പ്രതിഭാസം ഉണ്ടായിട്ടുണ്ടെന്നും മറ്റു ചിലർ പറഞ്ഞു. എല്ലാ ഭൂകമ്പത്തിലും സുനാമി ഉണ്ടാവണമെന്നില്ല. അതുകൊണ്ടാണ് മുന്നറിയിപ്പ് നൽകാൻ കഴിയാതിരുന്നതെന്നും ചിലർ യോഗത്തിൽ ചൂണ്ടിക്കാട്ടി.

അതേ സമയം ഭൗമശാസ്ത്ര പഠനകേന്ദ്രത്തിന്റെ പീച്ചിയിലെ ഭൂകമ്പ മാപിനിയിൽ ഇൻഡൊനീഷ്യയിലെ ഭൂകമ്പം രേഖപ്പെടുത്തപ്പെട്ടിട്ടുപോലും ഇല്ല. ഈ വിവരം പുറത്തറിഞ്ഞില്ലെന്ന കാര്യവും യോഗത്തിൽ ഉന്നയിക്കപ്പെട്ടു. താൻ മുന്നറിയിപ്പ് നൽകാൻ ശ്രമിച്ചതായി കൊച്ചി സർവകലാശാലയിലെ ഒരു ശാസ്ത്രജ്ഞൻ അവകാശപ്പെട്ടു.

എങ്കിലും തനിക്ക് അതിനുള്ള അധികാരമില്ലായിരുന്നു. ദിവസവും നൂറില്പരം ഭൂചലനങ്ങം ഭൂകമ്പമാപിനി രേഖപ്പെടുത്താറുണ്ടെന്നും ചിലർ ചൂണ്ടിക്കാട്ടി.

തീരപ്രദേശത്ത് കടൽ ഭിത്തി പണിയണമെന്ന ജനങ്ങളുടെ ആവശ്യത്തോട് ശാസ്ത്രജ്ഞർ യോജിക്കുന്നില്ലെന്നും മുഖ്യമന്ത്രി പറഞ്ഞു.

വൻ ദുരന്തമുണ്ടായ പ്രദേശങ്ങളിൽ കടലിൽനിന്ന് കൂടുതൽ അകലത്തിൽ തൂണുകളിൽ ഉയർന്നുനിൽക്കുന്ന രീതിയിൽ ശാസ്ത്രീയമായി വേണം വീടുകം പുനർനിർമിക്കാനെന്ന നിർദ്ദേശവും യോഗത്തിൽ ഉയർന്നു.

ഇക്കാര്യം ചർച്ച ചെയ്യാനായി ആറാട്ടുപുഴ, ആലപ്പാട് പഞ്ചായത്തുകളിലെ ജനപ്രതിനിധികം, ജനകീയ സംഘടനാ ഭാരവാഹികം, എം.എൽ.എ. മാർ, എം.പി. മാർ തുടങ്ങിയവരുടെ യോഗം മൂന്നു ദിവസത്തിനകം വിളിച്ചുചേർക്കും.

ജനങ്ങളുടെ വികാരംകൂടി കണക്കിലെടുത്തേ ഇതിൽ അന്തിമ തീരുമാനമെടുക്കൂ. കടൽഭിത്തി നിർമിക്കുന്ന പണംകൊണ്ട് അതിനേക്കാം ഫലപ്രദമായി പുനരധിവാസം നടത്താമെന്ന അഭിപ്രായമാണ് ശാസ്ത്രജ്ഞർ മുന്നോട്ടുവച്ചത്- മുഖ്യമന്ത്രി പറഞ്ഞു.

സംസ്ഥാനത്ത് ദുരന്ത ബാധിതർക്ക് ആശ്വാസ കേന്ദ്രങ്ങം പണിയുന്നതിന് വിദേശ സഹായം തേടാനും യോഗത്തിൽ തീരുമാനമായി. മുഖ്യമന്ത്രിയും മന്ത്രിമാർക്കും വകുപ്പുതലവന്മാർക്കും പുറമെ കാലാവസ്ഥാ നിരീക്ഷണ വകുപ്പ് മുൻ ഡയറക്ടർ ഡോ. ടി. എം. മഹാദേവൻ, ഭൗമശാസ്ത്രപഠന കേന്ദ്രം ഡയറക്ടർ ഡോ. എം. ബാബു, ജലവിഭവ വികസന കേന്ദ്രം ഡയറക്ടർ ഇ.ജെ. ജയിംസ്, ഇൻസ്റ്റിട്യൂട്ട് ഓഫ് മാനേജ്മെൻറിലെ ഡോ. കെ. ജി. താര, കേരള സർവകലാശാല ജിയോളജി വിഭാഗം മേധാവി പ്രൊഫ. പ്രസന്നകുമാർ, കൊച്ചിയിലെ ദേശീയ സമുദ്ര ശാസ്ത്ര ഇൻസ്റ്റിട്യൂട്ടിലെ ഡോ. കേശവദാസ്, കൊച്ചി സർവകലാശാല സമുദ്ര പഠന വിഭാഗത്തിന്റെ തലവൻ പ്രൊഫ. കെ.ടി. ദാമോദരൻ, കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം ഡയറക്ടർ എം.ഡി. രാമചന്ദ്രൻ, മൈനിങ് ആൻറ് ജിയോളജി ഡയറക്ടർ എൻ. കൃഷ്ണകുമാർ, തുറമുഖ ചീഫ് എക്കിക്യൂട്ടീവ് ഓഫീസർ ഡോ. ജയകുമാർ, ജിയോളജിക്കൽ സർവേ ഓഫ് ഇന്ത്യ ഡയറക്ടർ ഡോ. ഐ.കെ. ഖാൻ, കൊച്ചി സർവകലാശാലയിലെ പ്രൊഫ. സാജൻ തുടങ്ങിയവർ പങ്കെടുത്തു.



സുനാമിയുടെ താണ്ഡവം

രാക്ഷസത്തിര തീരങ്ങൾ വിഴുങ്ങി

ആകെ മരണം 10,000–ൽ പരം; ഇന്ത്യയിൽ 3500

തുടക്കം ഇന്തൊനീഷ്യൻ തീരക്കടലിൽ

ശ്രീലങ്കയിൽ മരണം 4000 കവിയും

കാർനിക്കോബാർ എയർഫോഴ്സ് കേന്ദ്രം തകർന്നു

കാഴ്ചപ്പാട് പേജിൽ
>> സാന്ത്വനത്തിനു കൈനീട്ടുക
>> മൂന്നുദിവസംകൂടി ജാഗ്രത വേണം
>> തീവ്രതയിൽ അഞ്ചാമത്
കൂടുതൽ ചിത്രങ്ങൾ ഉൾപേജുകളിൽ

27
ഡിസംബർ 2004
തിങ്കൾ
1180 ധനു 12

മലയാള മനോരമ

ESTABLISHED 1888

തിരുവനന്തപുരം
14 പേജ്
3.25 രൂപ
***

കോട്ടയം * കോഴിക്കോട് * കൊച്ചി * തിരുവനന്തപുരം * പാലക്കാട് * കണ്ണൂർ * കൊല്ലം * തൃശൂർ * മലപ്പുറം മുംബൈ * ചെന്നൈ * ബാംഗ്ലൂർ * ഡൽഹി www.manoramonline.com

കേരളത്തിൽ മരണം 126 കൊല്ലത്തു മാത്രം 100

സ്വന്തം ലേഖകന്മാർ

ഇന്തൊനീഷ്യയിലെ സുമാത്ര ദ്വീപിനു സമീപം കടൽത്തട്ടിൽ ഭൂകമ്പത്തെ തുടർന്നുണ്ടായ കടൽ കയറ്റത്തിൽ സംസ്ഥാനത്തു 126 മരണം. നൂറുകണക്കിനാളുകളെ കാണാതായി. അനവധി പേർക്കു പരുക്കേറ്റു. മരണസംഖ്യ 150 കവിഞ്ഞേക്കുമെന്നാണു സൂചന.

30,000 പേരെ ദുരിതാശ്വാസ ക്യാംപുകളിലേക്കു മാറ്റി.

കടൽത്തട്ടിനു നാൽപ്പതു കിലോമീറ്റർ താഴെ ആരംഭിച്ച ഭൂകമ്പത്തിന്റെ പ്രകമ്പനങ്ങൾ ഉയർത്തിയ രാക്ഷസത്തിരകൾ (സുനാമി) ഏറ്റവും വിനാശകരമായി ഉലച്ചതു കൊല്ലം ജില്ലയെ. ഇവിടെ മാത്രം 100 പേർ മരിച്ചു. 97 മൃതദേഹങ്ങൾ കണ്ടെടുത്തു. 85 പേരെ തിരിച്ചറിഞ്ഞു.

ആലപ്പുഴയിൽ ഇരുപത്തൊന്നും കൊച്ചി വൈപ്പിനിൽ നാലും കണ്ണൂരിൽ ഒരാളുമാണു മരിച്ചത്. ഇവരെയെല്ലാം തിരിച്ചറിഞ്ഞു.

കൊല്ലത്ത് ആലപ്പാട് പഞ്ചായത്ത് ഏതാണ്ടു പൂർണമായും കടൽ വിഴുങ്ങി. 80 പേരാണ് ഇവിടെ മരിച്ചത്. കടലിനും കായലിനും ഇടയിലുള്ള ഈ പ്രദേശം വെറും ചതുപ്പുനിലമായി മാറി. കൊല്ലം ജില്ലയിൽ കാണാതായവരെപ്പറ്റിയും പരുക്കേറ്റവരെപ്പറ്റിയും കൃത്യമായ വിവരം രാത്രി വൈകിയും ലഭിച്ചിട്ടില്ല. നൂറുകണക്കിനാളുകളെ കാണാതായിട്ടുണ്ട്.

ആലപ്പുഴ ജില്ലയിൽ 250 പേർ പരുക്കേറ്റു വിവിധ ആശുപത്രികളിലുണ്ട്. 30 പേരെ കാണാനില്ല.

വെള്ളം പൊങ്ങുന്നതു കണ്ടു കുഴഞ്ഞുവീണാണു കണ്ണൂരിലെ മരണം.

കേരളത്തിന്റെ ചരിത്രത്തിൽ സമാനതകളില്ലാത്ത ദുരന്തം തീരദേശത്തെയാകെ കണ്ണീരിലാഴ്ത്തി. അവിചാരിതമായുണ്ടായ ദുരന്തത്തിന്റെ നടുക്കത്തിലാണു സംസ്ഥാനം. തുടർചലനങ്ങൾ വീണ്ടും കടൽക്ഷോഭം ഉയർത്തിയേക്കുമെന്ന ഭീതിയുണ്ട്. കടലാക്രമണത്തിൽ തീരപ്രദേശത്തുള്ള നൂറുകണക്കിനു വീടുകളാണ് ഒഴുകിപ്പ്യേത്. മത്സ്യത്തൊഴിലാളികളുടെ വള്ളവും വലയും വൻതോതിൽ നശിച്ചു. ഒട്ടേറെ മൽസ്യത്തൊഴിലാളി ഗ്രാമങ്ങൾ ഇപ്പോഴും ഒറ്റപ്പെട്ട നിലയിലാണ്. അനവധി വാഹനങ്ങളും തകർന്നു. ചില സ്ഥലങ്ങളിൽ അരക്കിലോമീറ്ററിലേറെ കടലെടുത്തു.

ദുരിതാശ്വാസ പ്രവർത്തനങ്ങൾ യുദ്ധകാലാടിസ്ഥാനത്തിൽ നടക്കുന്നുണ്ടെങ്കിലും കൊല്ലത്തും ആലപ്പുഴയിലും കാണാതായവരെപ്പറ്റിയും തുരുത്തുകളിൽ ഒറ്റപ്പെട്ടവരെപ്പറ്റിയും കൃത്യമായ കണക്കുകളില്ലാത്തതുകൊണ്ടു മരണസംഖ്യ ഇനിയുമേറെ വർധിച്ചേക്കും. രക്ഷാപ്രവർത്തകർക്കു പല മേഖലകളിലും എത്താനായിട്ടില്ല. അന്ധകാരനഴിയിൽ കടലാക്രമണപ്രദേശം സന്ദർശിച്ച മന്ത്രി കെ.ആർ. ഗൗരിയമ്മ തിരയിൽപ്പെട്ടെങ്കിലും പൊലീസ് രക്ഷപ്പെടുത്തി.

ഇന്നലെ രാവിലെ പത്തുമുതൽ ഏകദേശം അഞ്ചര മണിക്കൂറോളം കൊല്ലം ആലപ്പുഴ ജില്ലകളുടെ കടൽത്തീരം രാക്ഷസത്തിരകളുമായുള്ള ആപൽക്കരമായ പോരാട്ടത്തിലായിരുന്നു. കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി താലൂക്കിൽ അഴീക്കൽ, ആലപ്പാട്, ആയിരംതെങ്ങ്, ക്ലാപ്പന ഭാഗങ്ങളിലാണ് രൂക്ഷമായ കടലാക്രമണം ഉണ്ടായത്. ആലപ്പുഴയിൽ അന്ധകാരനാഴിയിലും ആറാട്ടുപുഴയിലും കടൽ നാശം വിതച്ചു.



കടൽ വിഴുങ്ങിയ കര: ചെന്നൈയിലെ മറീന ബീച്ചിൽ കടലാക്രമണത്തിൽ തകർന്ന വാഹനങ്ങളും കടകളും തിരയിൽ പെട്ട് ഒഴുകുന്നു.

ദുരിതാശ്വാസത്തിനു മനോരമ ഫണ്ട്

കേരളത്തിനുമേൽ വന്നുപതിച്ച ദുരന്തത്തിനിരയായവർക്ക് സഹായം എത്തിക്കാൻ മലയാള മനോരമ ഫണ്ടുശേഖരണം ആരംഭിക്കുന്നു. മലയാള മനോരമ 25 ലക്ഷം രൂപ ഇതിനായി നീക്കിവയ്ക്കുകയാണ്.

മുൻകാലങ്ങളിലെന്ന പോലെ മനോരമയുടെ ഈ ദൗത്യത്തിൽ പങ്കുചേരാൻ സന്മനസുള്ള എല്ലാവരോടും അഭ്യർഥിക്കുന്നു. സംഭാവനകൾ **'മലയാള മനോരമ ചാരിറ്റബിൾ ട്രസ്റ്റ്, പി.ബി.നമ്പർ: 300, മലയാള മനോരമ, കോട്ടയം–686 001'** എന്ന വിലാസത്തിൽ അയയ്ക്കാം.

മലയാള മനോരമ ചാരിറ്റബിൾ ട്രസ്റ്റിന്റെ പേരിൽ കോട്ടയത്തു മാറാവുന്ന ചെക്കുകളും ഡ്രാഫ്റ്റുകളും മനോരമയുടെ ഇന്ത്യയിലെ പതിമൂന്നു യൂണിറ്റുകളിലും കേരളത്തിലെ 14 ജില്ലാ ബ്യൂറോകളിലും തിരുവല്ല ബ്യൂറോയിലും സ്വീകരിക്കും. സംഭാവനകൾക്ക് 80– ജി അനുസരിച്ചുള്ള ആദായനികുതിയിളവു ലഭിക്കും.

എത്ര ചെറിയ തുകയായാലും അനേകായിരങ്ങളുടെ പുനരധിവാസത്തിനുള്ള ഈ സംരംഭത്തിൽ പങ്കു ചേരുക. ആയിരം രൂപയ്ക്കു മുകളിൽ സംഭാവന ചെയ്യുന്നവരുടെ പേരുകൾ പത്രത്തിൽ പ്രസിദ്ധപ്പെടുത്തും.

വേളാങ്കണ്ണിയിലും ഒട്ടേറെ മരണം

തമിഴ്നാട്ടിൽ 2000 ; ദുരന്തം മുഴുവൻ ഏറ്റുവാങ്ങിയതു നാഗപട്ടണവും കാരയ്ക്കലും കന്യാകുമാരിയും

ന്യൂഡൽഹി: ഭൂകമ്പത്തെത്തുടർന്നുള്ള കടൽകയറ്റത്തിൽ തമിഴ്നാട് - ആന്ധ്ര തീരത്തും കേരളത്തിലും മരിച്ചവരുടെ എണ്ണം 3500 കവിഞ്ഞു. രണ്ടായിരത്തിലേറെ മരണം തമിഴ്നാട്ടിലാണ്. ആൻഡമാൻ - നിക്കോബാർ ദ്വീസമൂഹത്തിൽ ആയിരം മരണമുണ്ടെന്നാണ് അനൗദ്യോഗിക കണക്ക്. 300 മരണം സ്ഥിരീകരിച്ചു. ഇതിലേറെയും കാർനിക്കോബാറിലാണ്.

തമിഴ്നാട്ടിലെ വേളാങ്കണ്ണി തീർഥാടനകേന്ദ്രം ഉൾപ്പെടുന്ന നാഗപട്ടണം ജില്ലയിലാണു കടൽ ഏറെ നാശം വിതച്ചത്. അവിടെ മാത്രം ആയിരത്തോളം മരണമുണ്ട്. ഇതിൽ ഒട്ടേറെ മരണം വേളാങ്കണ്ണിയിലാണ്. കന്യാകുമാരിയിലെ കുളച്ചലും ശുചീന്ദ്രത്തുമായി 490 ജഡം കിട്ടി. അറുനൂറിലേറെയാണു കന്യാകുമാരി ജില്ലയിലെ മരണസംഖ്യ.

ചെന്നൈയിൽ 130 പേർ മരിച്ചതായി സ്ഥിരീകരിച്ചു. ചെന്നൈ മറീന കടൽപ്പുറത്ത് ഉറങ്ങിക്കിടന്ന ചിലരും കടലിൽ ഒലിച്ചുപോയി. തമിഴ്നാട്ടിൽ ഔദ്യോഗിക കണക്കുപ്രകാരം മരണം 1705 ആണ്. തമിഴ്നാട് തീരത്തു ചിലയിടങ്ങളിൽ ഏതാനും സെക്കൻഡ് നേരം 33 മീറ്റർവരെ ഉയരത്തിലാണു കടൽ ഇരച്ചുകയറിയത്. നാലു കിലോമീറ്റർവരെ ദൂരത്തിൽ കടൽ കയറിയ പ്രദേശങ്ങളുമുണ്ട്. മറീനയിൽ 50 അടിവരെയാണു കടൽ ഉയർന്നത്.

ആന്ധ്രയിൽ നൂറിലേറെ മരണമുണ്ടെന്നാണ് അനൗദ്യോഗിക റിപ്പോർട്ട്. ഔദ്യോഗിക കണക്ക് നൂറിൽ താഴെയാണ്. പോണ്ടിച്ചേരിയിൽ മരണം 280. തമിഴ്നാട്ടിലെ ജില്ലതിരിച്ചുള്ള മരണങ്ങൾ: നാഗപട്ടണം -1000, ചെന്നൈ - 130, കടലൂർ - 300, കന്യാകുമാരി - 600, കാഞ്ചീപുരം - 60.

തമിഴ്നാട്ടിൽ അഞ്ചു മലയാളികൾ മരിച്ചു. ഇതിൽ രണ്ടുപേർ ചെന്നൈ മറീന ബീച്ചിലും രണ്ടുപേർ കന്യാകുമാരി ജില്ലയിലും ഒരാൾ വേളാങ്കണ്ണിയിലുമാണ്. അമ്മയും പിഞ്ചുകുഞ്ഞുമടക്കം അഞ്ചു മലയാളികളെ വേളാങ്കണ്ണിയിൽ കാണാതായി. വൈക്കത്തു നിന്നു കന്യാകുമാരിയിലേക്കു പോയ 16 അംഗ വിനോദയാത്രാസംഘത്തിലെ നാലുപേരെ കാണാതായതായി റിപ്പോർട്ടുണ്ട്.

ചാലക്കുടി കുറ്റിക്കാട് തീതായി സ്റ്റീഫന്റെ ഭാര്യ ലൈസ (36), സ്റ്റീഫന്റെ അമ്മയുടെ അനുജത്തിയുടെ മകൻ ജിയോ (20) എന്നിവരാണു ചെന്നൈ മറീനയിൽ മരിച്ചത്. പുണെ ജെ. കെ. ടയേഴ്സ് എൻജിനീയറായ സ്റ്റീഫൻ, മക്കളായ ക്രിസ്റ്റീന, അനീന എന്നിവർ രക്ഷപ്പെട്ടു. മദ്രാസ് എൻജിനീയറിങ് കോളജ് വിദ്യാർഥിയാണു ജിയോ. പുണെയിൽനിന്നു ഗോവയിൽ പോയശേഷം കഴിഞ്ഞ ദിവസമാണത്രേ സ്റ്റീഫനും കുടുംബവും ചെന്നൈയിൽ എത്തിയത്. ലൈസയുടെ മൃതദേഹം ഇന്നു നാട്ടിലെത്തിക്കും.

കരിക്കകം ഗവൺമെന്റ് സ്കൂൾ അധ്യാപിക ഗിരിജാകുമാരി (41) കന്യാകുമാരിക്കടുത്തു ശുചീന്ദ്രം തീരത്തും കുത്തമംഗലം സ്വദേശി അഡ്വ. വിവേക് കുമാർ (48) കുളച്ചലിലുമാണു മരിച്ചത്. ഇരുവരുടെയും മൃതദേഹം ലഭിച്ചു. കരിക്കകം കൃഷ്ണാ ഗാർഡൻസിൽ ശ്രീകുമാറിന്റെ ഭാര്യയാണു ഗിരിജ. രണ്ടു പെൺമക്കൾ.

ഇവർ ശുചീന്ദ്രക്ഷേത്രദർശനത്തിനുശേഷം തീരത്തെത്തിയപ്പോഴാണു തിരയിൽപ്പെട്ടത്. ശ്രീകുമാറും മക്കളും അദ്ഭുതകരമായി രക്ഷപ്പെടുകയായിരുന്നു.

എറണാകുളം ജില്ലയിലെ സൗത്ത് മാറാടി പുളിയാനിക്കാട്ട് രാജുവിന്റെ മകൾ സോണിയ (ഏഴ്) ആണു വേളാങ്കണ്ണിയിൽ മരിച്ചത്. അമ്മ ബേബി (32), സൗത്ത് മാറാടി ഇടപ്പാട്ട് തങ്കച്ചന്റെ ഭാര്യ ഹാജിറ എന്നിവരെ കാണാതായതായും വിവരം ലഭിച്ചു. മുവാറ്റുപുഴ നിർമല പബ്ലിക് സ്കൂൾ ഒന്നാം ക്ലാസ് വിദ്യാർഥിനിയാണു സോണിയ. വേളാങ്കണ്ണി പള്ളിമുറ്റത്തും കടൽ ഇരച്ചുകയറിയെങ്കിലും പള്ളിക്കകത്തു കയറിയില്ല. പള്ളിമുറ്റത്തു നിൽക്കുകയായിരുന്ന മലയാളി ബാലൻ ജെറിൻ (10) കാണാതായവരിലുൾപ്പെടും.

ഈരാറ്റുപേട്ട പ്ലാശനാൽ പുളിക്കത്താഴെ സണ്ണിയുടെ മകനാണ് അരുവിത്തുറ അൽഫോൻസ ഇംഗ്ലീഷ് മീഡിയം സ്കൂൾ അഞ്ചാം ക്ലാസ് വിദ്യാർഥിയായ ജെറിൻ. പൂഞ്ഞാർ കരിയാപുരയിടത്തിൽ നെസിയാണ് അമ്മ.

വിവരങ്ങൾക്കു വിളിക്കാൻ

ന്യൂഡൽഹി– 011–23017457, 23017302.
തിരുവനന്തപുരം - 0471- 2518700, 2333198, 94477 00116.



കണ്ണീർക്കടൽ





കടൽക്ഷോഭത്തിൽ മരിച്ചവരുടെ മൃതദേഹങ്ങൾ തിരിച്ചറിയാനായി ഓച്ചിറ സ്റ്റാർ ആശുപത്രിയിൽ കിടത്തിയിരിക്കുന്നു.



കുളച്ചലിൽ കടൽ ക്ഷോഭത്തിൽ മരിച്ച രണ്ടുകുട്ടികൾക്കരികിൽ ആശുപത്രിയിൽ വിലപിക്കുന്ന അമ്മ.



പത്തിശേരിൽ വലിയകടവിൽ തകർന്ന വീട്.



കടൽക്ഷോഭത്തിൽ ഒട്ടേറെ വിനോദ സഞ്ചാരികൾ കുടുങ്ങിപ്പോയ കന്യാകുമാരിയിലെ വിവേകാനന്ദപ്പാറ

ചിത്രങ്ങൾ

പി.ആർ.ദേവദാസ്
ഷിഹാബ്
റോക്കി ജോർജ്

ഭൂകമ്പം: കെ. സി. ബി. സി. ദു:ഖം രേഖപ്പെടുത്തി

തിരുവനന്തപുരം: ഏഷ്യൻ രാജ്യങ്ങളിലുണ്ടായ ഭൂകമ്പത്തിലും നാശനഷ്ടങ്ങളിലും കെ. സി. ബി. സി. ദു:ഖം രേഖപ്പെടുത്തി. കേരളത്തിന്റെ ഉൾപ്പെടെയുള്ള തീരപ്രദേശങ്ങളിലും വേളാങ്കണ്ണി പള്ളിയിലും അഷ്ടലക്ഷ്മി ക്ഷേത്രത്തിലുമുണ്ടായ വെള്ളപ്പൊക്കത്തിൽ കെ. സി. ബി. സി. അധ്യക്ഷൻ ആർച്ച് ബിഷപ്പ് സിറിൽ മാർ ബസേലിയോസ് ഉൽകണ്ഠ രേഖപ്പെടുത്തി. ദുരിതാശ്വാസപ്രവർത്തനങ്ങൾക്ക് ജാതിമതഭേദമെന്യേ മുന്നിട്ടിറങ്ങുവാനും ഇടവകതലത്തിൽ നടപ്പാക്കുവാനും മെത്രാപ്പോലീത്ത ആഹ്വാനം ചെയ്തു.

കടൽക്കറ ഭൂകമ്പത്തിന്റെ മുന്നറിയിപ്പെന്ന്

കൊല്ലം: മാസങ്ങൾക്ക് മുമ്പ് തീരപ്രദേശങ്ങളിലുണ്ടായ കടൽഗന്ധവും കടൽക്കറയും ഭൂകമ്പത്തിന്റെ മുന്നറിയിപ്പായിരുന്നു എന്ന് പരിസ്ഥിതി ഗവേഷകർ അഭിപ്രായപ്പെട്ടു.

ജപ്പാനിൽ അഗ്നിപർവത വിസ്ഫോടനത്തിനു മുമ്പേ പർവതങ്ങളിൽ പുകവരുന്നതിനു സമാനമാണ് ഈ പ്രതിഭാസമത്രേ. പുകഞ്ഞു തുടങ്ങിയതിന് മാസങ്ങൾക്ക് ശേഷമാണ് അഗ്നിപർവതം സ്ഫോടനം ചെയ്യുന്നത്.

ആൽഗേ മൂലമായിരുന്നു കടൽഗന്ധമെന്ന് ചില കേന്ദ്രങ്ങൾ അഭിപ്രായപ്പെട്ടത് തെറ്റായിരുന്നെന്ന് തെളിഞ്ഞതായി പരിസ്ഥിതി ഗവേഷകനും കൊല്ലം. എസ്.എൻ. കോളജ് ലക്ചററുമായ ഡോ. സൈനുദ്ദീൻ പട്ടാഴി പറഞ്ഞു.

ആൽഗേ ആയിരുന്നെങ്കിൽ കടൽഗന്ധം 20 കിലോമീറ്ററൊന്നും അപ്പുറം പോകില്ല.

ഇന്ത്യയ്ക്കടിയിലെ ടെക്റ്റോണിക് ഭൂപാളികളാണ് ലോകത്ത് ഏറ്റവും വേഗതയിൽ ചലിക്കുന്നത്. കടലിന്റെ അടിത്തട്ടിലുള്ള പാളികളാണ് ഏറ്റവും ദുർബലം.

ഇതിന്റെ ക്രമീകരണങ്ങൾമൂലം കടലിനടിയിൽ വിള്ളലുണ്ടാകും.

തുടർന്ന് ലാവയോ ജൈവവാതകമോ ഉണ്ടാകും.

ഈ ജൈവവാതകമായിരുന്നു കടൽഗന്ധത്തിനു കാരണം.

കരയിടിയുന്നതുപോലെ കടലിനടിയിലും ഇടിച്ചിൽ സംഭവിക്കാറുണ്ട്.

ഈ സിനിമ കണ്ടവർ ഉറപ്പിച്ചുപറയുന്നു,
കഴിഞ്ഞ 101 തമിഴ് സിനിമകളിൽ
ഏറ്റവുംമികച്ചത്

കഥാസാരം

കടലിലൂടെ ഒഴുകി വരുന്ന ഒരു കുപ്പി
ഏറെ ദൂരം സഞ്ചരിച്ച് ചെന്നൈയുടെ
തീരത്തടിയുന്നു. അത് ക്ലർണലിസ്റ്റ് കൂടിയായ ഒരു
പത്രമുടമയുടെ (രക്ഷിത) കൈയ്യിൽ കിട്ടുന്നു.
വസന്ത എന്ന കാമുകി(അസിൻ)
ശിവ എന്ന തന്റെ കാമുകനു(നാഗാർജ്ജുന) വേണ്ടി
കൊച്ചിയിലെ Sea food company യുടെ LETTER PAD -ൽ
എഴുതിയ ഒരു പ്രേമലേഖനമായിരുന്നു അത്.
മനസ്സിൽ തറച്ച അതിലെ വരികളുടെ ഉറവിടം തേടി
ലേഖിക കൊച്ചിയിൽ എത്തുന്നു . ഇവിടെ നിന്നും
ശിവ 98480 22338 ന്റെ കഥ ചുരുളഴിയുന്നു.
പൂക്ട് മാർക്കറ്റ് എന്ന ഗുണ്ടകൾ ഭരിക്കുന്ന
സ്ഥലത്തേക്ക് ശിവ എന്ന പോലീസ് ഇൻസ്പെക്ടർ
ചാർജ്ജെടുക്കുന്നു. ഗുണ്ടകൾ അഴിഞ്ഞാടുന്ന
തെരുവോരങ്ങളിൽ ശിവ സാധാരണക്കാർക്കുവേണ്ടി
രംഗത്തിറങ്ങുന്നു. സാധാരണക്കാർക്ക് രക്ഷകനായി
കരുത്തിന്റെ ആൾരൂപമായ് ശിവ ഗുണ്ടകളുടെയും
മദ്യമാഫിയകളുടെയും ഉറക്കം കെടുത്തുന്നു.
ശത്രുകൾക്ക് അഗ്നിയായ് മാറുന്ന ശിവ
സാധാരണക്കാർക്ക് പോലീസിനോടുള്ള
അകൽച്ച കുറയ്ക്കാൻ ഒരു മാർഗ്ഗം കണ്ടെത്തുന്നു.
തന്റെ മൊബൈൽ 9848022338 -ൽ
ആർക്കും ഏതു സമയത്തും
എന്തു പ്രശ്നത്തിനും വിളിക്കാം.
നിമിഷങ്ങൾക്കകം ശിവ അവിടെ എത്തും

ഈ മൊബൈൽഫോൺനമ്പർ ഉണ്ടാക്കുന്ന
കോമഡിയും പ്രശ്നങ്ങളും തിയ്യേറ്ററിൽ വന്ന് ആസ്വദിക്കുക !
പുതിയ തലമുറയുടെ രുചിഭേദങ്ങൾക്കനുസരണമായി
ചാലിച്ചെടുത്ത പ്രണയകഥ പറയുന്ന ഈ ആക്ഷൻ ചിത്രം
പാർത്ഥാസ് തിയ്യേറ്ററിൽനിന്നും
ശ്രീ തിയ്യേറ്ററിലേക്ക് മാറ്റിയിരിക്കുന്നു
ശിവ
HASH BUSH FILMS
98480 22338
DOLBY
പൂരിഗന്നാഥ്
Sathian's

നെയ്യാറിലും തിരയിളക്കം

നെയ്യാർ ജലസംഭരണിയിലും തിരയിളകി. ഞായറാഴ്ച രാവിലെ ആറേകാൽമുതൽ ഒന്നര മണിക്കൂർ ഇതു നീണ്ടുനിന്നു. തീരങ്ങളിൽ ഒരു മീറ്ററോളം ഉയരത്തിൽ തിരയടിച്ചു. അണക്കെട്ടു നിർമിച്ചശേഷം ആദ്യമായാണ് ഇത്തരമൊരു പ്രതിഭാസം. മായം പുട്ടുകല്ലിലും പന്ത കരിമംകുളത്തും തിരയിളക്കം കാണപ്പെട്ടു.

യു. സി. എം.
തിരുവനന്തപുരം

54–ാ മത് ഐക്യ ക്രിസ്മസ്
നവവൽസര മഹാസമ്മേളനവും
ചാരിറ്റി വർഷാചരണ സമാപനവും
നാളെ (ചൊവ്വ) 6.15 P.M. ന്
യൂണിവേഴ്സിറ്റി സെനറ്റ് ഹാളിൽ

ഉദ്ഘാടനം
ബഹു. മുഖ്യമന്ത്രി ശ്രീ ഉമ്മൻ ചാണ്ടി
സഭാമേലധ്യക്ഷന്മാർ, സിറ്റി മേയർ
തുടങ്ങിയവർ പങ്കെടുക്കുന്നു

ഏവർക്കും സ്വാഗതം

ഷെവലിയർ കോശി (പ്രസിഡന്റ്)
പി. എൽ. മാത്യു (സെക്രട്ടറി)

ജില്ലയിൽ കടുത്ത കടലാക്രമണം

തിരുവനന്തപുരം: വിഴിഞ്ഞം, വർക്കല, ആറ്റിങ്ങൽ തീരപ്രദേശങ്ങളിൽ ശക്തമായ കടലാക്രമണം ഉണ്ടായി.

വിഴിഞ്ഞം തീരത്തേക്ക് കടൽജലം ഇരച്ചുകയറി 300ലേറെ വീടുകൾ വെള്ളത്തിലായി. ആളപായമില്ല. മൽസ്യ അനുബന്ധ ഉപകരണങ്ങൾ വെള്ളത്തിൽ മുങ്ങി. ആയിരക്കണക്കിനു രൂപയുടെ നാശനഷ്ടം കണക്കാക്കുന്നു.

വിഴിഞ്ഞം പട്ടാണി കോളനിയിലെ മൽസ്യത്തൊഴിലാളി കുടുംബങ്ങളാണ് ദുരിതത്തിന് ഇരയായത്. ഇവിടത്തെ 450ലേറെ കുടുംബങ്ങളെ സമീപത്തെ ഹാർബർ ഏരിയ എൽ.പി. സ്കൂളിലേക്കു മാറ്റിപാർപ്പിച്ചു.

ഇന്നലെ രാവിലെ ഒൻപതുകഴിഞ്ഞപ്പോഴാണ് അപ്രതീക്ഷിതമായി വിഴിഞ്ഞം ഹാർബർ ബെയ്സിനുള്ളിലേക്ക് ചുഴിയുടെ രൂപത്തിൽ കടൽജലം ഇരച്ചുവന്നത്. ബെയ്സിനുള്ളിൽ ചുറ്റിത്തിരിഞ്ഞ കടൽജലം ശക്തിയോടെ കരയിലേക്ക് അടിച്ചുകയറി.

തുടക്കത്തിൽ വിഴിഞ്ഞത്ത് കപ്പലടുക്കുന്ന വാർഫിലേക്ക് കയറി ഇറങ്ങിയശേഷം പട്ടാണികോളനി ഭാഗത്തേക്ക് ഇരച്ചുകയറി. ഉച്ചയോടടുത്ത് ശക്തമായി കയറിയ വെള്ളം കരഭാഗത്ത് ഏതാണ്ട് ആഞ്ഞൂറു മീറ്റർവരെ ഒഴുകിയെത്തി.

ഭീതിയിലായ മൽസ്യത്തൊഴിലാളികളും കടകമ്പോളങ്ങൾ നടത്തുന്നവരും കയ്യിൽകിട്ടിയതുമെടുത്ത് ഓടുകയായിരുന്നു. കുറച്ചു സമയത്തിനുശേഷം കടൽജലം പിൻവാങ്ങി. തുടർന്ന് ആർ.ഡി.ഒ, തഹസിൽദാർ, പഞ്ചായത്ത്, പൊലീസ്, അഗ്നിശമനസേന എന്നിവരെല്ലാം സ്ഥലത്തെത്തി.

മന്ത്രിമാരായ എൻ. ശക്തൻ, എം.സി. രാഘവൻ, കലക്ടർ ടിങ്കു ബിസ്വാൾ, മുൻ എം.പി. വി.എസ്. ശിവകുമാർ തുടങ്ങിയവർ സ്ഥലം സന്ദർശിച്ചു.

വർക്കലയിൽ ടൂറിസ്റ്റ്കേന്ദ്രമായ പാപനാശം കടൽപരപ്പിൽ വിദേശികൾ കടലിൽ കുളിക്കുമ്പോഴായിരുന്നു കടലാക്രമണം. ഓർക്കാപ്പുറത്ത് 30 മീറ്റർ ഉയർന്ന് അടിച്ചുകയറിയ തിരയിൽ ക്യാമറ, ഇലക്ട്രോണിക് ഉപകരണങ്ങൾ, വസ്ത്രങ്ങൾ, ബാഗുകൾ തുടങ്ങിയവ ഒലിച്ചുപോയി.

പാപനാശം തീർഥഘട്ടത്തിനുസമീപം കടൽ ഇരച്ചുകയറി അഞ്ച് കച്ചവട സ്ഥാപനങ്ങളിൽ കാര്യമായ നാശനഷ്ടങ്ങൾ ഉണ്ടാക്കി. അഞ്ചുതെങ്ങ്മുതൽ കാപ്പിൽവരെയുള്ള കടലോരങ്ങളിലും കടലാക്രമണമുണ്ടായി. വെട്ടൂരിൽ



വിഴിഞ്ഞത്ത് കരയിലേയ്ക്ക് ഇരച്ചുവരുന്ന കടൽ. തുറമുഖത്ത് കെട്ടിയിട്ടിരിക്കുന്ന വള്ളങ്ങൾ തിരയോടൊപ്പം ഒഴുകിയടുക്കുന്നു. പ്രാണനും കൊണ്ട് ഓടിരക്ഷപ്പെടാൻ ശ്രമിക്കുന്നവരാണ് ചിത്രത്തിൽ.

ബോട്ടുകൾ കൂട്ടിയിടിച്ചു നാശനഷ്ടങ്ങളുണ്ടായി. ചിലക്കൂർ, ഓടയം, വെറ്റക്കട, കാപ്പിൽ തുടങ്ങിയ കടലോരങ്ങളിൽ കടലാക്രമണത്തിൽ മൽസ്യബന്ധന ഉപകരണങ്ങൾക്കു നാശനഷ്ടം സംഭവിച്ചു.അഞ്ചുതെങ്ങ് മേഖലയിൽനിന്ന് നിരവധി കുടുംബങ്ങളെ സുരക്ഷിത സ്ഥാനത്തേയ്ക്കു മാറ്റിപ്പാർപ്പിച്ചു.

പതിനൊന്നു മണിക്കായിരുന്നു ഏറ്റവും ശക്തമായ കടൽക്ഷോഭം ഉണ്ടായതെന്നു നാട്ടുകാർ അറിയിച്ചു. താഴമ്പള്ളി മേഖലയിൽ മീറ്ററുകളോളം കടൽ കരയിലേയ്ക്കു തള്ളിക്കയറി.കോവളം, ശംഖുമുഖം ഭാഗങ്ങളിലും ശക്തമായ തിരയടിയുണ്ടായി.

മണിക്കൂറുകളോളം ഹോട്ടലിൽ; ആശങ്കയുടെ നിമിഷങ്ങൾ

ബത്തേരി: രാവിലെ ഹോട്ടൽമുറിയിലിരുന്ന് ഭക്ഷണം കഴിക്കുന്നതിനിടെയാണ് വെള്ളം കയറുന്നതു ശ്രദ്ധയിൽപ്പെട്ടത്. ഉടൻ കുടുംബത്തോടെ ഹോട്ടൽ കെട്ടിടത്തിന്റെ മുകളിലേക്ക് കയറി. പിന്നീട് കണ്ടത് ജഡങ്ങളും വാഹനങ്ങളും വെള്ളത്തിൽ കിടക്കുന്നതാണ്. വേളാങ്കണ്ണിയിലെ കടൽക്ഷോഭത്തിൽനിന്ന് രക്ഷപ്പെട്ട് നാട്ടിലേക്കു തിരിച്ച മാനിക്കുനിപറമ്പിലോത്ത് ടി.ജെ. ജോസഫിന്റെ മകൻ ജിജി തഞ്ചാവൂരിൽനിന്ന് ഈ വിവരം മനോരമക്കു നൽകുമ്പോൾ താൻ കണ്ട കാഴ്ചയുടെ ഭീകരത വാക്കുകളിൽനിന്ന് മാഞ്ഞിരുന്നില്ല.

ടി.ജെ. ജോസഫിന്റെ കോഴിക്കോട്ടെ ബന്ധുക്കളായ മലാപ്പറമ്പിലെ ടി.ജെ. ഡേവിഡും കുടുംബവുമടങ്ങിയ പത്തുപേരുടെ സംഘം വിവേകാനന്ദ ട്രാവൽസിന്റെ വാഹനത്തിലാണ് വേളാങ്കണ്ണിയിലേക്കു പോയത്. ജോസഫും കുടുംബവും ബത്തേരിയിൽനിന്നു വാടകക്കുവിളിച്ച വാനിലും. രാവിലെ ഏഴിന് വേളാങ്കണ്ണി പള്ളിയിൽനിന്നിറങ്ങി കോഴിക്കോട്ടേക്കു പുറപ്പെട്ട ഡേവിഡ് അഞ്ചുമിനിറ്റു കഴിഞ്ഞ് കേൾക്കുന്നതു പള്ളിയിൽ വെള്ളം കയറിയതാണ്.

രാവിലെ ഒൻപതു മണിയോടെയാണ് വെള്ളം കയറിത്തുടങ്ങിയത്. കെട്ടിടത്തിന്റെ മുകളിലേക്ക് രക്ഷയ്ക്കായി കയറിയവർ പന്ത്രണ്ടുമണിയോടെയാണ് ഇറങ്ങിയത്. വിവിധ സ്ഥലങ്ങളിലുള്ള വിവേകാനന്ദ ട്രാവൽസിന്റെ വാഹനങ്ങളും യാത്രക്കാരും സുരക്ഷിതരാണെന്ന് മാനേജിങ് ഡയറക്ടർ സി.നരേന്ദ്രൻ അറിയിച്ചു.



Grand Festive Offer
MRP Rs 5050/-
Now only 3990/-*
2 litre capacity

ഈ ഉത്സവകാലത്ത് നിങ്ങളുടെ
പഴയ മിക്സി/ ഗ്രൈന്റർ / ഗ്യാസ് സ്റ്റൗ
എന്നിവ മാറ്റിയെടുത്ത് 1060 രൂപ കിഴിവിൽ
സുപ്ര വെറ്റ് ഗ്രൈന്റർ സ്വന്തമാക്കൂ...

സുപ്ര വെറ്റ് ഗ്രൈൻഡർ
• Two year warranty • 150W powerful motor
• 2 big black granite cylindrical stones for better and efficient grinding
Also available in 110 volts for USA and Canada

— MAHARAJA —
WHITELINE
INDIA'S NO. 1 APPLIANCE COMPANY

AVAILABLE AT ALL LEADING COUNTERS
For enquiries please contact:
Authorised Distributor for Trivandrum: Aditya Business Corporation, Ph: 0471-2534380, 94473 33785



കടലാക്രമണത്തിൽ മരിച്ച കുട്ടികളുടെ മൃതദേഹങ്ങൾ ചെന്നൈയിലെ ഒരു ആശുപത്രിയിൽ കൂട്ടിയിട്ടിരിക്കുന്നു



കടലാക്രമണത്തിൽ ചെന്നൈ മറീന ബീച്ചിൽ വാഹനങ്ങൾ തകർന്ന നിലയിൽ



ചെന്നൈ മറീന ബീച്ചിൽ ഒരു കാർ കടലാക്രമണത്തിൽ പെട്ടപ്പോൾ



മറീന ബീച്ചിൽ തിരയിൽ അകപ്പെട്ട കാർ



തായ്‌ലൻഡിലെ ഫുക്കെയിൽ ഭൂകമ്പത്തിൽ തകർന്ന വാഹനങ്ങൾ

ദുരന്തത്തിന്റെ കടലിരമ്പം

കടൽ പോലെ ഈ കണ്ണീർ



ചെന്നൈയിൽ കടലാക്രമണത്തിൽ തകർന്ന വീടിനു സമീപം നിന്നു വിലപിക്കുന്ന വൃദ്ധ.



മറീന ബീച്ചിൽ തിരയിൽ പെട്ട് മരിച്ച പെൺകുട്ടിയുടെ മൃതദേഹവുമായി തീരത്തേയ്ക്ക് ഓടുന്ന രക്ഷാപ്രവർത്തകർ.

ചിത്രങ്ങൾ

മനോരമ/ ജെ.സുരേഷ് എ.പി. എ.എഫ്.പി. റോയിട്ടേഴ്സ്

കാൽച്ചുവട്ടിലെ മണ്ണത്രയും വിഴുങ്ങി കടൽ മതിയാവാതെ അലറിയടുത്തപ്പോൾ നിസ്സഹായതയിലേക്കും, നിന്ന നിൽപ്പിൽ നിരാലംബതയിലേക്കും മുങ്ങിപ്പോയ എത്ര കുടുംബങ്ങൾ ! സംഭവിക്കുന്നതെന്തെന്നറിയും മുമ്പേ മൃത്യുവിന്റെ ഇരുളാഴങ്ങളിലേക്ക് എത്ര ജീവിതങ്ങൾ !



കടൽക്കലി: മറീന ബീച്ചിലെ കടലാക്രമണത്തിന്റെ ദൃശ്യം



ചെന്നൈയിൽ കടലാക്രമണത്തിൽ മരിച്ച സ്ത്രീയുടെ മൃതദേഹവുമായി രക്ഷാപ്രവർത്തകർ



അപകടത്തിൽപെട്ട ഒരാളെ തീരസംരക്ഷണ സേന രക്ഷപെടുത്തുന്നു

MARUTI SUZUKI
Count on us



HURRY ! ONLY 5 MORE DAYS

DON'T BURN A HOLE IN YOUR POCKET.
വിലവർദ്ധനവിന് മുമ്പ് നിങ്ങളുടെ പ്രിയപ്പെട്ട മാരുതി സ്വന്തമാക്കൂ.



OMNI
FREE INSURANCE + Rs. 2000 WORTH ACCESSORIES

ESTEEM
Rs. 2000 + BASIC ACCESSORIES*

BALENO
FREE INSURANCE + MGA CD- MP3 PLAYER + Rs. 5000 WORTH ACCESSORIES

MARUTI 800
FREE INSURANCE + MGA STEREO

VERSA
Rs. 12000 WORTH ACCESSORIES + Rs. 20000 EXCHANGE BONUS

* Conditions apply. Basic accessories include steering cover, mud cap & floor mat.

Jelitta

POPULAR VEHICLES LTD.
Ph: 2343493. Mob: 98463 97083

INDUS MOTORS
Ph: 2445774. Mob: 94470 79033



കന്യാകുമാരിയിൽ കടൽ ക്ഷോഭത്തിൽ മരിച്ച കൊൽക്കൊത്തയിലെ നികേഷിന്റെ മൃതദേഹത്തിനരുകിൽ അമ്മ സാന്താ പൊട്ടിക്കരയുന്നു. സാന്തായുടെ ഭർത്താവിനെയും കാണാതായി.

കുളച്ചലിൽ ദുഃഖം അണപൊട്ടി; കന്യാകുമാരിയിൽ മാനംമുട്ടെ

കന്യാകുമാരി (തമിഴ്നാട്): കുളച്ചലിൽ മരണം ഇരമ്പിയാർത്തത് അണക്കെട്ടിലെ വെള്ളച്ചാട്ടംപോലെ. കന്യാകുമാരിയിൽ ദുരന്തം വിതച്ചത് ആകാശംമുട്ടെ ആർത്തലച്ചെത്തിയ തിരമാലകൾ.

തീരം തകർത്തുതരിപ്പണമാക്കി നിമിഷങ്ങൾക്കുള്ളിൽ കടൽ പിൻവാങ്ങുമ്പോൾ ശേഷിച്ചതു ചേതനയറ്റ എണ്ണമറ്റ ജീവിതങ്ങൾ. മക്കളുടെ നിശ്ചലദേഹം തോളിലിട്ട് ശേഷിച്ചവരെ തിരയുന്ന മാതാപിതാക്കൾ. മുഖത്തെ തുണി മാറ്റി അമ്മമാരെ തിരയുന്ന മക്കൾ. മുറ്റമേത്, വരാന്തയേതെന്നു തിരിച്ചറിയാൻപോലുംപറ്റാത്തതരത്തിലായിരുന്നു കുളച്ചൽ ആശുപത്രിയിൽ മൃതദേഹക്കൂമ്പാരം. ഒരു പകൽ പിൻവാങ്ങിയിട്ടും കന്യാകുമാരി–കുളച്ചൽ തീരം നടുക്കത്തിൽ വിറങ്ങലിച്ചുനിൽക്കുകയാണ്.

രാവിലെ പത്തരയ്ക്കാണ് കുളച്ചൽതീരത്ത് ശക്തിയായി തിരകളടിച്ചുകയറിയത്. തീരത്തിരുന്നവരും വീട്ടിലിരുന്നവരും ജോലിചെയ്തവരും വാഹനമോടിച്ചവരും അതിന്റെ പിൻവാങ്ങലിൽ ഒലിച്ചുപോയി. കുളച്ചൽതീരത്തുമാത്രം മുന്നൂറിലേറെപ്പേർ മരിച്ചതായി കണക്കാക്കുന്നു. നിരവധി പാലങ്ങളും റോഡുകളും തകർന്നു. ശുചീന്ദ്രത്ത് തേരോട്ടമായിരുന്നതിനാൽ ക്ഷേത്രദർശനത്തിനെത്തിയ പലരും തീരത്തുമെത്തിയിരുന്നു.

കുളച്ചൽ തുറമുഖ പഠനം ഉദ്ഘാടനംചെയ്യാനാണ് കുളച്ചൽ എം.എൽ.എ: കെ.ടി. പച്ചമേൽ ബോട്ടിലെത്തിയത്. എന്നാൽ കപ്പലിൽ നിന്ന് ദൂരെ നിന്നുകാണാനായി അദ്ദേഹത്തിന്റെ വിധി. മടങ്ങിയെത്തുമ്പോൾ സ്വന്തം കാർ ഒലിച്ചുപോയത് അദ്ദേഹത്തെ ഉലച്ചില്ല. മൃതദേഹക്കൂമ്പാരത്തിനു നടുവിലായിരുന്നു പിന്നീട്.

കന്യാകുമാരിയിൽ ആദ്യം കാറ്റാണ് രൗദ്രഭാവത്തിലെത്തിയത്. പിന്നീട് പതിനഞ്ചു മിനിറ്റിലേറെ കടൽ ഏറെ ഉൾവലിഞ്ഞു. തീരത്തു നിന്നു വിവേകാനന്ദപ്പാറയിലേക്ക് നടന്നുപോകാവുന്ന തരത്തിൽ കടലിന്റെ അടിത്തട്ട് ഒരു കിലോമീറ്ററോളം പ്രത്യക്ഷപ്പെട്ടു. വിവേകാനന്ദപ്പാറയുടെ അടിഭാഗംപോലും കാണാമായിരുന്നുവെന്ന് ചിലർ പറഞ്ഞു. അവധിയും ശുചീന്ദ്രത്തെ ഉൽസവവും ക്രിസ്മസുമെല്ലാമായി വൻതിരക്കായിരുന്നു തീരത്ത്. ആ സമയമായിരുന്നു പാറയിൽനിന്ന് നിരവധിയാത്രക്കാരുമായി രണ്ട് ബോട്ടുകളും തീരത്തണഞ്ഞത്. അത്ഭുതകരമായി അവരെ കരയ്ക്കെത്തിച്ചെങ്കിലും പിന്നാലെയെത്തിയ തിരകൾ തീരം വിഴുങ്ങി. ബോട്ടുകളും കെട്ടിടങ്ങളും തകർത്തു.

വോളിബോൾ: കേരള മേഖലാ ജേതാക്കൾ

കൊണ്ടോട്ടി: അന്തർ സർവകലാശാലാ ദക്ഷിണ-പശ്ചിമമേഖലാ വോളിബോൾ ചാംപ്യൻഷിപ്പ് കേരള സർവകലാശാല നേടി. കാലിക്കറ്റിനെ തോൽപ്പിച്ചാണ് കിരീടം നേടിയത്. (25-16, 18-25, 25-15, 25-11). അന്തർ സർവകലാശാലാ ദേശീയ മത്സരം ഇന്ന് തുടങ്ങും. ആദ്യമായാണ് കേരളത്തിലെ നാലു സർവകലാശാലകൾ ദേശീയ മത്സരത്തിലേക്ക് തിരഞ്ഞെടുക്കപ്പെടുന്നത്.

CHIP LEVEL SERVICING
WE REPAIR
All types of Mother Board Harddisk, Monitor, CD Drives, Scanner, Printer, UPS etc.
Sun micro
CRA-L-9, Plamood, Charachira Road, Pattom, Tvpm. Phone:0471-3095651 Mobile : 94470 12374

INTERDENOMINATIONAL CHRISTIAN YOUTH CONFERENCE
സഭാവിഭാഗ വ്യത്യാസമില്ലാത്ത
ക്രിസ്തീയ യുവജന സമ്മേളനം
2005 ഏപ്രിൽ 4–ാം തീയതി വൈകിട്ട് 4 മണി മുതൽ 7–ാം തീയതി 2 മണി വരെ
ചരൽക്കുന്ന് ചിൽഡ്രൻസ് സെന്ററിൽ
നേതൃത്വം: റവ. ഡോ. സി. എം. വർഗീസ് (ശാന്തിപുരം), പി. ഡാനിയേൽ (ചേപ്പാട്), വിൻസന്റ്, പോളിൻ തുടങ്ങിയവർ.

13 മുതൽ 19 വരെ പ്രായമുള്ള യുവജനങ്ങൾ ദൈവത്തോടു ചേർന്ന് ജീവിക്കുവാനും ക്രിസ്തുവിന് ജീവിതം സമർപ്പിക്കുവാനും ദൈവം ആക്കിവയ്ക്കുന്ന സ്ഥാനങ്ങളിൽ പരിശുദ്ധാത്മശക്തിയിൽ പ്രയോജനകരമായ ജീവിതം നയിക്കുന്നതിനും പ്രേരകമാകുന്ന ഈ യോഗങ്ങളിൽ സഭാവിഭാഗ വ്യത്യാസമില്ലാതെ ഏവർക്കും സംബന്ധിക്കാവുന്നതാണ്.

ഭക്ഷണം, താമസം എന്നിവ ഉൾപ്പെടെ ക്യാംപ് ഫീസ് 50 രൂപ മാത്രം. പ്രവേശനം ആദ്യം അപേക്ഷിക്കുന്ന 400 ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും.

പ്രസംഗങ്ങൾ ഇംഗ്ലീഷിലാണ്. എന്നാൽ തൽസമയം തന്നെ മലയാള പരിഭാഷ ഉണ്ടായിരിക്കും. ഇംഗ്ലീഷിലും മലയാളത്തിലും ശ്രുതിമധുരമായ ഗാനശുശ്രൂഷ.

മുൻകൂട്ടി വിവരം അറിയിക്കുന്നവർക്ക് തിരുവല്ലാ റെയിൽവേ സ്റ്റേഷൻ, ബസ് സ്റ്റാൻഡ്, പുല്ലാട് ജംക്ഷൻ എന്നീ സ്ഥാനങ്ങളിൽനിന്നും ചരൽക്കുന്നിലേക്ക് സൗജന്യ യാത്രാസൗകര്യം നൽകും. ആവശ്യമെങ്കിൽ ക്യാംപ് തീരുമ്പോൾ അവിടേക്ക് തിരികെയും യാത്രാസൗകര്യം ഉണ്ടായിരിക്കും.

അപേക്ഷാ ഫോറത്തിനും കൂടുതൽ വിവരങ്ങൾക്കും എഴുതുക:

പ്രത്യാശാ ദീപം, മേഴ്സി ഹോം,
ചേപ്പാട് പി.ഒ., ആലപ്പുഴ ജില്ല. 690 507. ഫോൺ: 0479–2412459 / 2414459
E-mail: hopemsn@satyam.net.in

SAUDI ARABIA
Client Interview on 29th & 30th December 2004
ENGINEERS : CIVIL, ELECTRICAL, MECH. PLANNER / SCHEDULER QUALITY CONTROLLER (Sea Food Exp.)
TECHNICIANS : INSTRUMENT• HVAC OFFICE EQUIPMENT ELEVATOR • FIRE ALARM HOSPITAL EQUIPMENT
• PLUMBER • COMPUTER SUPPORTER • PAINTER • 6G TIG WELDER • PIPE FABRICATOR
Immediate Departure
Report Immediately with Original passport, Certificates & 5 Color Photos to:
FQ INTERNATIONAL Aiswarya Bldg, Valanjambalam, Cochin-16 Ph: 0484-2356520
Approved by Ministry of Labour, Govt. Of India, Lic No. 3190/ker/300/3/5266/99,14.10.2005

WANTED
1st or 2nd owner used cars.
Good price offered
Brokers excuse.
Contact
Mob: 98464 75588, 94471 01050

DUBAI
A reputed Contracting Co. for their buildings & hotel projects requires
Interview with Company delegates on 3rd January 2005 at Calicut.
Electricians
Asst. Electricians
Min. 3 years exp. SSLC not required. Vacancy in large nos.
Walk-in with original passport, certificates & photo's.
Career's World Travel & Trade Links
Lic. No. : 002875/KER/PER/4587. Valid upto 13.02.2006.
Career's Building, Opp. Mattummal Hospital, Puthiyara, Calicut - 4. Ph : 0495 - 2721825, 0495 - 2724127. Reliance : 9349101842, 9349101642

AL FAWAZ REFRIGERATION & AIR CONDITIONING CO.
SHARJAH (U.A.E.)
CLIENT INTERVIEW ON 29th DECEMBER 2004.
★ PIPE FABRICATORS
★ WELDERS ★ PIPE FITTERS
★ PIPE INSULATORS ★ DUCTMEN
★ A/C. TECHNICIANS CENTRAL PLANT
AL-NAJAH INTERNATIONAL
2nd Floor, Pattoor Chambers, Alappat Cross Road, Ravipuram, Cochin -16. Tel : 0484-2356620 / 3940508
Licence No. 3965/KER/PER/300/2¾/6353/2003 NO REGN. FEE

STANDARD CHARTERED BANK
REQUIRES
Following marketing personnel for their leading associate to market Credit Cards at Trivandrum.
✓ TEAM LEADER (Male only) 3 Nos.
Graduates with Two to Three yrs experience in Marketing financial products and ability to lead a team. (Two wheeler must)
✓ MARKETING OFFICER (Male / Female) 10 Nos.
One to Two years experience in marketing. (Two wheeler must)
✓ MARKETING EXECUTIVE (Male / Female) 15 Nos.
Graduates / Under graduates / freshers willing to market effectively. (Two wheeler must)
✓ TELEMARKETING EXECUTIVE (Female only) 3 Nos.
Smart Graduates with pleasing personality, and with good communication skill to tele market financial products effectively.
(BEST PACKAGE IN FINANCE FIELD)
Send you resume with photo within 5 days to:-
FAST TRACK FINANCIAL SERVICES
(An associate of STANDARD CHARTERED)
"NEELIMA", T.C.17/32 (1), JERA 32, KUNNIL LANE, JAGATHY, TVM-14. PH: 2348858, 3952678

നിങ്ങൾ കാത്തിരുന്ന
കാമ്പുള്ള കഥയുമായി
ഏറെ മോഹിച്ചിരുന്ന
ജീവിത മുഹൂർത്തങ്ങളുമായി
വേനൽ വറുതിയിലെ
ആശ്വാസ തീർത്ഥം പോലെ..
Magic Cinemaa
അമൃതം

ഈ ചിത്രം അമ്മമാരുടേയും ചേട്ടന്മാരുടേയും മാത്രമല്ല അനിയന്മാരുടേയും അച്ഛന്മാരുടേയും കൂടിയാണ്.
സിബിമലയിൽ M.S.സലിം തോമസ് തകാടുവേലി K.ഗിരീഷ്കുമാർ
വേണുഗോപാൽ
മാജിക് സിനിമാ റിലീസ്
stills Ajith v.sankar
rahmandesign
എം. ജയചന്ദ്രൻ, കൈതപ്രം, എൽ. ഭൂമിനാഥൻ, സാബു പ്രവദാസ്, ഇന്ദ്രൻസ് ജയൻ, സലിം കടയ്ക്കൽ, രാജു നെല്ലിമൂട്

Anchor white TOOTHPASTE
DOUBLE DECKER OFFER
മാത്രം രൂ. 91 രൂ. 49/-



ബലമുള്ള വെളുത്ത പല്ലുകൾ
പുതുമയുള്ളശ്വാസം
ആരോഗ്യമുള്ള മോണകൾ
ദി ബ്രിട്ടിഷ് ഡെന്റൽ ഹെൽത്ത് ഫൗണ്ടേഷൻ ലണ്ടൻ, യു. കെ. അംഗീകരിച്ചത്
100% വെജിറ്റേറിയൻ ടൂത്ത്പേസ്റ്റ്
*ഓഫർ തിരഞ്ഞെടുത്ത നഗരങ്ങളിൽ സ്റ്റോക്ക് ഉള്ളിടത്തോളം.
A quality product of Anchor Health & Beauty Care Pvt. Ltd.

നവവത്സരാശംസകൾ

India's Leading Diamond brands available here:
sangini DIAMOND JEWELLERY NAKSHATRA DIAMOND JEWELLERY asmi
Mehendi CELEBRATING LIFE NITYAH Jewellery Beyond Time RANGOLI CELEBRATING LIFE KUMKUM CELEBRATING LIFE
PT. ANTONY & SONS ALAPATT GROUP
പുതുവർഷത്തിനണിയാൻ
പുതിയൊരു പൊൻതിളക്കം.
പി.റ്റി. ആന്റണി & സൺസ് ആലപ്പാട്ട് ഫാഷൻ ജ്വല്ലറി. പുതുവർഷത്തിനണിയാൻ പരിശുദ്ധ സ്വർണം. പുതിയ ഭാവങ്ങൾ, പുതിയ രൂപങ്ങൾ. സ്വപ്നസമാനമായ ഡിസൈനുകൾ. ഹാൾമാർക്ക് ചെയ്ത അന്താരാഷ്ട്ര ഗുണമേന്മ. മനം മയക്കുന്ന സേവനം. നവവർഷത്തിലേയ്ക്കു സ്വർണത്തിലൂടൊരു വഴി. ആലപ്പാട്ട്.
Siemens Ltd. **1308.50** (1300.20) ***1313.90*** *(1305.45)*
SKF Bearings **156.85** (151.05)
Spice-sen-pr **61.26** (62)
State Bank **625.15** (613.15) ***624.70*** *(613.75)*
State Bank **670**
Steel Auth. **63.95** (61.40) ***64.05*** *(61.40)*
Sterl.biotec **160.20** (155.85) ***159.95*** *(156.80)*
Sterlite Ind **604.90** (585.10)
Sterlite Opt **79.30** (73.20) ***79.20*** *(73.45)*
Sun Pharma. **547.90** (544.95) ***548.40*** *(547.05)*
Syndicate Bn **61** (61.25) ***61.05*** *(61.35)*
Syngenta I **408** (409.60)
Tamil.newspr **65.45** (65.40) ***65.60*** *(65.40)*
Tata Chem. **168.25** (170.35) ***168.70*** *(170.20)*
Tata Elxsi **160.80** (160.95) ***160.40*** *(160.95)*
Tata Inf.m **381.40** (381.05)
Tata Motors **510.60** (512.10) ***510.50*** *(512)*
Tata Power **382.05** (380.15) ***382.05*** *(380.35)*
Tata Steel **390.95** (374.05) ***391.65*** *(374.30)*
Tata Tea **482.65** (480.30) ***482.40*** *(481.15)*
TCS **1309.90** (1269.95) ***1309.35*** *(1270.55)*
Thermax **545.40** (537.95) ***543.10*** *(536.90)*
Titan Ind. **181.25** (181.25) ***181.40*** *(181.95)*
Torrent Phar **580.10** (569.20) ***580.50*** *(571.60)*
Tvs Motors **81.55** (81.50) ***81.75*** *(81.70)*
Union Bank L **107.40** (107.40) ***107.55*** *(107.05)*
Uti Bank **185.20** (185.40) ***185.25*** *(185.50)*
Videocon I **70.75** (69.60) ***70.80*** *(69.75)*
Videsh Sanch **233.95** (235.15) ***233.75*** *(235.75)*
Vijaya Bank **71.60** (69.20) ***71.75*** *(69.05)*
Visual.(i) **127.85** (127.10) ***127.65*** *(127)*
Wipro Ltd. **752.35** (751.25) ***751.50*** *(750.60)*
Wockardt **353.55** (356.25) ***354.50*** *(356.95)*
Zee Tele. **172.60** (171.55) ***172.75*** *(171.40)*

BSE - B1 Group/NSE

Aarti Drugs **173.45** (171.25) ***173.05*** *(171.20)*
Aarti Ind **352.60** (344.60) ***353.20*** *(345.85)*
Aban Loyd **1121.65** (1113.80) ***1116.95*** *(1128.15)*
Advani Oerlikon **84.95** (84.90)
Aftek Infosys **124.75** (122.65) ***124.95*** *(122.45)*
Ahmdabad Elec **126.60** (125.60) ***127.05*** *(125.60)*
Ajanta Pharma **71.75** (72.15) ***71.35*** *(72.60)*
Albert David **147.10** (147.20)
Albr & Wilso **207** (203)
Alembic Ltd **254.65** (246.85) ***254.70*** *(247.30)*
Alkyl Amines **37.60** (37.55)
Amrutanjan L **116.15** (117.65)
Amtek Auto **176** (174.85) ***176.40*** *(175.15)*
Amtrex Hitachi **42.35** (42.35) ***42.50*** *(42.50)*
Andhra Paper **126.60** (118.90)
Antifriction Bearng **63.25** (62.05)
Apar Industries **100** (95.25)
Aptech Ltd **44.25** (43.50) ***44.20*** *(43.55)*
Archies **92.90** (91.70) ***93.35*** *(92.40)*
Asian Electr **88.70** (89.65) ***88.30*** *(89.85)*
Asian Hotels **337.95** (334.10) ***337.35*** *(334.80)*
Astrazen.ph. **1583.15** (1615.90) ***1583.60*** *(1620.50)*
Atlas Copco **727.55** (727.05)
Atlas Cycles **137.65** (136.50) ***136.90*** *(136.30)*
Atul Ltd. **65.95** (66.50) ***65.55*** *(66.35)*
Auto Axles **246.60** (248.50) ***249.25*** *(247.10)*
Automobile Corp. **144.90** (141.30)
Bajaj Elec. **123.30** (123.25)
Bajaj Hindustan **113.25** (109.20) ***113.70*** *(108.90)*
Bajaj Tempo **296.65** (287.45)
Balkrish Ind **301.05** (285.15)
Balmer Lawrie **167.10** (168.35) ***166.85*** *(169.05)*
Banco Prod. **137.30** (138.75)
Bank of Maha **37.35** (37) ***37.35*** *(36.95)*
Bank of Punjab **32.75** (32.45) ***32.85*** *(32.40)*
Bank of Rajasthan **66.90** (66.70) ***66.90*** *(66.75)*
Bannari Aman Sugars **459.85** (446.50) ***458.25*** *(444.45)*
Bata India **95.60** (96.25) ***95.60*** *(96.25)*
Bayer ABS **130.10** (130.35) ***130.70*** *(129.75)*
Berger Paints **38.40** (37.50) ***38.50*** *(37.65)*
Bhansali Eng **25.45** (25.95)
Bharat Bijle **2381.30** (2339.10)
Bhushan Steel **176.05** (168.15)
Biocon **499.60** (496.90) ***498.90*** *(498.10)*
Birla 3m **548.60** (531.95) ***172.75*** *(171.40)*
Blue Dart Express **328.05** (327) ***328.65*** *(326.75)*
Blue Star Infotech **176.55** (176.10) ***175.25*** *(176.65)*
BOC **62.10** (62.30) ***62.20*** *(62.35)*
Bombay Burmah **107.30** (109) ***106.90*** *(108.20)*
BPL **44.15** (42.85) ***44.15*** *(42.55)*
Carborundum **121.65** (115.50) ***122.80*** *(115.55)*
Ceat **57.70** (55.95) ***56.80*** *(56.35)*
CG Igarshi **127.85** (133.70) ***127.10*** *(134.10)*
Cheviot Co. **219.70** (220.05)
Chola. Investment **74.60** (75.45) ***75*** *(75.15)*
Cinevistaas **41.75** (41.10) ***41.90*** *(40.85)*
City Union Bank **92.50** (94.25) ***92.25*** *(94.75)*
Clariant (India) **286.30** (293.05) ***289.85*** *(292.60)*
Control Prnt **38.70** (39)
Coroma.fert. **169.90** (162.75)
Credit Rat **571.65** (566.15)
Crewbos **64.55** (58.50) ***63.55*** *(58.65)*
Dabur Pharma **61.30** (60.95) ***61.40*** *(60.80)*
Datamatics Tech **140.35** (139.40)
DCW **47.35** (47.35) ***46.95*** *(47.25)*
Deccan Chronical **163.50** (164.45)
Dhampur Sugar **78.90** (72) ***78.80*** *(72.10)*
Dhanalakshmi Bank **32.45** (33) ***32.75*** *(32.60)*
Dishman Pharma **627.15** (625.45) ***627.90*** *(626.10)*
Donear Ind. **253** (254.25)
Dynamat.tech **257.45** (252.45)
Eicher **100.90** (91.75)
Eicher Motor **244.05** (234) ***245.35*** *(233.55)*
EID Parry **396.60** (404) ***398.70*** *(402.15)*
Eih Asso.hot **67.55** (67)
Eimco Elecon **196.50** (202.35) ***199.40*** *(202.40)*
Elgi Equipment **50.85** (50.60) ***50.90*** *(50.60)*
Esab India **133.95** (134.90) ***134.05*** *(134.95)*
Essar Steel **42.70** (38.85) ***42.70*** *(38.80)*
Ester Indus. **23.40** (23.10)
Eurotex Ind **52.20** (52.60) ***52.50*** *(52.90)*
Eveready **63.75** (64.10) ***63.75*** *(64.25)*
Flat Product **90.25** (91.15)
Flex Engineering **26.40** (25.15) ***26.45*** *(25.05)*
Four Soft **42.70** (42.95) ***42.80*** *(43)*
Gabriel(i) **174.25** (171.85)
Gammon India **666.75** (635) ***661.55*** *(630.05)*
Garware Poly **52.85** (51.65)
Garware Ship **28.85** (29.40)
Genesys Intl. **26.10** (25.45) ***26.10*** *(25.40)*
GIC Housing **34.85** (34.50) ***34.85*** *(34.50)*
Glenmark Pharma **404.05** (387.70) ***405.25*** *(388.15)*
Godrej Ind **125.85** (128.20) ***125.60*** *(128.30)*
Goetze India **173.95** (178.40) ***174.35*** *(178.65)*
Goodlas Nerolac **387.75** (388.35) ***389.05*** *(387.45)*
Goodyear (i) **72.35** (70.35)
Greaves Ltd. **110.15** (106.15)
GSFC **98.95** (98.25) ***98.85*** *(98.25)*
GTC Ind. **28.60** (28.65) ***28.90*** *(28.70)*
GTN Textiles **76.50** (74.55) ***76.10*** *(74.65)*
Guj. Alkali **128.85** (122.45) ***128.75*** *(122.60)*
Guj.amb.exp. **41.40** (40.55)
Guj.nre Coke **176.40** (167.20)
Gujarat Heavy **35.80** (35) ***35.90*** *(35)*
Hanil E.tex **27.35** (26.30)
Helios & Mat **86.25** (85.10)
Herd.chem. **62.50** (62.25)
Hind. Orgonics **25.60** (24.40) ***25.50*** *(24.30)*
Hind.oil Exp **85.45** (83.70) ***85.60*** *(83.70)*
Ifgl Refract **32.20** (33.45)
India Bulls **82.60** (83.25) ***83.10*** *(84)*
India Nippon **291** (295) ***291.20*** *(292.80)*
Indian Hume Pipe **331.35** (329.45) ***330.05*** *(325.20)*
Indraprastha Gas **82.95** (83.55) ***82.85*** *(83.40)*
Indraprastha Medical **29.55** (29.10) ***29.55*** *(29.05)*
Infotech Enter **193.85** (191.50) ***194.90*** *(190.70)*
Ip Rings Ltd **114.70** (114.30)
ITI **30.50** (27.60) ***30.35*** *(27.60)*
IVCRL Infra **347.70** (342.25) ***343.60*** *(342.80)*
Jagson Pharma **39.95** (40) ***39.60*** *(39.80)*
Jaybh. Maruti **139.10** (135) ***140.25*** *(130.35)*
Jbf Ind.ltd **56.30** (55.10)
Jindal Drill **96.65** (92.25)
Jl Morison **190** (195.25)
Jupiter Bios **157.45** (157.15)
Kakatiya Cement **98.40** (97) ***98.20*** *(96.95)*
Karnataka Bank **195.05** (200) ***194.10*** *(199.65)*
Karur Vysya Bank **458.45** (452.65) ***458.35*** *(453.20)*
Kdl Biotech **28.20** (27.10)
Kesoram Ind **114.95** (117.65) ***115*** *(117.95)*
Kirl.ferrous **34** (32.55)
Kopran Ltd. **70.20** (65.60)
Lakhani (i) **62.80** (61)
Lakshmi Elec **199.25** (201.85)
LGB Bros **29.80** (29.95) ***29.65*** *(30)*
LML **45.85** (45.40) ***46.05*** *(45.55)*
M M Forgings **388.55** (388.95)
Macmillan Ind **354.20** (360.50) ***356.40*** *(357.45)*
Madras Cements **1006** (1023.35) ***1006.95*** *(1017)*
Majestic Aut **82.40** (83.70)
Malwa Cotton **83.75** (83.40) ***84.20*** *(82.35)*
Man Ind.(i) **87.75** (84.75)
Mangalam Cement **61.90** (61.65) ***62.90*** *(61.70)*
Marico Ind. **175** (173.80) ***174.60*** *(172.70)*
Matrix Laboratories **2392.65** (2312.90) ***2402.05*** *(2315.65)*
Max India **281.80** (283.45) ***284.05*** *(283.50)*
Mcdowell **129.40** (129.80)
Mercator Lin **844.15** (837.60)
Monnet Ispat **176.70** (178.80) ***179.40*** *(178.75)*
Morarjee **94.10** (89.65)
Moschip Semi **44.05** (40.10)
MRF **2513.60** (2495.55) ***2500.60*** *(2487.75)*
Mro-Tek **34.05** (30) ***33.95*** *(29.95)*
Munauto **118.65** (115.95)
Murd.ceram **45.25** (44.60)
N C L Ind. **26** (25.20)
Nagar.const. **418.65** (415.70)
Nagreeka Exp **43** (42.30)
Natco Pharma **137.25** (137.70) ***137.80*** *(137.25)*
National Steel **30.60** (28.45) ***30.75*** *(28.55)*
Nava Bh.ferr **374** (363.20) ***374.55*** *(363.55)*
NDTV **125.40** (122.85) ***125.25*** *(123.05)*
NIIT **179.10** (177.60) ***179*** *(179.35)*
NIIT Tech **150.50** (150.80) ***150.80*** *(150.70)*
Nocil

മാതൃഭൂമി
തൊഴിൽ വാർത്ത
ആധികാരികം സമഗ്രം
ഇന്ത്യയിലെ No:1 തൊഴിൽ വാരിക

മാതൃഭൂമി

ചുമയോ?
ചുമ, ജലദോഷം, തുമ്മൽ, കഫക്കെട്ട്
മാത്രമല്ല ശ്വാസ തടസ്സത്തിനും ആശ്വാസപ്രദം.
പൊടി, പുക, മഞ്ഞ്, തണുപ്പ് എന്തുമാകട്ടെ
കൃഷ്ണതുളസി
കഫ് സിറപ്പ് വീട്ടിൽ കരുതൂ
Rs.19.95* MVM
MVM Ayurvedic Research Lab
P.B No.2, Pooyappally P.O., Kollam. Tel. Fax: 0474-2463788
*100 ml

2004 ഡിസംബർ 28 ചൊവ്വ
1180 ധനു 13
Mathrubhumi, The National Daily in Malayalam
Kozhikode ◆ Kochi ◆ Thiruvananthapuram ◆ Thrissur ◆ Kannur ◆ Kottayam ◆ Malappuram ◆ Kollam ◆ Palakkad ◆ Mumbai ◆ Chennai ◆ Bangalore
തിരുവനന്തപുരം ◆ പേജ് 14 വില രൂപ 3.25
www.mathrubhumi.com

എങ്ങനെ ഞാൻ കൈവിടും...



കടലിന്റെ തിരതള്ളലിൽ സർവ്വതും നഷ്ടപ്പെട്ട ആയിരങ്ങളുടെ ഒരിക്കലും അവസാനിക്കാത്ത വിലാപം തുടരുകയാണ്. തമിഴ്നാട്ടിലെ കടലൂരിൽ സുനാമി ദുരന്തത്തിൽ മരിച്ച തന്റെ കുഞ്ഞിന്റെ കൈകളിൽ അന്ത്യചുംബനമർപ്പിക്കുകയാണ് ഈ അച്ഛൻ – എ.എഫ്.പി.

178 പേർക്ക് ഒരു കുഴിയിൽ അന്ത്യവിശ്രമം

ടി.രാമാനന്ദകുമാർ

കുളച്ചൽ: കുളച്ചലിൽ ഞായറാഴ്ചയുണ്ടായ കടൽക്ഷോഭത്തിൽ മരണമടഞ്ഞ 178 പേരുടെ മൃതദേഹങ്ങൾക്ക് ഒരു കുഴിയിൽ അന്ത്യവിശ്രമം. കുളച്ചൽ കാണിക്കമാതാ ദേവാലയത്തിലെ സെമിത്തേരിയിൽ തിങ്കളാഴ്ച രാവിലെയാണ് കൂട്ട സംസ്കാരം നടന്നത്.

കുളച്ചൽ ഇടവകയിലെ കൊട്ടിൽപാട്, സൈമൺകോളനി, മണ്ടയ്ക്കാട് പുതൂർ, വാണിയക്കുടി, കുറുമ്പന എന്നീ ഗ്രാമങ്ങളിൽ മരിച്ചവരെയാണ് ഒരുസ്ഥലത്ത് അടക്കംചെയ്തത്. കുളച്ചലിൽ തിരിച്ചറിഞ്ഞ 257 മൃതദേഹങ്ങൾ സെൻറ് മേരീസ് ഹയർ സെക്കൻഡറി സ്കൂൾ ഗ്രൗണ്ടിൽ സൂക്ഷിച്ചിരുന്നു. വെള്ള തുണിപുതപ്പിച്ച് കിടത്തിയിരുന്ന മൃതദേഹങ്ങൾക്ക് ഞായറാഴ്ച വൈകീട്ട് മുതൽ ബന്ധുക്കൾ കാവലിരുന്നു.

മരിച്ച 257 പേരിൽ 117 കുട്ടികളും 54 പുരുഷന്മാരും 86 സ്ത്രീകളുമാണ്. തിങ്കളാഴ്ച രാവിലെ 6 മണിക്ക് അന്ത്യകർമ്മങ്ങൾ ആരംഭിച്ചു. 28 വാഹനങ്ങളിലാണ് മൃതദേഹങ്ങൾ പള്ളി സെമിത്തേരിയിലെത്തിച്ചത്. 178 മൃതദേഹങ്ങൾ അടക്കംചെയ്യാൻ 25 അടിയോളം നീളവും 10 അടി താഴ്ചയുമുള്ള ഒരു കുഴി തയാറാക്കിയിരുന്നു. മൃതദേഹങ്ങൾ ഒന്നിനുമുകളിൽ ഒന്നായി മൂന്ന് അടുക്കുകളായി വച്ചശേഷം വെള്ള തുണി പുതച്ചു. ചുറ്റും കൂടിനിന്ന ആയിരക്കണക്കിന് ജനങ്ങൾ വാവിട്ട് നിലവിളിക്കുന്നതിനിടയിൽ കോട്ടാർ ബിഷപ്പ് ലിയോൺ ധർമരാജ് അന്ത്യശുശ്രൂഷാ കർമ്മങ്ങൾ നടത്തി.

പൂവും പനിനീരും തളിച്ച് കുഴിയിലേക്ക് മണ്ണിടുന്ന വേളയിൽ ബിഷപ്പും വാവിട്ടുകരഞ്ഞു. ഇതോടെ ഒപ്പമുണ്ടായിരുന്ന വികാരി ജനറൽ ജോൺ കുഴന്തൈ, മന്ത്രി ദളവാ സുന്ദരം, പച്ചൈമാൽ എം.എൽ.എ. എന്നിവർക്കും കരച്ചിലടക്കാൻ കഴിഞ്ഞില്ല. കുളച്ചലിൽ തിരിച്ചറിഞ്ഞ 257 മൃതദേഹങ്ങളിൽ ശേഷിച്ച 79 പേരുടെ മൃതശരീരങ്ങൾ ബന്ധുക്കൾ ഏറ്റുവാങ്ങി മറ്റ് സെമിത്തേരികളിൽ അടക്കംചെയ്തു.



കന്യാകുമാരി ജില്ലയിലെ കുളച്ചലിൽ കടൽ ദുരന്തത്തിനിരയായ 178 പേരുടെ മൃതദേഹങ്ങൾ ഒരു കുഴിയിൽ അടക്കംചെയ്യാൻ അടുക്കിവെക്കുന്നു

മരണസംഖ്യ 27000 ഇന്ത്യയിൽ 9000

- ശ്രീലങ്ക 12,000, ഇൻഡൊനീഷ്യ 5000
- അന്തമാൻ 5000, തമിഴ്നാട് 3300
- വേളാങ്കണ്ണിയിൽ 2000; മലയാളികൾ 50

ചെന്നൈ: തെക്കുകിഴക്കേഷ്യൻ രാജ്യങ്ങളുടെ തീരപ്രദേശങ്ങളിൽ ഭൂകമ്പത്തിരമാലകൾ വിതച്ച കൊടും ദുരന്തത്തിൽ മരിച്ചവരുടെ എണ്ണം 27,000 കവിഞ്ഞു. ഇന്ത്യയിൽ 9000 പേർ മരിച്ചതായി സ്ഥിരീകരിച്ചിട്ടുണ്ട്. ദുരിതബാധിത പ്രദേശങ്ങളിൽ പകർച്ചവ്യാധി [illegible] പ്പെടാൻ സാധ്യതയുണ്ടെന്ന് ഐക്യരാഷ്ട്രസഭ മുന്നറിയിപ്പു നൽകി.

ഇൻഡൊനീഷ്യൻ ദ്വീപസമൂഹങ്ങളിൽപ്പെട്ട സുമാത്രയിലുണ്ടായ ഭൂകമ്പത്തിൽ നിന്നുടലെടുത്ത സുനാമിത്തിരമാലകൾ ഏറ്റവുമേറെ നാശം വിതച്ചത് ശ്രീലങ്കയിലാണ്. ഇവിടെ 12,000 പേർ മരിച്ചു. പത്തു ലക്ഷം പേർ ഭവനരഹിതരായി. അഭൂതപൂർവമായ പ്രകൃതിക്ഷോഭത്തിൽപ്പെട്ടുഴലുന്നവർക്ക് ദുരിതാശ്വാസം എത്തിക്കാൻ പോലുമാകാതെ വലയുകയാണ് ശ്രീലങ്കാസർക്കാർ.

ഭൂകമ്പത്തിന്റെ പ്രഭവകേന്ദ്രം ഉൾക്കൊള്ളുന്ന ഇൻഡൊനീഷ്യയിൽ 5,000 പേർ മരിച്ചു. ഇവിടെ തിങ്കളാഴ്ച 65 തുടർചലനങ്ങൾ കൂടി രേഖപ്പെടുത്തി. സുമാത്രയിൽ ഞായറാഴ്ച രാവിലെയുണ്ടായ കടൽ ഭൂകമ്പത്തിന്റെ ആഘാതശേഷി റിക്ടർ സ്കെയിലിൽ 9.0 രേഖപ്പെടുത്തിയതായി സ്ഥിരീകരിച്ചു. ലോകം കണ്ട ഏറ്റവും വലിയ നാലാമത്തെ ഭൂകമ്പമാണിത്.

തെക്കുകിഴക്കനേഷ്യൻ രാജ്യങ്ങളുടെ തീരപ്രദേശത്തെയാകെ ബാധിച്ച കടലാക്രമണത്തിൽ തായ്‌ലൻഡിൽ 900 പേരും മലേഷ്യയിൽ 51പേരും മ്യാൻമറിൽ 36 പേരും ബംഗ്ലാദേശിൽ രണ്ടുപേരുമാണ് മരിച്ചത്. രാജ്യത്തിന്റെ മൂന്നിൽ രണ്ടുഭാഗവും വെള്ളത്തിനടിയിലായ മാലിദ്വീപിൽ 43 പേർ മരിച്ചു. 63പേരെ കാണാതായി.

ഇന്ത്യയിൽ അന്തമാൻ നിക്കോബാർ ദ്വീപുകളെയും തമിഴ്നാടിന്റെ തീരപ്രദേശത്തെയുമാണ് ദുരന്തം ഏറ്റവുമധികം ബാധിച്ചത്. തമിഴ്നാട്ടിലും പോണ്ടിച്ചേരിയിലും കൂടി 3,600 പേർ മരിച്ചു. വേളാങ്കണ്ണിയുൾപ്പെടുന്ന നാഗപട്ടണത്തു മാത്രം 2000 മരണം സ്ഥിരീകരിച്ചു. വേളാങ്കണ്ണിയിൽ മരിച്ചവരിൽ 50 മലയാളികളുമുണ്ട്. കന്യാകുമാരിയിൽ 625 പേരും കടലൂരിൽ 425 പേരും ചെന്നൈയിൽ 200 പേരും മരിച്ചു. പോണ്ടിച്ചേരിയിൽ 377 മരണം സ്ഥിരീകരിച്ചിട്ടുണ്ട്. മുതിർന്ന ശാസ്ത്രജ്ഞനുൾപ്പെടെ 50 പേർ മരിച്ച കൽപ്പാക്കത്തെ ആണവനിലയങ്ങളും അനുബന്ധസ്ഥാപനങ്ങളും അടച്ചിട്ടു.

അന്തമാൻ നിക്കോബാർ ദ്വീപുകളിൽ 5000ൽ ഏറെപ്പേർ മരിച്ചു. കാർ നിക്കോബാർ, നാൺകൗറി ദ്വീപസമൂഹങ്ങളിലാണ് പടുകൂറ്റൻ തിരമാലകൾ ഏറെ നാശം വരുത്തിയത്. വാർത്താവിനിമയ ഗതാഗത ബന്ധങ്ങൾ അറ്റുപോയ പല ദ്വീപുകളിലും ഇതുവരെ രക്ഷാപ്രവർത്തകർക്ക് എത്തിച്ചേരാൻ പറ്റിയിട്ടില്ല. ഇവിടെ നിന്നുള്ള വിവരങ്ങൾ ലഭിക്കുന്നതോടെ മരണസംഖ്യ ഇനിയും ഉയരുമെന്നാണ് സൂചന. അന്തമാൻ ദ്വീപിൽ തിങ്കളാഴ്ച രാവിലെ വീണ്ടും ഭൂചലനമുണ്ടായത് ഭീതി പരത്തിയിട്ടുണ്ട്.

ആന്ധ്രാപ്രദേശിന്റെ തീരങ്ങളിൽ കടലാക്രമണത്തിൽപ്പെട്ട് 96പേർ മരിച്ചു. 99പേരെ കാണാതായി. കൃഷ്ണ, പ്രകാശം, നെല്ലൂർ ജില്ലകളിലാണ് കെടുതികൾ ഏറെയുണ്ടായത്. ഒറീസ, പശ്ചിമബംഗാൾ, ഗോവ തുടങ്ങിയ സംസ്ഥാനങ്ങളിലും കടലാക്രമണമുണ്ടായെങ്കിലും നാശനഷ്ടങ്ങൾ കാര്യമായുണ്ടായില്ല.

കടൽക്ഷോഭത്തിന്റെ കെടുതികളനുഭവിക്കുന്ന പ്രദേശങ്ങളിൽ യുദ്ധകാലാടിസ്ഥാനത്തിൽ രക്ഷാപ്രവർത്തനം പുരോഗമിക്കുകയാണ്. ദുരന്തത്തിൽ ഉത്കണ്ഠ പ്രകടിപ്പിച്ച അന്താരാഷ്ട്ര സമൂഹം രക്ഷാപ്രവർത്തനങ്ങൾക്കു സഹായം വാഗ്ദാനം ചെയ്തിട്ടുണ്ട്.

ആണവനിലയങ്ങൾ അടച്ചു

കൽപ്പാക്കത്ത് ശാസ്ത്രജ്ഞരടക്കം അമ്പതിലേറെപ്പേർ മരിച്ചു

ചെന്നൈ: ഞായറാഴ്ചയുണ്ടായ കടൽക്ഷോഭത്തെത്തുടർന്ന് കൽപ്പാക്കത്ത് മുതിർന്ന ശാസ്ത്രജ്ഞന്മാരടക്കം അൻപതിലേറെ പേർ മരിച്ചതായി ആണവോർജവകുപ്പ് അധികൃതർ അറിയിച്ചു. കൽപ്പാക്കത്തെ ആണവനിലയങ്ങളും അനുബന്ധ സ്ഥാപനങ്ങളും അടച്ചതായി അധികൃതർ വ്യക്തമാക്കി.

മരിച്ചവരിൽ മുപ്പത്തിഅഞ്ചോളം പേർ കൽപ്പാക്കത്തെ വിവിധ സ്ഥാപനങ്ങളിലെ ജീവനക്കാരോ അവരുടെ ബന്ധുക്കളോ ആണെന്നാണറിയുന്നത്. മദ്രാസ് ആറ്റമിക് പവർ സ്റ്റേഷൻ (എം.എ.പി.എസ്.) ഫാസ്റ്റ് ബ്രീഡർ ടെസ്റ്റ് റിയാക്ടർ, ഇന്ദിരാഗാന്ധി സെൻറർ ഫോർ ആറ്റമിക് റിസർച്ച് എന്നിവ പൂർണ്ണമായും പ്രവർത്തനരഹിതമായതായി എം.എ.പി.എസ്. സീനിയർ സയൻറിഫിക് ഓഫീസർ ഗോറെ മാതൃഭൂമിയോട് പറഞ്ഞു.

ദുരന്തത്തിൽ ഐ.ജി.സി.എ.ആറിലെ ആണവശാസ്ത്രജ്ഞൻ ഡോ. എ. ശെൽവരാജ് അടക്കം നിരവധി പേർ മരിച്ചതായാണറിയുന്നത്. കൽപ്പാക്കത്തെ മുതിർന്ന ശാസ്ത്രജ്ഞന്മാരും ഓഫീസർമാരും താമസിക്കുന്ന കോളനിയാണ് കടൽക്ഷോഭത്തിൽ ഏറ്റവുമധികം പ്രഹരം ഏറ്റുവാങ്ങിയത്. മരിച്ചവരിൽ മലയാളികൾ എത്രവരുമെന്ന് ഇനിയും വ്യക്തമായിട്ടില്ല. കടൽക്ഷോഭത്തിൽ ടൗൺഷിപ്പിനുള്ളിലെ ആശുപത്രിയും വെള്ളത്തിലായത് രക്ഷാപ്രവർത്തനങ്ങളെയും ചികിത്സാസൗകര്യങ്ങളെയും സാരമായി ബാധിച്ചു.

ആണവോർജ കമ്മീഷൻ ചെയർമാൻ അനിൽകകോദ്കർ ഞായറാഴ്ച വൈകിട്ടുതന്നെ കൽപ്പാക്കത്തെത്തിയിട്ടുണ്ട്. ന്യൂക്ലിയർ പവർ കോർപറേഷൻ ചെയർമാൻ ജെയിനും കൽപ്പാക്കത്തേക്കു പുറപ്പെട്ടിട്ടുള്ളതായി അറിയുന്നു.

ആണവനിലയങ്ങൾ സുരക്ഷിതമാണെന്ന് ഗോറെ അവകാശപ്പെട്ടു. പമ്പ്ഹൗസ് തകരാറിലായതിനെത്തുടർന്ന് റിയാക്ടറുകളുടെ ശീതീകരണ സംവിധാനങ്ങളിലൊന്ന് പ്രവർത്തനക്ഷമമല്ലാതായതാണ് പ്ലാൻറുകൾ അടച്ചിടുന്നതിന് വഴി ഒരുക്കിയത്.

500 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ ലക്ഷ്യമിട്ട് കല്പാക്കത്ത് അതിവേഗത്തിൽ പൂർത്തിയാക്കിക്കൊണ്ടിരിക്കുകയായിരുന്ന പുതിയ ഫാസ്റ്റ് ബ്രീഡർ ടെസ്റ്റ് റിയാക്ടറിന്റെ നിർമാണ പ്രവർത്തനവും പൂർണമായും നിലച്ചിട്ടുണ്ട്.

പ്ലാൻറുകളുടെ പ്രവർത്തനം നിലച്ചതോടെ കോടികളുടെ നഷ്ടമാണ് പ്രതിദിനം ഉണ്ടാവുക. പ്ലാൻറുകൾക്ക് എന്തെങ്കിലും തകരാർ സംഭവിച്ചിട്ടുണ്ടെങ്കിൽ നഷ്ടം അതിലും ഭീമമാകും. കല്പാക്കത്തെ സ്ഥിതിഗതികൾ വിലയിരുത്തുന്നതിന് മുംബൈയിൽ ആണവോർജ വകുപ്പിന്റെ ക്രൈസിസ് മാനേജ്മെൻറ്ടീം ഇതിനകം രണ്ടുവട്ടം യോഗം ചേർന്നുകഴിഞ്ഞു.

കേരളത്തിൽ മരിച്ചവർ 163; കൊല്ലത്തുമാത്രം 128

സ്വന്തം ലേഖകൻ

തിരുവനന്തപുരം: കടൽത്തിരകളുടെ സംഹാരതാണ്ഡവത്തിൽ സംസ്ഥാനത്ത് മരിച്ചവരുടെ എണ്ണം 163 ആയി. തിങ്കളാഴ്ച പുലർച്ചെയും പലേടത്തും കടൽക്ഷോഭമുണ്ടായി.

കൊല്ലം ജില്ലയിലെ ആലപ്പാട് നിന്ന് 31ഉം ആലപ്പുഴ ജില്ലയിലെ തറയിൽക്കടവിൽനിന്ന് എട്ടും മൃതദേഹങ്ങൾകൂടി തിങ്കളാഴ്ച കണ്ടെടുത്തു. ഇതോടെ മരിച്ചവരുടെ എണ്ണം കൊല്ലം ജില്ലയിൽ 128ഉം ആലപ്പുഴയിൽ 30ഉം ആയി. തിങ്കളാഴ്ച രാത്രിയും തെരച്ചിൽ തുടരുന്നതിനാൽ മരണസംഖ്യ ഇനിയും കൂടാനാണ് സാധ്യത. മണ്ണുമാന്തിയും യന്ത്രങ്ങളും ഉപയോഗിച്ച് തെരച്ചിൽ നടക്കുന്നു.

കാസർകോട്ട് തിരമാലയിൽപ്പെട്ട് ഒരാളെ കാണാതായി. കൊല്ലത്തുമാത്രം വിവിധ ആശുപത്രികളിൽ 755 പേർ ചികിത്സയിലാണ്. ആലപ്പുഴയിൽ എഴുപതോളം പേർക്ക് പരിക്കുണ്ട്.

ആറാട്ടുപുഴ വലിയ അഴീക്കലിൽ രക്ഷാപ്രവർത്തനത്തിനിടെ അമ്പലപ്പുഴ കാക്കാഴം വെളിപ്പറമ്പിൽ ഗോപി (50) ഹൃദയാഘാതത്താൽ മരിച്ചു.

മലപ്പുറം പാലപ്പെട്ടി കാപ്പിനിക്കാട് കടപ്പുറത്ത് മീനുണക്കുകയായിരുന്ന 23 സ്ത്രീകൾ ഞായറാഴ്ച രാത്രി തിരയിൽപ്പെട്ടു. ഇതിൽ കരിങ്കല്ലിൽ തലയിടിച്ച് മൂന്നുപേർക്ക് പരിക്കേറ്റു.

കടൽക്ഷോഭത്തിൽ 310 വീടുകൾ പൂർണമായും 755 എണ്ണം ഭാഗികമായും തകർന്നതായാണ് റവന്യൂ വകുപ്പിന്റെ കണക്ക്. ആലപ്പുഴയിലാണ് ഏറ്റവും കൂടുതൽ വീടുകൾ തകർന്നത് -1025 എണ്ണം. ആലപ്പുഴ ജില്ലയിലെ തോട്ടപ്പള്ളി പൊഴി അഴിയായി രൂപപ്പെട്ടതോടെ കുട്ടനാട്ടിലെ ആയിരക്കണക്കിന് ഏക്കർ നെൽകൃഷി നാശത്തിന്റെ ഭീഷണിയിലാണ്. ഇതുവഴി കുട്ടനാടൻ ജലാശയങ്ങളിലേക്ക് ഉപ്പുവെള്ളം കയറിക്കൊണ്ടിരിക്കുന്നു. എറണാകുളത്ത് ചെല്ലാനം, വൈപ്പിൻ ഭാഗങ്ങളിൽ ഞായറാഴ്ച രാത്രി ഒരുമണിക്കും തിരകൾ അടിച്ചുകയറി. ധാരാളം വീടുകൾ നശിച്ചു. കണ്ണൂരിൽ ആയിക്കരയിൽ കടൽകയറി മത്സ്യബന്ധന തുറമുഖം മുങ്ങി. തലശ്ശേരി വീനസ് ജംഗ്ഷനു സമീപത്തെ ഫ്ലോട്ടിങ് റസ്റ്റോറൻറ് ഒഴുക്കിൽപ്പെട്ട് കൊടുവള്ളി പാലത്തിലിടിച്ചു. ഇതോടെ തീവണ്ടിഗതാഗതം ഏറെനേരം മുടങ്ങി. തിരുവനന്തപുരം-കണ്ണൂർ എക്സ്പ്രസ്, മംഗലാപുരം-തൃശ്ശിനാപ്പള്ളി ലിങ്ക് എക്സ്പ്രസ്എന്നിവ നാല്പതു മിനിട്ട് വൈകി. ധർമ്മടം പാലത്തിൽ വെള്ളം കയറി റോഡ്ഗതാഗതം തടസപ്പെട്ടു. കോഴിക്കോട് പുതിയാപ്പയിലും കടലുണ്ടിയിലും തിങ്കളാഴ്ച ഒന്നരമീറ്ററോളം തിരകൾ ഉയർന്നുപൊങ്ങി. ആറ് ബോട്ടുകൾ തകർന്നു. തൃശ്ശൂർ ജില്ലയിലെ തളിക്കുളം, ചേറ്റുവ, അണത്തോട് പ്രദേശങ്ങളിലും തിങ്കളാഴ്ച കടൽക്ഷോഭമുണ്ടായി.

28 വർഷങ്ങൾ
പിന്നിട്ട വിശ്വാസം.
ഒരേയൊരു
സ്റ്റെബിലൈസർ
ബ്രാൻഡ്
V-GUARD

സ്റ്റെബിലൈസർ ബ്രാൻഡുകളിൽ വിശ്വാസമാർജിച്ച ഒരേഒരു നാമം, വി-ഗാർഡ്. മേൽത്തരം ഘടകങ്ങളും ആധുനിക ടെക്നോളജിയും ഒത്തുചേർന്ന വി-ഗാർഡ് സ്റ്റെബിലൈസർ ഇലക്ട്രോണിക് ഉല്പന്നങ്ങളെ വോൾട്ടേജ് വ്യതിയാനങ്ങളിൽ നിന്നും സംരക്ഷിക്കുന്നു. ടി.വി, റഫ്രിജറേറ്റർ, മൈക്രോവേവ് ഒവൻ, മ്യൂസിക് സിസ്റ്റം, എയർ കണ്ടീഷണർ തുടങ്ങി ഡിജിറ്റൽ ഇലക്ട്രോണിക് ഉല്പന്നങ്ങൾക്കുള്ള സ്റ്റെബിലൈസറുകൾ വരെ ലഭ്യം.



TV & Refrigerator Stabilizer



Stabilizer for A.C

Registered Design No.187578 | HIGH & LOW VOLTAGE CUT OFF | Prices Start from Rs.645/- | 5 YEAR WARRANTY

V-GUARD® STABILIZERS

* VGS-21 മോഡലിന്റെ പരമാവധി ചില്ലറ വില്പന വില

Authorised Distributors / Service Centres: • Ernakulam-17, Ph: 2534430 • Muvattupuzha-1, Ph: 2830777 • Kottayam-10, Ph: 2572826 • Pathanamthitta-45, Ph:2222101 • Alappuzha-13, Ph: 2232336 • Kollam-1, Ph: 2749469 • Thiruvananthapuram-1, Ph: 2474301 • Thrissur-2, Ph: 2388333 • Palakkad-14, Ph: 2527451 • Tirur-1, Ph: 2427177 • Kozhikode-11, Ph: 2765306 • Kannur-2, Ph: 2701211 • Kanhangad, Ph: 2206938 • Mahe-11, Ph: 2333427.
• Available with all leading dealers and INCS, Kochi, Ph: 2666105.

V-Guard Service Helpline Call: 0484-2536186

MediaMate 04/6719

◆ കാകദൃഷ്ടി ◆



എണ്ണിയെണ്ണിക്കുറയുന്നിതായുസ്സും മണ്ടിമണ്ടിക്കരേറുന്നു സുനാമിയും



സാന്ത്വനവുമായി മാതൃഭൂമി

കൊടുംനാശം വിതച്ച ഞായറാഴ്ചത്തെ കടൽക്ഷോഭം കണ്ണീരിലാഴ്ത്തിയത് പതിനായിരങ്ങളെയാണ്. കരൾ പിളരുന്ന കാഴ്ചകളായിരുന്നു നമ്മുടെ തീരദേശങ്ങളിൽ. ആയിരക്കണക്കിനാളുകൾ മരിച്ചു, നിരവധി പേരെ കാണാതായി. എല്ലാം നഷ്ടപ്പെട്ടവരുടെ നിലവിളികൾ ഒടുങ്ങുന്നില്ല.

ഈ സങ്കടകാലത്ത് ദുരന്തത്തിന്റെ മുറിപ്പാടുകൾ ഉണക്കാൻ കൂട്ടായ പ്രവർത്തനം അനിവാര്യമാണ്. ദുരന്തത്തിനിരയായവർക്ക് സഹായമെത്തിക്കുകയെന്ന ധാർമ്മികചുമതല നിർവഹിക്കാൻ 'മാതൃഭൂമി'യും രംഗത്തിറങ്ങുന്നു. അതിന്റെ ഭാഗമായി 'മാതൃഭൂമി' ഒരു പ്രത്യേക സഹായനിധി സ്വരൂപിക്കുകയാണ്. മരിച്ചവരുടെ കുടുംബങ്ങളെ സഹായിക്കുകയും ദുരിതബാധിതർക്ക് ആശ്വാസമെത്തിക്കുകയുമാണ് ഇതിന്റെ മുഖ്യലക്ഷ്യം. നിധിയിലേക്ക് മനുഷ്യസ്നേഹികളായ മുഴുവൻ പേരുടെയും ഉദാരമായ സഹായം അഭ്യർത്ഥിക്കുന്നു.

സംഭാവന പണമായോ, മാതൃഭൂമി പ്രിൻറിങ് ആൻഡ് പബ്ലിഷിങ് കമ്പനി ലിമിറ്റഡിന്റെ പേരിലെടുത്ത ചെക്കായോ ഡ്രാഫ്റ്റായോ മാതൃഭൂമിയുടെ കോഴിക്കോട്, കൊച്ചി, തിരുവനന്തപുരം, തൃശൂർ, കണ്ണൂർ, കോട്ടയം, മലപ്പുറം, കൊല്ലം, പാലക്കാട്, മുംബൈ, ചെന്നൈ, ബാംഗ്ലൂർ, യൂണിറ്റുകളിൽ എത്തിക്കാവുന്നതാണെന്ന് മാനേജിങ് ഡയറക്ടർ അറിയിച്ചു.

ഈ നിധിയിലേക്കു ലഭിക്കുന്ന സംഭാവനകൾ പ്രധാനമന്ത്രിയുടെ ദേശീയ ദുരിതാശ്വാസനിധിയിലേക്ക് നൽകും. സംഭാവന നൽകുന്നവരുടെ പേരിൽ രശീതി ലഭ്യമാക്കുന്നതാണ്. സംഭാവനകൾക്ക് ആദായനികുതി നിയമത്തിന്റെ 80-ജി വകുപ്പുപ്രകാരം പൂർണമായും നികുതിയിളവും ലഭിക്കും. 1000 രൂപയും അതിനുമുകളിലും സംഭാവന നൽകുന്നവരുടെ പേരുകൾ 'മാതൃഭൂമി'യിൽ പ്രസിദ്ധീകരിക്കുന്നതാണ്.

കേന്ദ്രവും കേരളവും ലക്ഷംരൂപ വീതം നഷ്ടപരിഹാരം നൽകും 5
ദുരന്തം നേരിടാൻ 500 കോടി
ആഘാതം മുൻകരുതലിനു നിർദേശം 12
തീരങ്ങളിൽ പേടി; പതിനായിരങ്ങൾ അഭയകേന്ദ്രങ്ങളിൽ 13

പ്രാർത്ഥനകളുമായി അവർ തെരുവിൽ

തിരുവനന്തപുരം: കാറ്റത്തുലഞ്ഞ് മിന്നി കത്തുന്ന വാൽ നക്ഷത്രത്തെ നോക്കി മുട്ടുകുത്തി നിന്ന് പ്രാണനുവേണ്ടി പ്രാർത്ഥിക്കുന്നവർ.... വിലപ്പെട്ടതെല്ലാം പെറുക്കിക്കൂട്ടി എവിടേയ്ക്കെങ്കിലും കൂടണയാൻ വെമ്പുന്ന കുടുംബങ്ങം..... ഒരു രാത്രി മുഴുവൻ തെരുവിലേയ്ക്ക് എടുത്തെറിയപ്പെട്ടതിന്റെ രോഷം ജ്വലിക്കുന്ന മുഖങ്ങം.

സുനാമി ഭീഷണി വേളയിൽ നഗരത്തിൽ കണ്ട കാഴ്ചകം ഇതൊക്കെയാണ്. നഗരത്തിന്റെ ചരിത്രത്തിൽ ഇതുവരെ കേട്ടു കേംവിപോലുമില്ലാത്ത തരത്തിൽ ജനം ഒന്നടങ്കം പലായനം ചെയ്യുകയായിരുന്നു. യുദ്ധം പൊട്ടിപ്പുറപ്പെടുമ്പോം പ്രാണരക്ഷാർത്ഥം ജനം ഓടിയകലുന്നതുപോലെ. രാത്രി പത്തര മണിയോടെ സുനാമി അലകം കേരള തീരത്തെത്തുമെന്ന വാർത്ത പരന്നു. ഇതോടൊപ്പം അഭ്യൂഹങ്ങളും കൂടികലർന്നു. പോലീസ് വാഹനങ്ങളിലുള്ള മുന്നറിയിപ്പും ഇതിന് ബലമേകി. പണവും, ആഭരണങ്ങളുമായി പോലീസ് വാഹനങ്ങളിലും കാറുകളിലും ലോറികളിലും, ഇരുചക്രവാഹനങ്ങളിലും ജനം ബന്ധുക്കളുടെ വീടുകളിലേയ്ക്ക് ചേക്കേറി. ഇടം കിട്ടാത്തവർ റോഡരുകിൽ കാത്തുനിന്നു. പേട്ട ജങ്ഷൻ, വള്ളക്കടവ്, ശംഖുംമുഖം, പൂന്തുറ, തിരുവല്ലം, വിഴിഞ്ഞം, വർക്കല കാപ്പിൽ പ്രദേശം എന്നിവിടങ്ങളിൽ രാത്രി രണ്ടുമണിക്കും സുനാമി ഭീഷണിയിൽ ജനം റോഡരുകിൽ നിൽക്കുന്ന കാഴ്ച കാണാമായിരുന്നു.

ഒരു മണിക്കൂറിനുള്ളിൽ സുനാമി അലകം വന്നുപതിക്കുമെന്ന നിശ്ചിത സമയം കഴിഞ്ഞിട്ടും, ആപത്തുവരുമെന്ന ഭീതിയിൽ പിരിഞ്ഞുപോകാൻ ജനം തയ്യാറായിരുന്നില്ല. ബന്ധുവീടുകളിൽ അഭയം ലഭിക്കാത്തവർ സമീപത്തെ സ്കൂളുകളിലും പള്ളികളിലും തലചായ്ക്കാനിടം തേടി. കൺട്രോം റൂമിലും പോലീസ് സ്റ്റേഷനിലും പത്ര ഓഫീസുകളിലും ഫോണുകം നിലയ്ക്കാതെ ശബ്ദിച്ചിരുന്നു. രാത്രി രണ്ടുമണി കഴിഞ്ഞിട്ടും ജനങ്ങളുടെ ആശങ്ക കെട്ടടങ്ങിയിരുന്നില്ല.

മണക്കാട്, കമലേശ്വരം, സെൻറ് ജോസഫ്സ് സ്കൂം, ചാക്ക ഐ. ടി. ഐ, തിരുവല്ലം ബി. എൻ. വി. എച്ച്. എസ്, ചാക്ക യു. പി. എസ്, പേട്ട എൽ. പി. എന്നിവിടങ്ങളിൽ ജനം നിറഞ്ഞുകവിയുകയാണ്.

ചൊവ്വാഴ്ച പുലർച്ചെ മൂന്നുമണിക്കും ജനങ്ങം കിഴക്കേക്കോട്ട ഗാന്ധിപാർക്കിലും തെരുവുകളിലുംമറ്റും പരിഭ്രാന്തരായി കൂട്ടം കൂടിനിൽക്കുന്നത് കാണാമായിരുന്നു.



പൂന്തുറയിൽ സുനാമി ഭീഷണി ഉണ്ടാകുമെന്ന മുന്നറിയിപ്പിനെത്തുടർന്ന് നാട്ടുകാർ വീട്ടുവളപ്പിൽ തിങ്കളാഴ്ച അർദ്ധരാത്രിയിൽ കൂട്ടപ്രാർഥന നടത്തുന്നു – *ഫോട്ടോ: ജി. ബിനുലാൽ*

ശിവരാജ് പാട്ടീൽ വരുന്നില്ല; സർവകക്ഷി യോഗം ഇന്ന്

തിരുവനന്തപുരം: കേന്ദ്ര ആഭ്യന്തര മന്ത്രി ശിവരാജ് പാട്ടീൽ ചൊവ്വാഴ്ച നടത്താനിരുന്ന കേരള സന്ദർശനം റദ്ദാക്കി. കടൽക്ഷോഭം കേരളത്തിന്റെ തിരങ്ങളിലുണ്ടാക്കിയ നാശനഷ്ടങ്ങളും ദുരന്തവും വിലയിരുത്താൻ മുഖ്യമന്ത്രി ചൊവ്വാഴ്ച സർവ്വകക്ഷി യോഗം വിളിച്ചിട്ടുണ്ട്.

തിങ്കളാഴ്ചത്തെ അടിയന്തര സംസ്ഥാന മന്ത്രിസഭാ യോഗത്തിന്റെ തുടർച്ചയായി ചൊവ്വാഴ്ചയും പ്രത്യേക മന്ത്രിസഭായോഗം തലസ്ഥാനത്ത് ചേരും.

സ്ഥിതി വിലയിരുത്താനും ദുരിതാശ്വാസ നടപടികളെപ്പറ്റി ചർച്ച ചെയ്യാനുമാണ് സർവകക്ഷി യോഗം. പ്രതിപക്ഷ നേതാവ് വി.എസ്. അച്യുതാനന്ദൻ, എൽ.ഡി.എഫ്. കൺവീനർ പാലോളി മുഹമ്മദ്കുട്ടി, യു.ഡി.എഫ്. കൺവീനർ പി.പി. തങ്കച്ചൻ എന്നിവരും രാഷ്ട്രീയ കക്ഷികളുടെ പ്രസിഡൻറ്, സെക്രട്ടറി എന്നിവരും യോഗത്തിൽ സംബന്ധിയ്ക്കുമെന്ന് സർക്കാർ പത്രക്കുറിപ്പിൽ അറിയിച്ചു.

കേരളം സമീപകാലത്തുകണ്ട ഏറ്റവും വലിയ ദുരന്തത്തിൽനിന്നും സാധാരണ നിലകൈവരിക്കുവാൻ യുദ്ധകാലാടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങളാണ് സർക്കാർ നടത്തുന്നതെന്ന് മുഖ്യമന്ത്രി ഉമ്മൻചാണ്ടി പറഞ്ഞു.

എന്നാൽ ജനങ്ങളുടെ പൂർണ സഹകരണത്തോടെയേ ഈ പ്രതിസന്ധിയെ നേരിടാനാവൂ. കക്ഷി രാഷ്ട്രിയമോ ജാതിമത ചിന്തകളോ ഇപ്പോം വിലങ്ങുതടിയാകരുത്. എല്ലാവരും ഒറ്റക്കെട്ടായി ഒരേയൊരു ലക്ഷ്യത്തിനായി പ്രവർത്തിക്കണം–മുഖ്യമന്ത്രി പറഞ്ഞു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവനകം നൽകണമെന്നും അദ്ദേഹം അഭ്യർഥിച്ചു. മുഖ്യമന്ത്രി, സെക്രട്ടേറിയറ്റ്, തിരുവനന്തപുരം എന്ന വിലാസത്തിൽ സി.എം.ഡി.ആർ.എഫ് എന്ന അക്കൗണ്ടിൽവേണം ദുരിതാശ്വാസ തുക അയയ്ക്കേണ്ടത്.

ആലപ്പാട്, ആറാട്ടുപുഴ പുനരുദ്ധാരണം ഉടനെ

തിരുവനന്തപുരം: കടൽക്ഷോഭത്തും. ആറാട്ടുപുഴയിൽ ഇപ്പോ നുവദിക്കും.
ത്തെ തുടർന്ന് സർവനാശം സംഭവിച്ച കൊല്ലം ജില്ലയിലെ ആലപ്പാട് പ്രദേശവും ആലപ്പുഴയിലെ ആറാട്ടുപുഴയും പൂർവസ്ഥിതിയിൽ എത്തിക്കുന്നതിനാവശ്യമായ പദ്ധതികം നടപ്പാക്കുന്നതിന് മന്ത്രിസഭാ യോഗം തീരുമാനിച്ചു.

ആലപ്പാട് പ്രദേശത്ത് ആയിരംതെങ്ങ്–അഴീക്കൽ പാലത്തിനുവേണ്ടി 13 കോടി രൂപയും ആറാട്ടുപുഴയിൽ കൊച്ചിട ജട്ടിപാലം നിർമ്മിക്കാൻ 11 കോടി രൂപയും അനുവദിക്കാൻ മന്ത്രിസഭായോഗം തീരുമാനിച്ചു. നബാർഡിന്റെ പദ്ധതിയിൽ ഉംപ്പെടുത്തി ഈ പാലങ്ങളുടെ പണി എത്രയും വേഗം പൂർത്തിയാക്കും. ആലപ്പാട് പഞ്ചായത്തിലെ കുടിവെള്ള പദ്ധതി ത്വരിതപ്പെടുനുവദിക്കും.

ആലപ്പാട്ടേക്കും ആറാട്ടുപുഴയിലേക്കും വൈദ്യുത പദ്ധതികംക്കും അംഗീകാരം നൽകി. ആലപ്പാട്, ആറാട്ടുപുഴ, ചേർത്തല, പട്ടണക്കാട്, കുത്തിയതോട്, ചെല്ലാനം, ശക്തികുളങ്ങര എന്നിവിടങ്ങളിൽ കടൽഭിത്തി കെട്ടും.

ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്നവർക്ക് ഭക്ഷണവും വെള്ളവും ആരോഗ്യ സംരക്ഷണവും നൽകുന്നുണ്ട്. അവർ വീടുകളിൽ തിരിച്ചുപോകുമ്പോം സൗജന്യ റേഷനും നൽകും. ദുരിതാശ്വാസ പ്രവർത്തനങ്ങംക്ക് പണം പ്രശ്നമേയല്ലെന്ന് അദ്ദേഹം വ്യക്തമാക്കി. കിട്ടിയിട്ടുള്ള മൃതദേഹങ്ങം ബന്ധുക്കം ആവശ്യപ്പെട്ടാൽ അര മണിക്കൂറിനകം വിട്ടുകൊടുക്കും. പോസ്റ്റുമോർട്ടം ഒഴിവാക്കാൻ വേണ്ടി മൃതദേഹം വിട്ടുകൊടുക്കുന്നതിനുള്ള നടപടിക്രമങ്ങം ലളിതമാക്കും. കൊല്ലം, കായംകുളം മേഖലകളിലാണ് കൂടുതൽ മൃതദേഹങ്ങം കണ്ടുകിട്ടിയിട്ടുള്ളത്.

ഓരോ ദുരിതാശ്വാസ ക്യാമ്പിലും ഒരു ഡെപ്യൂട്ടി താസിൽദാർ എങ്കിലും ചുമതലയിലുണ്ടാകും. കളക്ടർമാർക്കാണ് ക്യാമ്പുകളുടെ നടത്തിപ്പിന്റെ ചുമതല. സൗജന്യഭക്ഷണം തിങ്കളാഴ്ച രാവിലെ തന്നെ നൽകിത്തുടങ്ങി. ക്യാമ്പിലെ അംഗസംഖ്യയനുസരിച്ച് മെഡിക്കൽ ടീമിനെ നിയോഗിക്കും. കടലാക്രമണത്തിൽ ജീവനോപാധികം നഷ്ടപ്പെട്ടവരുടെ കണക്ക് ഫിഷറീസ് വകുപ്പ് അധികൃതർ എടുത്തുവരികയാണ്. അവർക്ക് എന്ത് സഹായം നൽകണമെന്ന കാര്യം ചൊവ്വാഴ്ച തീരുമാനിക്കുമെന്ന് മുഖ്യമന്ത്രി വെളിപ്പെടുത്തി.

സുനാമി ദുരന്തം മുന്നറിയിപ്പുവഴി ഒഴിവാക്കാമെന്ന് വിദഗ്ധർ

തിരുവനന്തപുരം: തെക്കേ ഇന്ത്യയിൽ കൊടിയനാശം വിതച്ച സുനാമി മൂലം ഉണ്ടായ മരണസംഖ്യ മുൻകരുതൽ വഴി കുറയ്ക്കാൻ കഴിയുമായിരുന്നുവെന്ന് വിദഗ്ധർ കരുതുന്നു. സുനാമികളിൽ നിന്നും പലപ്പോഴും കടുത്ത നാശങ്ങം നേരിടേണ്ടിവന്ന അമേരിക്ക, ജപ്പാൻ അടക്കമുള്ള 26 രാജ്യങ്ങം ചേർന്ന് സംയുക്ത മുന്നറിയിപ്പ് സംവിധാനം ഉണ്ടാക്കിയിട്ടുണ്ട്. ഇന്ത്യ അതിൽ അംഗമല്ല. അംഗരാജ്യങ്ങം തമ്മിൽ സുനാമി ഉംപ്പെടെയുള്ള അപകടങ്ങളെപ്പറ്റി മുന്നറിയിപ്പുനൽകും. കടലിൽ ഭൂകമ്പം മൂലം രൂപംകൊള്ളുന്ന സുനാമി കടൽത്തിരകം അകലെയുള്ള തീരങ്ങളെ ബാധിക്കാൻ മണിക്കൂറുകം വേണ്ടിവരും. സുനാമിയുടെ പ്രഭവസ്ഥാനവും അതിന്റെ സഞ്ചാരവേഗവും ആധുനിക സംവിധാനങ്ങളുടെ സഹായത്താൽ കണക്കാക്കി അത് ബാധിക്കാൻ പോകുന്ന രാജ്യങ്ങളിലും തീരപ്രദേശങ്ങളിലും മുന്നറിയിപ്പ് നൽകുകയാണ് പതിവെന്ന് യൂണിവേഴ്സിറ്റി കോളേജ് മുൻ പ്രിൻസിപ്പലും ഭൗമശാസ്ത്രവിഭാഗം മേധാവിയുമായിരുന്ന ജി. ഗോപാലകൃഷ്ണൻ പറഞ്ഞു.

പ്രകൃതി ദുരന്തം: സമ്മേളനങ്ങളും റാലികളും മാറ്റിവച്ചു

തിരുവനന്തപുരം: ഡിസംബർ 28, 29, 30 തീയതികളിൽ തിരുവനന്തപുരത്ത് പ്രിയദർശിനി ഹാളിൽ നടത്താനിരുന്ന കേരള ഗവൺമെന്റ് ആയുർവേദ മെഡിക്കൽ ഓഫിസേഴ്സ് അസോസിയേഷന്റെ സംസ്ഥാന സമ്മേളനം മാറ്റിവച്ചതായി ഭാരവാഹികം പത്രസമ്മേളനത്തിൽ അറിയിച്ചു. കടൽ ക്ഷോഭത്തിൽപ്പെട്ട വർക്ക് അതത് ജില്ലകളിൽ ദുരിതാശ്വാസമെത്തിക്കുന്ന പ്രവർത്തനങ്ങളിൽ ഡോക്ടർമാർക്ക് പങ്കെടുക്കേണ്ടതിനാലാണ് സമ്മേളനം മാറ്റിവച്ചത്.

സംസ്ഥാന പ്രസിഡൻറ് ഡോ. എം. പി. ചിത്ര, ഡോ.എസ്. സത്യശീലൻ, ഡോ. എൻ.കെ. രാമചന്ദ്രൻ, ഡോ.എസ്. ഗണേഷ് ബാബു എന്നിവർ പത്രസമ്മേളനത്തിൽ പങ്കെടുത്തു.

മന്ത്രി പി.കെ. കുഞ്ഞാലിക്കുട്ടിയുടെ രാജി ആവശ്യപ്പെട്ട് ഡിസംബർ 30ന് സെക്രട്ടേറിയറ്റിലേക്കും ജില്ലാ കലക്ടറേറ്റുകളിലേക്കും എൽ.ഡി.എഫിന്റെ നേതൃത്വത്തിൽ നടത്താൻ നിശ്ചയിച്ചിരുന്ന മാർച്ച് മാറ്റിയതായി എൽ.ഡി.എഫ്. കൺവീനർ പാലോളി മുഹമ്മദ്കുട്ടി അറിയിച്ചു. കടൽക്ഷോഭ ദുരന്തത്തിന്റെ പശ്ചാത്തലത്തിലാണ് ഇത്. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ദുരന്തത്തിനിരയായവരെ സഹായിക്കാൻ എൽ.ഡി.എഫ്. പ്രവർത്തകർ അടിയന്തരമായി രംഗത്തിറങ്ങണമെന്നും പാലോളി അഭ്യർഥിച്ചു.

കടൽക്ഷോഭത്തിന്റെ പശ്ചാത്തലത്തിൽ ഡിസംബർ 28ന് നടത്താൻ നിശ്ചയിച്ചിരുന്ന സി.പി.എം. നേതാ കോഴിക്കോട്, പത്തനംതിട്ട ജില്ലാ സമ്മേളനങ്ങളോടനുബന്ധിച്ച റാലികം മാറ്റിയതായി സി.പി.എം. സംസ്ഥാന സെക്രട്ടറി പിണറായി വിജയൻ അറിയിച്ചു.

ഡിസംബർ 28, 29 തീയതികളിൽ തിരുവനന്തപുരം വി.ജെ.ടി. ഹാളിൽ നടത്താൻ നിശ്ചയിച്ചിരുന്ന കെ.ടി.ഡി.സി. എംപ്ലോയീസ് കോൺഗ്രസ് (ഐ.എൻ.ടി.യു.സി.) 28–ാംസംസ്ഥാന സമ്മേളനം പ്രകൃതി ദുരന്തം കാരണം മാറ്റിവച്ചതായി ജനറൽ സെക്രട്ടറി പി. വേണുഗോപാൽ അറിയിച്ചു.

വിളക്കിത്തല നായർ സമാജത്തിന്റെ കനകജൂബിലി സമാപന സമ്മേളനവും പ്രകടനവും കടൽ ക്ഷോഭദുരന്തത്തെ തുടർന്ന് മാറ്റിവച്ചതായി സമാജം പ്രസിഡൻറ് ജി. കുട്ടപ്പൻ, ജനറൽ സെക്രട്ടറി അഡ്വ. കെ.ആർ. സുരേന്ദ്രൻ എന്നിവർ പത്രസമ്മേളനത്തിൽ അറിയിച്ചു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസപ്രവർത്തനങ്ങംക്ക് സംഭാവനകം നൽകാൻ തീരുമാനിച്ചതായും ഭാരവാഹികം അറിയിച്ചു.

സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ ഈ മാസം 29ന് തൃശ്ശൂർ രാമനിലയത്തിലും (ഗസ്റ്റ്ഹൗസ്) 30ന് കണ്ണൂർ ഗസ്റ്റ്ഹൗസിലും നടത്താൻ നിശ്ചയിച്ചിരുന്ന ക്യാമ്പ് സിറ്റിംഗുകം അവിചാരിതമായുണ്ടായ കാരണങ്ങളാൽ മാറ്റിവച്ചതായി സെക്രട്ടറി അറിയിച്ചു. ഇതുസംബന്ധിച്ച് കക്ഷികംക്ക് നേരിട്ട് അറിയിപ്പ് സമയപരിമിതിമൂലം നൽകുന്നതല്ലെന്നും പുതിയ തീയതികം കക്ഷികളെ നേരിട്ട് അറിയിയ്ക്കുന്നതാണെന്നും സെക്രട്ടറി അറിയിച്ചു.

കടൽ ക്ഷോഭദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ബാലസംഘത്തിന്റെ ആഭിമുഖ്യത്തിൽ ഡിസംബർ 28ന് നടത്താൻ നിശ്ചയിച്ചിരുന്ന ബാലദിന ഘോഷയാത്രകളും അതിനോടനുബന്ധിച്ചുള്ള പരിപാടികളും മാറ്റിവച്ചു.

വാമനപുരം നദി തിരിച്ചൊഴുകി

ആറ്റിങ്ങൽ: വാമനപുരം നദി ഏറെനേരം കിഴക്കോട്ടൊഴുകിയത് ഇരുകരകളിലും താമസിക്കുന്നവരെ ആശങ്കയിലാക്കി. തിങ്കളാഴ്ച രാവിലെ 10 മണിയോടെ നദിയിലെ ജലനിരപ്പ് ക്രമാതീതമായി ഉയരുകയായിരുന്നു. ഇടയ്ക്ക് ജലനിരപ്പ് താഴ്ന്ന് പൂർവസ്ഥിതിയിലെത്തുകയും വീണ്ടും ഉയരുകയും ചെയ്തു.

വേലിയേറ്റത്തിൽ കടലിൽനിന്ന് വെള്ളം നദിയിലേക്കൊഴുകാൻ തുടങ്ങിയതോടെ വാമനപുരം നദിയുടെ ഒഴുക്ക് കിഴക്കോട്ടായി. അഞ്ചുതെങ്ങ് മുതലപ്പൊഴിയുടെ ഭാഗത്ത് രാവിലെ 11നും 12നുമിടയ്ക്ക് പുതിയൊരു പ്രതിഭാസം ദൃശ്യമായി. കായലിൽനിന്നും കടലിലേക്ക് തിരയടിച്ചുകയറിതാണിത്. പത്തുമിനിട്ടുനേരം ഈ പ്രതിഭാസം ദൃശ്യമായി.

കമ്മീഷണറുടെ അയൽപക്കത്ത് വീണ്ടും മോഷണം

പേരൂർക്കട: സിറ്റി പോലീസ് കമ്മീഷണറുടെ അയൽപക്കത്ത് വീണ്ടും പട്ടാപ്പകൽ മോഷണം നടന്നു. പേരൂർക്കട ദർശൻനഗർ അഞ്ചാംലെയ്നിൽ കുഞ്ഞുമോൻ എന്നയാളുടെ വീട്ടിലാണ് മോഷണം നടന്നത്. സിറ്റി പോലീസ് കമ്മീഷണർ ബൽറാംകുമാർ ഉപാധ്യായയുടെ വീടിന് വിളിപ്പാടകലെയാണ് മോഷ്ടാക്കം കയറിയത്. കുഞ്ഞുമോനും കുടുംബവും വർഷങ്ങളായി വിദേശത്താണ്. മകളുടെ വിവാഹക്കാര്യങ്ങംക്കായി വീട്ടുകാർ അടുത്തിടെ വീട്ടിലെത്തുകയും വീട് മോടിപിടിപ്പിക്കുകയും ചെയ്തിരുന്നു. വിവാഹ ആവശ്യങ്ങം കഴിഞ്ഞ് വീട്ടുകാർ തിരികെ വിദേശത്ത് പോയതിന് പിന്നാലെയാണ് വീടിന്റെ മുൻവശത്തെ വാതിൽ കുത്തിത്തുറന്ന് മോഷ്ടാക്കം കയറിയത്. എന്നാൽ വീട്ടിൽനിന്നും കാര്യമായൊന്നും മോഷ്ടിക്കാനായില്ല.

വീട്ടിൽ തേങ്ങയിടാനെത്തിയയാളാണ് മോഷണം നടന്ന വിവരം അറിഞ്ഞത്. തുടർന്ന് പോലീസെത്തി. കമ്മീഷണർ താമസിക്കുന്ന ദർശൻനഗറിൽ പട്ടാപ്പകൽ നടക്കുന്ന മൂന്നാമത്തെ ഭവനഭേദനമാണിത്. എബനേസർ എന്നയാളുടെ വീട്, സ്വാതിയിൽ ഡോ. വി.കെ. അജിത്കുമാറിന്റെ വീട് എന്നിവിടങ്ങളിലാണ് നേരത്തെ മോഷണം നടന്നത്.

സെവൻസ് ഫുട്ബോൾ

തിരുവനന്തപുരം: പുലരി സ്പോർട്സ് ക്ലബിന്റെ ആഭിമുഖ്യത്തിൽ ഡോ. സ്വരരാജ് മണി മെമ്മോറിയൽ ടോഫിക്കായുള്ള ഫുട്ബോം മത്സരം ജനവരി ഒമ്പത് മുതൽ വള്ളക്കടവ് എൻ. എസ്. ഡിപ്പോ ഗ്രൗണ്ടിൽ നടക്കും. ഫോൺ: 9847911758.

പലർക്കും രക്ഷകനായി; പ്രിയതമ നഷ്ടമായി

നെയ്യാറ്റിൻകര: തീരം വിഴുങ്ങിയ തിരമാലകംക്കിടയിൽപ്പെട്ടവരെ രക്ഷിക്കുന്നതിനിടയിൽ അയാം അറിഞ്ഞില്ല, ഒരു കൈ ദൂരത്തിൽ തിരയിൽപ്പെട്ട് തന്റെ പ്രിയതമ മരണത്തിലേക്ക് പോയത്. കുളച്ചൽ കൊട്ടിൽപാട് തീരത്തെ ശിൽവപിള്ളയ്ക്കാണ് ഈ ദുരന്തം.

പൊഴിയൂർ പരുത്തിയൂർ പുതുവൽ പുരയിടത്തിൽ ശിൽവ പിള്ളയുടെ ഭാര്യ ലത (25) യാണ് മരിച്ചത്. മക്കളായ ലാവണ്യ (6), ഷൈനി (നാലര വയസ്), രാഹുൽരാജ് (ഒന്നര വയസ്) എന്നിവർ അപകടത്തിൽനിന്ന് രക്ഷപ്പെട്ടെങ്കിലും ഗുരുതരാവസ്ഥയിൽ ആശുപത്രിയിലാണ്.

പള്ളി വികാരിയെ മർദ്ദിച്ച സംഭവം; രണ്ടുപേർ അറസ്റ്റിൽ

പേരൂർക്കട: പള്ളി വികാരിയെ മർദ്ദിച്ച സംഭവത്തിൽ രണ്ടുപേരെ പോലീസ് അറസ്റ്റുചെയ്തു. കഴിഞ്ഞ ദിവസം രാത്രി പത്തു മണിയോടടുത്ത് കുടപ്പനക്കുന്നിന് സമീപത്തുവച്ചാണ് അമ്പലം മുക്ക്മാർത്തോമ പള്ളിയിലെ വികാരി ജോർജ്വർഗീസിനെ ഒരു സംഘമാംക്കാർ റോഡിൽ തടഞ്ഞുനിർത്തി മർദ്ദിച്ചത്. കുറവൻകോണം സ്വദേശി അജികുമാർ (22), കുടപ്പനക്കുന്ന് കിണവൂർ സ്വദേശി അനിൽ (27) എന്നിവരെയാണ് വികാരിയെ മർദ്ദിച്ച കേസിൽ പേരൂർക്കട സി.ഐ. എം. രാധാകൃഷ്ണൻനായരും സംഘവും പിടികൂടിയത്. അറസ്റ്റിലായവർ ആർ.എസ്.എസ്. പ്രവർത്തകരാണെന്ന് പോലീസ് പറഞ്ഞു. പ്രതികളെ റിമാൻറ്ചെയ്തിട്ടുണ്ട്.

ഓട്ടോ ഡ്രൈവറുടെ കൊലപാതകം: രണ്ടുപേരെ റിമാൻറ്ചെയ്തു

പേരൂർക്കട: ഓട്ടോ ഡ്രൈവറെ തല്ലിച്ചതച്ച് കൊലപ്പെടുത്തിയ കേസിൽ അറസ്റ്റിലായ സഹോദരങ്ങളെ കോടതി റിമാൻറ്ചെയ്തു. പാറോട്ടുകോണം തട്ടിനകത്ത് ആലവിള പണയിൽവീട്ടിൽ സജുകുമാർ (21), വിജയകുമാർ (25) എന്നിവരെയാണ് റിമാൻറ് ചെയ്തത്. കഴിഞ്ഞ ദിവസം മരക്കഷണം കൊണ്ടുള്ള അടിയേറ്റ് ഓട്ടോ ഡ്രൈവറായ പാറോട്ടുകോണം കാവുവിള വീട്ടിൽ വിനോദ് (22) കൊല്ലപ്പെട്ടിരുന്നു. സംഭവത്തിൽ കൂടുതൽ പ്രതികളെ പിടികിട്ടാനുണ്ടെന്ന് പേരൂർക്കട പോലീസ് പറഞ്ഞു.

പോലീസ് മർദ്ദിച്ചതായി പരാതി

തിരുവനന്തപുരം: കെ.പി.എം.എസ്. പ്രവർത്തകനും സി.ഐ.ടി.യു. തൊഴിലാളിയുമായ ചന്ദ്രനെ മ്യൂസിയം പോലീസ് മർദ്ദിച്ചതായി പരാതി. 22ന് രാവിലെ രണ്ട് പോലീസുകാർ മ്യൂസിയം സ്റ്റേഷനിൽനിന്നെത്തി ചന്ദ്രനെ കൊണ്ടുപോവുകയും സ്റ്റേഷനിൽ വച്ച് ക്രൂരമായി മർദ്ദിക്കുകയും ചെയ്തതായി പുലയൻ മഹാസഭ സംസ്ഥാന ഭാരവാഹികം ആരോപിച്ചു.

പരിക്കേറ്റ ചന്ദ്രൻ മെഡിക്കൽകോളേജിൽ ചികിത്സയിലാണ്. മ്യൂസിയം പോലീസ്സ്റ്റേഷനിലെ എ.എസ്.ഐ.യേയും രണ്ട് പോലീസുകാരേയും സർവീസിൽനിന്നും മാറ്റി നിർത്തി അന്വേഷണം നടത്തിയില്ലെങ്കിൽ പോലീസ്സ്റ്റേഷൻ മാർച്ചുംപ്പെടെയുള്ള സമര പരിപാടികം സംഘടിപ്പിക്കുമെന്ന് സംസ്ഥാന സെക്രട്ടറി ചാലക്കുഴി ഗോപി അറിയിച്ചു.

ചന്ദ്രനെ അറസ്റ്റുചെയ്തത് സ്ത്രീകളുടെ പരാതിയുടെ അടിസ്ഥാനത്തിലാണെന്നും ചന്ദ്രനെ സ്റ്റേഷനിൽ കൊണ്ടുവന്ന് വൈകിട്ട് കേസെടുത്ത് വിട്ടുവെന്നും മ്യൂസിയം സി.ഐ. സേവ്യർ അറിയിച്ചു. ചന്ദ്രനെ പോലീസ് മർദ്ദിച്ചിട്ടില്ലെന്നും അദ്ദേഹം വ്യക്തമാക്കി.

പൈപ്പ് പൊട്ടി വെള്ളം പാഴാകുന്നു

ശ്രീകാര്യം: കല്ലമ്പള്ളി മുളവൂർ ലെയ്നിൽ അനേകം ആഴ്ചകളായി പൈപ്പ്പൊട്ടി വെള്ളം പാഴാകുന്നു. വാട്ടർ അതോറിട്ടി പോങ്ങുംമൂട് സെക്ഷൻ ഓഫീസിൽ നിരവധി തവണ വിവരം അറിയിച്ചിട്ടും നടപടിയുണ്ടായില്ലെന്ന് പരാതിയുണ്ട്. പൈപ്പ്ലൈൻ ഇടാൻ വേണ്ടി ജെ.സി.ബി. ഉപയോഗിച്ച് നേരത്തെ റോഡ് കിളച്ചുമറിച്ചിരുന്നു. ഇതിന് പുറമേയാണ് ഇപ്പോം വെള്ളക്കെട്ടിന്റെ പ്രശ്നവും വന്നിരിക്കുന്നത്. റോഡിലെ കുഴികം മണ്ണിട്ടുമൂടിയാലും പൈപ്പുപൊട്ടി വെള്ളം ഒഴുകി ഇത് ഒലിച്ചുപോകുകയാണ്.

കുടപ്പനക്കുന്ന് ദേവീക്ഷേത്രത്തിൽ മണ്ഡലചിറപ്പ്

പേരൂർക്കട: കുടപ്പനക്കുന്ന് ദേവീക്ഷേത്രത്തിൽ മണ്ഡല ചിറപ്പ് ഉത്സവം നടത്തി. ഉത്സവത്തോടനുബന്ധിച്ച് അന്നദാനം, ഭഗവതിസേവ, പൊതുചിറപ്പ്, ഗണപതിഹോമം എന്നിവ ഉണ്ടായിരുന്നു.

തിരുവല്ലത്ത് നീന്തൽ, ചിത്രരചനാ മത്സരങ്ങൾ

തിരുവനന്തപുരം: തിരുവല്ലം വാട്ടർ സ്പോർട്സ് യൂറിസം ക്ലബും തിരുവനന്തപുരം ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലും സംയുക്തമായി സംഘടിപ്പിക്കുന്ന ഏകദിന സെമിനാറിന്റെയും പുതുവത്സര ആഘോഷപരിപാടികളുടെയും ഭാഗമായി നീന്തൽ, കനോയിംഗ്, ചിത്രരചന, മത്സരങ്ങം നടത്തുന്നു. പങ്കെടുക്കാൻ താല്പര്യമുള്ള വിദ്യാർത്ഥി വിദ്യാർത്ഥിനികം 29ന് വൈകുന്നേരം 5 മണിക്കുമുമ്പ് തിരുവല്ലം ബോട്ട് ക്ലബിൽ പേര് നൽകണം.

വഞ്ചിയൂർ കരയോഗം നവതി ആഘോഷം

തിരുവനന്തപുരം: വഞ്ചിയൂർ എൻ.എസ്.എസ്. കരയോഗം സംഘടിപ്പിച്ച നവതി ആഘോഷവും കുടുംബ സംഗമവും താലൂക്ക് യൂണിയൻ പ്രസിഡൻറ് എം.സംഗീത്കുമാർ ഉദ്ഘാടനം ചെയ്തു. കരയോഗം പ്രസിഡൻറ് പ്രതിഭാ കൃഷ്ണൻനായർ അദ്ധ്യക്ഷത വഹിച്ചു. ഡോ. എ.സുകുമാരൻനായർ, താലൂക്ക് യൂണിയൻ വൈസ് പ്രസിഡൻറ്വിനോദ് കുമാർ,നെയ്യാറ്റിൻകര താലൂക്ക്യൂണിയൻവൈസ്പ്രസിഡൻറ് ജി.സോമശേഖരൻനായർ, താലൂക്ക് യൂണിയൻ സെക്രട്ടറി എൻ.സുകുമാരൻനായർ, മേഖലാ കൺവീനർ കാർത്തികേയൻനായർ തുടങ്ങിയവർ പ്രസംഗിച്ചു. കരയോഗം മുൻ പ്രസിഡൻറുമാരായ മുൻ മേയർ ആർ.ബാലകൃഷ്ണൻനായർ, ഗോപാലൻനായർ, പത്മനാഭൻനായർ, രാമചന്ദ്രൻനായർ, വി.എസ്.പരമേശ്വരൻനായർ എന്നിവരെ ചടങ്ങിൽ ആദരിച്ചു. സെക്രട്ടറി സി.ജയസിംഹൻ സ്വാഗതവും വഞ്ചിയൂർ മോഹനൻ നന്ദിയും പറഞ്ഞു.

ചികിത്സാ സഹായം തേടുന്നു

തിരുവനന്തപുരം: കഴക്കൂട്ടത്തിന് സമീപം ഓട്ടോയിടിച്ച് ഗുരുതരമായി പരിക്കേറ്റ് മെഡിക്കൽകോളേജ് ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന ടെക്നോപാർക്കിലെ സുരക്ഷാ ജീവനക്കാരൻ ചികിത്സാ സഹായം തേടുന്നു.

കഴിഞ്ഞ 10ന് അപകടത്തിൽപ്പെട്ട് പരിക്കേറ്റ് അബോധാവസ്ഥയിൽ തീവ്രപരിചരണ വിഭാഗത്തിൽ കഴിയുന്ന നെയ്യാർഡാം, കള്ളിക്കാട് സ്വദേശി വിശ്വനാഥൻ (58) ആണ് ചികിത്സാ സഹായം തേടുന്നത്.

ഓട്ടോയിടിച്ച് റോഡരികിൽ മണിക്കൂറുകളോളം കിടന്ന വിശ്വനാഥനെ ഗാന്ധിനഗർ റസിഡൻറ്സ് അസോസിയേഷൻ ഭാരവാഹി മധുസൂദനൻനായരാണ് മെഡിക്കൽകോളേജിലെത്തിച്ചത്. തലച്ചോറിന് ക്ഷതമേറ്റ വിശ്വനാഥൻ

ദുരന്തത്തിന്റെ ബാക്കിപത്രം



കൊല്ലത്ത് അഴീക്കലിൽ കടൽ അടിച്ചുതകർത്ത ക്ഷേത്രം



കടലാക്രമണത്തിൽ കുളച്ചലിൽ തകർന്ന കുടിലുകൾ

ആതുര സേവനവുമായി അമൃതാനന്ദമയി മഠം

കൊല്ലം: ദുരന്തം ഏറ്റുവാങ്ങിയ പതിനായിരങ്ങൾക്ക് ശുശ്രൂഷയുമായി അമൃതാനന്ദമയി മഠത്തിലെ ആശ്രമവാസികളും ഭക്തരും മുന്നിട്ടിറങ്ങി. നാല് മൊബൈൽ യൂണിറ്റുകളിലായി 20-ഓളം ഡോക്ടർമാരടങ്ങുന്ന സംഘം എല്ലാ ദുരിതാശ്വാസ ക്യാമ്പുകളിലും മണിക്കൂറുകൾ ഇടവിട്ടു സന്ദർശനം നടത്തിക്കൊണ്ടിരുന്നു.

ആശ്രമം വക ആയുർവേദ കോളേജ്, എഞ്ചിനിയറിങ് കോളേജ് എന്നിവിടങ്ങളിലായി മൂവായിരത്തിലധികം അഭയാർത്ഥികൾ കഴിയുന്നു. ഇവർക്ക് സഹായമെത്തിക്കാൻ മാതാ അമൃതാനന്ദമയി നേരിട്ടെത്തുകയും ചെയ്തു. അമൃത ഇൻസ്റ്റിറ്റ്യൂട്ടിലെ 6 ആംബുലൻസുകളും ആവശ്യാനുസരണം സർവീസ് നടത്തുന്നു. എല്ലാ ദുരിതാശ്വാസ ക്യാമ്പുകളിലേക്കും ഭക്ഷണവും മരുന്നുകളുമെത്തിക്കുകയും ചെയ്തു. മൃതദേഹങ്ങൾ തിരയാനും ആശ്രമവാസികളുണ്ടായിരുന്നു.

സർക്കാർ ഉണർന്നു പ്രവർത്തിച്ചില്ല -ബി.ജെ.പി.

തിരുവനന്തപുരം: കടൽക്ഷോഭ ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ സർക്കാർ സംവിധാനം ഉണർന്ന് പ്രവർത്തിച്ചില്ലെന്ന് ബി.ജെ.പി. സംസ്ഥാന പ്രസിഡൻറ് അഡ്വ. പി.എസ്. ശ്രീധരൻപിള്ള കുറ്റപ്പെടുത്തി. അപകടം വ്യക്തമായിട്ടും മുൻകരുതൽ നടപടി സ്വീകരിക്കാൻ സർക്കാരിന് കഴിഞ്ഞില്ല. നേവിയുടെ തിരച്ചിൽ സംവിധാനം പോലും ഉപയോഗപ്പെടുത്താനായില്ലെന്നും ബി.ജെ.പി. അധ്യക്ഷൻ കുറ്റപ്പെടുത്തി.

കെ.എസ്.ടി.എ. അഞ്ചു ലക്ഷം നൽകും

തിരുവനന്തപുരം: കടൽക്ഷോഭത്തിൽ ദുരിതമനുഭവിക്കുന്നവരെ സഹായിക്കുന്നതിന് അധ്യാപകരിൽനിന്നും അഞ്ചു ലക്ഷം രൂപ ശേഖരിച്ചു നൽകാൻ കേരള സ്റ്റേറ്റ് ടീച്ചേഴ്സ് അസോസിയേഷൻ തീരുമാനിച്ചു. ക്രിസ്മസ് അവധി കഴിഞ്ഞ് വിദ്യാലയങ്ങൾ തുറക്കുന്ന 3 നും അതിനടുത്ത ദിവസവും ആശ്വാസധനവും മറ്റ് വസ്തുക്കളും ശേഖരിക്കുന്ന പ്രവർത്തനങ്ങളിലേർപ്പെടാൻ മുഴുവൻ പ്രവർത്തകരോടും പ്രസിഡൻറ് പി.കെ.രാജ്മോഹനൻറെ അധ്യക്ഷതയിൽ ചേർന്ന സംസ്ഥാന കമ്മിറ്റി യോഗം അഭ്യർഥിച്ചു. ജനറൽസെക്രട്ടറി റഷീദ് കണിച്ചേരി റിപ്പോർട്ട് അവതരിപ്പിച്ചു.

കൊല്ലത്തും ആലപ്പുഴയിലും ആഘാതം രൂക്ഷമായത് വലയാകൃതിയിലുള്ള പ്രവാഹം മൂലം

സ്വന്തം ലേഖകൻ

തിരുവനന്തപുരം: കൊല്ലം, ആലപ്പുഴ ജില്ലകളുടെ തീരദേശങ്ങളിൽ സുനാമിയുടെ ആഘാതം രൂക്ഷമായത് സർപ്പിള പ്രവാഹത്തിൻറെ സ്വാധീനംകൊണ്ട് കൂടിയാണെന്ന് ശാസ്ത്രീയ നിഗമനം.

ഇൻഡൊനീഷ്യക്ക് സമീപമുണ്ടായ ഭൂകമ്പത്തിൽ രൂപംകൊണ്ട സുനാമി ഇന്ത്യയുടെ കിഴക്കൻ തീരത്തെയാണ് നേരിട്ട് ബാധിച്ചത്. കന്യാകുമാരി മുനമ്പ് കടന്ന് പടിഞ്ഞാറൻ തീരപ്രദേശത്തേക്ക് സുനാമിയെന്ന കൂറ്റൻ തിരമാലകൾ എത്തിയപ്പോഴേക്ക് താരതമ്യേന ശക്തി കുറഞ്ഞിരുന്നതിനാലാണ് വ്യാപകവും തീഷ്ണവുമായ ദുരന്തം ഒഴിവായത്. കൂടുതൽ അടുത്തുകിടക്കുന്ന തിരുവനന്തപുരം ജില്ലയുടെ തീരത്ത് നാശമുണ്ടാകാതെ കൊല്ലം, ആലപ്പുഴ ജില്ലകളിലേക്ക് ആഘാതമേറിയത് ശാസ്ത്രലോകത്തിൻറെ കൗതുകത്തിന് കാരണമായിട്ടുണ്ട്.ഈ കടൽതീരങ്ങളിൽ സാധാരണയിൽനിന്ന് വ്യത്യസ്തമായി കണ്ടുവരുന്ന ഉപരിതല സർപ്പിള പ്രവാഹങ്ങളാണ് (ഡ്രിഫ്ട് കറണ്ട്) സുനാമിയുടെ ആഘാതം ശക്തമാക്കിയതെന്ന് ദക്ഷിണേന്ത്യൻ കടൽത്തീരങ്ങളെപ്പറ്റി വിശദമായ പഠനം നടത്തിയ സെസ് റിസോഴ്സ് അനാലിസിസ് ഡിവിഷൻ മുൻ മേധാവി എൻ.ജെ.കെ.നായർ പറഞ്ഞു.

ഈ തീരങ്ങളിൽ കരിമണൽ നിക്ഷേപം ഉണ്ടാകുന്നത് ഈ സർപ്പിള പ്രവാഹംമൂലമാണെന്ന് ആദ്യമായി നിഗമനം നടത്തിയതും എൻ.ജെ.കെ.നായരാണ്. നിരവധി വലയ പ്രവാഹങ്ങളായി തീരത്തിനടുത്തുനിൽക്കുന്ന ഈ പ്രവാഹങ്ങം സുനാമിയെ കൂടുതൽ അപകടകാരിയാക്കുകയായിരുന്നുവെന്നാണ് നിഗമനം.

ശക്തമായ ഭൂകമ്പത്തിൽ കടലിനടിയിലെ ഭൂഫലക പാളികൾ തെന്നിമാറും. മുകളിലേക്കും താഴേക്കും അവ തെന്നിമാറിയതിൻറെ സൂചനയാണ് വിദൂരസ്ഥമായ സ്ഥലങ്ങളിൽവരെ സുനാമിയെത്തിയത്. ഇന്ത്യൻ മഹാസമുദ്രം കടന്ന് ആഫ്രിക്കൻ തീരംവരെ സുനാമി അലകൾ എത്തിയതിൽനിന്നും അത്രയേറെ സമ്മർദം ഭൂകമ്പസ്ഥലത്ത് കടലിൽ ഉണ്ടായിയെന്ന് വ്യക്തമാകുന്നു. കടലിൻറെ ആഴം കുറഞ്ഞുവരുന്നതിനനുസരിച്ച് സുനാമിയുടെ പ്രഹരശേഷിയും വർദ്ധിക്കും. കരയിലേക്ക് സുനാമി ആഞ്ഞടിക്കുംമുമ്പ് സുനാമിത്തിരയുടെ സമ്മർദ്ദ വ്യതിയാനംകൊണ്ട് ആദ്യം കടൽ തീരത്തുനിന്നും പിൻവാങ്ങും. പിൻവാങ്ങിക്കഴിഞ്ഞ ജലപാളിക്ക് മുകളിൽ അടുത്ത സുനാമിത്തിര എത്തുന്നതോടെ അവ ഒന്നിച്ച് മീറ്ററുകൾ ഉയരമുള്ള ജലഭിത്തിപോലെ കരയിലേക്ക് തള്ളിക്കയറും. കരയിൽ കിലോമീറ്ററുകളോളം ദൂരം ഈ തിര കടന്നെത്തിയെന്ന് വരാം. മിക്കപ്പോഴും കരയിൽ കൂടുതൽ ദൂരം സഞ്ചരിക്കുന്ന സുനാമിയേക്കാളും കരയിൽ കയറി ഉടൻ തിരിച്ചിറങ്ങുന്നതാണ് വിനാശങ്ങൾ സൃഷ്ടിക്കുന്നത് എന്നും എൻ.ജെ.കെ.നായർ പറഞ്ഞു.

സുനാമിയടക്കമുള്ള ഒരു പ്രകൃതി പ്രതിഭാസവും സംഭവിച്ച ഉടൻ അവസാനിക്കുകയില്ല. അതിൻറെ പ്രകമ്പനങ്ങൾ കുറഞ്ഞ തീവ്രതയിൽ കൂടിയ സമയാന്തരങ്ങളിൽ ആവർത്തിക്കുകയാണ് പതിവ്.

അതുകൊണ്ടുതന്നെ ഇനിയും ആവർത്തിക്കില്ലെന്ന് ഉറപ്പിച്ച് പറയാൻ കഴിയില്ല. പക്ഷേ ദുരന്തം വിതച്ചതുപോലെ ശക്തമായിരിക്കില്ലെന്ന് പറയാൻ കഴിയും. എങ്കിലും ഏതാനും ദിവസത്തേക്ക് തീരദേശത്ത് ജാഗ്രത പാലിക്കുന്നതാണ് നല്ലതെന്നും അദ്ദേഹം പറഞ്ഞു. സമുദ്രജീവശാസ്ത്രപരമായി ഉണ്ടാകുന്ന കടൽക്കറയുമായി സുനാമിക്ക് ഒരു ബന്ധവും ഉണ്ടാകാൻ സാധ്യതയില്ലെന്നും എൻ.ജെ.കെ.നായർ പറഞ്ഞു.

സമുദ്രകോപം: ധനസഹായം 5 ലക്ഷമാക്കണം -വി.എസ്.

കോഴഞ്ചേരി: കടൽ ഭൂകമ്പദുരന്തത്തിൽ ജീവൻ നഷ്ടപ്പെട്ടവർക്ക് 5 ലക്ഷം രൂപ വീതം ധനസഹായം അനുവദിക്കണമെന്ന് പ്രതിപക്ഷ നേതാവ് വി.എസ്. അച്യുതാനന്ദൻ ആവശ്യപ്പെട്ടു. സിപിഎം ജില്ലാ സമ്മേളന നഗറിൽ പത്രലേഖകരോട് സംസാരിക്കുകയായിരുന്നു വി.എസ്. ഇപ്പോഴത്തെ ദുരിതാശ്വാസ പ്രവർത്തനങ്ങളും സഹായവും അപര്യാപ്തമാണ്. ദുരന്തഭീകരത കുറച്ചുകാണിക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. സിപിഎം നേതാക്കളും വർഗ്ഗ ബഹുജന സംഘടനകളിലെയും എല്ലാ അംഗങ്ങളും ദുരിതാശ്വാസ പ്രവർത്തനത്തിന് മുന്നിട്ടിറങ്ങണമെന്ന് വി.എസ്. അച്യുതാനന്ദൻ ആവശ്യപ്പെട്ടു.

തീരങ്ങളിൽ പേടി; പതിനായിരങ്ങൾ അഭയകേന്ദ്രങ്ങളിൽ

സ്വന്തം ലേഖകൻ

തിരുവനന്തപുരം: സുനാമിത്തിരമാലകളുടെ കൊലയാളിക്കൈകൾ ആഞ്ഞുപുൽകിയ തീരങ്ങൾ പേടിച്ചുവിറങ്ങലിച്ചുനിൽക്കുന്നു. ഉറ്റവരും ഉടയവരും നഷ്ടപ്പെട്ടവരും വീട് തകർന്നവരും വീടുവിട്ടോടാൻ നിർബന്ധിതരുമായ പതിനായിരങ്ങൾ അഭയകേന്ദ്രങ്ങളിൽ നീറിക്കഴിയുകയാണ്. പട്ടിണിയുടെയും വറുതിയുടെയും പകർച്ചവ്യാധികളുടെയും ദിനങ്ങളിലാണ് തീരദേശം. കരംപിളർന്ന ദുരന്തം ഏറ്റുവാങ്ങേണ്ടിവന്ന തീരങ്ങൾ വിജനമാണ്.

136 ദുരിതാശ്വാസ കേന്ദ്രങ്ങളാണ് സംസ്ഥാനത്ത് പ്രവർത്തിക്കുന്നത്. 55,460 പേരെയാണ് ഇവിടങ്ങളിൽ മാറ്റിപാർപ്പിച്ചിരിക്കുന്നത്. സ്കൂളുകൾ മുതൽ റെയിൽവേ സ്റ്റേഷനുകൾവരെ താൽക്കാലിക അഭയകേന്ദ്രങ്ങളായിട്ടുണ്ട്. ആലപ്പുഴയിൽ 31 കേന്ദ്രങ്ങളിലായി 14,500 പേരുണ്ട്. കൊല്ലത്ത് 33 കേന്ദ്രങ്ങളിലായി 24,811 പേരും.

എറണാകുളത്ത് 2,500 പേരെയും തൃശ്ശൂരിൽ 4,800 പേരെയും കോഴിക്കോട്ട് 7,000 പേരെയും മാറ്റിപ്പാർപ്പിച്ചതായി സെക്രട്ടേറിയറ്റിലെ കൺട്രോൾറൂമിൽനിന്ന് അറിയിച്ചു. കടൽകയറിയെങ്കിലും നാശനഷ്ടങ്ങൾ അധികമുണ്ടാകാത്ത തിരുവനന്തപുരത്ത് മൂന്ന് കേന്ദ്രങ്ങളിലായി 1850 പേരെ മാറ്റി പാർപ്പിച്ചിട്ടുണ്ട്. 48 മണിക്കൂർകൂടി കരുതിയിരിക്കണമെന്ന മുന്നറിയിപ്പുപ്രകാരം പലരെയും നിർബന്ധമായി ദുരിതാശ്വാസ കേന്ദ്രങ്ങളിലേക്ക് മാറ്റിയിട്ടുണ്ട്.

കോഴിക്കോട് കടലുണ്ടി തീരത്ത് വെള്ളം പൊങ്ങിയതിനാൽ 85 ഓളം കുടുംബങ്ങളെ കടലുണ്ടി റെയിൽവേസ്റ്റേഷനിലേക്ക് മാറ്റിത്താമസിപ്പിക്കേണ്ടിവന്നു. പല തീരങ്ങളിലും ജനങ്ങം പരിഭ്രാന്തിയിലാണ്. തമിഴ്നാട്ടിലെ കൊല്ലങ്കോട്ട് തിരയിളക്കമുണ്ടായെന്ന സംശയത്തിൽ തിരുവനന്തപുരത്ത് പൊഴിയൂരിൽ കടലോരവാസികം തീരംവിട്ടോടി. കുട്ടികളെയുംകൊണ്ട് ഇവർ നിലവിളിച്ചോടിയത് നാട്ടുകാരെ പരിഭ്രാന്തിയിലാഴ്ത്തി.

ഇവിടെ എണ്ണായിരംപേരെ അഭയകേന്ദ്രങ്ങളിലേക്ക് മാറ്റി.ഞായറാഴ്ച രാത്രിയിലും തിങ്കളാഴ്ച പുലർച്ചെയും പലയാവർത്തി കടൽ കരകയറിയതിനാൽ എന്തും സംഭവിക്കാമെന്ന ആശങ്കയിലാണ് തീരദേശം. ഞായറാഴ്ച തീരങ്ങം പേടിച്ചുറങ്ങിയില്ല. നൂറുകണക്കിന് മത്സ്യത്തൊഴിലാളികംക്ക് വള്ളങ്ങളും വലകളും നഷ്ടപ്പെട്ടിട്ടുണ്ട്. അപകടസാധ്യത കാരണം മത്സ്യബന്ധനത്തിനിറങ്ങരുതെന്ന് കർശന നിർദ്ദേശമുള്ളതിനാൽ ശാന്തമായ കടൽത്തീരങ്ങളിലും മത്സ്യബന്ധനം നടക്കുന്നില്ല.

മാലിയിലേക്ക് ദുരിതാശ്വാസം; വിമാനങ്ങൾ തിരിച്ചു

തിരുവനന്തപുരം: മാലി ദ്വീപിലെ ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ സഹായിക്കാനായി ഇന്ത്യൻ വ്യോമസേനയുടെ രണ്ട് വിമാനങ്ങം തിങ്കളാഴ്ച തിരിച്ചു. തിരുവനന്തപുരം നാവികാസ്ഥാനത്തുനിന്ന് തിരിച്ച വിമാനങ്ങളിൽ 8 ടൺ ഭക്ഷ്യധാന്യങ്ങളും മരുന്നുകളുമാണുള്ളത്. മാലിദ്വീപിന് ഇന്ത്യ നൽകുന്ന സഹായത്തിൻറെ ഭാഗമായാണിത്.

സഹായവുമായി സംഘടനകൾ

തിരുവനന്തപുരം: കടൽക്ഷോഭം നാശനഷ്ടം സംഭവിച്ചവർക്ക് സഹായഹസ്തവുമായി നിരവധി സംഘടനകം മുന്നോട്ടുവന്നു.

ഡി.വൈ.എഫ്.ഐ. 28, 29 തീയതികളിൽ സംസ്ഥാനത്ത് യൂണിറ്റടിസ്ഥാനത്തിൽ സഹായനിധി ശേഖരണം നടത്തും. രണ്ട് ദിവസംകൊണ്ട് കേരളത്തിലെ മുഴുവൻ വീടുകളും സ്ഥാപനങ്ങളും സന്ദർശിച്ച് ഫണ്ട് ശേഖരണം നടത്താനാണ് ഉദ്ദേശിക്കുന്നത്. ദുരിതാശ്വാസ പ്രവർത്തനങ്ങംക്കായി ഒരു ദിവസത്തെ വേതനം നൽകുവാൻ മുഴുവൻ തൊഴിലാളികളും തയ്യാറാകണമെന്ന് സി.ഐ.ടി.യു. സംസ്ഥാന സെക്രട്ടേറിയറ്റ് അഭ്യർഥിച്ചു. ദുരിതമനുഭവിക്കുന്നവർക്കായുള്ള നിധിശേഖരണയജ്ഞത്തിൽ പങ്കാളികളാകണമെന്ന് ബി.ജെ.പി. സംസ്ഥാന പ്രസിഡൻറ് അഡ്വ. പി.എസ്.ശ്രീധരൻപിള്ള അഭ്യർഥിച്ചു.

ജനവരി നാലിന് സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഹുണ്ടികപിരിവ് നടത്തുമെന്നും പഠനോപകരണങ്ങളും വസ്ത്രങ്ങളും ശേഖരിച്ച് നൽകുമെന്നും സംസ്ഥാന പ്രസിഡൻറ് പി.കെ.ബിജുവും സെക്രട്ടറി ടി.വി.രാജേഷും അറിയിച്ചു.

ദുരിതമനുഭവിക്കുന്നവരെ സഹായിക്കാൻ കേരളമുനിസിപ്പൽ ആൻറ് കോർപ്പറേഷൻ സ്റ്റാഫ് യൂണിയൻറെ നേതൃത്വത്തിൽ നഗരസഭ ജീവനക്കാർ ഡിസംബർ 30ന് സംസ്ഥാനവ്യാപകമായി ഹുണ്ടികപിരിവ് നടത്തുമെന്ന് ജനറൽ സെക്രട്ടറി അറിയിച്ചു.

യാക്കോബായ സുറിയാനി സഭ സ്ഥാപനങ്ങളും സംഘടനകളും വ്യക്തികളും സഹായമെത്തിക്കണമെന്ന് അഭ്യർത്ഥിക്കുന്നതായി വർഗീസ് കല്ലൂപ്പാറ അഭ്യർഥിച്ചു. ചൊവ്വാഴ്ച മുതൽ എല്ലാ ദുരിതാശ്വാസ ക്യാമ്പുകളിലും യൂത്ത് കോൺഗ്രസ് പ്രവർത്തകർ ആഹാരസാധനങ്ങളും വസ്ത്രങ്ങളും വിതരണം ചെയ്യുമെന്ന് സംസ്ഥാന പ്രസിഡൻറ് കെ.പി.അനിൽകുമാർ അറിയിച്ചു.

അദ്വാനിയും വെങ്കയ്യയും ഇന്നെത്തും

തിരുവനന്തപുരം: ലോക്സഭാ പ്രതിപക്ഷനേതാവ് എൽ.കെ.അദ്വാനിയും ബി.ജെ.പി. മുൻ അഖിലേന്ത്യാ അദ്ധ്യക്ഷൻ വെങ്കയ്യ നായിഡുവും ചൊവ്വാഴ്ച ആലപ്പുഴ, കൊല്ലം ജില്ലകളിലെ കടൽക്ഷോഭ പ്രദേശങ്ങം സന്ദർശിക്കും. രാവിലെ 10.30 ന് തിരുവനന്തപുരത്തെത്തുന്ന അദ്വാനിയും വെങ്കയ്യയും 10.45 ന് ഹെലികോപ്ടറിൽ നാഗർകോവിലിലേക്ക് പോകും. ഉച്ചയ്ക്ക് രണ്ടിന് കൊല്ലത്തെത്തുന്ന ഇവർ 2.10 ന് റോഡുമാർഗം കരുനാഗപ്പള്ളി, ഓച്ചിറ, കായംകുളം, പ്രദേശങ്ങം സന്ദർശിക്കും. 4.30 ന് കൊച്ചിക്ക് മടങ്ങും. ദേശീയ സെക്രട്ടറി എൽ.ഗണേഷ്, ഒ.രാജഗോപാൽ, ബി.ജെ.പി. സംസ്ഥാന പ്രസിഡൻറ് അഡ്വ. പി.എസ്. ശ്രീധരൻപിള്ള എന്നിവർ ഇവരെ അനുഗമിക്കും.

കേരളം 20 ടൺ ഭക്ഷ്യവസ്തുക്കൾ നൽകും

തിരുവനന്തപുരം: കടലാക്രമണംമൂലം മാലദ്വീപിൽ ഒറ്റപ്പെട്ടുപോയവർക്ക് വിമാനമാർഗം ഭക്ഷണ സാധനങ്ങം എത്തിക്കുന്നതിന് 20 ടൺ ഭക്ഷ്യവസ്തുക്കം കേരളം നൽകും. ഇതുസംബന്ധിച്ച കേന്ദ്ര നിർദ്ദേശം ലഭിച്ചതായി മുഖ്യമന്ത്രി ഉമ്മൻചാണ്ടി പത്രലേഖകരോട് പറഞ്ഞു. ഇതിൻറെ മുന്നോടിയായി 4 ടൺ തിങ്കളാഴ്ച ഉച്ചയോടെയും 4 ടൺ വൈകുന്നേരവും അയച്ചുകഴിഞ്ഞു.

കടൽക്ഷോഭം: കുടിവെള്ളം ഏർപ്പെടുത്തി

തിരുവനന്തപുരം: കടൽക്ഷോഭംമൂലം ജനങ്ങളെ മാറ്റിപാർപ്പിച്ചിട്ടുള്ള ക്യാമ്പുകളിലും മറ്റ് ദുരിതബാധിത മേഖലകളിലും അടിയന്തരമായി കുടിവെള്ളമെത്തിക്കുന്നതിന് ജല അതോറിട്ടി സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ബന്ധപ്പെടേണ്ട ഫോൺ നമ്പരുകം തിരുവനന്തപുരം-2328992, കൊല്ലം -2745293, ആലപ്പുഴ-2242372, എറണാകുളം-2361369.

രക്ഷാപ്രവർത്തനം: സൈന്യം രംഗത്ത്

തിരുവനന്തപുരം: കടലിളക്കത്തെ തുടർന്നുള്ള രക്ഷാപ്രവർത്തനങ്ങംക്കായി സൈന്യം രംഗത്ത്. കൊല്ലം, ആലപ്പുഴ ജില്ലകളിലെ രക്ഷാപ്രവർത്തനത്തിനായി പാങ്ങോട് സൈനിക ക്യാമ്പിൽനിന്നും സൈനികർ പുറപ്പെട്ടതായി സ്റ്റേഷൻ കമാണ്ടർ ബ്രിഗേഡിയർ എസ്.കെ.എച്ച്. ജോൺസൺ അറിയിച്ചു. സംസ്ഥാന സർക്കാരിൻറെ അഭ്യർഥന പ്രകാരമാണ് സൈന്യത്തെ അയച്ചതെന്നും സ്റ്റേഷൻ കമാണ്ടർ അറിയിച്ചു.

തിങ്കളാഴ്ച വീണ്ടും ഭൂചലനം

അന്തമാനിൽ തകർന്നത് അയ്യായിരത്തിലേറെ ജീവൻ

പോർട്ട് ബ്ലയർ: ഭൂകമ്പത്തുമാലകം തകർത്തെറിഞ്ഞ അന്തമാൻ നിക്കോബാർ ദ്വീപ് സമൂഹങ്ങളിൽ മരിച്ചവരുടെ എണ്ണം 5000 കവിഞ്ഞു. വാർത്താവിനിമയ ബന്ധമറ്റ് ഒറ്റപ്പെട്ടു കിടക്കുന്ന ചെറു ദ്വീപുകളിൽ നിന്നുള്ള വിവരം ലഭിക്കുന്നതോടെ മരണസംഖ്യ ഇനിയുമുയരുമെന്നാണ് സൂചന.തിങ്കളാഴ്ച രാവിലെ ഇവിടെ വീണ്ടും ഭൂചലനമനുഭവപ്പെട്ടു.

തിങ്കളാഴ്ച രാവിലെ 6.20 ഓടെയാണ് വടക്കൻ അന്തമാനിൽ റിക്ടർ സ്കെയിലിൽ 6.1രേഖപ്പെടുത്തിയ ഭൂചലനമനുഭവപ്പെട്ടത്. തിങ്കളാഴ്ചാവിലെ മുതൽ ഇവിടെ പലവട്ടം തുടർചലനങ്ങളുണ്ടായിരുന്നു.

സുനാമി എന്നറിയപ്പെടുന്ന കമ്പത്തിരമാലകളുടെ പ്രഭവ കേന്ദ്രമായ ഇൻഡൊനീഷ്യയിലെ സുമാത്രയോട് ഏറ്റവും അടുത്തുകിടക്കുന്ന ഇന്ത്യൻ ഭൂവിഭാഗമായ അന്തമാൻ നിക്കോബാർ ദ്വീപുസമൂഹങ്ങളിലെ നാശനഷ്ടങ്ങം ഇനിയും തിട്ടപ്പെടുത്താനായിട്ടില്ല. നിക്കോബാർ, നാൺ കൗറി ദ്വീപസമൂഹങ്ങളിൽ കനത്ത നാശമുണ്ടായപ്പോം അന്തമാൻ മേഖലയിൽ നാശനഷ്ടങ്ങം കുറവാണ്. 800 കിലോമീറ്റർ പരിധിയിൽ ചിതറിക്കിടക്കുന്ന 579 ദ്വീപ്സമൂഹങ്ങളിലെ പലയിടത്തും ഇതുവരെ രക്ഷാപ്രവത്തകർ എത്തിയിട്ടില്ല. പല ദ്വീപുകളുമായും വാർത്താവിനിമയബന്ധം പുനഃസ്ഥാപിക്കാനുമായിട്ടില്ല.

ദ്വീപ്സമൂഹങ്ങളിൽ 3000-ൽ ഏറെപ്പേർ മരിച്ചതായി സ്ഥിരീകരിച്ചതായി പോലീസ് ഐ.ജി. എസ്.ബി. ദിയോം പറഞ്ഞു. 3000-ത്തിലേറെപ്പേരെ കാണാതായിട്ടുണ്ട്. 19,000 പേർ താമസിക്കുന്ന കാർ നിക്കോബാറിലും 18,000 പേർ താമസിക്കുന്ന നാൺ കൗറിയിലുമുള്ളവരാണ് കാണാതായവരേറെയും. നാൺകൗറി ദ്വീപ് സമൂഹങ്ങളിൽപ്പെട്ട കണ്ടൽ, തെരേസ, ചൗര, പിലാവിലോ തുടങ്ങി പല ദ്വീപുകളിൽ ഇനിയും രക്ഷാപ്രവർത്തനമെത്തിയിട്ടില്ല. ഇവിടെ നിന്നുള്ള വിവരംകൂടി ലഭിക്കുന്നതോടെ മരണസംഖ്യ ഇനിയും ഉയരുമെന്ന് ദിയോം പറഞ്ഞു.

അതിശക്തമായ തിരമാലകളിൽപ്പെട്ട് അന്തമാനിലെ വാർത്താവിനിമയ ബന്ധങ്ങം വിച്ഛേദിക്കപ്പെട്ടിരിക്കുകയാണ്. വിമാനത്താവളത്തിൽ വെള്ളം കയറിയതുകാരണം നിർത്തിവെച്ചിരുന്ന വിമാന ഗതാഗതം ഭാഗികമായി പുനഃസ്ഥാപിച്ചിട്ടുണ്ട്. കാർ നിക്കോബാറിൽ സേനാ താവളം ഒഴുകിപ്പോയി മരിച്ചവരുടെ എണ്ണം 77 ആയി. 2000ഓളം വിനോദ സഞ്ചാരികം ഇവിടെ കുടുങ്ങിപ്പോയിട്ടുണ്ട്.

ഇൻഡൊനീഷ്യയിൽ നിന്ന് 250 കിലോമീറ്റർ മാത്രം അകലെയുള്ള അന്തമാനിലേക്ക് ഇന്ത്യയുടെ മറുഭാഗങ്ങളിൽ നിന്ന് 1200 കിലോമീറ്റർ ദൂരമുണ്ട്.

അനിൽ അംബാനി ഒരു കോടി നൽകി

മുംബൈ: റിലയൻസ് ഇൻഡസ്ട്രീസ് ലിമിറ്റഡിൻറെ വൈസ് ചെയർമാനും മാനേജിങ് ഡയറക്ടറുമായ അനിൽ അംബാനി പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ഒരു കോടിരൂപ സംഭാവന ചെയ്തു.

പാർലമെൻറ് അംഗമെന്ന നിലയിൽ തൻറെ വ്യക്തിപരമായ സംഭാവനയാണിതെന്ന് അനിൽ അംബാനി പറഞ്ഞു.

രംഗത്തിറങ്ങുമെന്ന് ജോസ് കെ.മാണി

തിരുവനന്തപുരം: ദുരിതാശ്വാസരംഗത്ത് സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള പരിപാടികം വിജയിപ്പിക്കുന്നതിന് യൂത്ത് ഫ്രണ്ട് (എം) പ്രവർത്തകർ രംഗത്തിറങ്ങുമെന്ന് സംസ്ഥാന പ്രസിഡൻറ് ജോസ് കെ.മാണി അറിയിച്ചു.

10 ലക്ഷം പേർ ഭവനരഹിതരായി

ശ്രീലങ്കയിൽ മരിച്ചവരുടെ സംഖ്യ 12,000

കൊളംബോ: ശ്രീലങ്കയിൽ 'സുനാമി' ദുരന്തത്തിൽ മരിച്ചവരുടെ എണ്ണം പന്ത്രണ്ടായിരത്തിലേറെയായി. ഇതിൽ രണ്ടായിരം പേർ, തമിഴ് പുലികളുടെ നിയന്ത്രണത്തിലുള്ള വടക്കുകിഴക്കൻ മേഖലയിലാണ് മരിച്ചത്. പത്തുലക്ഷത്തോളം പേരാണ് രാജ്യത്ത് ഭവനരഹിതരായിരിക്കുന്നത്. മരിച്ചവരിൽ ഇരുന്നൂറോളം വിദേശ ടൂറിസ്റ്റുകം ഉംപ്പെടുന്നതായി സംശയിക്കുന്നു. ഇക്കൂട്ടത്തിൽ ഇന്ത്യക്കാരുമുണ്ട്.

രാജ്യത്ത് ദേശീയ ദുരന്തമുണ്ടായതായി പ്രസിഡൻറ് ചന്ദ്രിക കുമാരതുംഗെ പ്രഖ്യാപിച്ചു. ചന്ദ്രിക ഇപ്പോം ബ്രിട്ടനിൽ സുഖവാസത്തിലാണ്.

ശ്രീലങ്കയ്ക്ക് ദുരിതാശ്വാസമെത്തിക്കണമെന്ന് ചന്ദ്രിക അന്താരാഷ്ട്ര സമൂഹത്തോട് അഭ്യർഥിച്ചു. "ഇത്ര വലിയൊരു ദുരന്തം ഞങ്ങം മുമ്പ് നേരിട്ടിട്ടില്ല. എങ്ങനെ നേരിടണമെന്ന് അറിയുകയുമില്ല"-അവർ പറഞ്ഞു.

വിവിധ രാജ്യങ്ങളും അന്താരാഷ്ട്ര സന്നദ്ധ സംഘടനകളും ശ്രീലങ്കയ്ക്ക് സഹായങ്ങം പ്രഖ്യാപിച്ചിട്ടുണ്ട്. ഭവനരഹിതരായിത്തീർന്ന പതിനായിരക്കണക്കിനാളുകം രാജ്യത്തിൻറെ വിവിധ ഭാഗങ്ങളിൽ സ്കൂളുകളിലും അമ്പലങ്ങളിലും ബസ് സ്റ്റാൻഡുകളിലും സർക്കാരോഫീസുകളിലും അഭയം തേടിയിരിക്കുകയാണ്.

സൈന്യവും പോലീസും രക്ഷാപ്രവർത്തനത്തിനിറങ്ങിയിട്ടുണ്ട്. തമിഴ് പുലികളുടെ നിയന്ത്രണത്തിലുള്ള വടക്കുകിഴക്കൻ മേഖലയിലും 'സുനാമി' വൻനാശം വിതച്ചു. ആ പ്രദേശങ്ങളിൽ പുലികളുടെ നേതൃത്വത്തിലാണ് രക്ഷാപ്രവർത്തനം നടക്കുന്നത്.

ഇൻഡൊനീഷ്യയിൽ മരണസംഖ്യ 5000

ആച്ചേ വിമതരുമായി സൈന്യം വെടിനിർത്തൽ പ്രഖ്യാപിച്ചു

ജകർത്ത: സമുദ്രഭൂകമ്പത്തിലും 'സുനാമി'പ്രകമണത്തിലും മരിച്ചവരുടെ സംഖ്യ വരിക്കുന്നതിനിടെ, ആച്ചേ വിമതരുമായി ൻഡൊനീഷ്യൻ സൈന്യം തിങ്കളാഴ്ച വെനിർത്തൽ പ്രഖ്യാപിച്ചു. ഭൂകമ്പത്തിനിരായവരെ സഹായിക്കാൻ എല്ലാവർക്കുമവസരമൊരുക്കാനാണ് ഈ നടപടിനെ് സൈനികമേധാവി ജനറൽ എൻ ഡ്രിർട്ടോനോ സുറ്റാർതോ അറിയിച്ചു.

ഇൻഡൊനീഷ്യയിലെ സുമാത്രാ ദ്വീപിന് സമമാണ് ഞായറാഴ്ച രാവിലെ വൻ ഭൂകം ഉണ്ടായത്. രാജ്യത്ത് ഇതുവരെ 5000പർ മരിച്ചതായാണ് കണക്ക്. വടക്കൻ മാത്രയിൽ ആച്ചേ പ്രവിശ്യയുടെ തലന്നമായ ബന്ദേ ആച്ചേയിലാണ് ഏറ്റവവലിയ ദുരന്തമുണ്ടായത്. അവിടെ മാ. 3000 പേർ മരിച്ചതായി റിപ്പോർട്ടുകം പറയുന്നു. സമുദ്രഭൂകമ്പത്തെത്തുടർന്ന് 10 മീറ്റർ ഉയരത്തിൽ ആഞ്ഞടിച്ച 'സുനാമി' തിരകം, ആച്ചേ മേഖലയെയാകെ തകർത്തെറിയുകയാണ് ചെയ്തത്. ആയിരക്കണക്കിന് വീടുകം തകർന്നു. പള്ളികളും ഹോട്

ചാവേർ ആക്രമണം: ഇറാഖിൽ 13 പേർ മരിച്ചു

ബാഗ്ദാദ്: ബാഗ്ദാദിൽ ഷിയാ നേതാവ് അബ്ദുൽ അസീസ് ഹക്കിമിന്റെ ഓഫീസിനടുത്തുണ്ടായ കാർബോംബ് സ്ഫോടനത്തിൽ 13 പേർ മരിച്ചു. 66 പേർക്ക് പരിക്കേറ്റിട്ടുണ്ട്. സ്ഫോടനത്തിൽ 60 കാറുകളും തകർന്നതായി ആഭ്യന്തര മന്ത്രാലയം അറിയിച്ചു. അതിനിടെ ഇറാഖിലെ റമാദി നഗരത്തിൽ അഞ്ചുപേരെ പോരാളികൾ വധിച്ചു.

സ്ഫോടക വസ്തുക്കൾ നിറച്ച കാറുമായി ആക്രമികൾ അബ്ദുൽ അസീസ് ഹക്കിമിന്റെ പാർട്ടിയുടെ ആസ്ഥാനമന്ദിരത്തിലേക്ക് ഓടിച്ചുകയറുകയായിരുന്നു. ഹക്കിം രക്ഷപ്പെട്ടെങ്കിലും അദ്ദേഹത്തിന്റെ നിരവധി അംഗരക്ഷകർ മരിച്ചു.

ഇറാഖിലെ ജനസംഖ്യയുടെ 60 ശതമാനം വരുന്ന ഷിയാ വിഭാഗക്കാർ ജനവരി 30ന് നടക്കുന്ന പൊതു തിരഞ്ഞെടുപ്പിൽ ഭൂരിപക്ഷം നേടുമെന്ന് ഉറപ്പായിട്ടുണ്ട്. ഷിയാ വിഭാഗമുപ്പെട്ട 'യൂനൈഫൈഡ് ഇറാഖി അലയൻസിന്റെ പ്രമുഖസ്ഥാനാർഥിയാണ് ഹക്കിം.

2003 ഏപ്രിലിൽ സദ്ദാം ഭരണകൂടം വീണശേഷം, ഹക്കിം നേതൃത്വം നൽകുന്ന സുപ്രീം കൗൺസിൽ ഫോർ ദി ഇസ്ലാമിക് റവല്യൂഷൻ ഇൻ ഇറാഖി (എസ്.സി.ഐ.ആർ.ഐ)ന്റെ നൂറിലേറെ പ്രവർത്തകർ കൊല്ലപ്പെട്ടിട്ടുണ്ട്.

അതിനിടെ സുന്നികളുടെ രാഷ്ട്രീയ പ്രസ്ഥാനമായ 'ഇറാഖി ഇസ്ലാമിക് പാർട്ടി' ജനവരി 30ലെ തിരഞ്ഞെടുപ്പ് ബഹിഷ്കരിക്കുമെന്ന് പ്രഖ്യാപിച്ചു. തിരഞ്ഞെടുപ്പ് ആറുമാസത്തേക്ക് നീട്ടിവെക്കണമെന്ന ആവശ്യം അധികൃതർ തള്ളിയതിനാലാണ് തിരഞ്ഞെടുപ്പ് ബഹിഷ്കരിക്കുന്നതെന്ന് പാർട്ടി നേതാവ് മൊഹ്സൻ അബ്ദുൽ ഹമീദ് അറിയിച്ചു.



യുഷ്ചെങ്കോ യുക്രൈൻ പ്രസിഡൻറ്

കീവ്: യുക്രൈനിൽ പ്രതിപക്ഷ സ്ഥാനാർഥിയും മുൻ പ്രധാനമന്ത്രിയുമായ വിക്ടർ യുഷ്ചെങ്കോ പ്രസിഡൻറാവും.

ഞായറാഴ്ച നടന്ന റീപോളിങിലെ 90 ശതമാനം വോട്ട് എണ്ണിത്തീർന്നപ്പോഴാണ് യുഷ്ചെങ്കോ 54 ശതമാനം നേടി. എതിർ സ്ഥാനാർഥിയും ഇപ്പോഴത്തെ പ്രധാനമന്ത്രിയുമായ വിക്ടർ യാനുകോവിച്ചിന് 42 ശതമാനം വോട്ടേ കിട്ടിയിട്ടുള്ളൂ.

നവംബർ 21ന് നടന്ന പ്രസിഡൻറ് തിരഞ്ഞെടുപ്പിൽ യാനുകോവിച്ച് ജയിച്ചതായി പ്രഖ്യാപിച്ചിരുന്നു. എന്നാൽ തിരഞ്ഞെടുപ്പിൽ കൃത്രിമം നടന്നതായി ആരോപിച്ച് യുഷ്ചെങ്കോയും അനുയായികളും പ്രക്ഷോഭം തുടങ്ങി. തുടർന്ന് സുപ്രീംകോടതി വീണ്ടും വോട്ടെടുപ്പ് നടത്താൻ ഉത്തരവിടുകയായിരുന്നു.

പഴയ സോവിയറ്റ് യൂണിയന്റെ ഭാഗമായിരുന്നു യുക്രൈൻ. യാനുകോവിച്ച് റഷ്യൻ അനുകൂലിയാണ്. റഷ്യൻ പ്രസിഡൻറ് വ്ളാദിമിർ പുചിൻ അദ്ദേഹത്തിന് പിന്തുണ പ്രഖ്യാപിച്ചിരുന്നു. യുഷ്ചെങ്കോ ആവട്ടെ പടിഞ്ഞാറൻ അനുകൂലിയാണ്. അദ്ദേഹത്തിന്റെ വിജയം അമരിക്കയ്ക്കും മറ്റും നേട്ടമാണ്.

തിരഞ്ഞെടുപ്പിനുള്ള പ്രചാരണത്തിനിടെ യുഷെചെങ്കോയ്ക്ക് വിഷം നൽകിയതായി ആരോപണമുണ്ടായിരുന്നു. റീപോളിങിനുള്ള പ്രചാരണക്കാലത്ത് ഇക്കാര്യം വൈദ്യശാസ്ത്ര വൃത്തങ്ങളും സ്ഥിരീകരിച്ചു. ഇത് യുഷ്ചെങ്കോയ്ക്ക് അനുകൂലമായ സഹതാപതരംഗമുയർത്തിയിട്ടുണ്ടാവാമെന്ന് നിരീക്ഷകർ കരുതുന്നു.

വിഷം നൽകിയതിനെത്തുടർന്ന് യുഷ്ചെങ്കോയുടെ മുഖത്ത് ചുളിവുകളും മറ്റും പ്രത്യക്ഷപ്പെട്ടിരുന്നു.

ദുരന്ത മേഖലയിൽ പകർച്ചവ്യാധി പടരുമെന്ന് യു.എൻ.

ജനീവ: 'സുനാമി' ദുരന്തം ബാധിച്ച പ്രദേശങ്ങളിൽ വരും ദിവസങ്ങളിൽ പകർച്ചവ്യാധികൾ പടരാൻ സാധ്യതയുണ്ടെന്ന് ഐക്യരാഷ്ട്രസഭ മുന്നറിയിപ്പ് നൽകി.

ദുരിത മേഖലകളിലെ ആരോഗ്യ സംവിധാനങ്ങൾ ഉണർന്നു പ്രവർത്തിച്ചില്ലെങ്കിൽ പകർച്ചവ്യാധികൾ പടർന്നുപിടിക്കാൻ താമസമുണ്ടാവില്ലെന്ന് യു.എൻ. അടിയന്തര സഹായ വിഭാഗം മേധാവി യാൻ ഇഗലൻഡ് പറഞ്ഞു.

''ദുരന്തബാധിത പ്രദേശങ്ങളിൽ ശുചിത്വപ്രശ്നവും ശുദ്ധജലത്തിന്റെ അഭാവവും രൂക്ഷമാവും. ജനസാന്ദ്രതയുള്ള പ്രദേശങ്ങളാണിവയെന്നത് പ്രശ്നത്തിന്റെ കാർക്കശ്യം കൂട്ടും'' -യാൻ ഇഗലൻഡ് അഭിപ്രായപ്പെട്ടു.

ഇതിനിടെ, വിവിധ രാജ്യങ്ങളും അന്താരാഷ്ട്ര സന്നദ്ധ സംഘടനകളും ദുരിതാശ്വാസവുമായി രംഗത്തെത്തി. യൂറോപ്യൻ യൂണിയൻ മുപ്പത് ലക്ഷം യൂറോ (ഏകദേശം 17.7 കോടി രൂപ) അടിയന്തര സഹായം പ്രഖ്യാപിച്ചു. ശ്രീലങ്കയിലേക്കും ഇൻഡൊനീഷ്യയിലേക്കും റഷ്യ ദുരിതാശ്വാസ സാമഗ്രികൾ അയച്ചു. ഫ്രാൻസും ജപ്പാനും ഇസ്രായേലും ശ്രീലങ്കയിലേക്ക് വൈദ്യശാസ്ത്ര വിദഗ്ധരെ അയച്ചു. ഇസ്രായേൽ ഇന്ത്യയ്ക്ക് സമാന സഹായം വാഗ്ദാനം ചെയ്തിട്ടുണ്ട്.

യു.എൻ. ശ്രീലങ്കയിലേക്ക് ദുരിതാശ്വാസ പ്രവർത്തകരെ അയച്ചിട്ടുണ്ട്. ഇന്ത്യയും പാകിസ്താനും ശ്രീലങ്കയ്ക്ക് സഹായം വാഗ്ദാനം ചെയ്തിട്ടുണ്ട്. ഇന്ത്യയുടെ അഞ്ചു കപ്പലുകളും സഹായവുമായി ശ്രീലങ്കയിലേക്ക് പോയിട്ടുണ്ട്.

ഗ്രീസ് ചെന്നൈയിലേക്കും ശ്രീലങ്കയിലേക്കും ദുരിതാശ്വാസ സാമഗ്രികളും അയച്ചു.

ജർമ്മനി, ഓസ്ട്രേലിയ, കുവൈത്ത്, അയർലൻഡ്, ബ്രിട്ടൻ തുടങ്ങിയ രാജ്യങ്ങളും ധനസഹായം പ്രഖ്യാപിച്ചിട്ടുണ്ട്. കൂടാതെ, വിവിധ രാജ്യങ്ങളിലെ സന്നദ്ധ സംഘടനകളും സഹായവുമായി രംഗത്തിറങ്ങിയിട്ടുണ്ട്.

ഫ്രാൻസിൽ പാർപ്പിടസമുച്ചയം സ്ഫോടനത്തിൽ തകർന്ന് 14 പേർ മരിച്ചു

പാരീസ്: കിഴക്കൻ ഫ്രാൻസിലെ മുൽഹൗസിൽ പാർപ്പിടസമുച്ചയം സ്ഫോടനത്തിൽ തകർന്ന് 14 പേർ മരിച്ചു. പാചകവാതക ചോർച്ചയാണ് അപകടകാരണം.

ഞായറാഴ്ചയുണ്ടായ സ്ഫോടനത്തിൽ നാലുനിലകെട്ടിടം പൂർണമായും തകർന്നു. മൂന്നു ദശാബ്ദങ്ങൾക്കിടയിൽ ഫ്രാൻസിൽ നടക്കുന്ന ഏറ്റവും വലിയ സ്ഫോടനമാണിത്.

നൂറിലേറെ അഗ്നിശമനസേനാംഗങ്ങൾ ചേർന്ന് ഒറ്റരാത്രികൊണ്ട് കെട്ടിടാവശിഷ്ടങ്ങൾ നീക്കി. കെട്ടിടത്തിനിടയിൽ നിന്ന് എട്ട് മൃതദേഹങ്ങൾ കണ്ടെടുത്തു.

ഇന്ത്യ-പാക് വിദേശകാര്യ സെക്രട്ടറിമാർ ചർച്ച തുടങ്ങി

ഇസ്ലാമാബാദ്: ജമ്മു കശ്മീർ ഉൾപ്പെടെയുള്ള തർക്കവിഷയങ്ങൾക്ക് പരിഹാരം കാണുന്നതിനായി ഇന്ത്യയുടെയും പാകിസ്താന്റെയും വിദേശകാര്യ സെക്രട്ടറിമാർ ഇസ്ലാമാബാദിൽ ചർച്ച തുടങ്ങി. വിദേശകാര്യ സെക്രട്ടറി ശ്യാം സരണും പാക് വിദേശകാര്യ സെക്രട്ടറി റിയാസ് കോക്കറും തമ്മിൽ നടക്കുന്ന രണ്ടു ദിവസ കൂടിക്കാഴ്ചയിൽ ശ്രീനഗർ-മുസാഫറാബാദ് ബസ്സർവീസ് ആരംഭിക്കുന്നത് സംബന്ധിച്ച പ്രശ്നങ്ങളും ചർച്ചാവിഷയമാവും. സമഗ്ര ചർച്ചാ പരിപാടിയുടെ ഭാഗമായി വിദേശകാര്യ സെക്രട്ടറിമാർ നടത്തുന്ന രണ്ടാംവട്ട ചർച്ചയാണിത്. ജമ്മു-കശ്മീർ, അതിർത്തിയിലെ സമാധാനവും സുരക്ഷയും പരസ്പരവിശ്വാസം വളർത്താനുപയോഗിക്കുന്ന മറ്റു നടപടികളും എന്നിവ സെക്രട്ടറിമാർ ചർച്ച ചെയ്യും. ഒപ്പം, സിയാച്ചിൻ ടൂറിസം, മയക്കുമരുന്ന്, കള്ളക്കടത്ത് തടയൽ, സാമ്പത്തിക വാണിജ്യതല സഹകരണം തുടങ്ങിയ വിഷയങ്ങളും സംബന്ധിച്ച് ഉദ്യോഗസ്ഥതല ചർച്ച കൾക്ക് സമയപരിധി നിശ്ചയിക്കും. ഞായറാഴ്ച പാകിസ്താനിലെത്തിയ ശ്യാംസരൺ രാത്രി കോക്കറുമായി അനൗദ്യോഗിക ചർച്ച നടത്തിയിരുന്നു. വാഗ അതിർത്തിയിലെത്തുന്ന പാകിസ്താൻകാർക്ക് വിസ അനുവദിക്കുന്നതിൽ കുറച്ചുകൂടി ഇളവ് വരുത്താൻ ഇന്ത്യ തീരുമാനിച്ചതായി അറിയുന്നു.

തയ്വാനെറ സ്വാതന്ത്ര്യ നീക്കം നേരിടുമെന്ന് ചൈന

ബെയ്ജിങ്: തയ്വാനുമായുള്ള ബന്ധം അങ്ങേയറ്റം വഷളായിരിക്കുകയാണെന്നും സ്വാതന്ത്ര്യത്തിനുവേണ്ടി തയ്വാൻ എന്തെങ്കിലും നീക്കം നടത്തിയാൽ ചൈനീസ് ജനതയും സേനയും ചേർന്ന് അത് ശക്തമായി നേരിടുമെന്നും ചൈന വ്യക്തമാക്കി. സർക്കാർ പുറത്തിറക്കിയ ധവളപത്രത്തിലാണ് ഇക്കാര്യം പറയുന്നത്.

തയ്വാൻ തങ്ങളിൽ നിന്ന് വിട്ടുപോയ ഒരു പ്രവിശ്യയാണെന്നാണ് ചൈന കരുതുന്നത്. ബലം പ്രയോഗിച്ചാൽ പോലും അത് തിരിച്ചുപിടിച്ച് ഒന്നിപ്പിക്കണമെന്നാണ് ചൈനയുടെ നിലപാട്.

സ്വാതന്ത്ര്യത്തിനായി തയ്വാൻ എടുത്തുചാടിയാൽ ശക്തമായ തിരിച്ചടി നൽകുമെന്ന് ദേശീയ സുരക്ഷ സംബന്ധിച്ച് പുറത്തിറക്കിയ ധവളപത്രത്തിൽ പറയുന്നു.

ഇൻഡൊനീഷ്യയിൽ 65 തുടർ പ്രകമ്പനങ്ങൾ; നേപ്പാളിലും ഭൂകമ്പം

ജക്കാർത്ത: സുമാത്രാ ദ്വീപിന് സമീപം ഞായറാഴ്ച രാവിലെയുണ്ടായ അതിശക്തമായ ഭൂകമ്പത്തിന് ശേഷം ഇൻഡൊനീഷ്യയിൽ 65 തുടർ പ്രകമ്പനങ്ങൾ രേഖപ്പെടുത്തിയതായി ഭൂഗർഭശാസ്ത്രജ്ഞർ അറിയിച്ചു. എല്ലാ പ്രകമ്പനങ്ങളും റിക്ടർ സ്കെയിലിൽ ആറിൽ കുറവാണ് രേഖപ്പെടുത്തിയത്. അതിനിടെ, പശ്ചിമ നേപ്പാളിൽ റിക്ടർ സ്കെയിലിൽ 4.3 രേഖപ്പെടുത്തിയ ഭൂകമ്പമുണ്ടായത് പരിഭ്രാന്തി പരത്തി. നാശനഷ്ടങ്ങളൊന്നുമുണ്ടായിട്ടില്ലെന്ന് നേപ്പാൾ റേഡിയോ റിപ്പോർട്ടു ചെയ്തു.

ഇൻഡൊനീഷ്യയിലനുഭവപ്പെട്ട തുടർ പ്രകമ്പനങ്ങൾക്ക് ആഘാത ശേഷി താരതമ്യേന കുറവായതിനാൽ ആശങ്കയുടെ കാര്യമില്ലെന്ന്, ദേശീയ സിസ്മോളജി കേന്ദ്രത്തിലെ വിയാന്റോ അറിയിച്ചു.

ആഘാതശേഷി റിക്ടർ സ്കെയിലിൽ 9

വാഷിങ്ടൺ: ദക്ഷിണേഷ്യയിൽ ആയിരക്കണക്കിനാളുകളുടെ മരണത്തിനിടയാക്കിയ സമുദ്ര ഭൂകമ്പത്തിന്റെ ആഘാതശേഷി, റിക്ടർ സ്കെയിലിൽ ഒൻപതാണെന്ന് യു.എസ്. ജിയോളജിക്കൽ സർവേ സ്ഥിരീകരിച്ചു. 8.9 എന്നായിരുന്ന നേരത്തെയുള്ള വിലയിരുത്തൽ.

1900-നുശേഷമുണ്ടാകുന്ന നാലാമത്തെ വലിയ ഭൂകമ്പമാണ് സുമാത്രയിലേതെന്ന് യു.എസ്. വിദഗ്ധർ പറഞ്ഞു.

159 പലസ്തീൻ തടവുകാരെ ഇസ്രായേൽ വിട്ടയച്ചു

ജറുസലേം: ഈജിപ്ത് പ്രസിഡൻറ് ഹോസ്നി മുബാറക്കിനോടുള്ള അനുഭാവ സൂചകമായി ഇസ്രായേൽ 159 പലസ്തീൻ തടവുകാരെ തിങ്കളാഴ്ച വിട്ടയച്ചു.

കൊലപാതകംപോലുള്ള വലിയ കുറ്റകൃത്യങ്ങൾ ചെയ്തിട്ടില്ലാത്ത, അതേസമയം ഇസ്രായേൽ വിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ട 113 പേരെയാണ് വിട്ടയച്ചത്. വിട്ടയച്ച ബാക്കിയുള്ള 46 പേർ അനധികൃതമായി ഇസ്രായേലിൽ പ്രവേശിച്ചതിന് തടവിലായവരാണ്.

ചാരപ്രവർത്തനം നടത്തി ഈജിപ്തിൽ പിടിയിലായ ഇസ്രായേലുകാരൻ അസ്സം അസ്സമിനെ മോചിപ്പിക്കാമെന്ന് ഈജിപ്ത് പ്രസിഡൻറ് മുബാറക്ക് സമ്മതിച്ചിരുന്നു. ഇതേ തുടർന്നാണ് അദ്ദേഹത്തോടുള്ള ആദരസൂചകമായി 159 പലസ്തീൻ തടവുകാരെ വിട്ടയയ്ക്കാൻ ഇസ്രായേൽ പ്രധാനമന്ത്രി ഏരിയൽ ഷാരോൺ തീരുമാനിച്ചത്.

അതിനിടെ, വെസ്റ്റ്ബാങ്ക് നഗരമായ നാബ്ലസിനു സമീപം വെച്ച്, പലസ്തീൻ സംഘടനയായ അൽ-അക്സ മാർട്ടയേഴ്സ് ബ്രിഗേഡ്സിന്റെ ഒരു പ്രാദേശിക നേതാവിനെ ഇസ്രായേൽ സേന വധിച്ചു.

മാതൃഭൂമി - യൂണിടെക്
തൊഴിൽപരിശീലനപദ്ധതി
അടുത്ത നറുക്കെടുപ്പ് 1-1-2005 ന്
അയക്കേണ്ട വിലാസം : റീജിയണൽ മാനേജർ, മാതൃഭൂമി, തിരുവനന്തപുരം
പ്രവേശന കൂപ്പൺ No. 4
പേര് : .....
അഡ്രസ്സ് : .....
.....
.....Phone.....
കവറിനുപുറത്ത് മാതൃഭൂമി-യൂണിടെക് തൊഴിൽപരിശീലനപദ്ധതി എന്നെഴുതിയിരിക്കണം

ഗ്യാസ്സ്റ്റൗ
വീട്ടിൽവന്ന്റിപ്പയർചെയ്യുന്നതാണ്. പഴയസ്റ്റൗവിനുപകരം പുതിയസ്റ്റൗവീട്ടിലെത്തിക്കുന്നതാണ്.RT സർവ്വീസ്സെന്റർ
Ph.2321791,2341977
Mob.9447243681

EPSON
CARTRIDGE TO CRUISE OFFER
BUY A GENUINE EPSON INK CARTRIDGE & WIN A TRIP ON
STAR CRUISE
Lots of exciting prizes to be won*
For details check entry coupon inside the pack.
also available with
SILVER DEAL
GET A FREE SILVER COIN#
with every T038 & T039 Ink Cartridges
Offer valid till stocks last *conditions apply
BABA & BABA, Ph: 2463322, 2573322

Lens & frames OPTICIANS
ISO 9001:2000 CERTIFIED OPTICIAN
PROGRESSIVE LENSES BY LENS & FRAMES
Our range of progressive lenses are the best money can buy. Lenses without the irritating bifocal or trifocal lines - for sharp and uninterrupted vision. Featuring a range of international brands like Essilor, Nikon, Kodak, Sola, Rodenstock, Corning, Transitions and more.
Nikon ESSILOR Corning SOLA RODENSTOCK
M.G. Road, Trivandrum Tel: 2471354.
DR. G. Chandra Mohan M.B.B.S., D.O.

BUY BEFORE THE PRICE HIKE
EASY FINANCE SCHEME AVAILABLE
Rs. 1280/-
LOW EMI*
(MONTHLY INSTALMENT)
LOAN UP TO 100%
Free Insurance & Music System
* Conditions Apply
* Loans at sole discretion of finance company.
LIMITED PERIOD SCHEME, FOR DOCTORS
HILTON HYUNDAI
Sasthamangalam, Tvm. Ph: 0745, 2314654, 2313337, 2314694.

ഫിലിപ്സ് ജീനി
സാങ്കേതിക വിദ്യയിൽ ഉന്നതം
വലിപ്പത്തിൽ ചെറുത്.
ഒരു സാധാരണ ബൾബുപയോഗിക്കുന്നതിനേക്കാൾ 80% വൈദ്യുതി ലാഭിക്കും
PHILIPS GENIE 5 WATT
10.4 cms
നൊടുനാൾ നീണ്ടു നിൽക്കുന്ന ബൾബ്.
PHILIPS
* 8W, 11W & 14W വാട്ടിലും ലഭ്യം **വാം വൈറ്റ്, കൂൾ ഡേ ലൈറ്റ് ഇനങ്ങളിലും ലഭ്യം R

LG
Life's Good
4 GREAT WAYS TO WISH YOUR LOVED ONES THIS NEW YEAR
G5600 Yuvi
VGA CMOS camera
4x digital zoom
128 x 160 pixels
TFT LCD screen
F7100 Slider
Slider design
In-built compass
Answering machine
C1100 Dazzle
Compact clamshell design
Polyphonic ring tones
65k color LCD display
G1600 Freedom
65k color LCD display
MMS, JAVA & GPRS
Polyphonic ring tones
"let's talk" GSM MOBILE PHONES
The picture shown above is only an artistic impression
LG Customer Service 3094603
LG Electronics India Pvt. Ltd., Branch Offices: Cochin: 0484-2368966, 2369743, 2370744. Kozhicode: 0495-2366755, 2366756. LG Authorised Distributor: Trivandrum: S K Traders Pvt Ltd. 9387833222. LG Mobile Partners: Trivandrum: Quilon Radio Service 2462996, Binary System 2336191, Cellular World 2576129, Hotline Comm. 2570074, Mobile Centre 3094603, Twins Mobile Comm. 9895235337, Metro Watch & Mobile 9447066647, Car Plus 2334499, Bpl Mobile Gallery 2335801, Electronic City 2468099, A.P.R. Multy Shoppe 3098820, 6Th Avenue 2559889, United 2331853, Gees Associates 3093404, Sensation 2570074, Poomugathu Agencies 2227813, White Line Mobile Care 2468743, Ganagothri Electronics 2596674, Margin Free Mkt. 3100207, Indicom Systems 2300165, Nath Comm. 3208855, Campus World 2357926, Escotel Zone - Rajadhani 2477220, Softline 9847060204, Aswathy Colour Lab 2752454, Global 2900915, Watch Gallery 9846173183, Prabath Comm. 2479816, Hampel 3093371, Laltraders 2585762. Karamana: Lineart Gift 9846020740. Balaramapuram: Supriya 2400311. Parasaka: Flings Telelinks 2203763. Nedumanagad: Rajan Watch House 2812283, Real Home Shopping 2840185. Attingal: Alhaja Colour Lab 0470-2620185, Amys Mobile Phone Care 2624225, Attingal Mobiles 2620971, Greens Mobile 9447389118, Cell City 0470-3090570. Neyattinkara: Delta Tech 2226211. Central Complaint Cell: happycalls@lgezbuy.com. For service queries log on to: www.lgservice.com. For online buying and more, visit us at: www.lgezbuy.com. Dealers' enquiries solicited. For Further Information Kerala Contact Revikumar 919895399816.



മാധവിക്കുട്ടിയുടെ പുതിയ നോവൽ തുടങ്ങുന്നു
വണ്ടിക്കാളകൾ
മാധവിക്കുട്ടി കഥകളെഴുതുന്നു, നുണക്കഥകളെഴുതാൻ സാമർഥ്യമുള്ള, ആരെയും പേടിയില്ലാത്ത, ഒരാളോടും ഭയമില്ലാത്ത ഒരു റിബൽ ആണ്. കമലാ സുറയ്യ മിതത്വം പാലിക്കുന്ന ഒരു മുസ്ലിംസ്ത്രീയാണ്. പിന്നെ ഈ രണ്ട് വ്യക്തിത്വങ്ങളും രണ്ട് രീതിയിലാണ് സ്വാധീനിക്കുന്നത്. സ്വകാര്യജീവിതത്തിൽ ഞാൻ സുറയ്യ ആയിട്ടാണ് ജീവിക്കുന്നത്. സംശയമില്ല. എന്റെ ചിന്തകളിൽ മാധവിക്കുട്ടി ചിറകുവിടർത്തി ആകാശത്തിൽ പറക്കും. പറക്കുന്നതിനിടയിൽ അതിർവരമ്പുകൾ ശ്രദ്ധിക്കില്ല. ആണെന്നോ പെണ്ണെന്നോ ശ്രദ്ധിക്കില്ല. മനുഷ്യരെ അന്വേഷിച്ച് അവരുടെ സ്നേഹത്തെ അന്വേഷിച്ച് ചെല്ലാൻ പാടില്ലാത്തിടത്തെല്ലാം ചെല്ലും. പറയാൻ പാടില്ലാത്തതെല്ലാം പറയും.
'ആദ്യവും അവസാനവും ഞാൻ മാധവിക്കുട്ടി'
മാധവിക്കുട്ടിയുമായി അഭിമുഖം
സൗജന്യ ധനസഹായം വായ്പയേക്കാൾ അപകടകരമാവുന്നതിന്റെ ചിത്രമാണ് കേരളം വെളിപ്പെടുത്തുന്നത്. നാലാം ലോക സിദ്ധാന്തങ്ങൾ അമേരിക്കൻ വിദേശനയത്തിന്റെ ആധാരരേഖകളിൽ നിന്നാണ് പടിയിറങ്ങി വരുന്നത്. കേരളത്തെ അമേരിക്കവത്കരിക്കുന്നവരെ തിരിച്ചറിയേണ്ടതുണ്ടെന്ന് ലേഖകൻ
അമേരിക്ക കേരളത്തിൽ നടപ്പിലാവുമ്പോൾ
എസ്. സുധീഷ്
ഒരു ശില്പി ജീവിതമെഴുതുമ്പോൾ
രാഘവൻ അത്തോളി
ഇപ്പോൾ വിൽപ്പനയ്ക്ക്
മാതൃഭൂമി ആഴ്ചപ്പതിപ്പ്

RNI Reg. No. 35999/80 Postal Regd. No. KL/TV (N) 243/2003 - 05. Book: 25 No. 34 ◆ Printed and Published by P. V. Gangadharan for The Mathrubhumi Printing & Publishing Company Limited, Kozhikode at The Mathrubhumi Press, Thiruvananthapuram. ◆ *Managing Editor* P. V. Chandran ◆ *Editor* K. Gopalakrishnan (Editor responsible for selection of news under PRB Act) ◆ (0471) 2461071 ◆ *Fax* (0471) 2462045 ◆ *E-mail* mbitvm@mpp.co.in

28
ഡിസംബർ 2004
ചൊവ്വ
1180 ധനു 13

മലയാള മനോരമ

ESTABLISHED 1888

തിരുവനന്തപുരം
20 പേജ്
3.25 രൂപ
****

കോട്ടയം * കോഴിക്കോട് * കൊച്ചി * തിരുവനന്തപുരം * പാലക്കാട് * കണ്ണൂർ * കൊല്ലം * തൃശൂർ * മലപ്പുറം * മുംബൈ * ചെന്നൈ * ബാംഗ്ലൂർ * ഡൽഹി

www.manoramaonline.com

ആൾനാശം 30000

കേരളത്തിൽ 162 ജഡം കിട്ടി



ബി. ജയചന്ദ്രൻ

ദൈവം തന്നു; കടലെടുത്തു: കന്യാകുമാരി ജില്ലയിലെ കുളച്ചൽ കാണിക്ക മാതാ ദേവാലയ മുറ്റത്ത് കൂട്ട സംസ്ക്കാരത്തിനായി വച്ച മൃതദേഹങ്ങൾക്കു മുകളിൽ നാട്ടുകാരിലൊരാൾ പുഷ്പചക്രമർപ്പിക്കുന്നു. 254 മൃതശരീരങ്ങളാണ് കൂട്ട കുഴിമാടത്തിൽ.

മരണസംഖ്യ ഉയരുന്നു
(സ്ഥിരീകരിച്ച കണക്ക്)

ശ്രീലങ്ക	12000
ഇന്ത്യ	10000
ഇന്തൊനീഷ്യ	5000
തായ്‌ലൻഡ്	1000
മലേഷ്യ	150
മ്യാൻമർ	36
മാലദ്വീപ്	100
സൊമാലിയ	100

ഇന്തൊനീഷ്യയിലെ സുമാത്ര ദ്വീപിനു സമീപം സമുദ്രാന്തർഭാഗത്തുണ്ടായ ഭൂകമ്പം ഉയർത്തിവിട്ട രാക്ഷസത്തിരമാലകളിൽ (സുനാമി) ജീവൻ നഷ്ടപ്പെട്ടവരുടെ എണ്ണം മുപ്പതിനായിരത്തോളമായി.

കേരളതീരത്തു രാക്ഷസരൂപംപൂണ്ട തിരമാലകൾ 162 ജീവൻ കവർന്നു.

കൊല്ലം - 128, ആലപ്പുഴ - 29, കൊച്ചി - നാല്, കണ്ണൂർ - ഒന്ന്. ആലപ്പുഴയിലും കൊല്ലത്തും ഇന്നലെ കണ്ടെടുത്ത ജഡങ്ങളെല്ലാം തിരിച്ചറിഞ്ഞു. കൊച്ചിയിലും കണ്ണൂരും മരിച്ചവരെ ഞായറാഴ്ചതന്നെ തിരിച്ചറിഞ്ഞിരുന്നു.

കൊല്ലം, ആലപ്പുഴ ജില്ലകളിലായി നൂറുകണക്കിനാളുകളെ ഇനിയും കണ്ടെത്തിയിട്ടില്ല. മരണസംഖ്യ ഇനിയും വർധിച്ചേക്കാം. കൊല്ലത്ത് ആയിരത്തിലേറെപ്പേർ പരുക്കേറ്റു വിവിധ ആശുപത്രികളിൽ ചികിൽസയിലുണ്ട്. ആലപ്പുഴയിൽ 350 പേർക്കു പരുക്കേറ്റു. സംസ്ഥാനത്തൊട്ടാകെ 136 ദുരിതാശ്വാസ ക്യാംപുകളിലായി 32,000 പേരെ മാറ്റിപ്പാർപ്പിച്ചു.

കൊല്ലം, പരവൂർ തീരങ്ങളിൽ ഇന്നലെ രാത്രി വീണ്ടും കടൽക്ഷോഭമുണ്ടായതോടെ ജനങ്ങൾ കടുത്ത ഭീതിയിലാണ്.

ആലപ്പുഴ ജില്ലയിൽ കായംകുളത്തിനു സമീപം ആറാട്ടുപുഴയിൽ ഇന്നലെ എട്ടു ജഡങ്ങൾകൂടി കണ്ടെത്തിയതോടെ ജില്ലയിൽ മരിച്ചവരുടെ എണ്ണം 29 ആയി. കാണാതായവർക്കുവേണ്ടിയുള്ള തിരച്ചിൽ തുടരുന്നു.

കൊല്ലം ജില്ലയിൽ ഇന്നലെ 32 മൃതദേഹങ്ങൾകൂടി കണ്ടെത്തിയതോടെ മരണസംഖ്യ 128 ആയി. ഇതിൽ 110 പേരും കരുനാഗപ്പള്ളി താലൂക്കിലെ ആലപ്പാട് പഞ്ചായത്തിലുള്ളവരാണ്.

കാണാതായവരുടെ കൃത്യമായ എണ്ണം ഇന്നലെയും ലഭിച്ചിട്ടില്ല. തിരച്ചിൽ തുടരുന്നു. ജില്ലയിൽ 36 ദുരിതാശ്വാസ ക്യാംപുകൾ തുറന്നു.

സുനാമി ദുരന്തത്തിന്റെ കൂടുതൽ വാർത്തകളും ചിത്രങ്ങളുമായി നാലു പേജ് സപ്ലിമെന്റ് ഇന്നത്തെ പത്രത്തോടൊപ്പം

ആശ്വാസനിധിക്കു തുടക്കം കുറിക്കാൻ മമ്മൂട്ടിയും മോഹൻലാലും



ഓരോ ലക്ഷം രൂപ സംഭാവന നൽകി മലയാളത്തിന്റെ സൂപ്പർ താരങ്ങൾ മമ്മൂട്ടിയും മോഹൻലാലും ചേർന്നു മലയാള മനോരമയുടെ സുനാമി ദുരിതാശ്വാസ നിധിശേഖരണത്തിനു തുടക്കമിട്ടു. മമ്മൂട്ടി തൃശൂരിലും ലാൽ കാസർകോട്ടുമാണു കാരുണ്യനിധിയിൽ അണിചേർന്നത്.

കൊച്ചിയിലെ എട്ട് ഓർത്തഡോക്സ് ഇവകകളിലെ അംഗങ്ങളുടെ സംയുക്ത സംഘടനയായ ഓർത്തഡോക്സ് ക്രിസ്ത്യൻ ഫൗണ്ടേഷൻ ഒരു ലക്ഷത്തി ഒന്നു രൂപ മലയാള മനോരമയുടെ ദുരിതാശ്വാസ ഫണ്ടിലേക്കു സംഭാവന ചെയ്തു.

പ്രമുഖ വ്യവസായികളായ അന്ന അലുമിനിയം – കിറ്റെക്സ് ഗ്രൂപ്പിനു വേണ്ടി ചെയർമാൻ എം.സി. ജേക്കബ് ഒരു ലക്ഷം രൂപ നൽകി.

അൻപതിനായിരം രൂപയുടെ സംഭാവനയുമായി ഓടിയെത്തിയതു പത്താം ക്ലാസ് വിദ്യാർഥി. കോഴിക്കോട് വെള്ളിമാടുകുന്ന് സിൽവർ ഹിൽ ഹയർ സെക്കൻഡറി സ്കൂൾ വിദ്യാർഥി വിനയ് ശ്രീനിവാസ് രാവിലെതന്നെ മനോരമയിലെത്തി പണം ഏൽപിച്ചു. മനോരമയുടെ ലത്തൂർ ദുരിതാശ്വാസ ഫണ്ടിലേക്ക് ആദ്യ സംഭാവന നൽകിയ വിഷ്ണു ശ്രീനിവാസിന്റെ സഹോദരനാണ് വിനയ്.

എയർട്രാവൽ എന്റർപ്രൈസസ് ഗ്രൂപ്പ് ചെയർമാനും മാനേജിങ് ഡയറക്ടറുമായ ഇ.എം.നജീബ് 50000 രൂപ മനോരമയുടെ തിരുവനന്തപുരം ഓഫിസിൽ എത്തിച്ചു.

സംഭാവനകൾ മലയാള മനോരമ ചാരിറ്റബിൾ ട്രസ്റ്റ്, പി.ബി. നമ്പർ 300, മലയാള മനോരമ, കോട്ടയം – 686 001 എന്ന വിലാസത്തിൽ അയയ്ക്കാം.

മലയാള മനോരമ ചാരിറ്റബിൾ ട്രസ്റ്റിന്റെ പേരിൽ കോട്ടയത്തു മാറാവുന്ന ചെക്കുകളും ഡ്രാഫ്റ്റുകളും മനോരമയുടെ ഇന്ത്യയിലെ പതിമൂന്നു യൂണിറ്റുകളിലും കേരളത്തിലെ 14 ജില്ലാ ബ്യൂറോകളിലും തിരുവല്ല ബ്യൂറോയിലും സ്വീകരിക്കും.

കോട്ടയം, കോഴിക്കോട്, കൊച്ചി, തിരുവനന്തപുരം, കൊല്ലം, തൃശൂർ, പാലക്കാട്, മലപ്പുറം, കണ്ണൂർ യൂണിറ്റുകളിൽ പണമായും സംഭാവന സ്വീകരിക്കും. സംഭാവനകൾക്ക് 80 – ജി അനുസരിച്ചുള്ള ആദായനികുതിയിളവു ലഭിക്കും.

ഓർത്തഡോക്സ് സഭയുടെ സംഭാവന 5 ലക്ഷം



കോട്ടയം: മലയാള മനോരമയുടെ ദുരിതാശ്വാസ നിധിയിലേക്കു മലങ്കര ഓർത്തഡോക്സ് സഭയുടെ സംഭാവന അഞ്ചു ലക്ഷം രൂപ. കടലേറ്റത്തിൽ എല്ലാം നഷ്ടപ്പെട്ടവർക്കായുള്ള മനോരമയുടെ നിധിസമാഹരണം അനുകരണീയമായ ജീവകാരുണ്യ പ്രവർത്തനമാണെന്നു സഭാധ്യക്ഷൻ പരിശുദ്ധ ബസേലിയസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്ക ബാവ അഭിപ്രായപ്പെട്ടു.

സൂനാമി ആഫ്രിക്കൻ തീരത്തുമെത്തി; സൊമാലിയയിൽ നൂറിലേറെ മരണം

നയ്റോബി: ആഫ്രിക്കയുടെ കിഴക്കൻ തീരത്തുമെത്തിയ സൂനാമിയുടെ ക്ഷോഭത്തിൽ നൂറിലേറെ സൊമാലിയൻ മീൻപിടിത്തക്കാർ കൊല്ലപ്പെട്ടു.

പുണ്ടലൻഡ് പ്രവിശ്യയിലാണു ദുരന്തം. അനവധി മീൻപിടിത്ത ബോട്ടുകൾ തകർന്നു.

തീരങ്ങളിൽനിന്ന് രാത്രി കൂട്ട ഒഴിഞ്ഞുപോക്ക്

സംസ്ഥാനത്ത് വീണ്ടും കടൽക്ഷോഭം ഉണ്ടാവുമെന്നു രാത്രിയിൽ മുന്നറിയിപ്പുണ്ടായതോടെ പരിഭ്രാന്തരായ ജനം തീരപ്രദേശങ്ങളിൽ നിന്ന് വൻതോതിൽ ഒഴിഞ്ഞുപോയി. തിരുവനന്തപുരം മുതൽ നാട്ടികവരെയും കോഴിക്കോടു തീരത്തുനിന്നുമാണ് വ്യാപകമായ ഒഴിഞ്ഞുപോക്ക്. കടൽക്ഷോഭം ഭയന്ന് ഓടിപോകുന്നതിനിടയിൽ കൊല്ലം ജില്ലയിലെ പരവൂർ തെക്കുംഭാഗം പുത്തൻവീട്ടിൽ സലിം (45) ഹൃദയാഘാതം വന്നു മരിച്ചു.

രാത്രി വീടുവിട്ടവരിൽ ഭൂരിഭാഗവും എന്താണു സംഭവിക്കുന്നതെന്ന് അറിയാതെ റോഡുകളിൽ അലഞ്ഞുതിരിഞ്ഞു. തീരദേശറോഡുകൾ പരിഭ്രാന്തരായ ജനങ്ങളെകൊണ്ട് നിറഞ്ഞു. രാത്രി പത്തരയ്ക്ക് ആരംഭിച്ച പലായനം അർധരാത്രി കഴിഞ്ഞും തുടർന്നു.

ചാനലുകൾക്കു പുറമേ പൊലീസ് വാഹനങ്ങളിലും തീരദേശത്ത് കടലാക്രമണ ഭീഷണിയെന്ന അറിയിപ്പ് വന്നതോടെ ജനങ്ങൾ കൂടുതൽ ഭീതിയിലായി. ഇതിനിടെകൊല്ലം, പരവൂർ, ആലപ്പുഴ, കൊച്ചി തീരങ്ങളിൽ രാത്രി വൈകി വീണ്ടും കടൽക്ഷോഭമുണ്ടായതായി വാർത്ത പരന്നു. പരവൂർ, കായംകുളം കൊച്ചീടെ ജെട്ടി എന്നിവിടങ്ങളിൽ കടൽ ഉള്ളിലേക്ക് വലിഞ്ഞതായുള്ള പ്രചാരണവും പരിഭ്രാന്തി പടർത്തി. രാത്രി പത്തരയോടെ ചില സ്വകാര്യ ടെലിവിഷൻ ചാനലുകളിൽ ഒരു മണിക്കൂറിനുള്ളിൽ വീണ്ടും കടലാക്രമണം ഉണ്ടായേക്കുമെന്ന റിപ്പോർട്ട് വന്നതോടെയാണ് കൂട്ട ഒഴിഞ്ഞുപോക്കു തുടങ്ങിയത്. രണ്ടുമണിക്കൂറിനു ശേഷം വാർത്ത അടിസ്ഥാനരഹിതമാണെന്ന് സൂചന കൊടുത്ത് ചാനലുകൾ പിൻവാങ്ങി . പലയിടത്തും പൊലീസ് വാർത്ത ഏറ്റെടുത്ത്, ഉച്ചഭാഷിണികളിലും മറ്റും ജനങ്ങൾ ഒഴിയണമെന്ന് ആവശ്യപ്പെട്ടതു സംഘർഷത്തിനു കൂടുതൽ പരിഭ്രാന്തി പടർത്തി. പിന്നീട് ഡി. ജി. പിയെ ഉദ്ധരിച്ച്, വെറും മുന്നറിയിപ്പു മാത്രമാണെന്ന് പറഞ്ഞ്, ജനങ്ങൾ സംയമനം പാലിക്കണമെന്ന വാർത്ത നൽകി ചാനലുകൾ തലയൂരി .



വീണ്ടും കടൽക്ഷോഭം ഭയന്ന് അർധരാത്രിയോടെ കൊല്ലം തീരദേശത്തെ നാട്ടുകാർ സുരക്ഷിതസ്ഥാനങ്ങളിലേക്ക് പലായനം ചെയ്യുന്നു

FEAST OF TASTE
MELAM
മേളം അവതരിപ്പിക്കുന്ന

പരിശുദ്ധമായ മേളം ഉപ്പ്

എല്ലാവർക്കും
സൗജന്യം*

100 ഗ്രാം മേളം മസാല വാങ്ങുമ്പോൾ
(സാമ്പാർ, ചിക്കൻ, ഇറച്ചി ഇവയിലേതെങ്കിലും ഒന്ന്)
1/4 കിലോ മേളം ഉപ്പ് (IODIZED SALT)
തികച്ചും സൗജന്യം.



മേളം ചായവാങ്ങുമ്പോൾ
പഞ്ചസാര
സൗജന്യം*



1 kg മേളം ഗോൾഡ് ചായ വാങ്ങുമ്പോൾ
1/2 കിലോ പഞ്ചസാര സൗജന്യം

500 ഗ്രാം മേളം ഗോൾഡ് ചായ വാങ്ങുമ്പോൾ
1/4 കിലോ പഞ്ചസാര സൗജന്യം

250 ഗ്രാം മേളം ഗോൾഡ് ചായ വാങ്ങുമ്പോൾ
100 ഗ്രാം പഞ്ചസാര സൗജന്യം

100 ഗ്രാം മേളം ഗോൾഡ് ചായ വാങ്ങുമ്പോൾ
35 ഗ്രാം പഞ്ചസാര സൗജന്യം

*ഈ ആനുകൂല്യം സ്റ്റോക്ക് തീരുന്നതുവരെ കേരളത്തിൽ മാത്രം

വിലാപങ്ങളുടെ പകൽ



തിരയടങ്ങാത്ത സ്നേഹം, പൊട്ടിയൊഴുകുന്ന വേദന: കരുനാഗപ്പള്ളിയിൽ ആലപ്പാട് തീരദേശത്ത് കടൽ കയറി മരിച്ച താമരാക്ഷന്റെ വീട്ടിലെ വിലാപം.

ചിത്രങ്ങൾ:
ബി.ജയചന്ദ്രൻ, ഷിഹാബ്, റിജോ ജോസഫ്

കണ്ണീരിലൊടുങ്ങുമോ കടലിന്റെ അഹന്ത



കരുനാഗപ്പള്ളി ചെറിയഴീക്കൽ–ആലപ്പാട് തീരദേശത്ത് കടൽ കയറി മരിച്ച ചിക്കുവിന്റെ മൃതദേഹം ചിതയിൽ എരിയുന്നു.



അമ്മയുടെ പൊന്നുണ്ണി, മരണത്തിന്റെ കളിക്കൂട്ടുകാരൻ : കുഞ്ഞിന്റെ മൃത ശരീരവുമായി ഒരമ്മ. കുളച്ചൽ ആശുപത്രിയിൽ നിന്ന്.



മടങ്ങിവരാത്ത അച്ഛൻ: കരുനാഗപ്പള്ളിയിൽ ആലപ്പാട്–ചെറിയഴീക്കൽ തീര ദേശത്ത് കടൽകയറി മരിച്ച താമരാക്ഷന്റെ മൃതദേഹം വീട്ടിൽ എത്തിയപ്പോൾ.



കരുനാഗപ്പള്ളി ചെറിയഴീക്കൽ–ആലപ്പാട് തീരദേശത്ത് മരിച്ച സുബ്രഹ്മണ്യന്റെ ചിതയെരിയുമ്പോൾ വീട്ടിൽ ദുഃഖം കണ്ണീർക്കടലായപ്പോൾ.

തിരകളുടെ ഹുങ്കാരത്തിൽ അവശേഷിച്ചത്



കടൽക്ഷോഭത്തിൽ തകർന്നടിഞ്ഞ കുളച്ചൽ കടലോര ഗ്രാമം.



ആൻഡമാൻ നിക്കോബാറിലെ പാർക്ക ഗ്രാമത്തിൽ കടലാക്രമണത്തിൽ മരിച്ചവരുടെ ബന്ധുക്കളെ ആശ്വസിപ്പിക്കുന്ന കോൺഗ്രസ് അധ്യക്ഷ സോണിയ ഗാന്ധി.

സ്വപ്നങ്ങൾ മാഞ്ഞു; കീഴേമണക്കുടി കണ്ണീർപ്പാടം

കന്യാകുമാരി: മരണം ഭീകരനൃത്തമാടിയ കറുത്ത ഞായറാഴ്ച കന്യാകുമാരിക്കടുത്ത കീഴേമണക്കുടി ഗ്രാമത്തെ കടൽ പൂർണമായി വിഴുങ്ങി. എണ്ണൂറോളം കുടുംബങ്ങളിലായി രണ്ടായിരത്തിലേറെപ്പേരാണ് ഈ ഗ്രാമത്തിലുണ്ടായിരുന്നത്. ആർത്തലച്ചെത്തിയ തിരകൾ ഈ തീരദേശത്തെ വിഴുങ്ങുകയായിരുന്നു.

വീടുകളിലുണ്ടായിരുന്ന സാമാന്യം ആരോഗ്യമുള്ളവർ ഓടിരക്ഷപ്പെട്ടു. അവശേഷിച്ചവരിലേറെയും മരണത്തിന്റെ ആഴങ്ങളിലേക്കൊഴുകിപ്പോയി. അഞ്ചു കിലോമീറ്റർ ചുറ്റളവിൽ കടൽകയറിയ സ്ഥലത്ത് തകർന്നടിഞ്ഞ കെട്ടിടാവശിഷ്ടങ്ങൾക്കിടയിൽനിന്ന് 52 മൃതദേഹങ്ങൾ മാത്രമേ കണ്ടെടുക്കാനായുള്ളൂ.

കല്ലിൻമേൽ കല്ല് ശേഷിക്കാതെ കെട്ടിടങ്ങൾ തകർന്നടിഞ്ഞ് കിടക്കുന്നു. കീഴേ മണക്കുടിയെയും മേലെ മണക്കുടിയെയും ബന്ധിപ്പിച്ച് കഴിഞ്ഞ വർഷം നിർമിച്ച ഒൻപതു കോടിയുടെ മണക്കുടി വലിയപാലം രണ്ടു വലിയ കഷണമായി വേർപെട്ട് പഴയാറിൽ വലിച്ചെറിയപ്പെട്ടു.

ഇരു മണക്കുടി ഗ്രാമങ്ങളുടെയും നാലു പതിറ്റാണ്ടിന്റെ സ്വപ്നമാണ് ഇതോടെ തകർന്നടിഞ്ഞത്. 150 മീറ്റർ നീളമുള്ള ഈ പാലം തകർന്നതോടെ ഇനി ഇരു ഗ്രാമക്കാർക്കും പരസ്പരം കാണമെങ്കിൽ അഞ്ചു കിലോമീറ്ററെങ്കിലും ചുറ്റണം. ഞായറാഴ്ച രാവിലെ പത്തേകാലിനുണ്ടായ ആദ്യ തിരയിളക്കമാണ് മണക്കുടിയെ കശക്കിയെറിഞ്ഞത്. ഈ സമയം പാലത്തിലൂടെ വരികയായിരുന്ന ഒരു അംബാസഡർ കാറും മാരുതി കാറും ബസും അഞ്ചാറു മീറ്ററോളം അകലെ തകർന്നടിഞ്ഞ് മണ്ണിൽ പുതഞ്ഞ് കിടക്കുന്നു. ഇവയൊന്ന് പൊക്കിയെടുക്കാനോ അടുത്തേക്കു പോകാനോ പോലും രക്ഷാപ്രവർത്തകർക്കു കഴിയുന്നില്ല. ഈ വാഹനങ്ങൾക്കുള്ളിൽ മൃതദേഹങ്ങൾ ഉണ്ടെന്ന് അവർക്കുറപ്പാണ്.

തീരത്തിനടുത്തു തന്നെയുള്ള തിരുശിലുവൈ ദേവാലയത്തിന്റെ രണ്ടറ്റവും മാത്രമാണ് അവശേഷിക്കുന്നത്. തീരത്തണച്ചിട്ടിരുന്ന വള്ളങ്ങളും ബോട്ടുകളും രാക്ഷസത്തിര വലിച്ചെടുത്ത് ദേവാലയത്തിന്റെതുൾപ്പെടെയുള്ള കെട്ടിടങ്ങളിൽ ഇടിച്ചു തകർക്കുകയായിരുന്നു. കഴിഞ്ഞ വെള്ളിയാഴ്ച കൊടിയേറിയ പള്ളിപ്പെരുന്നാൾ ഞായറാഴ്ച സമാപിക്കാനിരിക്കെയാണ് ദേവാലയം തന്നെ ഇല്ലാതായത്.

മുഖ സംരക്ഷണം – ക്രീമുകൾ വഴിമാറുന്നു

സൗന്ദര്യ സംരക്ഷണ കാര്യത്തിൽഎന്നും മുൻപന്തിയിൽ നിൽക്കുന്ന കേരള ജനത ഫെയർനസ്സ് ക്രീമുകളോടും, എണ്ണകളോടും വിട പറഞ്ഞു കൊണ്ടിരിക്കുന്നു. ക്രീമുകളിൽ ബെയിസായി ഉപയോഗിക്കുന്ന പെട്രോളിയം ജല്ലി, ലികിഡ് പാരഫിൻ തുടങ്ങിയവയുടെയും മറ്റു കെമിക്കൽ പ്രിസർവേറ്റീവുകളുടെയും പാർശ്വഫലങ്ങൾ ക്യാൻസർ വരെയുള്ള രോഗങ്ങൾക്ക് കാരണമാവുന്നു.

മേൽപറഞ്ഞ ബെയ്സുകൾ ഉള്ള ക്രീമുകൾ പുരട്ടുമ്പോൾ ചർമ്മസുഷിരങ്ങൾ അടയുവാനും തന്മിമിത്തം മുഖക്കുരു അധികമാകുവാനും വഴിയൊരുക്കുന്നു. ഇത്തരം പ്രശ്നങ്ങൾ ഒഴിവാക്കുന്നതിനുവേണ്ടിയാണ് വിദേശരാജ്യങ്ങളിലെ ജനങ്ങൾ അധികവും

ഇപ്പോൾ ആയുർവ്വേദത്തിലേക്കും അതിന്റെ തനതു രൂപത്തിൽ കിട്ടുന്ന ഔഷധക്കൂട്ടുകളിലേക്കും തിരിയാൻ തുടങ്ങിയത്. അതുപോലെ ഇപ്പോൾ കേരളത്തിലെ ജനങ്ങളും സൗന്ദര്യസംരക്ഷണത്തിന് ആയുർവ്വേദത്തിന്റെ തനതുരൂപമായ ഫേയ്സ് പായ്ക്കുകളിലേക്ക് തിരിയുകയും ക്രീമുകൾ ഉപേക്ഷിക്കുവാൻ തുടങ്ങുകയും ചെയ്യുന്നു എന്നാണ് കണ്ടെത്തൽ.

ഫെയ്സ് പായ്ക്കുകൾ മാർക്കറ്റിൽ ധാരാളമുണ്ടെങ്കിലും 100% ഹെർബൽ ആയവയും പാർശ്വഫലങ്ങൾ ഇല്ലാത്തവയും കുറവാണ്. എന്നാൽ തെന്നിന്ത്യൻ മാർക്കറ്റിൽ ഒന്നാംസ്ഥാനത്തു നിൽക്കുന്ന ത്രിവേണി ഫെയ്സ് പായ്ക്ക് ഗുണമേന്മയിലും ഒന്നാംസ്ഥാനത്താണെന്ന് പഠന റിപ്പോർട്ടുകൾ തെളിയിക്കുന്നു. ആദ്യ ഉപയോഗത്തിൽ തന്നെ ത്രിവേണിയുടെ ഗുണമേന്മ മനസ്സിലാക്കാം. 100%ആയുർവ്വേദ മരുന്നുകൾ മാത്രമടങ്ങിയ ത്രിവേണി ഉപയോഗിക്കുമ്പോൾ ചർമ്മം മൃദുലമാവുകയും ചർമ്മ സുഷിരങ്ങൾ തുറക്കപ്പെടുകയും തന്മിമിത്തം മുഖക്കുരു പൂർണ്ണമായും നീക്കപ്പെടുകയും ചെയ്യുന്നു. ത്രിവേണിയിൽ അടങ്ങിയിരിക്കുന്ന അതിവിശിഷ്ടമായ ഔഷധക്കൂട്ടുകൾ കറുത്തപാടുകളിൽ നിന്നും പരിപൂർണ്ണ മോചനം നൽകി ചർമ്മത്തിന്റെ സ്വാഭാവിക നിറം നിലനിർത്തുന്നു. പ്രായഭേദമന്യെ ആർക്കും ഉപയോഗിക്കാവുന്ന ത്രിവേണി ഫെയ്സ് പായ്ക്ക് ചർമ്മത്തിന്റെ യുവത്വം നിലനിർത്തുന്നു എന്നത് പറയത്തക്ക വിശേഷത തന്നെയാണ്.

കോയമ്പത്തൂർ ആസ്ഥാനമായുള്ള ഒരു ഏജൻസിയാണ് സൗന്ദര്യസംരക്ഷണ വസ്തുക്കളുടെ സ്വാധീനത്തെക്കുറിച്ച് തെന്നിന്ത്യ മുഴുവൻ ഇത്തരമൊരു പഠനം നടത്തിയത്. ഇതിന്റെ ഭാഗമായി ത്രിവേണിയുടെ നിർമ്മാതാവ് വൈദ്യർ മണി ശങ്കറെയും കണ്ടപ്പോഴാണ്, ചുരുങ്ങിയ നാളുകൾകൊണ്ട് ഇത്ര വലിയ വിജയം കരസ്ഥമാക്കുവാൻ ത്രിവേണിക്കു കഴിഞ്ഞത് ഗുണമേൻമ കൊണ്ടു മാത്രമാണെന്നു മനസ്സിലായത്.

മിനിറ്റുകൾക്കകം ഫലപ്രാപ്തി എന്ന് ചിലരൊക്കെ അവകാശപ്പെടുന്നുണ്ടല്ലോ എന്നു ചോദിച്ചപ്പോൾ അദ്ദേഹം ചിരിക്കുകയായിരുന്നു. കെമിക്കലുകൾക്കല്ലാതെ മറ്റെന്തിനാണ് മിനിറ്റുകൾക്കം ആക്ഷൻ ഉണ്ടാവുന്നത്?

ത്രിവേണിയുടെ ഈ കുതിപ്പിനു പിന്നിൽ ഗുണമേന്മ ഒന്നുമാത്രമാണെന്നതിൽ തർക്കമില്ല. എന്നും യുവത്വം നിലനിർത്താൻ കഴിയുമെങ്കിൽ ആരാണ് അൽപം സമയം ചിലവാക്കാൻ മടിക്കാത്തത്.

Advt.

Manorama Perzonals
ഹൃദയം തുറക്കാം. ഇഷ്ടവരനെ കണ്ടെത്താം.

50–ാം വിവാഹ വാർഷികം
28th ഡിസംബർ 2004



അപ്പച്ചൻ & അമ്മച്ചി

"ദൈവാനുഗ്രഹത്തിന് നന്ദി"
സ്നേഹവും പ്രാർത്ഥനകളും നേർന്നുകൊണ്ട്
മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ

COCHIN SHIPYARD LIMITED
SHIP BUILDERS & SHIP REPAIRERS
(A Government of India Enterprises)
COCHIN - 682015

കൊച്ചിൻ ഷിപ്പ് യാർഡിൽനിന്ന് വിരമിച്ചവരുടെ ശ്രദ്ധയ്ക്ക്

കൊച്ചിൻ ഷിപ്പ് യാർഡ് ഏർപ്പെടുത്തിയിട്ടുള്ള 'ഗ്രൂപ്പ് മെഡിക്കൽ ഇൻഷുറൻസ്', കമ്പനിസേവനത്തിൽനിന്നും 2000 ജനുവരിക്കു മുമ്പ് വിരമിച്ചവർക്കും ബാധകമാക്കുവാൻ ഉദ്ദേശിക്കുന്നു. താൽപര്യമുള്ളവർ കൂടുതൽ വിവരങ്ങൾക്കും, മാർഗ്ഗനിർദ്ദേശത്തിനും www.cochinshipyard.com എന്ന വെബ് സൈറ്റ് സന്ദർശിക്കുകയോ, താഴെപറയുന്ന നമ്പറുകളിൽ ഉടനെ ബന്ധപ്പെടുകയോ ചെയ്യുക.

"0484-2361181 Extn. 1553/1454"

ഒപ്പ്
ജനറൽ മാനേജർ (എച്ച്.ആർ.ഡി.)



ഗ്രാമത്തിന്റെ ശേഷിപ്പ്: *കടൽത്തിരകൾ വിഴുങ്ങിയ, കന്യാകുമാരിക്കു സമീപത്തെ കീഴേമണക്കുടി ഗ്രാമം. ക്രിസ്തീയ ദേവാലയത്തിന്റെ അവശിഷ്ടങ്ങളാണ് ചിത്രത്തിൽ.*

ജില്ലയിൽ 950 കുടുംബങ്ങളെ മാറ്റിപ്പാർപ്പിച്ചു

തിരുവനന്തപുരം: ജില്ലയിൽ കടൽക്ഷോഭം അനുവേപ്പെട്ട തീരപ്രദേശങ്ങളിലെ 950 കുടുംബങ്ങളെ സുരക്ഷിത ക്യാംപുകളിലേക്കു മാറ്റിയതായി അഡീഷനൽ ജില്ലാ മജിസ്ട്രേട്ട് വി. പ്രഭാകരൻ നായർ അറിയിച്ചു.

പൊഴിയൂർ സെന്റ് മാത്യൂസ് ഹൈസ്കൂൾ, പൊഴിയൂർ ഗവ. യു.പി.എസ്. എന്നിവയിലായി 500 കുടുംബങ്ങളെ മാറ്റി പാർപ്പിച്ചിട്ടുണ്ട്. 8000പേർ ക്യാംപുകളിലുണ്ട്. 450 കുടുംബങ്ങളെ നേരത്തെ വിഴിഞ്ഞം ഹാർബർ എൽ.പി.എ സിൽ മാറ്റി പാർപ്പിച്ചിരുന്നു. ക്യാംപുകളിൽ ആഹാരം, വെള്ളം, വെളിച്ചം, പ്രാഥമികാരോഗ്യ സൗകര്യങ്ങൾ ഏർപ്പെടുത്തിയതായി എ.ഡി.എം. അറിയിച്ചു. മെഡിക്കൽ സംഘം ക്യാംപുകൾ സന്ദർശിച്ച് ആവശ്യമായ മുൻകരുതൽ നടപടികൾ സ്വീകരിച്ചു. നാട്ടു ചികിൽസാ വകുപ്പ് ദുരിതാശ്വാസ ക്യാംപുകളിൽ മെഡിക്കൽ ക്യാംപുകൾ സംഘടിപ്പിച്ചതായി മെഡിക്കൽ ഓഫിസർ അറിയിച്ചു.

ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് മുൻകരുതലുകൾ സ്വീകരിക്കാൻ കലക്ടർ ടിങ്കു ബിസ്വാൾ ഉദ്യോഗസ്ഥർക്കു നിർദേശം നൽകി. ദുരിതാശ്വാസ ക്യംപുകൾ ഡപ്യൂട്ടി തഹസിൽദാർമാരുടെ ചുമതലയിലാണ് പ്രവർത്തിക്കുന്നത്. നാലോ അഞ്ചോ ക്യാംപുകൾ ബന്ധപ്പെട്ട തഹസിൽദാരുടേയും ചുമതലപ്പെടുത്തിയ ഡപ്യൂട്ടി കലക്ടറുടേയും മേൽനോട്ടത്തിലായിരിക്കും.

കടൽക്കയറ്റമുണ്ടാകാൻ ഇനിയും സാധ്യത

കടൽക്കറ ഭൂചലനത്തിന്റെ മുന്നറിയിപ്പല്ല

ഡോ. കുശല രാജേന്ദ്രൻ
(ശാസ്ത്രജ്ഞ, ഭൗമശാസ്ത്ര പഠനകേന്ദ്രം)

കടലിലെ ഭൂചലന സാധ്യതകൾ പ്രവചിക്കുക പ്രായോഗികമല്ല. പക്ഷേ കടലിലുണ്ടാകുന്ന ഭൂചലനങ്ങളെ തുടർന്നുള്ള സുനാമി തിരയിളക്കം പ്രവചിക്കാനാവും. സുമാത്ര ദ്വീപിനോടു ചേർന്നു കടലിൽ ഭൂചലനം നടന്നു മണിക്കൂറുകൾ കഴിഞ്ഞാണ് സുനാമി തിരകൾ കരയെ ആക്രമിക്കുന്നത്. ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ എത്തിയത് നാലു മണിക്കൂറിനു ശേഷവും. സുനാമി തിരകളുടെ വരവ് മുൻകൂട്ടി പ്രവചിച്ച് വേണ്ട മുൻകരുതൽ എടുത്തിരുന്നെങ്കിൽ ഒരു പക്ഷേ ഇത്രയധികം ആളപായവും നാശനഷ്ടവും ഉണ്ടാകുമായിരുന്നില്ല. പക്ഷേ പ്രവചനം നടത്തേണ്ട ലോകോത്തര ഭൗമശാസ്ത്ര ഗവേഷണ സ്ഥാപനങ്ങളൊന്നും അതു ചെയ്തില്ലെന്നതാണു സത്യം. അതുകൊണ്ടു തന്നെ മുൻകരുതൽ നടപടികൾ സ്വീകരിക്കാനുമായില്ല. ഭൗമശാസ്ത്ര പഠനകേന്ദ്രം പോലുള്ള സ്ഥാപനങ്ങൾക്ക് ഇത്രയും വിദൂര സ്ഥലത്തു നടക്കുന്ന ഭൂചലനങ്ങളുടെ പ്രത്യാഘാതങ്ങളെക്കുറിച്ചു പ്രവചിക്കുന്നതിനു പരിമിതികളുണ്ട്.

ഏതാനും മാസം മുമ്പ് കേരള തീരത്തുണ്ടായ കടൽക്കറ ഭൂചലനത്തിന്റെ മുന്നറിയിപ്പായിരുന്നു എന്ന വാദം അടിസ്ഥാനരഹിതമാണ്. 2500 കിലോമീറ്ററുകൾക്കപ്പുറത്തു നടക്കുന്ന ഭൂചലനത്തിന്റെ മുന്നറിയിപ്പായി ഇങ്ങു കേരള തീരത്തു മാത്രം കടൽക്കറ പ്രത്യക്ഷപ്പെട്ടുവെന്ന വാദം യുക്തിരഹിതമാണ്.

സുനാമിയെത്തുടർന്ന് കടൽവെള്ളം മലിനവും വിഷമയവുമാകുമെന്നും മൽസ്യസമ്പത്തും മറ്റും നശിക്കുമെന്നും ആശങ്ക വേണ്ട. ഒരു കുളത്തിൽ വലിയൊരു കല്ല് പതിക്കുമ്പോൾ ഉണ്ടാകുന്ന തിരയിളക്കം പോലെയേ ഇതും ഉള്ളൂ. ഇക്കാര്യത്തിൽ ഇന്ത്യൻ തീരത്തുള്ളവർ ആശങ്കപ്പെടേണ്ട. കൂറ്റൻ തിരകൾ ഏതാനും ദിവസം കൂടി അപ്രതീക്ഷിതമായി ഇരച്ചുകയറാൻ സാധ്യതയുണ്ട് എന്നതു മാത്രമാണ് ഏക ആശങ്ക.



നാശം വിതച്ച് കരയിലേയ്ക്ക് കയറിയ കടൽ സന്ധ്യയ്ക്ക് ചേർത്തല അന്ധകാരനഴിയിൽ പിൻവലിഞ്ഞപ്പോൾ. ഇടതുവശത്തുകാണുന്ന തെങ്ങിൻ തോപ്പിൽ നിന്നും 20 മീറ്ററോളം മുന്നിലായിരുന്നു അപകടത്തിന് മുൻപ് കടൽ. മണലിൽ പുതഞ്ഞുപോയ മീൻവലകൾ വെള്ളമിറങ്ങിയപ്പോൾ തെളിഞ്ഞ നിലയിൽ.



ആറാട്ടുപുഴ വലിയഴീക്കലിൽ മണ്ണുമൂടിയ റോഡുകൾ മണ്ണുമാന്തി ഉപയോഗിച്ച് ഗതാഗതയോഗ്യമാക്കുന്നു.

സങ്കടക്കടലിന്റെ തീരത്തുനിന്ന്

ഷട്ടർ താഴ്ത്തിയത് ദുരന്തം കൂട്ടി

ചേർത്തല: അന്ധകാരനഴി സ്പിൽവേയും ഷട്ടറുകൾ താഴ്ത്തിയിരുന്നതാണ് ദുരന്തമുഖം ഭീകരമാക്കിയത്. കടൽകരയിലേയ്ക്ക് ഇരച്ചുകയറുമ്പോഴും ജലം ഒഴുകിപ്പോകുന്നത് അന്ധകാരനഴി പൊഴിയിലൂടെയാണ്. വർഷങ്ങളായി തകർന്നു കിടന്നിരുന്ന സ്പിൽവേ ഷട്ടറുകൾ ജനകീയ സമ്മർദ്ദത്തെ തുടർന്ന് നന്നാക്കി അടച്ചത് ഒരുമാസം മുൻപാണ്. ഞായറാഴ്ച രാവിലെ കടൽ ഉയർന്ന് കരയിലേയ്ക്ക് കയറിയപ്പോൾ ഷട്ടറുകൾ അടഞ്ഞുകിടക്കുന്നതിനാൽ ജലം ഒഴുകിയപ്പോയില്ല. കിഴക്ക് തീരദേശ റോഡിനോട് ചേർന്നുള്ള ഭിത്തിയിലും ലൈറ്റ് ഹൗസിനോട് ചേർന്നുള്ള ഭിത്തിയിലും ഇടിച്ചുനിന്ന തിരമാലകൾ പ്രദേശമാകെ മുക്കിക്കളഞ്ഞു. കടലോരത്ത് കയറ്റിവച്ച വള്ളങ്ങൾ തിരതള്ളലിൽ കൂട്ടിയിടിക്കുന്നുണ്ടായിരുന്നു.



ആറാട്ടുപുഴ വെളിയിക്കൽ പ്രദേശത്തുനിന്ന്



അന്ധകാരനഴിയിൽ കടലാക്രമണത്തിൽ തകർന്ന വീട്

തീരത്ത് കവർച്ച വ്യാപകം

ഹരിപ്പാട്: കടൽ ക്ഷോഭം വിനാശം വിതച്ചതിനെ തുടർന്ന് ഗ്രാമവാസികൾ വിട്ടൊഴിഞ്ഞ ആറാട്ടുപുഴയുടെ തീരപ്രദേശങ്ങളിൽ ഞായറാഴ്ച രാത്രി വ്യാപകമായ കവർച്ച. വീടുകളിലെ ടെലിവിഷനുകളും ഫ്രിഡ്ജ്, സ്വർണ്ണാഭരണങ്ങളും മറ്റും മോഷണംപോയി. മൊബൈൽഫോൺ, വീട്ടുപകരണങ്ങൾ തുടങ്ങിയവയും മോഷ്ടിക്കപ്പെട്ടു. കടൽവെള്ളം ഇരച്ചുകയറിയത് അപ്രതീക്ഷിതമായിരുന്നതിനാൽ ഗ്രാമം വിട്ടൊഴിഞ്ഞവർക്ക് വിലപ്പെട്ട സാധങ്ങൾ എടുത്തിരുന്നില്ല. അവർ അഭയകേന്ദ്രമായ സ്കൂളിൽ കഴിയുമ്പോൾ ചിലർ കയറിയിറങ്ങി കൊള്ളയടുക്കുകയായിരുന്നു.

ചിത്രങ്ങൾ:
റോബർട്ട് വിനോദ്
റോക്കി ജോർജ്



ദുരന്തത്തിൽ മരിച്ച തറയിൽക്കടവ് കമലാലയം വീട്ടിൽ മനു, ജിതിൻ, സുജാത, പുഷ്പരാജു തുടങ്ങിയവരുടെ ബന്ധുക്കൾ

അന്ധകാരനഴി അർത്തുങ്കൽ–ഭാഗത്ത് കോടികളുടെ നഷ്ടം

സ്വന്തം ലേഖകൻ

ചേർത്തല: അർത്തുങ്കൽ മുതൽ അന്ധകാരനഴി വരെയുള്ള ഭാഗങ്ങളിൽ കോടികളുടെ നഷ്ടമാണ് കടലാക്രമണത്തിലൂടെ ഉണ്ടായത്.

കടൽക്കയറ്റത്തിൽ മരിച്ച രണ്ടു പേർ ജോലിചെയ്തിരുന്ന അന്ധകാരനഴി കൊച്ചുപറമ്പിൽ ആന്റണിക്ക് മാത്രം നാലുലക്ഷം രൂപയുടെ നഷ്ടമുണ്ടായി. ഉണക്കിയ മത്സ്യവും മത്സ്യബന്ധനോപകരണങ്ങളും ചിതറികിടക്കുന്നത് കാണുമ്പോൾ താങ്ങാനാവാതെ പൊട്ടിക്കരയുകയാണ് ആന്റണി.

ആന്റണിയെപ്പോലെ നൂറുകണക്കിന് ആളുകളാണ് എല്ലാംനഷ്ടപ്പെട്ട് കണ്ണീരോടെ ദുരിതാശ്വാസക്യാംപിൽ കഴിയുന്നത്. കടലോരത്ത് കിലോമീറ്ററുകളോളം നീളമുള്ള ഷെഡുകളിൽ സൂക്ഷിച്ചിരുന്നതും ഉണക്കാനിട്ടിരുന്നതുമായ മത്സ്യങ്ങളെല്ലാം റോഡുകളിലും പറമ്പുകളിലുമായി ചിതറിക്കിടക്കുന്നു. മത്സ്യത്തിൽ ചവിട്ടാതെ നടക്കാൻ കഴിയാത്ത സ്ഥിതിയാണ് തീരദേശമാകെ.

തീരദേശ റോഡിന്റെ ഇരുവശങ്ങളിലുമുള്ള വീട്ടുകാരെ മുൻകരുതലെന്ന നിലയിൽ ദുരിതാശ്വാസക്യാംപുകളിലേയ്ക്ക് മാറ്റിയിരിക്കുകയാണ്. തീരദേശത്തേയ്ക്കുള്ള വാഹനഗതാഗതവും പൊലീസിന്റെ നിയന്ത്രണത്തിലാണ്. അത്യാവശ്യവാഹനങ്ങൾ മാത്രമെ കടത്തിവിടുന്നുള്ളൂ. ദേശീയപാതയിൽ നിന്ന് തിരിയുമ്പോൾ തന്നെ വാഹനങ്ങൾ തടഞ്ഞ് തിരിച്ചുവിടുകയാണ്.

ഇന്നലെ പുലർച്ചെയും രാവിലെയും കടൽക്കയറ്റമുണ്ടായതിനാൽ സുരക്ഷാക്രമീകരണത്തിൽ പിഴവുണ്ടാവാതിരിക്കാൻ പൊലീസ് ബന്ധപ്പെടുകയാണ്. ഡിവൈ.എസ്.പി: സി.എസ്.രാമചന്ദ്രന്റെ നേതൃത്വത്തിലുള്ള പൊലീസും ഫയർ ഓഫിസർ പി.എം.രഘുവരന്റെ നേതൃത്വത്തിലുള്ള പൊലീസും സ്ഥലത്തുണ്ട്.

സർവനാശത്തിന്റെ വക്കിൽ വലിയഴീയ്ക്കൽ – പള്ളിത്തോടു തീരം

ആലപ്പുഴ: രാക്ഷസത്തിര സർവ്വവും തകർത്തതിന്റെ ആഘാതത്തിലാണ് ജില്ലയിലെ വലിയഴീയ്ക്കൽ മുതൽ പള്ളിത്തോടു വരെയുള്ള 64 കിലോമീറ്റർ കടൽത്തീരം. മക്കളും ഉറ്റവരും നഷ്ടപ്പെട്ടതിൽ മനംനൊന്തു കരയാൻ പോലും കടലിന്റെ മക്കൾക്കു കഴിയുന്നില്ല . ഇരച്ചു പൊങ്ങിയ കടലിൽ തകർന്ന വീടുകളുടെയും ഇളകിമുടിയ മണലിന്റെയും അടിയിൽ നിന്നു പ്രിയപ്പെട്ടവരുടെ ജഡങ്ങൾ ഇന്നലെയും കണ്ടെടുത്തത് മൽസ്യതൊഴിലാളികൾക്ക് താങ്ങാവുന്നതിലും അധികമായിരുന്നു.

പൊഴികളുള്ള ഭാഗങ്ങളിലാണ് പ്രധാനമായും രാക്ഷസത്തിര ഇരച്ചു കയറിയത്. വലിയഴീക്കൽ, തോട്ടപ്പള്ളി, അന്ധകാരനഴി എന്നിവടങ്ങളിൽ വൻ ദുരന്തങ്ങൾ അരങ്ങേറിയത് ഉദാഹരണം.

അഴീക്കൽ കടപ്പുറത്തുള്ളവർക്കായി 16 ക്യാംപുകൾ തുറന്നു. ഇവിടെ എണ്ണായിരം പേരുണ്ട്. വലിയഴീക്കൽ പത്തു ക്യാംപുകളിലായി 7500 ലധികം ആളുകളുണ്ട്. പ്രായിക്കാട്, അഴീക്കൽ സൗത്ത്, അഴീക്കൽ നോർത്ത്, തറയിൽകടവ്, പെരുംപള്ളി, വലിയഴീക്കൽ, പറയക്കടവ്, അന്ധകാരനഴി ഗ്രാമങ്ങൾ പൂർണമായും തകർന്നു. സർക്കാരും സന്നദ്ധ സംഘടനകളും ഈ ഗ്രാമങ്ങളെ ദത്തെടുത്തെങ്കിൽ മാത്രമേ പ്രശ്നങ്ങൾക്കു ഒരു പരിധി വരെയെങ്കിലും പരിഹാരമാകൂ.

വലിയഴീക്കൽ, തോട്ടപ്പള്ളി, പുറക്കാട്, പുന്നപ്ര, അന്ധകാരനഴി എന്നിവിടങ്ങളിലായി വള്ളങ്ങളും ഔട്ട്ബോർഡ് എൻജിനുകളും വലകളും ഉൾപ്പെടെ നിരവധി തൊഴിൽ ഉപകരണങ്ങൾതകർന്നതായാണ് പ്രാഥമിക കണക്ക്. ബാങ്കിൽ നിന്നും സ്വകാര്യ ഏജൻസികളിൽ നിന്നും വായ്പയെടുത്താണ് ഈ ഉപകരണങ്ങൾ വാങ്ങിയിട്ടുള്ളത്. ഇതിനായി കിടപ്പാടവും കെട്ടുതാലിയും പണയപ്പെടുത്തിയ തൊഴിലാളികൾക്കു ഇനി ഇവ വാങ്ങുന്നതിനെപ്പറ്റി ചിന്തിക്കാൻ പോലും കഴിയില്ല.

തീരദേശത്തെ റോഡുകളും ശുദ്ധജല വിതരണ പൈപ്പുകളും വൈദ്യുതി പോസ്റ്റുകളും തകർന്നിട്ടുണ്ട്. ഇവ പുനർനിർമിക്കണമെ



ചാനൽവാർത്തകളെ തുടർന്ന് പൊലീസ് നിർദേശിച്ചതനുസരിച്ച് ഇന്നലെ അർധരാത്രിയോടെ പുന്തുറയിൽ നിന്ന് ഒഴിഞ്ഞുപോകുന്ന ജനങ്ങൾ.

ഇന്നത്തെ പരിപാടി

കെ.ജി.എം.ഒ.എ. കോൺഫറൻസ് ഹാൾ: 'മന്ത്രുരോഗ നിവാരണത്തിൽ എം.ഡി.എയുടെ പങ്ക്', ചർച്ച–10.00.

ധർമാലയം റോഡ് വെറ്ററിനറി അസോസിയേഷൻ ഹാൾ: ഫിൽക്ക സിനിമാ പ്രദർശനം–'ക്യാമറ ബഫ്' (പോളണ്ട്)–6.30.

ചിത്രാഞ്ജലി സ്റ്റുഡിയോ: കുട്ടികൾക്കുള്ള സിനിമാപരിചയ ശിൽപശാല.–10.00

വെള്ളയമ്പലം ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് എൻജിനീയേഴ്സ് ഹാൾ: ആര്യഭടീയം ദേശീയ സെമിനാർ–9.30.

ആർ.സി.സി.: 'പ്രത്യാശ'യുടെ ക്രിസ്മസ്- പുതുവൽസരാഘോഷം–12.30.

വഴുതക്കാട് സൂര്യകാന്തി ആർട്ട് ഗാലറി: ലിസി ജേക്കബിന്റെ ചിത്രപ്രദർശനം–5.30.

ട്രിവാൻഡ്രം ഹോട്ടൽ: റെയ്ൻബോ പുസ്തകമേള–10.00.

യൂണിവേഴ്സിറ്റി സെനറ്റ് ഹാൾ: യുണൈറ്റഡ് ക്രിസ്ത്യൻ മൂവ്മെന്റിന്റെ നേതൃത്വത്തിൽ പ്രകൃതിദുരന്ത ദു:ഖാചരണവും പ്രത്യേക പ്രാർഥനയും–6.15.

പ്രശാന്ത് നഗർ ജൂബിലി ഹാൾ: വിചാരവേദിയുടെ നേതൃത്വത്തിൽ പ്രഭാഷണം–6.30.

കവടിയാർ കൊട്ടാരം: സി.വി. കുഞ്ഞുരാമന്റെ 'കാർത്തികോദയം' പ്രകാശനം. ഉത്രാടം തിരുനാൾ മാർത്താണ്ഡവർമ–5.30.

ട്രിവാൻഡ്രം ഹോട്ടൽ: പൂങ്കുളം പ്രസാദ് അനുസ്മരണം–5.30.

വഴുതക്കാട് ചിന്മയ മിഷൻ ധ്യാനമന്ദിരം: സ്വാമി സത്യാനന്ദയുടെ പ്രഭാഷണം–6.00.

കോട്ടയ്ക്കകം അദ്വൈതാശ്രമം: ഭഗവത്ഗീതാ മാഹാത്മ്യപ്രഭാഷണം–5.00, ഭജന–7.00.

ആറ്റുകാൽ ഭഗവതിക്ഷേത്രം: അഷ്ടദ്രവ്യാഭിഷേകം–7.00, ഭഗവതിസേവ–7.15.

ഉദിയന്നൂർ ദേവീക്ഷേത്രം: മൂഴുക്കാപ്പും പൂജയും–6.30.

ശാസ്തമംഗലം മഹാദേവക്ഷേത്രം: ഉൽസവം. ഓട്ടൻതുള്ളൽ–5.30, നാടകം–7.00.

നടുക്കുന്ന ഓർമകളിൽ മാധവൻ മാത്യു

തിരുവനന്തപുരം: തലയ്ക്കു മുകളിലേക്ക് ആർത്തുലച്ചു വാപിളർന്നെത്തിയ മരണ തിരമാലകളിൽ നിന്നും തലനാരിഴയ്ക്കു രക്ഷപ്പെട്ട ആശ്വാസത്തിലാണ് പേയാട് സ്വദേശി മാധവൻ മാത്യു. വേളാങ്കണ്ണി ദേവാലയത്തിനുള്ളിൽ മുഖാമുഖം കണ്ട ദുരന്തമുഖത്തുനിന്നും ഇന്നലെ വൈകിട്ട് ഇദ്ദേഹം വീട്ടിൽ തിരിച്ചെത്തി. ക്രിസ്മസ് ദിനം വൈകിട്ടാണ് കുണ്ടമൺകടവിൽ പലവ്യഞ്ജനകട നടത്തുന്ന മാധവൻ സുഹൃത്ത് ക്രിസ്തുദാസുമൊത്ത് വേളാങ്കണ്ണിയിലേക്കു പുറപ്പെട്ടത്.

പിറ്റേന്നു രാവിലെ ഏഴുമണിയോടെ കടലിൽ കുളിക്കുമ്പോൾ തന്നെ തിരമാലകളുടെ ശക്തിയിൽ എന്തോ അസ്വാഭാവികത തോന്നി. 9.40 ന് ആരാധന പകുതിയായപ്പോഴാണ് കടൽകരയിലേക്കു അപ്രതീക്ഷിതമായി ഇരച്ചു കയറിയത്. ചെറിയ പള്ളി വെള്ളത്തിൽ മുങ്ങിത്തുടങ്ങിയിരുന്നു. എങ്ങും നിലവിളികൾ. വലിയ പള്ളിയിലെ താഴത്തെ നിലയിൽ ആരാധനയിൽ പങ്കെടുത്ത ആയിരങ്ങൾ മുകളിലത്തെ നിലയിലേക്കു പ്രവഹിക്കുകയായിരുന്നു പിന്നീട്.

വികാരിയെ മർദിച്ചവർ പിടിയിൽ

തിരുവനന്തപുരം: കുടപ്പനക്കുന്നിൽ കഴിഞ്ഞ ദിവസം രാത്രി ബൈക്കിൽ സഞ്ചരിച്ചിരുന്ന മാർത്തോമ്മാ പള്ളി വികാരി ജോർജ് വർഗീസിനെ മർദിച്ച സംഭവത്തിലെ പ്രതികളായ കുടപ്പനക്കുന്ന് കുറവൻകോണം സ്വദേശി അജികുമാർ (27) കിണവൂർ സ്വദേശി അനിൽ (27) എന്നിവരെ പേരൂർക്കട പൊലീസ് അറസ്റ്റുചെയ്തു.

മാറ്റിവച്ചു

തിരുവനന്തപുരം: ഇന്നു പത്തിന് നടത്താനിരുന്ന സെമിനാർ മാറ്റിവച്ചതായി കേരള ഇലക്ട്രിസിറ്റി ബോർഡ് എൻജിനീയേഴ്സ് അസോസിയേഷൻ അറിയിച്ചു.

കേരള ശാസ്ത്ര സാഹിത്യ പരിഷത്ത് ഇന്ന് അഞ്ചിന് കെ.ജി. ഒ. എ. ഹാളിൽ നടത്താനിരുന്ന ജനകീയ കൺവൻഷൻ മാറ്റിവച്ചു.

ചിത്രരചന

തിരുവനന്തപുരം: വിവേകാനന്ദ ജയന്തി ആഘോഷ സമിതിയുടെ നേതൃത്വത്തിൽ പ്ലസ്ടു, ഹൈസ്കൂൾ വിദ്യാർഥികൾക്കായി ഇന്ന് ചിത്രരചനാ മൽസരം നടത്തും. ഫോൺ: 9895213317.

CRASH PROGRAMME
Medi/Engg.
Entrance
2005 കേരള മെഡിക്കൽ/എൻജിനീയറിംഗ് എൻട്രൻസ് പരീക്ഷയിൽ ആദ്യ റാങ്കുകളിൽ ഒന്ന് ഉറപ്പാക്കാൻ അവധി ദിനങ്ങളെ പൂർണ്ണമായും പ്രയോജനപ്പെടുത്താം. CRASH PROGRAMME. അഡ്മിഷൻ തുടങ്ങി. നേരിട്ട് പഠിക്കാൻ സാധിക്കാത്ത വർക്ക് കറസ്പോണ്ടൻസ് കോഴ്സ്.
ഫീസ്: മെഡിക്കൽ ..... 2250 രൂപ; എൻജിനീയറിംഗ് .... 2250 രൂപ; മെഡി.+എൻജി .... 2750 രൂപ
തുക MO/DD ആയി Brilliance College, S.S.Kovil Road, Thampanoor, Trivandrum എന്ന വിലാസത്തിൽ അയയ്ക്കുക.
BRILLIANCE COLLEGE
S.S. Kovil Road, Thampanoor, Trivandrum. Ph:2333806, 2336266

ആദ്യത്തെ 100 റാങ്കിൽ ഒന്ന് ഉറപ്പാക്കാം
എൽ.ഡി. ക്ലാർക്ക്
മുൻകൂട്ടി തയ്യാറെടുത്ത് എൽ.ഡി. ക്ലാർക്ക് പരീക്ഷയിൽ ആദ്യ റാങ്കുകളിൽ ഒന്ന് ഉറപ്പാക്കാം.
പുതിയ ബാച്ച് ഡിസംബർ 29, 30 തീയതികളിൽ
ബ്രില്യൻസ് കോളേജ്
എസ്.എസ്.കോവിൽ റോഡ്,തമ്പാനൂർ.
തിരുവനന്തപുരം: ☎ 2332327, 2333806
നെടുമങ്ങാട് : ☎2802960
നെയ്യാറ്റിൻകര : ☎2222731
കാട്ടാക്കട : ☎9349429116
ആറ്റിങ്ങൽ : ☎9387804948
വർക്കല : ☎9349429117

നേവിയിൽ ഓഫിസർ
● ബുന്ദേൽഖണ്ഡ് സർവകലാശാലയിൽ 118 ഒഴിവ് ● നിയമനം ഇതുവരെ (കേന്ദ്ര ഓഫിസ്) ● ജി.എൻ.എം (2005) പ്രവേശനം ● എൻ.പി.സി.ഐ–യിൽ എട്ട് ഒഴിവ്
കരിയർ പ്ലസ്:
● Personality Development – അൽഫോൻസ് കണ്ണന്താനം ഐ എ എസ്
പരീക്ഷാ പരിശീലനം:
● ഹയർ സെക്കൻഡറി ലാബ് അസിസ്റ്റന്റ്, ● കെ.എസ്.എഫ്.ഇ പ്യൂൺ ● കെ.എസ്.എഫ്.ഇ ടൈപ്പിസ്റ്റ് ● സെറ്റ് ● എച്ച്.എസ്.എ ഫിസിക്കൽ സയൻസ്
കേരളത്തിൽ 5,095 നിയമനം ഉടനെ
അപേക്ഷാ ഫോം ഇന്ത്യൻ എയർലൈൻസിൽ 50 ഒഴിവ്
അപേക്ഷാ ഫോം എൻ.സി.സിക്കാർക്ക് ആർമിയിൽ 50 ഒഴിവ്
200 ലിസ്റ്റുകളുടെ കാലാവധി നീട്ടാൻ ശുപാർശ
FREE GK FILE
ഇപ്പോൾ വിൽപനയിൽ
മലയാള മനോരമ
തൊഴിൽവീഥി
ഉദ്യോഗാർഥിയുടെ ഉറ്റമിത്രം
കോപ്പികൾക്ക് മനോരമ ഏജന്റിനെ സമീപിക്കുക

ഹൃദ്യമീയാത്ര
മലയാള മനോരമ
VIVEKANANDA TRAVELS
നേഷാൽ – ഡാർജിലിംഗ് യാത്രയ്ക്കായി തെരഞ്ഞെടുക്കപ്പെട്ട വിജയി
ടൂർ കോഡ് – 16
മനോജ്. പി
അശ്വതി
VNRA-2
വിഷ്ണുനഗർ, കൈമനം
പാപ്പനംകോട്
ടൂർ സ്പോൺസർ = വിവേകാനന്ദ ട്രാവൽസ്

iff അഖിലേന്ത്യാ ഗൃഹോപകരണ പ്രദർശനം
Kinetic Zing സ്കൂട്ടർ ഭാഗ്യസമ്മാനം
FREE TELE-NUMEROLOGY
ITFF ഡിസം.29 മുതൽ ജനുവരി 2 വരെ തിരുവനന്തപുരം സെന്റ് ജോസഫ്സ് സ്കൂൾ ആഡിറ്റോറിയത്തിൽ (ജനറൽ ഹോസ്പിറ്റൽ ജം.) സംഘടിപ്പിക്കുന്ന അഖിലേന്ത്യാ ഗൃഹോപകരണ പ്രദർശനത്തിലെ ഭാഗ്യവാനായ അതിഥിക്ക് Kinetic Zing സ്കൂട്ടർ നറുക്കെടുപ്പിലൂടെ സമ്മാനിക്കും. നൂറോളം പ്രദർശന കമ്പനികൾ അണിനിരക്കുന്ന പ്രദർശനത്തോടൊപ്പം Exchange Mela, Discount Sale എന്നിവ ഉണ്ടായിരിക്കും. 2005ലെ ഭാവി അറിയുന്നതിനായി ടെലിഫോണിലൂടെ ജനു. 2 ന് ന്യൂമറോളജിസ്റ്റ് വേലായുധന്റെ സൗജന്യ ഭാവി പ്രവചനം. കുട്ടികളുടെ കലാമത്സരങ്ങൾ Little Miss/Master Contest എന്നിവയും സംഘടിപ്പിക്കുന്നു. വിവരങ്ങൾക്ക് Ph: 0471-2723088, 98463 40729, 98472 11355.

ഹൃദ്യമീയാത്ര
ലക്കി കൂപ്പൺ 28-12-04
മലയാള മനോരമ VIVEKANANDA TRAVELS
പേര് .....
വിലാസം .....
.....
ജില്ല ..... പിൻ ..... ഫോൺ .....
ഈ കൂപ്പൺ പൂരിപ്പിച്ച് അടുത്തുള്ള മനോരമ ഓഫിസിലോ, സബ് ഓഫിസിലോ, ന്യൂസ് ബ്യൂറോയിലോ, വിവേകാനന്ദ ട്രാവൽസിന്റെ ഓഫിസിലോ വച്ചിട്ടുള്ള പെട്ടിയിൽ നിക്ഷേപിക്കുക. കവറിനു പുറത്ത് നിങ്ങളുടെ ജില്ലയും താഴെ കൊടുത്തിട്ടുള്ള ടൂർ പാക്കേജിന്റെ പേരും എഴുതുക. തപാലിൽ അയക്കുന്നവർ, ഹൃദ്യമീയാത്ര, മലയാള മനോരമ, പി. ബി. നമ്പർ - 300, കോട്ടയം - 686 001. എന്ന വിലാസത്തിൽ 4 ദിവസത്തിനകം കിട്ടത്തക്കവിധം അയക്കേണ്ടതാണ്. വിജയികളുടെ പേരു വിവരം 6–ാം ദിവസം മനോരമ പത്രത്തിൽ പ്രസിദ്ധീകരിക്കുന്നതാണ്.
കുളു–മണാലി യാത്ര (ടൂർ പാക്കേജ് കോഡ് - 34) ☐
കുളു–മണാലി യാത്ര ടൂർ പാക്കേജ് കോഡ് - 34
ഡൽഹിയിലെ ചരിത്രസ്മാരകങ്ങളായ കുത്തബ്മിനാർ, ലോട്ടസ്സ് ടെമ്പിൾ, തീൻമൂർത്തി ഭവൻ, ഇന്ത്യാഗേറ്റ്, രാജ്ഘട്ട്, ശക്തി മല, ശാന്തിവനം, ചാണ്ഡീഗർഢിലെ റോസ് ഗാർഡൻ, റോക്ക് ഗാർഡൻ, സുഖ്ന തടാകം, മുഗൾ ഗാർഡനായ പിഞ്ചോർ ഗാർഡൻ, പ്ലാൻസിറ്റിയായ ചണ്ഡീഗർ സിറ്റി. എന്നിവ കണ്ട് സുഖവാസ കേന്ദ്രമായ മണാലിയിലെ റോത്തംഗ്പാസ്സ്, മഞ്ഞുകട്ടകൾ നിറഞ്ഞ കളിസ്ഥലത്ത് വിനോദങ്ങളിലേർപ്പെട്ടും, സ്കീയിങ്ങ്, സ്ലൈഡിങ്ങ് എന്നിവ നടത്തിയും ടിബറ്റൻ മൊണാസ്ട്രി, തണുത്തുറഞ്ഞ മഞ്ഞിലും ഒരത്ഭുതമായ് നിലകൊള്ളുന്ന വസിഷ്ഠ എന്ന ചൂടു നീരുറവയിലുള്ള സ്നാനം എന്നിവ കഴിഞ്ഞ് മറ്റൊരു സുഖവാസ കേന്ദ്രമായ സിംലയിലെത്തുന്നു. സിംലയിലെ കുഫ്രി, വ്യൂ പോയിന്റ്, താഴ്വര കാഴ്ചകൾ, മാൽറോസ് എന്നിവയും കണ്ടുകൊണ്ടുള്ള അവിസ്മരണീയമായ 12 ദിവസത്തെ ഉല്ലാസയാത്ര. ഡബിൾ ബെഡ്റൂം താമസ സൗകര്യം. രാജ്യത്തുനീളം ബുക്കിംഗ് സൗകര്യം. കേരളീയ ഭക്ഷണം, യാത്രാ സഹായിയുടെ പരിചരണം. ഡിസംബർ, ഏപ്രിൽ, മെയ് മാസങ്ങളിൽ യാത്ര പുറപ്പെടുന്നു.. ഹൃദ്യമീയാത്ര നറുക്കെടുപ്പിലെ വിജയികൾക്കുള്ള സൗജന്യ യാത്രയുടെ തീയതി മനോരമ അധികൃതർ വ്യവസ്ഥകളോടെ നിശ്ചയിച്ച് വിജയികൾക്ക് കത്തയയ്ക്കുന്നതാണ്.
നിയമാവലിക്കും വിശദവിവരങ്ങൾക്കും നവംബർ 24–ാം തീയതിയിലെ ഹൃദ്യമീയാത്ര കൂപ്പൺ കാണുക. സംശയങ്ങൾക്ക് ഞായറാഴ്ച ഒഴികെയുള്ള ദിവസങ്ങളിൽ താഴെ കാണുന്ന നമ്പറുകളിൽ ബന്ധപ്പെടുക.
തിരുവനന്തപുരം : 98950 63214
കോട്ടയം:98950 63210. കൊച്ചി: 98950 63216. കോഴിക്കോട്: 98950 63220.
Tour package sponsored by: Vivekananda Travels: 98460 98080

റിലയൻസ് ഓഹരി തിരികെ വാങ്ങാൻ ഡയറക്ടർ ബോർഡ് അനുമതി

വോട്ടെടുപ്പിൽ നിന്ന് അനിൽ അംബാനി വിട്ടുനിന്നു, ഓഹരിയുടെ പരമാവധി വില 570 രൂപ

പി. ശ്രീവൽസൻ മേനോൻ

മുംബൈ: അംബാനി സഹോദരൻമാരുടെ അഭിപ്രായഭിന്നത കൂടുതൽ പ്രകടമാക്കിക്കൊണ്ട് റിലയൻസ് ഇൻഡസ്ട്രീസിന്റെ (ആർ.ഐ.എൽ.) ഡയറക്ടർ ബോർഡ് യോഗം നടന്നു. മുകേഷ് അംബാനിയുടെ ആധിപത്യം വ്യക്തമാക്കിക്കൊണ്ട് ആർ.ഐ.എല്ലിന്റെ സ്വന്തം ഓഹരികൾ, ഒരു ഓഹരിക്ക് 570 രൂപയ്ക്ക് തിരികെ വാങ്ങാൻ ഡയറക്ടർ ബോർഡ് അനുമതി നൽകി. എന്നാൽ വോട്ടെടുപ്പിൽ നിന്ന് അനിൽ അംബാനി വിട്ടുനിന്നു. യോഗം തീരുന്നതിനു മുൻപു തന്നെ അനിൽ പോവുകയും ചെയ്തു.

ഓഹരി തിരികെ വാങ്ങുന്ന നടപടിക്കെതിരേ ആർ.ഐ.എൽ. വൈസ് ചെയർമാനും എം.ഡിയുമായ അനിൽ അംബാനി ശക്തമായി പ്രതികരിക്കുകയും ചെയ്തതോടെ അംബാനി സഹോദരൻമാരുടെ അഭിപ്രായഭിന്നതയ്ക്ക് ശക്തി കൂടിയിരിക്കുകയാണ്.

10 രൂപ മുഖവിലയുള്ള ആർ.ഐ.എൽ. ഓഹരികൾ തിരികെ വാങ്ങുന്നതിന് 570 രൂപയാണു പരമാവധി വില നിശ്ചയിച്ചിരിക്കുന്നത്. ഇതിനായി 2999 കോടി രൂപ കമ്പനി ചെലവഴിക്കും. അടച്ചുതീർന്ന മൂലധനത്തിന്റെ 10% വരും ഇത്.

കമ്പനിക്ക് 30,000 കോടി രൂപയുടെ കരുതൽ ധനമുണ്ട്. ഇതിൽ നിന്നാണ് ഓഹരികൾ തിരികെ വാങ്ങുന്നതിന് പണം കണ്ടെത്തുന്നത്. കഴിഞ്ഞ ഒരു വർഷത്തെ ശരാശരി വ്യാപാരവിലയുടെ 11 ശതമാനവും വെള്ളിയാഴ്ചത്തെ ക്ലോസിങ് വിലയായ 524 രൂപയുടെ ഒൻപതു ശതമാനവും പ്രീമിയമാണ് തിരികെ വാങ്ങുന്ന വിലയായി നിശ്ചയിച്ചിരിക്കുന്നത്.

ജനുവരി 10 മുതൽ ഓഹരികൾ തിരികെ വാങ്ങുന്ന പദ്ധതി നടപ്പാക്കും. എന്നാൽ പ്രമോട്ടർമാരിൽ നിന്ന് ഓഹരികൾ വാങ്ങുകയില്ലെന്ന് ഡയറക്ടർ ബോർഡ് വ്യക്തമാക്കി.

ഓഹരികൾ തിരികെ വാങ്ങാനുള്ള നടപടി റിലയൻസ് ഓഹരികൾക്ക് പുതുജീവൻ പകരുമെന്ന് വിപണിവൃത്തങ്ങൾ പറയുന്നു. 500-550 രൂപയാണ് വിപണി പൊതുവേ പ്രതീക്ഷിച്ചിരുന്നത്.

റിലയൻസ് ഗ്രൂപ്പിൽ അഭിപ്രായഭിന്നത ഉടലെടുത്തതു മുതൽ ആർ.ഐ.എൽ. ഓഹരി തിരികെ വാങ്ങാൻ പദ്ധതി തയാറാക്കിയിരുന്നുവെങ്കിലും പക്ഷേ നടപ്പാക്കിയിരുന്നില്ല. റിലയൻസ് ഗ്രൂപ്പിൽ ഉടമസ്ഥാവകാശതർക്കം ഉടലെടുത്ത ശേഷം ചേരുന്ന ആദ്യത്തെ ബോർഡ് യോഗമായിരുന്നു ഇന്നലത്തേത്.



മുംബൈയിൽ റിലയൻസ് ബോർഡ് യോഗത്തിനെത്തിയ അനിൽ അംബാനി വാർത്താലേഖകരുമായി സംസാരിക്കുന്നു

തുടക്കം മുതൽ വ്യക്തമായ സ്വാധീനം നേടിയെടുക്കാൻ മുകേഷ് അംബാനിക്ക് കഴിഞ്ഞിരുന്നു. യോഗം തുടങ്ങി അധികം വൈകാതെ തന്നെ ഓഹരികൾ തിരികെ വാങ്ങുന്നതിനുള്ള അനുമതി നേടിയെടുത്തു.

മുകേഷിൽ ബോർഡ് പൂർണവിശ്വാസവും പിന്തുണയും അർപ്പിച്ചു. യോഗത്തിൽ അവതരിപ്പിച്ച ഒട്ടുമിക്ക അജൻഡകളിലും അനുകൂല തീരുമാനം നേടിയെടുക്കുന്നതിലും മുകേഷ് വിജയിച്ചു. റിലയൻസ് എനർജിയുടെ പദ്ധതികൾക്ക് ന്യായമായ രീതിയിൽ പിന്തുണ നൽകാനും ബോർഡ് തീരുമാനിച്ചു.

എന്നാൽ ഇത് ആർ.ഐ.എല്ലിന്റെ പ്രവർത്തനങ്ങളെ ബാധിക്കാതെയാവണം. ഗ്രൂപ്പ് കമ്പനികൾ നടപ്പാക്കുന്ന വൻ പദ്ധതികൾക്ക് ആർ.ഐ.എല്ലിന്റെ അനുമതി വേണമെന്നതാണ് മറ്റൊരു തീരുമാനം.

ആർ.ഐ.എല്ലിൽ നിന്ന് രാജിവച്ച എം.എൽ. ഭക്തയെ ബോർഡിൽ വീണ്ടും തുടരുന്നതിനും അനുമതി നൽകി. ആർ.ഐ.എല്ലിലെ രണ്ടു സ്വതന്ത്ര ഡയറക്ടർമാരെ റിലയൻസ് ഇൻഫോകോം, റിലയൻസ് കമ്യൂണിക്കേഷൻസ് ആൻഡ് ഇൻഫ്രസ്ട്രക്ചർ എന്നീ കമ്പനികളിൽ നോമിനേറ്റ് ചെയ്യും. ആർ.ഐ.എല്ലിന് ഇൻഫോകോമിൽ ഉള്ള 45% ഓഹരിപങ്കാളിത്തത്തിനും ബോർഡ് പിന്തുണ നൽകി.

ഇൻഫോകോമിന്റെ 50 കോടി ഓഹരികൾ മുകേഷിനു നൽകിയിരുന്നു. ഇത് ഏറെ വിവാദം ഉണ്ടാക്കിയതിനെ തുടർന്ന് മുകേഷ് ഇതു തൃജിച്ചിരുന്നു.

ഓഹരികൾ നൽകിയതിൽ നിയമപരമായി യാതൊരുവിധ തെറ്റുമില്ലെന്നു ബോർഡ് പറഞ്ഞു. എന്നാൽ മുകേഷ് ആവശ്യപ്പെട്ടതുപ്രകാരം ഓഹരി ഘടനയിൽ മാറ്റം വരുത്താനും ബോർഡ് തീരുമാനിച്ചു.

മുകേഷിന് എതിരെ വിമർശനവുമായി അനിൽ

മുംബൈ: അംബാനി സഹോദരൻമാരുടെ അഭിപ്രായഭിന്നത കൂടുതൽ രൂക്ഷമായതിന്റെ ചിത്രമാണ് ഇന്നലെ ചേർന്ന റിലയൻസ് ഇൻഡസ്ട്രീസ് ഡയറക്ടർ ബോർഡ് യോഗത്തിൽ കണ്ടത്. ഉടമസ്ഥാവകാശത്തർക്കം ഉടലെടുത്തതിനു ശേഷം മുകേഷിന് എതിരെ ശക്തമായ വിമർശനവുമായി ആദ്യമായാണ് അനിൽ അംബാനി ഇന്നലെ രംഗത്തു വന്നത്.

ലാൻഡ് റോവർ കാറിലാണ് റിലയൻസ് ആസ്ഥാനമായ മാർക്കർ ചേംബറിൽ അനിൽ എത്തിയത്. 'ഒട്ടേറെ പ്രശ്നങ്ങൾക്കു പരിഹാരം കാണാനുണ്ട്.

ഇതിനിടയിൽ ഓഹരികൾ തിരികെ വാങ്ങാൻ തിടുക്കം കാട്ടുന്നത് ഉചിതമല്ല' - അനിൽ തുറന്നടിച്ചു. ചൈനീസ് തത്വചിന്തകനെ ഉദ്ധരിച്ചുകൊണ്ട് അനിൽ തുടർന്നു. 'ഒരു യുദ്ധത്തിന്റെ ലക്ഷ്യം സമാധാനമാണ്. എന്നാൽ ഞാൻ രണ്ടു ഘടകങ്ങൾ കൂടി ഇതോടൊപ്പം ചേർക്കുന്നു - അന്തസും ആത്മാഭിമാനവും'. അഭിപ്രായ ഭിന്നത കൂടുതൽ വ്യക്തമാക്കുന്നതായിരുന്നു ഈ അഭിപ്രായ പ്രകടനം.

ഓഹരികൾ തിരികെ വാങ്ങുന്നതു സംബന്ധിച്ച നടപടികളെക്കുറിച്ചു തന്നോട് ആരും ചർച്ച നടത്തിയിട്ടില്ലെന്നും അനിൽ പറഞ്ഞു. അതേസമയം ഓഹരികൾ തിരികെ വാങ്ങുമെന്ന പ്രഖ്യാപനം വന്നതിനു ശേഷം റിലയൻസ് ഓഹരി വിലയിൽ ഉണ്ടായ വില ക്കയറ്റത്തിൽ തനിക്കു സംശയമുണ്ടെന്നും അനിൽ പറഞ്ഞു.

പിതാവായ ധിരുഭായ് അംബാനിയുടെ സ്വപ്നമായിരുന്നു റിലയൻസ് ഗ്രൂപ്പ്. ഇതു കാത്തുസൂക്ഷിക്കേണ്ടത് എന്റെയും നിക്ഷേപകരുടെയും കടമയാണ് - അനിൽ പറഞ്ഞു.

ഇതാദ്യമായാണ് ഒരു കമ്പനിയുടെ ഓഹരികൾ തിരികെ വാങ്ങുന്ന നടപടിയെ ചോദ്യം ചെയ്തുകൊണ്ട് അതേ കമ്പനിയുടെ വൈസ് ചെയർമാനും എം.ഡിയും ബോർഡ് യോഗത്തിനു തൊട്ടുമുൻപു രംഗത്തു വന്നത്.

വിനിമയ നിരക്ക്

	കറൻസി	ചെക്ക്
ഡോളർ	42.95	43.55
പൗണ്ട്	82.35	83.55
യൂറോ	57.90	58.78
സ്വിസ് ഫ്രാങ്ക്	37.35	38.01
സിംഗപ്പൂർ ഡോളർ	25.85	26.38
കനേഡിയൻ ഡോളർ	34.65	35.27
ഒമാൻ റിയാൽ	108.55	
സൗദി റിയാൽ	10.98	
ബഹ്റൈൻ ദിനാർ	110.85	
കുവൈത്ത് ദിനാർ	134.70	
യു.എ.ഇ. ദിർഹം	11.22	
ഖത്തർ റിയാൽ	11.32	

ഓഹരി



SCRIPNSE		AZTEC	64.20				
ABANLLOYD	1128.15	BAJAJAUTO	1130.85				
ABB	975.70	BAJAUTOFIN	133.75				
ACC	325.10	BALAJITELE	110.95	BPL	42.55	CUB	94.75
ADANIEXPO	79.35	BALRAMCHIN	519.20	BRITANNIA	908.75	CYBERTECH	9.60
ADLABSFILM	103.20	BANKPUNJAB	32.40	BSES	526.10	D-LINK	121.50
ADVANIORLI	84.95	BANKRAJAS	66.75	CADILAHC	575.60	DABUR	84.90
AFTEKINFO	122.45	BASF	173.95	CANARABANK	203.05	DCW	47.25
AHMEDELEC	125.60	BATAIND	96.25	CANFINHOME	49.65	DEEPAKFERT	50.15
AJANTPHARM	72.60	BEL	658.60	CEAT	56.35	DENABANK	40.45
AKSHOPTICAL	39.50	BELCERAMIC	26.55	CENTENKA	164.25	DISHMAN PHARMA	626.10
ALBK	69.80	BEML	342.40	CENTURYTEX	14.60	DIVISLAB	1334.80
ALEMBICLTD	247.30	BERGEPAINT	37.65	CESC	182.20	DRREDDY	856.45
ALFALAVAL	709.20	BFLSOFT	272.35	CGIGARSH	159.50	DSQSOFT	8.55
ALOKTEXT	71.65	BHARATFORG	1135.50	CHAMBLFERT	134.10	EICHERMOT	233.55
AMARAJA	107.95	BHARATGEAR	63.70	CHENNAIPETRO	26.55	EIDPARRY	402.15
ANDHRABANK	84.40	BHARTI	209.75	CHESLINTEX	226.15	EIHOTEL	294.90
ANDHRSUGAR	127.10	BHEL	737.35	CIPLA	32.90	ELDERPHARM	181.05
APIL	158.75	BILT	86.60	CMC	307.50	ELECTCAST	340.55
APPOLOHOS	251.45	BIOCON	498.10	COLGATE	716.00	ELGIEQUIP	50.60
APTECHT	43.55	BIRLA3M	535.60	COLORCHEM	180.90	ENGGINDIA	331.30
ARCHIES	92.40	BIRLAERIC	26.20	COMPUTECH	288.40	ESABINDIA	134.95
ARVINDMILL	125.55	BIRLAJUTE	148.30	COREPARENT	11.50	ESCORTS	69.65
ASHOKLEY	24.05	BLUEDART	326.75	COROMNFERT	22.80	ESSARGUJ	38.80
ASIANELEC	89.85	BLUESTARCO	256.10	CORPBNK	163.80	ESSAROIL	28.90
ASIANHOTEL	334.80	BLUESTARINFO	176.65	COSMOFILMS	352.10	ESSELPACK	273.75
ASIANPNT	322.05	BOB	229.15	CREATIVEYE	74.35	ETERNEVRST	148.20
ATCOIND	9.05	BOI	93.50	CRESTCOMM	14.25	FACT	32.20
AUROPHARMA	324.25	BOMBDYE	234.10	CRISIL	81.30	FDC	59.40
AVAYA GLOBAL	313.85	BONGAIREFN	97.65	CROMPGREV	569.10	FINLXCABLE	160.15
AVENTIS	1372.50	BPCL	448.45		280.95	FINPIPE	69.15

FUJITSICIM	164.60	HINDALCO	1325.80	ITC	1309.80	MAHABANK	36.95
GAIL	234.45	HINDCONS	298.10	ITI	27.60	MAHAVIRSPG	288.05
GARDENSILK	69.60	HINDLEVER	144.95	IVRCLINFRA	342.80	MANALIPET	9.15
GEOMETRIC	363.00	HINDMOT	19.50	J&KBANK	369.35	MARALOVER	46.60
GEORGWILIM	149.40	HINDOILEXP	83.70	JBCHEPHARM	475.25	MARICOIND	172.70
GESHIPP	171.00	HINDUJAFUN	303.40	JENSONICOL	9.60	MARUTI	463.40
GHCL	35.00	HMCMNUFUT	15.70	JINDALIRON	327.90	MASCOTSYS	271.90
GLOBSOFTN	34.50	HMT	42.90	JINDALSTEL	884.05	MASTEK	325.05
GPCL	74.30	HOCL	24.30	JINDVIJSTL	16.55	MAXIND	283.50
GKW	9.55	HOTLEELA	151.45	JYOTISTRUC	141.30	MCDOWEL	129.65
GLAXO	778.50	HPCL	388.90	KALECONSULT	74.40	MELSTAR	16.50
GLENMARK	388.15	HUGHSTELE	30.95	KARURVYSYA	453.20	MIDDAY	49.10
GLOBALTELE	119.15	HUGSSOFT	567.85	KECINTL	133.25	MIRCELECTR	27.20
GMDCLTD	319.20	I-FLEX	619.55	KESORAMIND	117.95	MIRZATAN	211.45
GODAVRFERT	68.20	IBP	612.25	KIRLOSKCUM	123.30	MONSANTO	2048.10
GODREJIND	128.30	ICI	230.25	KITPLYIND	10.75	MOREPENLAB	11.10
GODREJS	299.45	ICICIBANK	374.00	KLGSYSTEL	90.85	MORGANSTAN	18.60
GOETZEIND	178.65	IDBI	107.55	KOPDRUGS	27.05	MOSERBEAR	228.25
GOLDTECH	26.75	IDBIBANK	58.80	KOPRAN	65.50	MRF	2487.75
GOLDTELE	7.10	IFBIND	13.55	KOTAKM	280.30	MROTECH	29.95
GOODLASNER	387.45	IFCI	14.95	KPIT	590.15	MRPL	50.95
GRASIM	1298.45	IGFLFERT	120.15	KSBPUMPS	233.30	MTNL	155.60
GSFC	98.25	INDHOTEL	560.40	KTKBANK	199.65	MUKAND	46.15
GTCIND	28.70	INDIACEM	58.95	LAKME	594.90	MUKTAARTS	70.05
GTNTEXT	74.65	INDRAYON	372.90	LAKSHVILAS	160.00	MUNJALSHOW	226.85
GUJALKALI	122.60	INDSWFTLAB	266.40	LAXMIMACH	8610.80	MYSORECEM	23.40
GUJAMBCEM	401.00	INDUSINDBK	59.30	LICHSGFIN	205.00	NAGARFERT	14.70
GUJRATGAS	563.00	INFOSYS	2058.30	LLOYDFIN	2.15	NAHAREXP	89.75
GUJSIDHCEM	11.35	INFOTECH ENT	190.70	LLOYDSTEEL	14.40	NAHARSPG	274.55
HCLINFO	800.65	INGERRAND	273.05	LML	45.55	NAICHOLAS	292.20
HCLTECH	357.40	IOB	73.60	LUPINCHEM	702.30	NATCOPHARM	137.25
HDFC	761.20	IOC	512.70	LYKALAB	68.65	NATIONALUM	193.70
HDFCBNK	504.90	IOL	62.35	M&M	546.20	NATNLSTEEL	28.55
HEG	100.65	IPCALAB	881.10	MAARSSOFT	5.05	NAVBARFERO	363.55
HEROHONDA	549.00	IPCL	178.40	MACMILLAN	357.45	NELCO	57.35
HEXAWARE	588.50	IT&T	13.10	MADRASFERT	17.05	NEYVELI	68.20

സൂചിക 6500ന് മുകളിൽ

മുംബൈ:ബോംബെ ഓഹരി വില സൂചിക ചരിത്രത്തിൽ ആദ്യമായി ഇന്നലെ 6500 പോയിന്റ് മുകളിൽ - 6513.03- അവസാനിച്ചു. നേട്ടം 15 പോയിന്റ്. ഒരവസരത്തിൽ സൂചിക 6566 പോയിന്റ് വരെ ഉയർന്നിരുന്നു. എൻ.എസ്.ഇ. നിഫ്റ്റി സൂചിക 2062.60 ൽ ഏറെക്കുറെ മാറ്റമില്ലാതെ തുടർന്നു.മെറ്റൽ കമ്പനികളുടെ ഓഹരികൾ ഇന്നലെ തിളങ്ങി. ഏതാനും ചില ബാങ്കിങ് ഓഹരികളും ഇന്നലെ നേട്ടമുണ്ടാക്കി. സൂചികാധിഷ്ഠിത ഓഹരികളിൽ 19 എണ്ണം ഉയർന്നപ്പോൾ 11 എണ്ണത്തിന്റെ വില താഴ്ന്നു.

NIFTYBEES	210.30	POLYPLEX	248.90	SEAMECLTD	80.15	TVSMOTOR	81.70				
NIIT	179.35	POWTRA	53.55	SESAGOA	1006.95	UCALFUEL	189.30				
NILKAMPLST	72.95	PRAJIND	283.35	SESHAPAPER	73.90	UCO BANK	30.45				
NIPPONDENR	21.35	PRISMCEM	21.35	SHAKTIGAS	6.65	UNICHEMLAB	216.30				
NIRMA	348.65	PSL	154.30	SHANTIGEAR	41.15	UNIONBANK	107.05				
NOCIL	21.65	PUNTRACT	199.35	SHASUNCHEM	386.40	UNIONCARBI	64.25				
NTPC	85.05	RADAAN	9.75	SHREECEM	255.80	UNIPHOS ENTE	24.10				
NUCLEUS	153.55	RAINCALCIN	22.10	SHYAMTELE	69.45	UNIWESTBNK	46.95				
OBC	327.30	RAJSREESUG	49.65	SIEMENS	1305.45	UTIBANK	185.50				
OILCOUNTUB	18.75	RALLIS	234.40	SKFBEAR	151.15	UTTAMSTL	38.45				
OMAXAUTO	110.00	RAMANEWSPR	16.00	SKUMARSYNF	11.65	VARUNSHIP	33.15				
ONGC	848.90	RAMCOIND	635.40	SMITHKLC	330.00	VDOCONAPPL	26.00				
ONWARDTECI	72.05	RAMCOSYS	473.55	SNOWCEMIND	18.60	VDOCONINTL	69.75				
ORCHIDCHEM	265.30	RANBAX	1241.50	SOFFIASOFT	24.85	VESUVIUS	175.45				
ORIENTINFO	39.75	RAYMOND	317.70	SONATSOFTW	22.70	VIJAYABANK	69.05				
PADMALAYAT	53.15	RCF	38.95	SPIC	19.55	VIPIND	86.25				
PANACEABIO	143.35	RELCAP	133.40	SRF	75.00	VISUALSOFT	127.00				
PAPERPROD	210.80	RELIANCE	516.95	SSI	43.55	VOLTAS	203.85				
PATNI COMP	391.25	ROLTA	79.85	STERLINTEA	156.80	VSNL	235.75				
PATSPINLTD	27.35	RSSOFTWARE	42.00	STROPTICAL	73.45	VYSYABANK	568.00				
PEACOCKIND	4.90	SAB	94.50	SUNDARMFIN	260.15	WELLWININD	10.70				
PENTACOMMU	2.80	SABERORGAN	36.05	SUNPHARMA	547.05	WIMCO	37.05				
PENTSOFT	8.05	SAIL	61.40	SUPPETRO	24.65	WIPRO	750.60				
PETRONET	29.80	SALORAINTL	165.95	SURAJDIAMN	36.70	WOCKLIFE	46.95				
PFIZER	696.70	SAMTEL	91.15	SWARAJENG	353.55	WOCKPHARMA	356.95				
PHARMACIA	135.35	SARIGAMA	132.65	SYNDIBANK	61.35	WYETHLEDE	565.85				
PHILIPCARB	94.00	SATYAM	409.75	TATACHEM	170.20	ZEETELE	171.40				
PIDILITIND	376.85	SAWPIPES	236.65	TATAELXSI	160.95	ZENITHCOMP	27.35				
PNB	379.65	SB&TINTL	79.25	TATAFIN	59.55	ZENITHINFO	19.60				
PNBGILTS	20.30	SBI	613.75	TATAMETALI	179.50	ZUARIAGRO	72.70				
PNC	64.90	SBIHOMEFIN	23.05	TATAPOWER	380.35	Kerala Based					
POLARIS	162.80	SCI	174.80	TATAPRESS	156.05	APPO TRE	239.00				
				TATATEA	481.15	MANAPURAM FI [BSE]	15.85				
				TATAVASHIS	16.50	KRL	240.65				
				TCS	1270.55	FEDERALBNK	159.35				
				TELCO	512.00	GEOJIT [BSE]	137.65				
				TFCILTD	18.10	HAR. MAL	64.10				
				THERMAX	536.90	SIB	68.15				
				THMCOOK	487.85	K A P L [BSE]	16.10				
				TIPSINDIA	44.10	DLB	32.60				
				TIRUMALCHM	114.10	COCHIN MIN [BSE]	21.45				
				TISCO	374.30	KCPL [BSE]	36.95				
				TITANIND	181.95	OENCONNECT	280.45				
				TNPETRO	25.15	SBT [BSE]	1845.00				
				TNPL	65.40	KER SOL [BSE]	115.30				
				TNTELE	19.20	BHG. ENGG [BSE]	35.20				
				TORNTPHARM	571.60						
				TRIGYNTECH	17.05						
				TTKPRESTIG	41.10						
				TUBEINVEST	245.20						
				TV18	220.35						
				TVSELEC	70.50						

തൽസമയ ഓഹരി വില www.manoramaonline.com/stocks

ഓഹരി വിപണിയിൽ വീണ്ടും മുന്നേറ്റം

മുംബൈ: റിലയൻസ് ഇൻഡസ്ട്രീസ് ഡയറക്ടർ ബോർഡ് യോഗവും റിലയൻസ് വിലകളിൽ ഉണ്ടായ ഏറ്റക്കുറച്ചിലുകളും ഓഹരി വിലകളിൽ സമ്മിശ്ര പ്രതികരണം ഉണ്ടാക്കിയെങ്കിലും ബി.എസ്.ഇ. സൂചിക വീണ്ടും റെക്കോർഡ് തകർത്ത് മുന്നേറ്റം നടത്തി.

സൂചിക ഒരവസരത്തിൽ 6566.64 വരെ ഉയർന്നെങ്കിലും 6513.03 ൽ അവസാനിച്ചു. ചരിത്രത്തിൽ ആദ്യമായാണ് സൂചിക 6500 നു മുകളിൽ അവസാനിക്കുന്നത്.

എൻ.എസ്.ഇ. നിഫ്റ്റി സൂചിക 2079.05 വരെ ഉയർന്നശേഷം 2062.60 ൽ അവസാനിച്ചു.

റിലയൻസ് ഗ്രൂപ്പ് ഓഹരി വില തുടക്കത്തിൽ മെച്ചപ്പെട്ടുവെങ്കിലും അംബാനി സഹോദരൻമാരുടെ അഭിപ്രായ ഭിന്നത രൂക്ഷമായെന്ന വാർത്ത വിലകൾ താഴ്ത്തി. 544.90 രൂപ വരെ ഉയർന്ന റിലയൻസ് ഇൻഡസ്ട്രീസ് വില 516.85 രൂപയിലാണ് അവസാനിച്ചത്. റിലയൻസ് എനർജി വില 540 രൂപ വരെ എത്തിയ ശേഷം 526 രൂപയിൽ അവസാനിച്ചു.

വിദേശ ധനസ്ഥാപനങ്ങൾ വർഷാവസാനം എത്തിയതോടെ നിക്ഷേപത്തിന്റെ തോത് കുറയ്ക്കുമെന്നു കരുതുന്നു.

അതേസമയം ഡിസംബറിൽ അവസാനിക്കുന്ന പാദത്തിൽ കമ്പനികൾ മെച്ചപ്പെട്ട പ്രവർത്തനഫലം നൽകുമെന്ന പ്രതീക്ഷയിലാണു വിപണി.

ചരിത്രത്തിൽ ആദ്യമായി സൂചിക 6500 നു മുകളിൽ അവസാനിച്ചു

സുനാമി: വിനോദസഞ്ചാരികൾ കായൽ യാത്ര ഉപേക്ഷിക്കുന്നു

സ്വന്തം ലേഖകൻ

കൊച്ചി: ക്രിസ്മസ്–നവവത്സരവേള ആസ്വദിക്കാൻ സംസ്ഥാനത്തെത്തിയിട്ടുള്ള വിദേശികളായ വിനോദസഞ്ചാരികളിൽ പലരും സുനാമി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ കായൽ യാത്ര ഉപേക്ഷിക്കുന്നു.

കൊച്ചിയിലും ആലപ്പുഴയിലുമെത്തിയ പല സഞ്ചാരികളും നേരത്തെ ബുക്കു ചെയ്തിരുന്ന ബോട്ട് യാത്രയിൽ നിന്ന് ഇന്നലെ ഒഴിഞ്ഞു മാറുകയായിരുന്നു.

കായൽ മേഖല അപകടരഹിതമാണെന്ന സംഘാടകരുടെ ഉറപ്പ് അതേപടി വിശ്വസിക്കാൻ വിനോദസഞ്ചാരികൾക്കു കഴിയുന്നില്ല. മുൻകൂർ പണം ലഭിച്ചിട്ടുള്ളതിനാൽ ബോട്ടുടമകൾക്കു സാമ്പത്തിക നഷ്ടമില്ലെന്നു പറയാം. എന്നാൽ സഞ്ചാരികൾക്ക് അവസരം നഷ്ടപ്പെടുന്നതു ബിസിനസിനു നല്ലതല്ലെന്ന് ഓൾ കേരള ഹൗസ് ബോട്ട് ഓണേഴ്സ് അസോസിയേഷൻ സെക്രട്ടറി ടോമി ജോസഫ് എടയാടി അഭിപ്രായപ്പെട്ടു.

ആലപ്പുഴ കേന്ദ്രീകരിച്ചു പ്രവർത്തിക്കുന്ന നൂറ്റൻപതോളം ഹൗസ് ബോട്ടുകളാണുള്ളത്. സാധാരണ ബോട്ടുകളും സ്പീഡ് ബോട്ടുകളും വേറെ.

ഇതു നല്ല സീസണുമാണ്. കേരളത്തിലെത്തുന്ന വിദേശികൾ മാത്രമല്ല മറ്റു സംസ്ഥാനക്കാർ പോലും പ്രധാനമായി ആഗ്രഹിക്കുന്നതു കായൽയാത്രയാണെന്നിരിക്കെ സുനാമി ദുരന്തം അപ്രതീക്ഷിത പ്രഹരമായെന്നു ടൂർ ഓപ്പറേറ്റർമാർ പറയുന്നു.

ഷെവർ ലേ, ഓപ്പൽ മോഡൽ കാറുകൾക്കു വില വർധന

ന്യൂഡൽഹി: ജനറൽ മോട്ടോഴ്സ് കമ്പനി ചില കാറുകൾക്കു വില കൂട്ടാൻ തീരുമാനിച്ചു. ഷെവർ ലേ, ഓപ്പൽ മോഡലുകൾക്കാണു വില വർധിക്കുന്നത്.

ഷെവർ ലേ ഓപ്ട്ര മോഡലിന് 7000 മുതൽ 10,000 രൂപവരെ വർധിക്കും. ഷെവർ ലേ ടവേരക്ക് 8,000 മുതൽ 12,000 വരെയാണു വർധന. ഓപ്പൽ കോഴ്സയുടെ എല്ലാ മോഡലുകൾക്കും 5,000 രൂപയുടെ വർധന ഉണ്ടാവും.

പുതുക്കിയ നിരക്ക് അനുസരിച്ച് കോഴ്സ സെയിലിന് 4.42 ലക്ഷവും കോഴ്സ എൻ.ബിക്കു 4.99 ലക്ഷവും വിലവരും. ജനുവരിയിലാണു വില വർധന പ്രാബല്യത്തിൽ വരുക.

ഒ.എൻ.ജി.സി. ഇടക്കാല ലാഭവീതം: റെക്കോർഡ് തീയതി നാളെ

കലണ്ടർ

ഒ.എൻ.ജി.സി. പ്രഖ്യാപിച്ചിട്ടുള്ള 200% ഇടക്കാല ലാഭവീതത്തിന് അർഹതയുള്ളവരെ നിർണയിക്കുന്ന റെക്കോർഡ് തീയതി നാളെ.

ഇന്ത്യൻ ഓയിൽ കോർപറേഷൻ ലിമിറ്റഡ് 45% ഇടക്കാല ലാഭവീതം നൽകുന്നതിനു നിശ്ചയിച്ചിട്ടുള്ള റെക്കോർഡ് തീയതി 30.

മാർച്ച് 31 ന് അവസാനിച്ച സാമ്പത്തിക വർഷത്തെ ഓഡിറ്റ് ചെയ്ത പ്രവർത്തനഫലം അംഗീകരിക്കാനും പുതിയ ഡയറക്ടർമാരെ തിരഞ്ഞെടുക്കാനും ഫാക്ട് ഓഹരിയുടമകളുടെ വാർഷിക പൊതുയോഗം ചേരുന്നതും 30 ന്.

വാർഷിക പൊതുയോഗം, 140% ഇടക്കാല ലാഭവീതം എന്നിവയുമായി ബന്ധപ്പെട്ടു 2005 മാർച്ച് ഏഴു മുതൽ 17 വരെ എം.ആർ.എഫ്. ലിമിറ്റഡ് ബുക്ക് ക്ലോഷർ പ്രഖ്യാപിച്ചു.

സെസ ഗോവ ലിമിറ്റഡ് 50% ഇടക്കാല ലാഭവീതം നൽകുന്നതിനു 2005 ജനുവരി ഏഴ് റെക്കോർഡ് തീയതിയായി പ്രഖ്യാപിച്ചിട്ടുണ്ട്.

സൂചിക 6500ന് മുകളിൽ

മുംബൈ:ബോംബെ ഓഹരി വില സൂചിക ചരിത്രത്തിൽ ആദ്യമായി ഇന്നലെ 6500 പോയിന്റ് മുകളിൽ - 6513.03- അവസാനിച്ചു. നേട്ടം 15 പോയിന്റ്. ഒരവസരത്തിൽ സൂചിക 6566 പോയിന്റ് വരെ ഉയർന്നിരുന്നു. എൻ.എസ്.ഇ. നിഫ്റ്റി സൂചിക 2062.60 ൽ ഏറെക്കുറെ മാറ്റമില്ലാതെ തുടർന്നു.മെറ്റൽ കമ

ആലപ്പാട്ട് പൊതുശ്മശാനത്തിൽ സംസ്കാരം

കരുനാഗപ്പള്ളി: സംസ്കാരചടങ്ങിന് ഉറ്റവർ അടുത്തില്ലാതായ ജഡങ്ങൾ ഇന്ന് രണ്ടിന് ആലപ്പാട്ട് പ്രത്യേകമായി ഒരുക്കിയ പൊതുഭൂമിയിൽ സംസ്കരിക്കും. ആലപ്പാട്ട് സ്റ്റേഡിയത്തിനായി കരുതിയിരുന്ന മണ്ണിൽ പ്രിയപ്പെട്ടവർക്ക് അന്ത്യവിശ്രമമനുവദിക്കാൻ ഇന്നലെ ചേർന്ന സർവകക്ഷിയോഗം തീരുമാനിക്കുകയായിരുന്നു. ജഡങ്ങൾ തിരിച്ചറിഞ്ഞ പലർക്കും ഇത് ഏറ്റെടുത്ത് എവിടെ സംസ്കരിക്കും എന്ന പ്രശ്നമുണ്ട്. പല ജഡങ്ങളും ഏറ്റെടുക്കേണ്ടവർ പരുക്കേറ്റ് അവശനിലയിലുമാണ്.

താലൂക്ക് ആശുപത്രിയിലെത്തിയ 127 ജഡങ്ങളിൽ 54 എണ്ണം ബന്ധുക്കൾക്കു നൽകി. 73 എണ്ണം വിവിധ കേന്ദ്രങ്ങളിൽ ഫ്രീസറുകളിൽ സൂക്ഷിച്ചിരിക്കുകയാണ്.

കൈവിട്ടു പോയ ഓമനയെ തേടി

കരുനാഗപ്പള്ളി: മകളെ തേടി വാർഡിൽനിന്നു വേച്ചുവേച്ച് മോർച്ചറിയിലേക്ക് ഇടയ്ക്കിടെ എത്തുന്ന യുവാവ് കാഴ്ചക്കാരുടെ കണ്ണ് നനയിച്ചു.

അഴീക്കൽ കോമളത്ത് ഓമനക്കുട്ടനാണ് മകൾ ചിന്നുവിനെ (10) തേടി അലയുന്നത്.

തിരക്കയറ്റത്തിൽ മകളെ തോളിലേറ്റി ഓടിയതാണ് ഈ യുവാവ്.

മകൾ തന്റെ തോളിൽ അള്ളിപ്പിടിച്ചിരുന്നു. അല പുറത്തുവന്നു മറിഞ്ഞതോടെ നിലതെറ്റി വീണ ഓമനക്കുട്ടന്റെ തോളിൽനിന്നു മകൾ വഴുതിപ്പോയി.

ഉയർന്ന ജലവിതാനത്തിൽ ഊളിയിട്ടു പൊങ്ങിയ ഓമനക്കുട്ടന് തന്റെ പിഞ്ചോമനയെ കണ്ടെത്താൻ ഇന്നലെ വൈകുംവരെയും ആയിട്ടില്ല.

ബന്ധുക്കൾ വിവിധ ക്യാംപുകളിൽ അന്വേഷണം നടത്തി.

ആശുപത്രിയിലെത്തിക്കുന്ന ഓരോ കുട്ടിയെയും പരിശോധിക്കാൻ ബന്ധുക്കളുടെ കൈത്താങ്ങോടെ എത്തുകയായിരുന്ന ഈ യുവാവിന്റെ ഭാര്യാപിതാവ് രാഘവനും ബന്ധു ബിന്ദുവും കടലേറ്റത്തിൽ മരിച്ചു. ബന്ധുവായ ബിജുവിന്റെ മകൻ വിപിനെയും (നാല്) കണ്ടെത്തിയിട്ടില്ല.

കവടിയാർ കൊട്ടാരത്തിൽ നിന്ന് ലക്ഷം രൂപ

തിരുവനന്തപുരം: ദുരിത ബാധിതർക്കായുള്ള മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കു കവടിയാർ കൊട്ടാരത്തിൽനിന്നും ഒരുലക്ഷംരൂപസംഭാവനചെയ്തു. തുകയ്ക്കുള്ള ചെക്ക് പാലസ് സെക്രട്ടറി ടി. രവീന്ദ്രൻ തമ്പി മുഖ്യമന്ത്രിയെ ഏൽപിച്ചു.

സഹായം എത്തിക്കണം

തിരുവനന്തപുരം: കടലാക്രമണത്തിൽ സർവതും നഷ്ടപ്പെട്ട് ദുരിതമനുഭവിക്കുന്നവർക്ക് ആവുന്നത്ര സഹായമെത്തിക്കുവാൻ റസിഡൻസ് അസോസിയേഷനുകളോട് ഫെഡറേഷൻ ഓഫ് റസിഡൻസ് അസോസിയേഷൻ (ഫ്രാറ്റ്) ജനറൽ സെക്രട്ടറി അഡ്വ. പുഞ്ചക്കരി രവി അഭ്യർഥിച്ചു.

ശുദ്ധജലം എത്തിക്കാൻ സംവിധാനം

തിരുവനന്തപുരം: കടൽക്ഷോഭംമൂലം ജനങ്ങളെ മാറ്റിപാർപ്പിച്ചിട്ടുള്ള ക്യാംപുകളിലും മറ്റു ദുരിത ബാധിത മേഖലകളിലും ശുദ്ധജല മെത്തിക്കാൻ ജല അതോറിറ്റി സംവിധാനം ഏർപ്പെടുത്തി. ഫോൺ: തിരുവനന്തപുരം - 2328992, കൊല്ലം - 2745293, ആലപ്പുഴ - 2242372, എറണാകുളം - 2361369.

ദുരിതാശ്വാസം: യൂത്ത് ഫ്രണ്ട് (എം) രംഗത്തിറങ്ങും

തിരുവനന്തപുരം : സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച ദുരിതാശ്വാസ പരിപാടികൾ വിജയിപ്പിക്കാൻ യൂത്ത് ഫ്രണ്ട് (എം) രംഗത്തിറങ്ങുമെന്ന് പ്രസിഡന്റ് ജോസ് കെ. മാണി അറിയിച്ചു. കടൽക്ഷോഭം ഉണ്ടാവാൻ സാധ്യതയുള്ള സ്ഥലങ്ങളിൽനിന്ന് ജനങ്ങളെ മാറ്റി പാർപ്പിക്കാനും സഹായിക്കും.

സെമിനാർ മാറ്റി

തിരുവനന്തപുരം: കെ. എസ്. ഇ. ബി. എൻജിനീയേഴ്സ് അസോസിയേഷൻ പ്രിയദർശിനി പ്ലാനറ്റേറിയത്തിൽ ഇന്നു നടത്താനിരുന്ന സെമിനാർ മാറ്റി.

സുനാമി: ഡി.ഐ.ജി. തലനാരിഴയ്ക്ക് രക്ഷപ്പെട്ടു

കൊല്ലം: ഇരമ്പിവന്ന കടലിന്റെ പിടിയിൽനിന്ന് ഡി.ഐ.ജി: അരുൺകുമാർ സിൻഹ രക്ഷപെട്ട് തലനാരിഴയ്ക്ക്.

കരുനാഗപ്പള്ളി സി.ഐ: ഇ.കെ സാബു തെങ്ങിനു മുകളിൽ കയറിപ്പറ്റി രക്ഷപെട്ടു.

അഴീക്കലിനടുത്ത് കടൽ കയറിയിടത്ത് സി.ഐ യും സംഘവും സഞ്ചരിച്ചിരുന്ന ജീപ്പ് പെട്ടെന്നാണ് കടൽവെള്ളത്തിൽ മുങ്ങിയത്.

ഒഴുകിപ്പോയ ജീപ്പ് സമീപത്തെ വീടിന്റെ ഭിത്തിയിലിടിച്ച് നിന്നു. സി.ഐ: വീടിനു മുകളിൽ കയറി. ടെറസിനു മുകളിലേക്കു വെള്ളമെത്തുമെന്നായപ്പോൾ തെങ്ങിലേക്കു കയറി. പിന്നീട് വെള്ളമിറങ്ങിയപ്പോഴാണ് ഇറങ്ങാനായത്.

ഡി.ഐ.ജി: ദുരിതബാധിതപ്രദേശങ്ങളിലെത്തിയപ്പോൾ പെട്ടെന്നാണ് കടൽ ഇരമ്പിവരികയായിരുന്നു.

ഹോട്ടലുകൾ സഹായം നൽകണം

തിരുവനന്തപുരം: കടൽക്ഷോഭ ദുരന്തത്തിന് ഇരയായവരുടെ കുടുംബങ്ങൾക്ക് സഹായം എത്തിക്കാൻ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സഹായം നൽകുന്നതിന് എല്ലാ ഹോട്ടൽ–റസ്റ്ററന്റ്–ലോഡ്ജ് ഉടമകളും തയാറാവണമെന്ന് കെ.എച്ച്.ആർ.എ ജില്ലാ പ്രസിഡന്റ് പി.പി. പുരുഷോത്തമൻ അഭ്യർഥിച്ചു.

പണം ജില്ലാ കമ്മിറ്റി ഓഫിസിലെത്തിക്കാനാണ് നിർദേശം. ഫോൺ: 3092521.

Maruti Finance
A better way to buy a car.

MARUTI SUZUKI
Count on us

ഇതാ നിർണ്ണായക നിമിഷങ്ങൾ !!
വില കുതിച്ചുയരും മുമ്പേ മാരുതി
സ്വന്തമാക്കുവാൻ ഇനി 4 ദിവസം മാത്രം!



OMNI — FREE INSURANCE + RS.2000 WORTH ACCESSORIES
ZEN — FREE INSURANCE +7500 WORTH MGA
BALENO — FREE INSURANCE + MGA MP3 PLAYER + ACCESSORIES
M-800 — FREE INSURANCE + MGA CAR STEREO

VERSA : Rs. 20,000/- Exchange Bonus*

POPULAR INFOLINE: 98460 41866, 98463 97083
FINANCE INFOLINE: 94471 40684, 98471 58283

POPULAR VEHICLES & SERVICES LTD.
Killippalam, Trivandrum, Ph : 2343493, 2343095
ICICI Bank Car Loans

*Conditions Apply / Credit at the sole discretion of ICICI Bank. All offers from the dealer.

GM — OPEL — CHEVROLET

Drive your dream

CHEVROLET OPTRA — The new name for luxury
Price starts @ 7.64 lacs
Interest: 2.27%
Buy before 31st Dec. & Beat the price hike!
CHEVROLET TAVERA — THE COMFORTABLE FAMILY CAR



Mileage. 18.28 Km/litre EMI-9,000/-
Mileage. 19.1 km/liter EMI-8,900
Mileage. 14.3 km/liter

Free Insurance
4 years/80.000 Km. warranty(which ever is earlier)
Free Service
(2 yr./ 20,000 Km which ever is earlier)

General Motors is ranked No.2 in the JD Power India Customer Satisfaction Study

Special Price Rs. 4.99* Lakhs

5 Year/ 1,50,000 Km Warranty (whichever is earlier) on the Engine is a limited period offer. In addition to 2year/50.000 Km standard Warranty on the car

Display & Test Drive: At Varma Travels Petrol Pump, Kowdiar Date: 28th Dec. 2004

Anjaneya Motors
NH By-Pass Road, Kuzhivila, Trivandrum,
BSNL 0471 2595444, 2596444. Fax: 2597444

Financial Helpline:
98951 85015,93878 21103
Vehicle Helpline:
94473 12227, 98470 62525

GMAC
GMAC Financial Services India Ltd.
PTC Towers,SS Koil Road., Thampanoor, Trivandrum-1.
Ph: 2336301, 2336062,

*Terms & Conditions apply for selected models only. Mileage source : Mileage rally EMI 3 lacs. for 3 years.

Grand Festive Offer



പോപ്പുലർ മിക്സർ ഗ്രൈൻഡർ സ്വന്തമാക്കുമ്പോൾ
495/- രൂപ വിലയുള്ള ഡ്രൈ അയേൺ സൗജന്യം

Popular Mixer Grinder

2 YEAR WARRANTY
Heavy jars with flow brakers
60 minutes non-stop operation
Shock proof ABS Body 3 Jars option
Overload prevention mechanism

MAHARAJA WHITELINE
INDIA'S NO. 1 APPLIANCE COMPANY

Authorised Distributors For Trivandrum: Product & Services Ph: 2479048, 94474 61442, 94473 41186

TATA MOTORS

JUST 4 MORE DAYS



HURRY!!
BOOK YOUR CAR TODAY BEFORE PRICE HIKE

TATA INDICA V2
EVEN MORE CAR PER CAR

Booking Helpline:
98464 12341
KULATHUNKAL MOTORS
Kulathunkal Bldg., Overbridge, M.G. Road, Trivandrum 695 001. Ph: 2 333 666

Finance Helpline:
98463 87848, 98463 22800
TATA Motorfinance
Latika Arcade, 2nd Floor, Oottukuzhi Road, Vanross Jn., Trivandrum-1. Tel: 2332521, 2332534

*Conditions Apply, Finance at the sole discretion of TATA Motorfinance.



SPOT ADMISSION 2004-05
B.Sc Nursing | G.N.M.
M.Sc Hospital Administration



Be in the forefront of global career opportunities

GLOBAL EDUCATIONAL HELPLINE TRUST

a Charitable and Non-Profit Organisation of accomplished educationists and philanthropists, comprising of retired Principals of reputed colleges, Head Masters of well known schools - some of them being National and State Awardees for Best Teachers provide you the right counselling & admissions into educational institutions of reputation in Bangalore such as Acharya Institutes.

ALSO COUNSELLING FOR ADMISSION PROVIDED FOR :

Para Medical Courses
B.Sc Nursing
G.N.M. (Male/Female)
Post B.Sc Nursing
M.Sc Nursing
B.Pharma, M.Pharma
D.Pharma
B.P.T. Bachelor of Physiotherapy
M.P.T. Master of Physiotherapy
B.Sc Radiography
B.Sc Medical Lab Technician
B.O.T. Occupational Therapy

Medical
M.B.B.S, M.D
M.S., B.D.S., M.D.S.
B.A.M.S. (Ayurvedic Med,Sc)
B.H.M.S.(Homeopathy Med,Sc)

Engineering
B.E., B.Tech
M.E., M.Tech
Diploma in Engineering

Others
P.U.C.

Humanities
B.Com
B.A. Psychology Journalism
M.S.W, M.A.(Economics)

Education
T.T.C, B.Ed.

Computer
B.C.A.
M.C.A.
B.Sc & M.Sc in Computer Science

Management
B.B.A & M.B.A. (Business Admini) B.B.M.
B.H.M (Hotel Mgmt)
M.I.B (Intnl. Business)
M.E.T.
M.Sc (Hospital Admini)
M.T.A (Tourism Admini)

Life Sciences
B.Sc & M.Sc in Microbiology, Biochemistry. Biotechnology, Bio Informatics, Genetics

SPOT ADMISSION 2004-05 FOR :
B.Sc Nursing | G.N.M. | M.Sc Hospital Administration
The booming healthcare industry around the world has opened up excellent career opportunities in this sector. Placement of students who have been trained as paramedic professionals in Nursing and Hospital Administration in reputed educational institutions has been 100% in healthcare organisations and world-class hospitals in India and abroad.
Please meet the Representatives of Acharya Institutes between 27th and 31st December 2004

Innovative Financial Assistance from select colleges.
• Reduced Fees Structure in deserving cases
• Deferred Fee Payment till educational loan (only fees towards boarding, hostel and an initial tuition fee to be paid initially). While the College Managements will help in getting educational loans the terms and conditions of the financial institutions will strictly apply.
• Scholarships to meritorious students who have scored 70% + in qualifying examinations.

For more information, contact :

IDUKKI
Mr. A.O. Augustine, Rtd. Principal-St. Mary's H.Sc., Murikkasery, Director-Idukki Dstrict Co-op Bank, Member-Catholic Cuncil of India Ph: 04862-235328, 94470 47606
Ms. Thrisiamma Augustine, Rtd Head Mistress-St. Joseph's UPS, Pandippara, Idukki Ph: 04862-235328, 94470 67928
Mr. K.R. Sukumaran Nair, Principal-Anupama College Ph: 04868 236990
Mr. P.V. Paul, Rtd AEO, Secretary-Kothamangalam Social Service Society Ph: 04862 224148
Mr. Augustine M. Sebastian, Mahel Rtd H.M. Ph: 004862 200001, 94471 92001
Spot Admission at :Vyapara Bhavan Cheruthoni, Iduki Ph 04862 235328, 94470 47606

KASARGOD
Mr. Ganapathy Namboodiri, Rtd Principal, Nileshwaram 0467 2281528, 94473 63706
Mr. V. Krishnan Rtd. Principal, Igbal HSS Ajanur, Kanhangad (Honoured with National Award for Techers by Sri K.R. Narayanan, President of India) Ph: 0467 2204370, 2208902
Mr. Joseph Augustine Palamattom, Rtd. HSA
Mr. Ousappachan Vallimala, Social Worker, 04994 200181

KOLLAM
Mr. G. Sasidharam Pillai, Head Master 0474 2462444, 94471 62444

THIRUVANANTHAPURAM
Mr. K.O. Thomas Kadakampalli, Rtd Principal, St. John's Model HSS, Nalanchira 0471 2541587, 94474 64635
Spot Admission at : Sapna Tourist Home, Near KPSHA Building, Statue, TVM-1

CALICUT
Mr. A. P. Mohammed Kazim, Rtd HM, Himayathril H.S. Kozhikodu Ph: 049523 55086
Spot Admission at : Eulshan Near Koovoor Bazaar, Near Shri Narayana Statue Ph: 04952 355086

PALAKKAD
Mr. M.S. Mohan Rtd HM,
Spot Admission at : Kannada Higher Secondary School, Hotel Indraprastha, Palakkad Ph: 0492 2255830

KOTTAYAM
Scarua Joseph K. Medayil Kariyil, Rtd HM, St. Emphrem's HS, Chirakkadavu Ph: 04828-230256, 04828 230050
Mr. Johykutty Skariah, Rtd Principal, St. Peter's HSS, Kumpanadam, Changanachery 0481-2727152 (R)
Mr. Sunny Thomas, Kizhakkedom, Sion Star Publications Ph: 0482 2309321
Spot Admission at : Zion Star Publication, T.B. Road, Palai Ph: 0482 230 9321

MALAPPURAM
Mr. T.K.Abdulla Kutty, Rtd. Principal, Nilambur Ph: 04931 270226

WYNAD
Mr. Mohammed, Rtd. Principal, Pinangod HSS, Kalpatta Ph: 04936 205099, 94473 00425

TRISSUR
Mr. K.V. Davis, Rtd. HM, Rural HS, Thumpur, Irrinjalakkuda Ph: 0480 2860427, 98464 76551
Spot Admission at : National Tourist Home, M.G. Road, Trissur 0480 2860427, 98464 76551

ERNAKULAM
Mr. P.V. Emmanuel, Rtd. HM Perumattathil, Kothamangalam Ph: 0485 2824736, 94470 01223
Mr. K.V. Paily, Kizhakkek°arayil, Rtd. HM, St. Mary's HS, Idukki Ph: 0485 2811299

KANNUR
Mr. K.C.Jacob, Rtd. HM, State Teacher Award Winner, Former Sate President of Kerala Private Secondary School HM's Association 0490-2455283, 2454539
Mr. Pramod Kumar M. Kannur 0490-2433300, 9447519066
Spot Admission at : ZO Global Educational Helpline Trust KSEB Office Building, Near Koyli Hospital, Thalap, Kannur 9447919066

PATHANAMTHITTA
Mr. K.C. John, Karakkattuparmbil, Rtd HM, Pathanamthitta 04735 245229
K.C.Cheriyan, Rtd. Principal CMS HS, Mallappali, Thekkeparambil, 0469-2780450, 2785726
Mr. N.S.John, Naduvileth, Pattanamethitta 0468-2352238, 9447475604
Spot Admission at : Sivakasi Printing Press, Ring Road, 0469-2780450, 2785726

ALAPUZHA
Mr. V.J.Baby, Rtd. CRPP Officer 0478-2592648, 9895039436
D.Gopala Krishna Nair, Panaavenlikkalam, Rtd. Teacher, Thakazhy 0477-2274209
Mr. N. Sukumara Pillai, Plammoottil, Rtd.HM, Alapuzha 0479-2474271, 9447484271
Spot Admission at : Zonal Office Global Educational Helpline Trust Opp. St.Joseph's Public School, Pattanakad, Near Cherthala, Alapuzha 0478-2592648, 9447484271
Spot Admission at : KPSC Auditorium, Kayamkulam 0479-2474271, 9447484271

GLOBAL EDUCATIONAL HELP LINE TRUST®
Near Post Office, Kakkanad, Ernakulam Ph: 93884 87626, 93884 87717, 93884 81716

सेवा परमो धर्मः

JOIN THE INDIAN NAVY
AS

• Direct Entry Diploma Holders (3years) DE (DH) 02/2005 Batch
• Artificer Apprentice - AA-118 Batch
(Both Courses commencing 01 Aug 2005)

ELIGIBILITY CONDITIONS :

(a) Age Limit : DE(DH)-18 to 22 yrs. 01 Aug. 1983 - 31 Jul. 87 (Both days inclusive)
AA-17 to 20 yrs. 01 Aug. 85 - 31 Jul. 88 (Both days inclusive)
(b) Marital Status : Unmarried Male
(c) Educational Qualifications :

DE(DH) : 3 yrs Diploma with minimum 50% marks in Mechanical/Electrical/ Electronics/Telecommunication/Aeronautical/Ship building/Instrumentation/ Metallurgical Engineering from a Govt. recognised Polytechnic/Institute.

AA : 10+2 / Equivalent with minimum 55% marks in aggregate with physics and Maths.

FOR APPLICATION FORMAT AND OTHER DETAILS SEE 'EMPLOYMENT NEWS' OF 01 JANUARY 2005

Application Format : The format of the application is also available with all Naval Establishments, all Zila Sainik Boards/ZROs/BROs and Airmen Selection Centres. Application form may be typed as given in Employment News in A4 size zerox paper.

NOTE : Recruitment is a free service. In case of any difficulty, contact Recruitment Cell, DMPR, Naval Headquarters, Sena Bhavan, DHQ(PO), New Delhi-110 011.

Last Date of Receipt of Applications - 24 January 2005

www.nausena-bharti.mil.in
www.nausena-bharti.nic.in

davp 7002(27)2004



ഇന്ത്യയിലെ ദുരന്തബാധിതർക്കായി ക്രിക്കറ്റ് ടീം ധാക്കയിലെ മുന്നാം ഏകദിനത്തിനു മുൻപ് മൗനം ആചരിക്കുന്നു.

ഇന്ത്യയ്ക്ക് ജയം; പരമ്പര

യുവ്‌രാജ് സിങ് 32 പന്തിൽ 69, സേവാഗ് മാൻ ഓഫ് ദ് മാച്ച്

കൈഫ് മാൻ ഓഫ് ദ് സീരീസ്

മൂന്ന് ഏകദിനങ്ങളിൽ ഇന്ത്യൻ ബാറ്റിങ്ങിന്റെ നെടുംതൂണായിരുന്ന മുഹമ്മദ് കൈഫ് മാൻ ഓഫ് ദ് സീരീസ്. 80 റൺസെടുത്ത സേവാഗ് മൂന്നാം മൽസരത്തിലെ മാൻ ഓഫ് ദ് മാച്ച്. 22 പന്തുകളിൽ അർധ സെഞ്ചുറി നേടിയ യുവ്‌രാജിന് വേഗമേറിയ അർധ സെഞ്ചുറികളിൽ അഞ്ചാം സ്ഥാനം.

ധാക്ക: മുറിവേറ്റ കടുവയെപ്പോലെ ആഞ്ഞടിച്ച ഇന്ത്യ ബംഗ്ലദേശിനെ മൂന്നാം ഏകദിന ക്രിക്കറ്റ് മൽസരത്തിൽ 91 റൺസിന് തകർത്തു പരമ്പര 2–1നു നേടി. കഴിഞ്ഞ മൽസരത്തിൽ ദുർബലരായ ബംഗ്ലദേശിൽ നിന്നേറ്റ പരാജയത്തിനു കണക്കു തീർക്കും വിധമായിരുന്നു ഇന്ത്യയുടെ പ്രകടനം. നാലു ബാറ്റ്സ്മാന്മാരുടെ അർധ സെഞ്ചുറികളുടെ മികവിൽ ഇന്ത്യ അഞ്ചിനു 348 എന്ന കൂറ്റൻ സ്കോർ പടുത്തുയർത്തിയപ്പോൾ ബംഗ്ലദേശിന് ഒൻപതു വിക്കറ്റിന് 257 റൺസെടുക്കാനേ സാധിച്ചുള്ളൂ.

വീരേന്ദർ സേവാഗ് (70), സൗരവ് ഗാംഗുലി (55), രാഹുൽ ദ്രാവിഡ് (60), യുവ്‌രാജ് സിങ് (69) എന്നിവരുടെ ഇന്നിങ്സുകളാണ് ഇന്ത്യൻ ഇന്നിങ്സിനു കരുത്തു പകർന്നത്. കൈഫും (29) വിക്കറ്റ് കീപ്പർ എം.എസ്. ധോനിയും (7) പുറത്താകാതെനിന്നു. സച്ചിൻ തെൻഡുൽക്കറും (47) സേവാഗും ചേർന്ന് ഇന്ത്യയ്ക്കു 106 റൺസിന്റെ ഉജ്വല തുടക്കമാണു നൽകിയത്.

പരീക്ഷണങ്ങൾക്ക് അവസരങ്ങളില്ലാതിരുന്ന നിർണായക മൽസരത്തിൽ ഇന്ത്യ മുഴുവൻ ടീമുമായാണ് ഇറങ്ങിയത്. ഒരു തോൽവി കൂടി ഇന്ത്യ ഭയപ്പെട്ടിരുന്നതുപോലെ തോന്നി ടീം ലൈനപ്പ് കണ്ടപ്പോൾ. ദുർബലരായ ബംഗ്ലദേശുകാർക്കെതിരെ ഇന്ത്യൻ നിരയിൽ പടക്കുതിരകൾ എല്ലാവരും ഉണ്ടായിരുന്നു.

അതുകൊണ്ടുതന്നെ കാര്യമായൊന്നും ചെയ്യാൻ ബംഗ്ലദേശിനു കഴിഞ്ഞില്ല. ഒൻപതു ബൗണ്ടറികളും രണ്ടു സിക്സറുകളും ഉൾപ്പെട്ടതായിരുന്നു സേവാഗിന്റെ ഇന്നിങ്സ്. യുവ്‌രാജ് സിങ്ങാകട്ടെ 32 പന്തിൽ എട്ടു ബൗണ്ടറികളും മൂന്നു സിക്സറുകളും ഉൾപ്പെടെയാണ് 69 റൺസ് അടിച്ചുകൂട്ടിയത്.

റജിൻ സാലെ 82 റൺസെടുത്തു മാത്രമാണു ബംഗ്ലദേശ് നിരയിലെ പറയത്തക്ക സംഭാവന. മുഷ്റഫ് മൊർട്ടാസ 39 റൺസും മുഷ്ഫിഖുർ റഹ്മാൻ 27 റൺസുമെടുത്തു. 17 വൈഡുകളും ആറു നോബോളുകളും ഇന്ത്യൻ ബൗളർമാർ എറിഞ്ഞപ്പോൾ എക്സ്ട്രാസായി 31 റൺസ് ബംഗ്ലദേശ് സ്കോർ കാർഡിൽ ഇടം കണ്ടു. ഒൻപത് ഓവറിൽ 54 റൺസിനു നാലു വിക്കറ്റ് വീഴ്ത്തിയ സച്ചിൻ തെൻഡുൽക്കറായിരുന്നു ഇന്ത്യൻ ബൗളിങ്ങിൽ തിളങ്ങിയത്. അഗാർക്കർ രണ്ടു വിക്കറ്റും സഹീർ ഖാൻ ഹർഭജൻ എന്നിവർ ഓരോ വിക്കറ്റുകളും വീഴ്ത്തി.

സ്കോർ ബോർഡ്: ഇന്ത്യ: സേവാഗ് സി. അഷ്റഫുൽ ബി. മഹ്മൂദ് 70, സച്ചിൻ സി. മഷ്റൂദ് ബി. മഹ്മൂദ് 47, ഗാംഗുലി സി. മഹ്മൂദ് ബി. റജിൻ സാലേ 55, ദ്രാവിഡ് സി. മൊർട്ടാസ ബി. റഫീഖ് 60, കൈഫ് നോട്ടൗട്ട് 29, യുവ്‌രാജ് സി. അഹമ്മദ് ബി. മഹ്മൂദ് 69, ധോനി നോട്ടൗട്ട് 7, എക്സ്ട്രാസ് 11, ആകെ അഞ്ചിന് 348.

വിക്കറ്റ് വീഴ്ച: 1–106, 2–125, 3–223, 4–247, 5–340.

ബൗളിങ്: മൊർട്ടാസ 10–0–60–0, ഹസീബുൽ ഹുസൈൻ 6–0–53–0, മുഷ്ഫിഖുർ റഹ്മാൻ 6–0–52–0, ഖാലിദ് മഹ്മൂദ് 10–0–62–3, മുഹമ്മദ് റഫീഖ് 10–1–63–1, അഫ്താബ് അഹമ്മദ് 2–0–16–0, റജിൻ സാലെ 6–0–38–1.

ബംഗ്ലദേശ്: നഫീസ് ഇഖ്ബാൽ സി. ധോനി ബി. അഗാർക്കർ 10, റജിൻ സാലേ സ്റ്റംപ്ഡ് ധോനി ബി. സച്ചിൻ 82, റഫീഖ് സി. ദ്രാവിഡ് ബി. സഹീർ 0, ഹബിബുൽ ബാഷർ സി. ധോനി ബി. അഗാർക്കർ 2, അഷ്റഫുൽ റൺഔട്ട് 32, അഫ്താബ് അഹമ്മദ് സി. ധോനി ബി. ഹർഭജൻ 9, ഖാലിദ് മഷ്റൂദ് എൽ.ബി. സച്ചിൻ 10, മഹ്മൂദ് സി. ജൊഗീന്ദർ ബി. സച്ചിൻ 14, മുഷ്ഫിഖുർ റഹ്മാൻ നോട്ടൗട്ട് 27, മൊർട്ടാസ സ്റ്റംപ്ഡ് ധോനി ബി. സച്ചിൻ 39, ഹസീബുൽ ഹുസൈൻ നോട്ടൗട്ട് 1, എക്സ്ട്രാസ് 31, ആകെ 9–257.

വിക്കറ്റ് വീഴ്ച: 1–31, 2–32, 3–41, 4–102, 5–138, 6–163, 7–164, 8–198, 9–246.

ബൗളിങ്: അഗാർക്കർ 7–0–32–2, സഹീർ ഖാൻ 6–1–15–1, ജൊഗീന്ദർ 3–0–20–0, ഹർഭജൻ 8–0–48–1, ഗാംഗുലി 5–0–25–0, യുവ്‌രാജ് 6–0–24–0, സച്ചിൻ 9–2–54–4, സേവാഗ് 6–1–31–0.

സർവകലാശാലാ മീറ്റ് ഇന്നു മുതൽ

അജീഷ് മുരളീധരൻ

ഗുണ്ടൂർ (ആന്ധ്രാപ്രദേശ്): അറുപത്തിഅഞ്ചാമത് അഖിലേന്ത്യാ അന്തർസർവകലാശാലാ അത്‌ലറ്റിക് മീറ്റിന് ആചാര്യ നാഗാർജുന സർവകലാശാലയിൽ ഇന്നു തുടക്കം. 30 വർഷത്തിനുശേഷം ആന്ധ്രാപ്രദേശ് ആതിഥ്യമരുളുന്ന മീറ്റിൽ 117 സർവകലാശാലകളിൽ നിന്നായി രണ്ടായിരത്തി അഞ്ഞൂറോളം അത്‌ലിറ്റുകൾ മാറ്റുരയ്ക്കും. ഇന്നലെ രാത്രിയോടെ നൂറു സർവകലാശാലകളിൽനിന്നുള്ള അത്‌ലിറ്റുകൾ മീറ്റിനു റജിസ്റ്റർ ചെയ്തുകഴിഞ്ഞു. രാവിലെ 6.30ന് ആൺകുട്ടികളുടെ 5000 മീറ്റർ ഓട്ടത്തോടെ വാശിയേറിയ മൽസരങ്ങൾക്കു തുടക്കമാകും. ഇന്നു പത്ത് ഇനങ്ങളിൽ മൽസരമുണ്ടാകുമെങ്കിലും എല്ലാം യോഗ്യതാ മൽസരങ്ങളാണ്. നാളെമുതൽ വിവിധ ഇനങ്ങളിലെ ഫൈനൽ മൽസരങ്ങൾക്കു തുടക്കമാകും. ചാംപ്യൻഷിപ്പ് നിലനിർത്താൻ കാലിക്കറ്റ് ആഞ്ഞുപൊരുതാനൊരുങ്ങുമ്പോൾ ചൂടേറിയ മൽസരങ്ങൾക്കാകും നാഗാർജുന സർവകലാശാലാ സ്റ്റേഡിയം സാക്ഷ്യംവഹിക്കുക.

ദേശീയ മീറ്റുകളിൽ ഈ വർഷം സ്വർണനേട്ടം കൈവരിച്ചിട്ടുള്ള ഒരുസംഘം കായികതാരങ്ങളുടെ കരുത്തിൽ വിശ്വാസമർപ്പിച്ചാണ് 24 അംഗങ്ങളുടെ കേരള സർവകലാശാലാ ടീം ട്രാക്കിലിറങ്ങുന്നത്. 14 ആൺകുട്ടികളും 10 പെൺകുട്ടികളുമടങ്ങുന്ന ടീം തങ്ങളുടെ ശക്തികേന്ദ്രങ്ങളായ ആറ് ഇനങ്ങളിലാണു പങ്കെടുക്കുന്നത്. ട്രിപ്പിൾ ജംപിൽ ടിൻസി മാത്യു, 400 മീറ്ററിൽ ഷെറിൻ തോമസ്, ഹാമർ ത്രോയിൽ മെഹറുഷ് ജബ്ബാർ, സി. വി. റെജിമോൾ, പി. ജെ. സിനി, നടത്തത്തിൽ കഴിഞ്ഞ വർഷം ഒന്നാം സ്ഥാനം നേടിയ ജെൻസി ജോയി, ലോങ്ജംപിൽ യൂണിവേഴ്സിറ്റി റെക്കോർഡിന് ഉടമയായ പ്രജൂഷ, ഡിസ്കസിൽ ദേശീയ ജൂനിയർ മീറ്റിൽ വെള്ളി നേടിയ നിഷ മേരി ജോൺ എന്നിവരിലാണു കാലിക്കറ്റിന്റെ പ്രതീക്ഷ. കഴിഞ്ഞ വർഷം കാലിക്കറ്റിനുവേണ്ടി ആദ്യ മൂന്നു സ്ഥാനങ്ങളിൽ എത്തിയിരുന്ന സിനിമോൾ പൗലോസ്, പി. വി. ധന്യ, പി. ജെ. ഷീന, ദീപ്തിജോസ്, കിരൺ പ്രസാദ്, പി. എ. ജോളി തുടങ്ങിയവർ ടീമിലില്ലാത്തതു കാലിക്കറ്റിനെ ബാധിക്കുമോയെന്നു വരുംദിനങ്ങളിലറിയാം. ജോലി ലഭിച്ചും കോഴ്സ് കഴിഞ്ഞും പലരും ടീംവിട്ടതുകാരണം താരതമ്യേന പുതുമുഖങ്ങളുടെ ടീമാണ് ഇത്തവണത്തേതെന്നു പരിശീലകരായ ബോസും അവിനാശ്കുമാറും പറഞ്ഞു. ചാംപ്യൻഷിപ്പ് നിലനിർത്താൻ കാലിക്കറ്റ് ആഞ്ഞുപൊരുതാനൊരുങ്ങുമ്പോൾ ചൂടേറിയ മൽസരങ്ങൾക്കാകും നാഗാർജുന സർവകലാശാലാ സ്റ്റേഡിയം സാക്ഷ്യംവഹിക്കുക.

അഞ്ചു പെൺകുട്ടികളും ഒരു ആൺകുട്ടിയുമടങ്ങുന്ന ടീമുമായി മൽസരത്തിനെത്തിയിരിക്കുന്ന കണ്ണൂർ സർവകലാശാലയുടെ ലക്ഷ്യം എങ്ങനെയും മെഡൽപട്ടികയിൽ തങ്ങളുടെ സാന്നിധ്യം അറിയിക്കുകയാണ്. ദേശീയ ജൂനിയർ മീറ്റിൽ തിളങ്ങിയ വി. ഡി. ഷിജിലയിലാണു കണ്ണൂരിന്റെ പ്രതീക്ഷകളത്രയും. 100, 200 മീറ്റർ ഓട്ടത്തിലാണു ഷിജില മൽസരിക്കുക. 200 മീറ്ററിൽ മൽസരിക്കുന്ന ബി. ബിന്ദുവും മെഡൽ പ്രതീക്ഷയാണ്.

ലോങ്ജംപിൽ കെ. ജെ. ക്ലിന്റൺ, 800 മീറ്ററിൽ ആർ. രാജീവ്, ട്രിപ്പിൾ ജംപിൽ എം. രഞ്ജിത് എന്നിവരിലാണു കേരള സർവകലാശാലയുടെ കരുത്ത്. 4–100, 4–400 റിലേയിൽ ഇരുവിഭാഗങ്ങളിലും മെഡൽപട്ടികയിൽ സ്ഥാനം പിടിക്കാനാകുമെന്ന വിശ്വാസവും കേരള പ്രകടിപ്പിക്കുന്നു.

32 പെൺകുട്ടികളും 24 ആൺകുട്ടികളുമടങ്ങുന്ന 56 പേരുടെ വമ്പൻ ടീമുമായെത്തിയിരിക്കുന്ന എം. ജി. സർവകലാശാലയുടെ ലക്ഷ്യം ഓവറോൾ കിരീടം തിരിച്ചുപിടിക്കുകയാണ്. നൂറു മീറ്ററിലും റിലേയിലും രാജ്യാന്തര താരമായ ഗ്രീഷ്മ, കഴിഞ്ഞ വർഷം ജാവലിനിൽ റെക്കോർഡ് സ്ഥാപിച്ച പ്രജീഷ, നടത്തത്തിൽ സി. എ. മഞ്ജുഷ, ദീർഘദൂര ഇനങ്ങളിൽ ഒ. പി. ജയ്ഷ, ജൂനിയർ കോമൺവെൽത്ത് ഗെയിംസിലും ദേശീയ ജൂനിയർ മീറ്റിലും തകർപ്പൻ പ്രകടനം കാഴ്ചവച്ച രശ്മി ബോസ്, പോൾവോൾട്ടിൽ റെക്കോർഡുകളുടെ കളിത്തോഴനായ കെ. പി. ബിമിൻ എന്നിവർ ചേർന്നാണ് എം. ജിയുടെ പട നയിക്കുക.



പി. പീതാംബരൻ

ഗുണ്ടൂരിൽ ഇന്നാരംഭിക്കുന്ന ഇന്റർ കൊളീജിയറ്റ് അതലറ്റിക് മീറ്റിൽ, തങ്ങളേക്കാൾ ഇരട്ടി അംഗബലമുള്ള എം.ജി. യൂണിവേഴ്സിറ്റി ടീമിന് കോച്ചുമാർ നിർദേശം നൽകുന്നത് പരിശീലനം കഴിഞ്ഞു കേരളാ യൂണിവേഴ്സിറ്റി ടീമംഗങ്ങൾ വീക്ഷിക്കുന്നു.

കാലിസിന് സെഞ്ചുറി; ദക്ഷിണാഫ്രിക്കയ്ക്ക് ആധിപത്യം

ഡർബൻ: ഇംഗ്ലണ്ടിനെതിരായ രണ്ടാം ക്രിക്കറ്റ് ടെസ്റ്റ് മൽസരത്തിൽ രണ്ടാം ദിവസം കളിനിറുത്തുമ്പോൾ ജാക് കാലിസിന്റെ സെഞ്ചുറിയിലൂടെ (162) 332 റൺസെടുത്ത ദക്ഷിണാഫ്രിക്ക 193 റൺസിന്റെ ലീഡ് നേടി.

രണ്ടാം ദിനം ഇംഗ്ലണ്ട് വിക്കറ്റ് നഷ്ടപ്പെടാതെ 30 എന്ന നിലയിലാണ്. ആദ്യ ഇന്നിംഗ്സിൽ ഇംഗ്ലണ്ട് 139ന് പുറത്തായിരുന്നു.

കാലിസ് ഷോൺ പൊള്ളോക്കുമായി ഏഴാംവിക്കറ്റ് കൂട്ടുകെട്ടിൽ 87 റൺ നേടിയപ്പോൾ ദക്ഷിണാഫ്രിക്ക ഇംഗ്ലണ്ടിനെതിരെ ചുവടുറപ്പിച്ചു. ഇംഗ്ലണ്ട് ക്യാപ്റ്റൻ മൈക്കൽ വോണിന്റെ ബോളിങ്ങിൽ വിക്കറ്റ് കീപ്പർ ഗാരന്റ് ജോൺസ് പിടിച്ച 42ന് പൊള്ളോക്ക് പുറത്തായി.

ഇംഗ്ലണ്ടിന്റെ ഇന്നിംഗ്സിന് 32റൺസിന് നാലു വിക്കറ്റെടുത്ത ഷോൺ പൊള്ളോക്കാണ് ഭീഷണിയായത്. പേസ് ബോളർമാരായ മഹ്മായ എൻടിനി മൂന്നും ഡെയ്ൽ സ്റ്റെയ്ൻ രണ്ടും വിക്കറ്റെടുത്തു.

കേരളത്തിനു തോൽവി

ലുധിയാന: ദേശീയ സീനിയർ ബാസ്കറ്റ് ബോളിന്റെ വനിതാ വിഭാഗത്തിൽ കഴിഞ്ഞ വർഷത്തെ രണ്ടാം സ്ഥാനക്കാരായ ഡൽഹി കേരളത്തെ തോൽപ്പിച്ചു. 84–67ന് ആയിരുന്നു ഡൽഹിയുടെ വിജയം. 23 പോയിന്റ് നേടിയ ഷീബയാണ് ഡൽഹിക്കു തുണയായത്. ലിജിത (16), എ. തോമസ് (14), സിമി (13) എന്നിവർ കേരളത്തിനുവേണ്ടി പോയിന്റ് നേടി.

ക്രിക്കറ്റ്: ഒറീസ ചാംപ്യൻമാർ

തിരുവവനന്തപുരം : ബി. എസ്.എൻ. എൽ. അഖിലേന്ത്യാ ക്രിക്കറ്റ് ടൂർണമെന്റിൽ ഒറീസ ചാംപ്യൻമാരായി. കഴിഞ്ഞ വർഷത്തെ ചാംപ്യന്മാരായ എൻ. ടി. ആർ. ഡൽഹിയെ 63 റൺസിനാണ് ഒറീസ തോൽപ്പിച്ചത്. സ്കോർ: ഒറീസ 39.5 ഓവറിൽ 175 എൻ. ടി. ആർ. ഡൽഹി 42.1 ഓവറിൽ 112 .ലൂസേഴ്സ് ഫൈനലിൽ ഹിമാചൽ പ്രദേശ് മൂന്നു റൺസിന് യു. പി. ഈസ്റ്റിനെ തോൽപ്പിച്ചു. മഹാപാത്ര (ഒറീസ) യാണ് മാൻ ഓഫ് ദ് സീരീസ്.ബിബി.എസ്.എൻ.എൽ. കേരള ചീഫ് ജനറൽ മാനേജർ എസ്.എ. തോമസ് ട്രോഫികൾ സമ്മാനിച്ചു.

ഓസ്ട്രേലിയ പരുങ്ങുന്നു

മെൽബൺ: ഒന്നാം ദിവസത്തെ സ്കോറിനോട് 23 റൺസ് കൂട്ടിച്ചേർക്കുന്നതിനിടയിൽ പാക്കിസ്ഥാന്റെ ഒന്നാം ഇന്നിങ്സ് അവസാനിച്ചു. ഓസ്ട്രേലിയയ്ക്കെതിരെ രണ്ടാം ക്രിക്കറ്റ് ടെസ്റ്റിൽ 341 റൺസെടുത്ത പാക്കിസ്ഥാനു മറുപടിയായി ഓസ്ട്രേലിയ രണ്ടാം ദിവസം കളി നിർത്തുമ്പോൾ അഞ്ചു വിക്കറ്റ് നഷ്ടത്തിൽ 203 റൺ സെടുത്തിട്ടുണ്ട്. ഡാമിയൻ മാർട്ടിൻ (67), ഗിൽക്രിസ്റ്റ് (26) എന്നിവരാണ് ക്രീസിൽ.

മാത്യു ഹെയ്ഡൻ (9), റിക്കി പോണ്ടിങ് (7), ഡാരൻ ലേമാൻ (11) എന്നിവരെ പുറത്താക്കിയ ശുഐബ് അക്തറാണ് പാക്കിസ്ഥാനു മൽസരത്തിൽ മുൻതൂക്കം നൽകിയത്. മാർട്ടിനും ഗിൽക്രിസ്റ്റും ക്രീസിലുണ്ടെങ്കിലും ഓസ്ട്രേലിയയുടെ നില അത്ര സുരക്ഷിതമല്ല. ലാംഗർ (50) മാത്രമാണ് മാർട്ടിനു പുറമേ ഓസീസ് നിരയിൽ പിടിച്ചുനിന്നത്.

ചെസ്: 3 പേർ മുന്നിൽ

കോഴിക്കോട്: ഏഴു വയസുകാരുടെ ദേശീയ ചെസിൽ അഞ്ചു റൗണ്ടു സമാപിച്ചപ്പോൾ ആൺകുട്ടികളുടെ വിഭാഗത്തിൽ എസ്. കൗശിക് (തമിഴ്നാട്), എ. ഗിരീഷ് (കർണാടക), സായ് കിരൺ (ആന്ധ്ര) എന്നിവർ അഞ്ചു പോയിന്റോടെ ഒന്നാം സ്ഥാനത്തെത്തി. നാലര പോയിന്റോടെ സായ് രാജ് ചിറ്റിൽ (മഹാരാഷ്ട്ര), വിജയകാന്ത് (ആന്ധ്ര), ഭരത് കുമാർ റെഡ്ഡി (ആന്ധ്ര) എന്നിവർ രണ്ടാം സ്ഥാനത്തുണ്ട്. നാലു പോയിന്റുമായി 16 പേർ മൂന്നാം സ്ഥാനത്തുണ്ട്.

പെൺകുട്ടികളുടെ വിഭാഗത്തിൽ ആന്ധ്രയുടെ ബി. പ്രത്യൂഷ അഞ്ചു പോയിന്റോടെ മുൻപിലാണ്. നാലര പോയിന്റുമായി യു.പിയുടെ സുമൻ, ആന്ധ്രയുടെ നവ്യാ വൈഷ്ണവി, തമിഴ്നാടിന്റെ എം. തേജസ്വിനി എന്നിവർ രണ്ടാം സ്ഥാനത്തുണ്ട്.

സ്വാന്റൺസ് ലീഗ് റൗണ്ടിലേക്ക്

കൊച്ചി: കൊച്ചിൻ റിഫൈനറീസിന്റെ ആഭിമുഖ്യത്തിലുള്ള കെ. ആർ. എൽ. അഖിലേന്ത്യ ക്രിക്കറ്റ് ടൂർണമെന്റിൽ എറണാകുളം സ്വാന്റൺസ് ക്രിക്കറ്റ് ക്ലബ് (22.5 ഓവറിൽ ഒരു വിക്കറ്റിന് 176 റൺസ്) പെരിന്തൽ മണ്ണ ജോളിറോവേഴ്സ് ക്രിക്കറ്റ് ക്ലബിനെ (25 ഓവറിൽ ഒൻപതു വിക്കറ്റിന് 173) തോൽപിച്ച് ലീഗ് റൗണ്ടിലേക്ക് യോഗ്യത നേടി.

മുപ്പതിന് ചെന്നൈ സതേൺ റയിൽവേയും സ്വാന്റൺസ് ക്ലബും തമ്മിലും ചെന്നൈ സെൻട്രൽ എക്സൈസും ചെന്നൈ എസ്. ബി. ടി.യും തമ്മിലും ഏറ്റുമുട്ടും.

അവർ ഒഴുകിയകന്നു; കണ്ണീർക്കടൽ ബാക്കി



അനന്തൻ



വിനായകൻ

കൊല്ലം: അമ്മയുടെ മാറിടത്തിൽ നിന്നാണ് വിനായകനെ മരണം തട്ടിയെടുത്തത്. ചെറിയഴീക്കലിലുള്ള അപ്പൂപ്പന്റേയും അമ്മൂമ്മയുടേയും വീടായ ശരവണഭവനിൽ തിരുവനന്തപുരത്തുനിന്ന് വിരുന്നു വന്നതായിരുന്നു നാലു മാസം പ്രായമായ വിനായകനും അവന്റെ വലിയച്ഛന്റെ മകൻ ഏഴുമാസം പ്രായമായ അനന്തപദ്മനാഭനും.

കുട്ടികളേയും കൊണ്ട് മാതാപിതാക്കൾ കാറിൽനിന്ന് പുറത്തിറങ്ങിയതേയുണ്ടായിരുന്നുള്ളൂ. മക്കളെ സ്വീകരിക്കാൻ അപ്പൊഴേക്കും അമ്മൂമ്മ അമ്മിണി മുത്തമകന്റെ മകൻ നാലുമാസം പ്രായമുള്ള വിനായകനുമായി മുറ്റത്തേക്കിറങ്ങിയിരുന്നു.

അപ്പോഴേക്കും തിര കരയിൽ കയറി കുഞ്ഞുങ്ങളെ തട്ടിയെടുത്തു മറഞ്ഞു. വിനായകന്റെ മൃതദേഹം ഇന്നലെ കണ്ടെടുത്ത് ഇവിടെ വീട്ടിന് മുന്നിൽ സംസ്കരിച്ചു. അനന്തപദ്മനാഭന്റെ മൃതദേഹം തിരുവനന്തപുരത്തേക്ക് കൊണ്ടുപോയി.

6–ാം പേജിൽ നിന്ന് തുടർച്ച

FURNITURE



Oberon
Study table for school kids
MRP Rs.4350
Now Rs.3900
Display facility at major schools on request. Offer valid till stocks last
Available at
ASIAN INTERIORS
Distributors of Imported Computer Furniture
Kaira Bldg., Ambalamukku, Trivandrum
Ph: 0471-2435282, Rel: 3091828 Mob: 98460 18818
FORTUNE IMPEX
Penta City Tower
Killippalam, Tvm.
Ph: 2341555, 2340555
T23367701TVMZ

DTP

DIGITAL VISITING CARDS
● Greeting cards ● Multicolour ● 'Lowest rates' ● Wanted Agents. Dreammakers 0484-2393941. A23115801CHNZ

REAL ESTATE SALE

SINGLE, double, triple bedroom flats for all income groups. New scheme launches at East Hill. Express Housing, Calicut-673 002, Tel: 98950 44888, 2703574. A23341501CLTZ

RENTAL

കോട്ടയം ടൗണിൽ ഫോണോടുകൂടിയ വീട് വാടകയ്ക്കു കൊടുക്കുവാനുണ്ട്. Contact: Mobile- 9847093943. A23416731KTMPP

SITUATIONS VACANT

ബാർ/ ഹോട്ടൽ/ കമ്പനി
വെയ്റ്റേഴ്സ്, ക്ലീനേഴ്സ് (3900/-), കുക്ക്, പൊറോട്ടക്കാർ, സെക്യൂരിറ്റീസ്, ഫാക്ടറി വർക്കേഴ്സ് (3100-7000/-). താമസവും, ഭക്ഷണവും, പരിചയം നിർബന്ധമില്ല. ആൽഫ, KSRTC-യ്ക്കു സമീപം, അർക്കാഡിയ ബാറിനു എതിർവശം, വെട്ടൂർ ബിൽഡിങ്ങ്, കോട്ടയം. 0481-2565305, 2303169. A23404801KTMZ

WANTED
150 Bedded multi-specialty hospital needs Staff Nurses for immediate appointment. Good salary with PF, bachelor accommodation. Manager, Royal Hospital, Kunnamkulam, Thrissur District- 680 503. Tel: 04885 - 227633, 222052, 222053. A23398561TCR

കമ്പനി സെക്യൂരിറ്റി
ശമ്പളം (2600-5700), താമസഭക്ഷണം. മറ്റാനുകൂല്യത്തോടെ ഉടൻ നിയമനം. സേഫ്ലൈൻ, എറണാകുളം. 0484-2098276/ 93886 43459. A23242151KTMZ

"AFTER TRAINING
WE ARE ABSORBING YOU"
Starting salary Rs. 5000/-. Urgently required 100 numbers of Medical Transcriptionists ● "Food and accommodation available" ● Are you smart in English? ● Call for free aptitude test. 0484-3092339, 2311095, 2311213. A23318591CHNZ

എറണാകുളത്തേക്ക് 250 പേരെ ആവശ്യമുണ്ട്
പ്രമുഖ എക്സ്പോർട്ടിംഗ് കമ്പനികളിലേക്ക് പായ്ക്കിംഗിനും കമ്പനിവർക്കുകൾക്കും തയ്യലിനുമായി ആൺ–പെൺകുട്ടികളെ ആവശ്യമുണ്ട്. ശമ്പളം: 2500-6000. താമസ ഭക്ഷണ സൗകര്യം. പ്രായം: 18-35. വിദ്യാഭ്യാസമോ മുൻപരിചയമോ ആവശ്യമില്ല. ഉടൻ ബന്ധപ്പെടുക. ദി ന്യൂ ഇന്ത്യാ എംപ്ലോയ്മെന്റ് സർവീസ്, മൗണ്ട് സീനായ് ഹോസ്പിറ്റൽ റോഡ്, തൊടുപുഴ. Ph: 04862-227697. Mob: 98470 27667. A23404161KTM

ബാർ/ഹോട്ടൽ/ഫാക്ടറി
വെയ്റ്റേഴ്സ്, ക്ലീനേഴ്സ് (3950), കുക്ക്, പൊറോട്ടക്കാർ, സെക്യൂരിറ്റീസ്, ഫാക്ടറി വർക്കേഴ്സ് (2400-7200). താമസവും, ഭക്ഷണവും. പരിചയം നിർബന്ധമില്ല. "ബിയാന്റി" - K.S.R.T.C ക്ക് എതിർവശം, മറീന ബാറിനു മുകളിൽ ചങ്ങനാശേരി, 0481-2428480, 2428408. A23126221KTMZ

MANORAMA CLASSIFIEDS
For online classifieds visit: www.manoramaclassifieds.com

എറണാകുളത്തെ പ്രമുഖ സ്ഥാപനത്തിലെ കാന്റീനിലേക്കു തൊഴിലാളികളെ ആവശ്യമുണ്ട്. 9895 380786, 9349285781. A23413051CHN

TRAVEL & TOURS

ദുബായ് വിസിറ്റിംഗ് വിസയ്ക്ക്
Contact: Ruby Air Travels, Attingal. 0470 - 2620194. QT23403701TVM

ലക്ഷദ്വീപ് 3 ദിവസം
ഉല്ലാസയാത്ര എല്ലാമുൾപ്പെടെ ജനുവരി 8, ഫെബ്രുവരി 19, മാർച്ച് 4, 19, ഏപ്രിൽ 16, മെയ് 7 തീയതികളിൽ പുറപ്പെടുന്നു. ഉടൻ ബുക്കുചെയ്യുക. GnS Leisure Travels, M.G. Road. 0484-2382070, 94470 53307. gnsleisure@eth.net AG23403941CHNZ

DOHA-QATAR
RAMCO TRADING & CONTRACTING W.L.L
CLIENT INTERVIEW ON 29-12-2004
• CIVIL ENGRS. (CONSTRUCTION) (10) • CIVIL FOREMAN (CONSTRUCTION) (15) • MATERIALS ENGR. (PURCHASE) (02) • DRAUGHTMAN (AUTO CAD) (05) • STORE KEEPER (05) ACCOUNTANT (05) • MARBLE / TILESMASON (20) • ELECTRICIAN (100) • ELECTRICAL ENGR. (10) • ELECTRICAL FOREMAN (10) • CRANE OPERATOR (04) • SCAFOLDER ERECTORS (08) • SCAFOLDING DESIGN ENGR. (04) • SAFETY ENGRERS (05) • QUANTITY SURVEYOR (06) • PLANNERS (04) • QUALITY ASSURANCE ENGR. (CONSTRUCTION) (04) • QUALITY CONTROL ENGR. (CONSTRUCTION) (04) • ESTIMATION & COST CONTROL ENGRS. (04)
Experienced candidates may contact on 29 December for Client Interview
JAI HIND TOURS & TRAVELS (P) Ltd.
Samarias Centre, PMG, Trivandrum. Tel : 0471-2723359, 98470 12559
3994/KER/com/1000/6544

DUBAI
AL SWISS INTERNATIONAL
CLIENT INTERVIEW / TRADE TEST ON 29-12-2004
• MECH. PIPE FABRICATOR (50) • 6G WELDER (30) • AIRLESS SPRAY PAINTER (15) • SCAFOLDER (15) • CIVIL CARPENTER (10) • STEEL FIXTURE (10) • DUCT FABRICATOR (10) • DUCT ERECTOR (15) • STRUCTURAL WELDERS (10) • DIESEL MECHANIC (04) • INSULATORS (25) • GUNITO NOZZLE MAN (20) • SHEET METAL FABRICATOR (20) • SHEET METAL FITTER (20) • PIPE FITTER (20) • RIGGER (35) • MASON (10)
Experienced candidates may contact on 29 December for Client Interview
JAI HIND TOURS & TRAVELS (P) Ltd.
Samarias Centre, PMG, Trivandrum. Tel : 0471-2723359, 98470 12559.
3994/KER/com/1000/6544

നിങ്ങളുടെ ഇന്ന്

(2004 ഡിസംബർ 28 ചൊവ്വാഴ്ച)
(കൂറുകളുടെ അടിസ്ഥാനത്തിൽ)

ആരോഗ്യസംബന്ധമായ കാര്യങ്ങൾക്കനുകൂലമായ തീയതികൾ: 2004 ഡിസംബർ 28 ചൊവ്വാഴ്ച മുതൽ 2005 ജനുവരി 3 തിങ്കളാഴ്ചവരെ

മേടം:	(അശ്വതി, ഭരണി, കാർത്തിക ആദ്യ കാൽഭാഗംവരെ): കീരാർത്തടസം, പ്രഭാതത്തിൽ അനുകൂലം, ധനതടസം, ഉദരകാർക്കശ്യം, യാത്രാതടസം ഇവ ഉണ്ടാവാം. സന്ധ്യകഴിഞ്ഞാൽ ഗുണദോഷസമ്മിശ്രം.	ജനു. 2, 3
ഇടവം:	(കാർത്തിക അവസാന മുക്കാൽ ഭാഗം, രോഹിണി, മകയിരം ആദ്യപകുതി ഭാഗംവരെ): പ്രഭാതത്തിൽ കാര്യതടസം, ധനതടസം, മനപ്രയാസം, പ്രഭാതശേഷം കാര്യവിജയം, ധനയോഗം, സന്തോഷം.	28, 29
മിഥുനം:	(മകയിരം രണ്ടാം പകുതി ഭാഗം, തിരുവാതിര, പുണർതം ആദ്യ മുക്കാൽഭാഗംവരെ): പ്രഭാതത്തിൽ കാര്യവിജയം, ഇഷ്ടഭക്ഷണസമൃദ്ധി. പ്രഭാതശേഷം കാര്യപരാജയം, ധനനഷ്ടം, പ്രയാസം.	31, ജനു. 1

തേങ്ങലൊരു താരാട്ടായി



കുടല്ലൂരിലെ ഒരമ്മ, കുഞ്ഞും

കരയിലൊടുങ്ങിയതും കടലെടുത്തതും



വിനോദ് ജോൺ

കൈവിട്ടതെന്ത് ദൈവമേ: വേളാങ്കണ്ണി പള്ളിയുടെ കുരിശടിയ്ക്ക് മുന്നിൽ തകർന്ന കെട്ടിട അവശിഷ്ടങ്ങൾക്കിടയിൽ കുടുങ്ങിയ മൃതദേഹം



എടുത്തു കൊള്ളുക, എന്റെ പൊന്നിനെ, എന്റെ സ്വപ്നങ്ങളെ: കുടല്ലൂരിൽ കുഞ്ഞിന്റെ ജഡവുമായി അച്ചരനമ്മമാർ



ബാക്കിയാക്കിയതെന്തിന് എന്നെ നീ കടലമ്മേ: നാഗപട്ടണത്ത് പേരക്കിടാങ്ങളുടെ ജഡത്തിനരികെ കറുത്തമ്മ



കടലെടുത്തു പോയല്ലോ എന്റെ മുത്തിനെ: കുടല്ലൂരിൽ കുഞ്ഞുങ്ങളുടെ ജഡത്തിനരികെ അമ്മമാർ

അവർ 179 പേർക്കായി ഒരു പുഷ്പമാലിക

സ്വന്തം ലേഖകൻ

കുളച്ചൽ (തമിഴ്നാട്): ഒന്നിനു മുകളിൽ ഒന്നായി പഴന്തുണിക്കെട്ടുകൾ. അതിനു മുകളിലായി എല്ലാം മറച്ചു കോടി പുതപ്പിച്ചു.
മൃതദേഹക്കൂമ്പാരത്തിനു മുകളിൽ നിന്നു മെല്ലെ താഴേയ്ക്കിറങ്ങിയ നാട്ടുകാരൻ ആ കൊലുസണിഞ്ഞ പിഞ്ചുകാൽ കൂടി തുണിക്കുള്ളിലാക്കി. പിന്നെ ഒരു പുഷ്പചക്രം അർപ്പിച്ചു. ഏവർക്കും അന്ത്യാഞ്ജലിയെന്നപോലെ.
കൂട്ടക്കരച്ചിലില്ലാതെ, അലമുറയില്ലാതെ 179 മൃതദേഹങ്ങൾ ഒന്നിച്ചു സംസ്കരിക്കുകയായിരുന്നു കുളച്ചൽ കാണിക്കാമാതാ പള്ളിമുറ്റത്ത്. കൂടി നിന്നവർ പൊട്ടിക്കരയാൻ പോലുമാകാതെ നിർവികാരമായി നോക്കിനിന്നു.
പത്തടി വ്യാസത്തിലുള്ള കുഴിയുടെ ഓരത്തേക്ക് കോട്ടാർ ബിഷപ്പ് ലിയോൺ ധർമരാജും ഏതാനും വൈദികരും നടന്നടുത്തു: ഉയിർപ്പും ഉയിരും നാനെ...പതിഞ്ഞ സ്വരത്തിൽ പാടി, ഒരു പിടി ജമന്തിപൂക്കൾ വാരിയിട്ടു.

പിന്നെ ആ നിശ്ചല ദേഹങ്ങൾക്കു മുകളിൽ പതിച്ചത് മണ്ണായിരുന്നു. കലിപൂണ്ട കടൽ ഒരുമിച്ചു കവർന്ന ജീവിതങ്ങളെ ശേഷയാത്രയിലും നാട്ടുകാർ വേർപിരിച്ചില്ല.

രാവിലെ ഒൻപതിന്റെ കൂട്ട സംസ്കാരം കഴിഞ്ഞിട്ടും കുഴിയുടെ പാതി മൂടിയില്ല. വിളിപ്പാടകലെ സെന്റ്മേരീസ് സ്കൂളിലെ ദുരിതാശ്വാസ ക്യാംപിൽ അപ്പോൾ നെഞ്ചുപിളർക്കുന്ന കാഴ്ചകളായിരുന്നു.

തീവണ്ടിപ്പാത പോലെ നിരത്തിയിട്ട ഏഴുപത്തഞ്ചോളം മൃതദേഹങ്ങൾ തിരിച്ചറിയാനുള്ള തിക്കും തിരക്കും. മുഖത്തെ തുണി മാറ്റി നോക്കുന്നവരിൽ ചിലർ പൊട്ടിക്കരച്ചിലോടെ ബോധരഹിതരാകുന്നു. മറ്റു ചിലർ അടുത്തതിൽ നിന്നു അടുത്തതിലേക്ക് നിലവിളിച്ചു പായുന്നു. കരയാൻ ഉറ്റവരെപോലും ശേഷിപ്പിക്കാതെ കുടുംബത്തോടെ തിര തകർത്ത ശരീരങ്ങൾ പിന്നെയും അവിടെ ബാക്കിയായി.
മൂന്നു മണിക്കൂറിനു ശേഷം മിനിലോറിയിൽ പഴന്തുണി കൂമ്പാരം പിന്നെയും പള്ളിമുറ്റത്തെത്തി. കുഴിയുടെ ശേഷിച്ച ഭാഗത്ത് അവ കുട്ടിയിട്ടു. മൂന്നു ലോഡ് കഴിഞ്ഞപ്പോൾ അവയുടെ മുകളിൽ വീണ്ടും കോടി പതിച്ചു.
തിരുവനന്തപുരം ലത്തീൻ അതിരൂപതാ ആർച്ച് ബിഷപ്പ് ഡോ.സൂസപാക്യമായിരുന്നു ഇക്കുറി സംസ്കാര ശുശ്രൂഷയ്ക്കെത്തിയത്.
ഇതേ സമയം തന്നെ രണ്ടു ഘട്ടങ്ങളിലായി കുളച്ചൽ ജമാഅത്ത് റിഫായി മുറ്റത്തും 24 പേരുടെ കൂട്ട സംസ്കാരം കഴിഞ്ഞിരുന്നു.
അപ്പോഴും സൈറൺ മുഴക്കുന്ന ആംബുലൻസിൽ കുടുതൽ മൃതദേഹങ്ങൾ ആശുപത്രിയിലേക്കു പ്രവഹിക്കുകയായിരുന്നു. നാട്ടുകാർ പുതിയ കുഴിയെടുക്കാൻ ഇടംതേടിയുള്ള പാച്ചിലിലും.



കടലെടുത്തു, കരയും: കുടല്ലൂരിൽ ദുരന്തത്തിൽ മരിച്ച കുട്ടികളുടെ മൃതശരീരങ്ങൾ ഗ്രാമവാസി മറവുചെയ്യുന്നു

എല്ലാം മായിച്ച് കടൽ



കടലോളം കനിവ് കാത്ത്: നാഗപട്ടണത്തെ അഭയാർഥി ക്യാംപിൽ നിന്ന്

സഹായ ഹസ്തവുമായി യു. എൻ

പ്രകൃതിക്ഷോഭം ആഘാതമേൽപ്പിച്ച രാജ്യങ്ങൾക്ക് സഹായഹസ്തവുമായി ഐക്യരാഷ്ട്രസഭയും. ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് പിന്തുണ നൽകാൻ ഈ രാജ്യങ്ങളിലെ യൂനിസെഫ് ഓഫിസുകൾ പ്രവർത്തന സജ്ജമായി. ദുരിതബാധിതമായ എല്ലാ രാജ്യങ്ങളിലേക്കും പ്രത്യേക സംഘത്തെ അയയ്ക്കാനും യു. എൻ. തീരുമാനിച്ചു. ഏറ്റവുമധികം നാശനഷ്ടങ്ങൾ അനുഭവിക്കുന്ന ശ്രീലങ്കയിലേക്ക് ആദ്യ സംഘങ്ങളെ അയച്ചു കഴിഞ്ഞു. ഇത് ആദ്യഘട്ടം മാത്രമാണെന്ന് യു.എൻ. വൃത്തങ്ങൾ വെളിപ്പെടുത്തി. യു.എൻ. സെക്രട്ടറി ജനറൽ കോഫി അന്നാൻ അഗാധദുഃഖം രേഖപ്പെടുത്തി. പകർച്ചവ്യാധികളെ നേരിടാൻ തയാറെടുക്കണമെന്ന് യു.എന്നും റെഡ് ക്രോസ് സൊസൈറ്റിയും മുന്നറിയിപ്പു നൽകി. രാക്ഷസത്തിരകൾ ഏൽപ്പിച്ച ആഘാതത്തോളം തന്നെ മാരകമായിരിക്കും ദുരന്തത്തിന്റെ അനന്തരഫലങ്ങളെന്ന് യു.എന്നിന്റെ അടിയന്തര സഹായവിഭാഗം പറഞ്ഞു.

ബാക്കി വച്ച മണ്ണിന്റെ അവകാശികൾ



നാഗപട്ടണത്ത് ദുരന്തത്തിൽ പെട്ടവരുടെ സംസ്കാരം



ജെ. സുരേഷ്

ബാക്കിയായ ജീവിതങ്ങൾക്ക്: കടലാക്രമണത്തിൽ തകർന്ന കടകളിൽ നിന്ന് കിട്ടാവുന്നത് വാരിക്കൂട്ടുകയാണ് ശേഷിക്കുന്ന ജീവിതത്തിലേക്ക്

ചിത്രങ്ങൾ

മനോരമ
പി.ടി.ഐ.
റോയിട്ടേഴ്സ്
എ.പി.
എ.എഫ്.പി.





കാലൊച്ച പോലും കേൾപ്പിക്കാതെ ജീവന്റെ ഇടനാഴി കടന്ന് അവർ പോയി: ചെന്നൈ റോയപ്പേട്ട സർക്കാർ ആശുപത്രിയിൽ കുട്ടികളുടെ മൃതദേഹം തിരിച്ചറിയാൻ ശ്രമം



കലിയടങ്ങാത്തിര: ശ്രീലങ്കയിലെ മദാംപെഗമയിൽ കടലെടുത്തു പോയ ഗ്രാമം

ഇന്ത്യ-പാക്ക് സെക്രട്ടറി തലചർച്ച തുടങ്ങി

ഇസ്‌ലാമാബാദ്: അടുത്തമാസം ധാക്കയിൽ സാർക്ക് സമ്മേളന വേദിയിൽ ഇന്ത്യ-പാക്ക് പ്രധാനമന്ത്രിമാർ കൂടിക്കാഴ്ചനടത്താനിരിക്കെ ഇരുരാജ്യങ്ങളിലെയും വിദേശകാര്യ സെക്രട്ടറിമാരുടെ തലത്തിലുള്ള ചർച്ച ഇവിടെ ആരംഭിച്ചു. സമഗ്ര ചർച്ചാപ്രക്രിയയുടെ രണ്ടാംഘട്ടമാണിത്.

സമാധാനവും സുരക്ഷയും മുൻനിർത്തി പരസ്പരവിശ്വാസം വളർത്തുന്നതിനു സ്വീകരിച്ച നടപടികൾ ഇന്ത്യൻ വിദേശകാര്യ സെക്രട്ടറി ശ്യാംശരണും പാക്ക് വിദേശകാര്യ സെക്രട്ടറി റിയാസ് ഖോക്കറും കൈമാറി.കശ്മീർ ഉൾപ്പെടെ വിവിധ വിഷയങ്ങൾ ദ്വിദിന കൂടിക്കാഴ്ചയിൽ ചർച്ചചെയ്യുന്ന സെക്രട്ടറിമാർ ഭാവി ചർച്ചയ്ക്കു സമയക്രമവും നിശ്ചയിക്കും.

പിഴയിട്ടത് ഉമയെ അപമാനിക്കാൻ: ബി.ജെ.പി.

ലക്നൗ: ടിക്കറ്റില്ലാതെ യാത്ര ചെയ്തെന്ന പേരിൽ മധ്യപ്രദേശ് മുൻമുഖ്യമന്ത്രി ഉമാഭാരതിക്കു റയിൽവേ പിഴയിട്ടതിനു പിന്നിൽ മന്ത്രി ലാലു പ്രസാദ് യാദവാണെന്നു ബി.ജെ.പി. ആരോപിച്ചു.

കഴിഞ്ഞദിവസം വൈശാലി എക്സ്പ്രസിൽ ഡൽഹിക്കു യാത്ര ചെയ്തവേയാണു ഉമാഭാരതിക്കും സെക്രട്ടറിക്കും റയിൽവേ പിഴയിട്ടത്. എന്നാൽ, ഉമാഭാരതിയുടെ കൈവശം ടിക്കറ്റ് ഉണ്ടായിരുന്നെന്നും പിഴയീടാക്കിയതിനെ ന്യായീകരിക്കാനാവില്ലെന്നും

ബി.ജെ.പി. നേതാവ് ദിനേശ് ശർമ ചൂണ്ടിക്കാട്ടി. സംഭവത്തിനു പിന്നിൽ ലാലുവാണെന്നും ഇതേക്കുറിച്ച് ഉന്നതതലത്തിൽ അന്വേഷണം വേണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

ഉമാഭാരതി തിരിച്ചറിയൽ കാർഡ് കാണിക്കാതിരുന്നതാണു പ്രശ്നമുണ്ടാക്കിയതെന്ന ടിക്കറ്റ് എക്സാമിനറുടെ വിശദീകരണം ശരിയല്ല. ''ഉമാഭാരതി ഉറങ്ങുമ്പോഴാണ് ഉദ്യോഗസ്ഥൻ കാർഡ് ആവശ്യപ്പെട്ടത്. അവരെ ശല്യപ്പെടുത്തേണ്ടെന്നു കരുതി സെക്രട്ടറി പിഴയടയ്ക്കാൻ തയാറാവുകയായിരുന്നു''- ശർമ വ്യക്തമാക്കി. ഉമയ്ക്കു 7542 രൂപയും ഒപ്പമുണ്ടായിരുന്നവർക്കു 3054 രൂപയുമാണു പിഴ ഈടാക്കിയത്.

യുക്രെയ്നിൽ യൂഷ്ചെങ്കോയ്ക്ക് ഉജ്വല വിജയം

റഷ്യയ്ക്ക് അസന്തുഷ്ടി

കീവ്: സമ്പദ്ഘടനയെ വളർച്ചയിലേക്കു നയിക്കുമെന്നു വാഗ്ദാനം ചെയ്ത വിക്ടോർ യൂഷ്ചെങ്കോ യുക്രെയ്നിന്റെ പുതിയ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടു.

നിലവിൽ പ്രധാനമന്ത്രിയായ വിക്ടർ യാനുകോവിച്ചിനെ ഒൻപതു ശതമാനത്തോളം വോട്ടിന്റെ വ്യത്യാസത്തിൽ തറപറ്റിച്ചാണു മുൻ കപ്പിത്താൻകൂടിയായ യൂഷ്ചെങ്കോ അധികാരത്തിൽ എത്തുന്നത്. യൂഷ്ചെങ്കോയ്ക്ക് 52.38% വോട്ട് ലഭിച്ചു, യാനുകോവിച്ചിനു 43.83 ശതമാനവും.

കഴിഞ്ഞ മാസം നടന്ന ആദ്യ തിരഞ്ഞെടുപ്പിൽ ഭരണകൂടം കൃത്രിമം നടത്തി യാനുകോവിച്ചിനെ വിജയിപ്പിച്ചിരുന്നു.

എന്നാൽ ജനങ്ങൾ വൻ പ്രതിഷേധവുമായി തെരുവിൽ ഇറങ്ങിയതോടെ സുപ്രീം കോടതി ഇടപെട്ട് ആ ഫലം റദ്ദാക്കി പുതിയ തിരഞ്ഞെടുപ്പിന് ഉത്തരവിടുകയായിരുന്നു. അഴിമതിക്കാരനെന്നു ജനം ആരോപിക്കുന്ന പ്രസിഡന്റ് ലിയനിദ് കുച്മയുടെ നോമിനി ആയിരുന്നു പരാജയപ്പെട്ട യനുകോവിച്ച്.മുൻ സോവിയറ്റ് റിപ്പബ്ലിക് ആയ യുക്രെയ്ൻ സ്വാതന്ത്ര്യത്തിനുശേഷം റഷ്യൻ സ്വാധീനത്തിലായിരുന്നു.

എന്നാൽ ഈ തിരഞ്ഞെടുപ്പു ഫലം രാജ്യത്തെ യൂറോപ്യൻ യൂണിയനോട് അടുപ്പിക്കും.. കുച്മയും യാനുകോവിച്ചും റഷ്യൻ പക്ഷപാതികളാണ്. യൂഷ്ചെങ്കോ വിജയിച്ചതിൽ റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിൻ സന്തുഷ്ടനല്ല.



വിജയത്തിന്റെ മുഖം, ജനഹിതത്തിന്റെ അടയാളങ്ങളോടെ: യുക്രെയ്നിന്റെ പുതിയ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട വിക്ടോർ യൂഷ്ചെങ്കോ യും പത്നിയും വിജയാഹ്ലാദത്തിൽ

യൂഷ്ചെങ്കോയ്ക്കു വോട്ട് ചെയ്തുവെന്നതിനെക്കാളേറെ പ്രസിഡന്റ് കുച്മയ്ക്കും യാനുകോവിച്ചിനുമെതിരായ നിഷേധ വോട്ട് ആയാണു ജനവിധിയെ കാണേണ്ടതെന്നു നിരീക്ഷകർ പറയുന്നു. സോവിയറ്റ് യൂണിയന്റെ തകർച്ചയ്ക്കുശേഷം പത്തു വർഷമായി അധികാരത്തിലിരുന്ന കുച്മയുടെ ഭരണം രാജ്യത്തെ കൂടുതൽ പട്ടിണിയിലേക്കാണു കൊണ്ടുപോയത്.

സാമ്പത്തിക വളർച്ചയ്ക്ക് ഏറെ സാധ്യതയുള്ള രാജ്യമാണു യുക്രെയ്ൻ. യൂറോപ്യൻ യൂണിയന്റെ സഹകരണത്തോടെ വ്യാവസായിക - വാണിജ്യ വളർച്ച കൈവരിക്കും എന്നാണു യൂഷ്ചെങ്കോയുടെ വാഗ്ദാനം.

കുച്മയുടെ കീഴിൽ പ്രധാനമന്ത്രി, സെൻട്രൽ ബാങ്ക് ഗവർണർ സ്ഥാനങ്ങൾ വഹിച്ച യൂഷ്ചെങ്കോ സാമ്പത്തിക നയത്തിൽ അത്യപ്തി പ്രകടിപ്പിച്ച് കുച്മയുടെ രാഷ്ട്രീയ എതിരാളി ആവുകയായിരുന്നു. ''പതിന്നാലു വർഷമായി നമ്മുടെ രാജ്യം സ്വതന്ത്രമായിരുന്നു. എന്നാൽ ഇപ്പോഴാണു യുക്രെയ്നിയൻ ജനത യഥാർഥത്തിൽ സ്വതന്ത്രമായത്,'' - റഷ്യൻ സ്വാധീനത്തിൽനിന്നുള്ള മോചനത്തെ ധ്വനിപ്പിച്ച് യൂഷ്ചെങ്കോ വിജയത്തിനുശേഷം പറഞ്ഞു.

ഇനി ഉൽപന്ന പേറ്റന്റ്; ഔഷധ വിലക്കയറ്റ ആശങ്ക വേണ്ടെന്ന് മന്ത്രി കമൽനാഥ്

ന്യൂഡൽഹി: കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച പേറ്റന്റ് നിയമ ഭേദഗതി ഓർഡിനൻസ് പ്രകാരം ജനുവരി ഒന്നുമുതൽ ഇന്ത്യയിൽ ഉൽപന്ന പേറ്റന്റ് സമ്പ്രദായം നടപ്പിലാകും. ഔഷധങ്ങൾ, ഭക്ഷ്യ ഉൽപന്നങ്ങൾ, രാസവസ്തുക്കൾ തുടങ്ങിയവയ്ക്കെല്ലാം പേറ്റന്റ് ബാധകമാക്കി.

പുതിയ സമ്പ്രദായത്തിൽ ഔഷധവില കുതിച്ചുകയറുമെന്ന ആശങ്കകൾ അസ്ഥാനത്താണെന്നു വാണിജ്യമന്ത്രി കമൽനാഥ് അവകാശപ്പെട്ടു. പേറ്റന്റ് അനുവദിക്കുന്നതിനു മുൻപും ശേഷവും പേറ്റന്റിനെ ചോദ്യംചെയ്യാനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

ബിൽ സംബന്ധിച്ച് രാഷ്ട്രീയ കക്ഷികളുടെ അഭിപ്രായ സമന്വയ പ്രക്രിയ പൂർത്തിയാക്കാൻ കഴിയാത്തതിനാലാണ് ഇടക്കാല നടപടിയെന്ന നിലയിൽ ഓർഡിനൻസ് ഇറക്കേണ്ടിവന്നതെന്നു മന്ത്രി വിശദീകരിച്ചു.

ഓർഡിനൻസിൽ പൊതുതാൽപര്യം സംരക്ഷിക്കാൻ ഉതകുന്ന താഴെപ്പറയുന്ന വ്യവസ്ഥകളുണ്ടെന്നും അവകാശപ്പെട്ടു.

ഉപാധികളുടെ അടിസ്ഥാനത്തിൽ പേറ്റന്റ് അനുവദിക്കാനുള്ള വ്യവസ്ഥ ഔഷധങ്ങൾക്ക് പേറ്റന്റ് പരിഗണിക്കുമ്പോൾ പൊതുജനാരോഗ്യ സംരക്ഷണത്തിനു സഹായകമാകും.

പേറ്റന്റ് പിൻവലിക്കാനുള്ള സർക്കാരിന്റെ അധികാരം പേറ്റന്റ് ഉടമകളുടെ കുൽസിത നടപടികളും ദുരുപയോഗവും തടയാൻ പര്യാപ്തമാണ്.

നിർബന്ധിത ലൈസൻസ് വ്യവസ്ഥ ആരോഗ്യ രംഗവുമായി ബന്ധപ്പെട്ട ഉൽപന്നങ്ങൾ പൊതുജനങ്ങൾക്ക് ന്യായവിലയ്ക്ക് ലഭ്യമാക്കാത്ത സ്ഥാപനങ്ങളെ നിയന്ത്രിക്കാൻ അടിയന്തര സാഹചര്യങ്ങളിൽ സർക്കാരിന് അധികാരം നൽകും.

ദേശീയാവശ്യങ്ങൾ നിറവേറ്റാൻ പേറ്റന്റ് ഏറ്റെടുക്കാൻ സർക്കാരിന് അധികാരമുണ്ടായിരിക്കും.പേറ്റന്റ് ഉൽപന്നങ്ങൾ ഇറക്കുമതി അനുവദിക്കാനുള്ള വ്യവസ്ഥ ഉൽപന്നത്തിന്റെ കുറഞ്ഞ രാജ്യാന്തര വിലയിൽ ലഭ്യമാക്കാൻ സാഹചര്യമൊരുക്കും.

പരുക്കേറ്റ വൈദികനെ ചികിൽസയ്ക്ക് ഡൽഹിയിലേക്കു മാറ്റും

സ്വന്തം ലേഖകൻ

ന്യൂഡൽഹി: രാജസ്ഥാനിലെ ബാൻസ്വാഡ പള്ളിയിൽ അജ്ഞാതർ ആക്രമിച്ചു പരുക്കേൽപിച്ച ഓർത്തഡോക്സ് വൈദികൻ ഫാ. സജി ഏബ്രഹാമിനെ വിദഗ്ധ ചികിൽസയ്ക്കായി ഡൽഹിയിലെത്തിക്കും. തലയ്ക്കു ഗുരുതരമായി പരുക്കേറ്റ അദ്ദേഹം ഇപ്പോൾ ബാൻസ്വാഡയിലെ സർക്കാർ ആശുപത്രിയിലാണ്. ശരീരമൊട്ടാകെ 16 മുറിവുകളുണ്ട്.

അപകടനില തരണംചെയ്തതായാണു വിവരം. അക്രമികളെ കണ്ടാലറിയാമെന്നു വൈദികൻ അന്വേഷണ ഉദ്യോഗസ്ഥർക്കു മൊഴിനൽകിയിട്ടുണ്ട്. ഡൽഹിയിൽനിന്നു ബാൻസ്വാഡയിലെത്തിയ വൈദികരുൾപ്പെട്ട പ്രത്യേക പ്രതിനിധിസംഘം ജില്ലാ കലക്ടർ ഗായത്രി റാത്തോഡിനെ കണ്ട് സംഭവത്തെക്കുറിച്ച് അന്വേഷണം ഊർജിതപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടു.

ഫാ. എം.സി. പൗലോസ്, ഫാ. ജോൺസൺ ദാനിയൽ, ഫാ. കുര്യാക്കോസ്, ഡോ. മാണി ജേക്കബ്, റെജി ചാക്കോ, ബെന്നി തോമസ്, ജോൺ എന്നിവരാണ് സംഘത്തിലുണ്ടായിരുന്നത്.

Royal Govt. of Bhutan
BHUTAN TARA GROUP 5 SERIES
1st Pirze 5 Lakhs
Ticket Rs. 2/-
RANI 20 SERIES GROUP
1st Pirze 1 LAKHS
Ticket Rs. 1/- 5000 X 20 Kerala Tax Paid
Contact : 9894356699, 9342552822

Anchor Matrix® ELECTRONIC BALLAST
Save Power Save Money
Works in low voltage
ANCHOR
Save Rs. 22/- per month per tube in your electricity bill
*Conditions Apply

Canon
MF5630/MF 5650*
PERSONAL COPIER
Perfect Solution for
- Advocates
- Doctors
- Chartered Accountants
- Travel Agencies

Copier + Scanner + Printer + Fax*
Authorised Dealers
THIRUVANTHAPURAM:-
Sun India Infosys 0471 3091368,
Power Link ph: 3090674,
Marikar 0471 2575946.
For Dealership Enquiries contact:-
RADHA ELECTRONICS (P) LTD.
Kochi. Ph: 0484 2377222 (4 lines)

lens & frames OPTICIANS
ISO 9001:2000 CERTIFIED OPTICIAN
PROGRESSIVE LENSES BY LENS & FRAMES
Our range of progressive lenses are the best money can buy. Lenses without the irritating bifocal or trifocal lines - for sharp and uninterrupted vision. Featuring a range of international brands like Essilor, Nikon, Kodak, Sola, Rodenstock, Corning, Transitions and more.
Nikon ESSILOR Corning SOLA RODENSTOCK
M.G. Road, Trivandrum. Tel: 2471354.
DR. G. Chandra Mohan - M.B.B.S., D.O.

YAMAHA
FREE* മൊബൈൽ ഫോണും കണക്ഷനും.
for Cash & Finance Customers
Libero
*Conditions apply
Alex - 93493 22113,
Binu - 94473 42316
Muthoot Yamaha
A Muthoot Pappachan Group Initiative
ULLOOR. Ph: 2444928, 3094061
KILLIPALAM.Ph: 2349052, 2342049

SBT
STATE BANK OF TRAVANCORE
(Associate of the State Bank of India)
Head Office : Thiruvananthapuram
Premises Department, Ph : 2351821
SUPPLY OF PHOTOCOPIERS AT HEAD OFFICE
Sealed competitive quotations are invited from manufacturers/ authorised dealers for Supply, installation testing and commissioning of Analog/ Digital photocopiers at Head Office, Poojappura, Trivandrum. Details regarding Tender is available at our website www.statebankoftravancore.com
Date : 28.12.04 Chief Manager (Premises)

ഫിലിപ്സ് ജീനി
സാങ്കേതിക വിദ്യയിൽ ഉന്നതം
വലിപ്പത്തിൽ ചെറുത്.
ഒരു സാധാരണ ബൾബുപോലെ തന്നെയും പ്രവർത്തിക്കുന്നു. പിന്നെ 80% വൈദ്യുതി ലാഭിക്കുകയും ചെയ്യുന്നു.
PHILIPS GENIE 5 WATT 10.4 cms
നൂതനമായ നിലവാരം നിർവ്വചിക്കുന്ന ബ്രാൻഡ്.
PHILIPS
*8W, 11W & 14W വാട്ടിലും ലഭ്യം **വാം വൈറ്റ്, കൂൾ ഡേ ലൈറ്റ് ഇനങ്ങളിലും ലഭ്യം

Introducing for the first time in India!
Water Repellent Tiles.
Water Repellent
2 X 1
MONOPOROSA
JOHNSON Not just tiles, Lifestyles.
You Can Reach Us On: Ernakulam: House of Johnson, 40/937 Laxmi, P. T. Usha Road, Ernakulam - 682 011. Tel: 0484 - 2360626 / 2381208. Mobile Nos.: 9847034522 / 9847322433 / 9847434522 / 9847493322
Calicut: House of Johnson, 14/51 F, Bismi Towers, Opp. Pushpa Theatre, Kallai Road, Calicut - 673 002. Tel: 0495 - 2702505 / 2301474. Mobile Nos.: 9847042855.

Happy New Year
20%05
A very Ecstatic offer from Logic. Now get 20% to 50% discounts on our course fees.
CCNA, CCNP, MCP, MCSA & MCSE 2003, MCAD & MCSD.Net, J2EE, Sun Solaris
Live Projects for B.Tech, MCA, BSc Students
Come.. Celebrate with Logic
• Qualified and experienced faculty • Dedicated Placement cell
AFFORDABLE FEE STRUCTURE
Join Logic and get ahead!!
LOGIC it's simple logic Authorised VUE Testing Centre
Trivandrum: 2nd Floor, Centre Plaza, Vazhuthacaud Tel: 2336132, 3096888, 2336232
Corp. Off: Cochin. Branches: Kottayam & Calicut
e-mail: logic@asianetindia.com,
Website: www.logicindia.net

MEGA CLEARANCE SALE
28th Dec. '04 to 1st Jan. '05
Time : 10 am to 8 pm
sonyhi-fi
POWERED for CLARITY
Sony Music Systems with unbelievable offers
A perfect time to buy your favourite Sony hi-fi. Select for yourself from various models and get
up to 30%* off
Hurry! offer only for a limited period
*Conditions Apply
Finance Option Available. All Major Credit Cards Accepted.
QRS
Quilon Radio Service
• Opp. Raymond Shop, M.G. Road, Trivandrum. Phone : 2462996, 2462997
• Plamoodu, Pattom, Trivandrum. Phone : 2729797.



BELIEVE IT OR NOT
KFC
Lowest interest rate of 9.5%
has the Longest repayment period
Kerala Financial Corporation now offers the longest repayment period on term-loans.
- Interest reduction facility to existing customers as per norms
- Reschedulement to existing customers
- Extended moratorium
- National Equity Fund assistance of Rs. 10 lakhs @ 5% service charge
* For new loans after rebate and subject to conditions.
KFC 50 YEARS FORTY THOUSAND PROJECTS
Rediscover KFC
ISO 9001-2000
For more details, call on us or log on to: www.kfc.org
KERALA FINANCIAL CORPORATION KFC
Vellayambalam, Thiruvananthapuram 695 033, EPABX: 2318319 (7 lines)
Fax: 2318541, 2311750, 2313813; gram: kerfincorp, E-mail: kerfinco@sancharnet.in,
Branch Offices: Trivandrum Tel: 0471-2313143, Kollam Tel: 0474-2743604 Kottayam Tel: 0481-2302760 Alappuzha Tel: 0477-2244594 Pathanamthitta Tel: 04968-2222718 Thodupuzha Tel: 0486-2223170 Idukki Tel: 04868-272418 Ernakulam Tel: 0484-2401884 Perumbavoor Tel: 0484-2521969 Thrissur Tel: 0487-2441176 Palakkad Tel: 0491-2544641 Malappuram Tel: 0483-2779440 Kozhikode Tel: 0495-2723432 Wayanad Tel: 04936-202059 Kannur Tel: 0497-2702194 Kasaragode Tel: 04994-230156.
TRANSWORLD/1022

Vol. No. 18 No.354. RNI No. 44598/87 Reg. No. KL/TV/(N)/93/2003-05. Printed and Published from Malayala Manorama Press, Thiruvananthapuram, by Jacob Mathew, on behalf of The Malayala Manorama Co. Ltd. Associate Editor: Thomas Jacob, Managing Editor: Philip Mathew, Editor: Mammen Mathew*, Chief Editor: K.M. Mathew. *Responsible for selection of news under the PRB Act.
Thiruvananthapuram Office: P.B. No. 160, Thampanoor East, Thiruvananthapuram 695001 Kerala. Phone: 0471 2328198. Fax: 0471 2327886. Editorial: News Editor. E mail: editorial@mm.co.in Subscriptions: Deputy Manager - Circulation. E-mail:subscription@mm.co.in Advertising: Deputy Manager, Marketing. E mail: marketing@mm.co.in